LIBRARY ARCHIVES Kerala Legislative Assembly

LEGISLATIVE BUSINESS

Kerala Land Reforms Bill, 1963 (*Contd.*)

Clause 8

Mr. Speaker: Amendment Nos. 247, 248, 229 and 260 are for the deletion of the word 'deemed' and are barred. Further, amendment No. 249 of Smt. K. R. Gouri is not to the point and is also not clear. Amendment No. 1149 of Shri Ponnara G. Sreedhar is for deletion of the clause and not in order. So Clause 8 can be put to vote.

Smt. K. R. Gouri : Sir, my amendment 249 is that the word 'deemed' is to be deleted and in line ten substitute 'varomdar' in the place of 'tenant'.

ടെനൻറു എന്നുള്ളിടത്തു വാരംദാർ എന്നു ചേർക്കണമെന്നാണ്.

I may be allowed to move the amendment.

Mr. Speaker :You may move that.

Smt. K. R. Gouri : I move :

In clause 8, in line 2 omit 'deemed' before 'tenant' and in line 10, substitute 'varamdar'' in the place of 'tenant'. Certain persons who were cultivating land on varam arrangement to be deemed tenants' എന്നാണ്. Tenant-എന്നുള്ളിടത്തു് Varomdar എന്ന വാക്ക മാററി ഉപയോഗിക്കാം.

"............was entitled to cultivate any nilam after the 11th day of April, 1957, and was cultivating the nilam at the commencement of this Act shall be deemed to be a 'varomdar' എന്നാണ് വേണ്ടതു്.

'varomdar' എന്ന വാക്കാണ് വേണ്ടതു്.

He is actually a varomdar.

<u>ശ്രീ. പി. ടി. ചാക്കോ:</u> അതു ശരിയല്ല. വാരം അറേഞ്ചുമെൻറിനെ പററിയാണ് പറയുന്നതു്. ഇവിടെ ടെനൻറിൻെറ അവകാശം കൊടുക്കുക യാണ് വേണ്ടതു്.

Smt K. R. Gouri : 11th day of April 1957 മുമ്പുള്ള അറേഞ്ചു മെൻറാണ്. അതിനുശേഷം there was no existing arrangement. സ്റ്റേ ഓഫ് എവിക്ഷൻ പ്രകാരം let them continue to cultivate the land on some conditions as before. There is no possession or any thing.

<u>ശ്രീ. പി. ടി. ചാക്കോ :</u> എൻെറ സ്നേഹിതൻ ശ്രീ. പൗലോസ് പൗലോസാണെന്നു എഴുതി വയ്ക്കണമെന്നു പറയുന്നതുപോലെയാണ് ഇതു്. അതിൻെറ ആവശ്യമൊന്നുമില്ല.

Mr. Speaker : Do you press your amendment ?

Smt. K. R. Gouri: : Yes, I press. Amendment No. 249 of Smt. K. R. Gouri was put and lost,

The question that clause 8 stand part of the Bill was put and carried.

Clause 8 was added to the Bill.

New Clause after Clause 8

Shri P. S. Karthikeyan: Sir I move :

251. After Clause 8, add the following two new clauses:

8*A*. *Restoration of land to certain persons who were cultivaating on varom arrangements*: Notwithstanding anything contained in any law or contract or in any decree or order of Court where a person who commenced cultivation of any nilam under varom arrangement and who continued to cultivate it even after the expiry of the term of the varom arrangement was evicted after the 11th day of April 1957 from the nilam in pursuance of a decree or order of court he shall, subject to the provisions of Section 8B, be entitled to be restored to the possession of the nilam.

8*B*. *Procedure for restoration* : (1) any person seeking restoration under section 8A shall within a period of six months from the commencement of the Act apply, in such form as may be prescribed, to the Land Tribunal for restoration.

(2) The Land Tribunal may, after such enquiry as may be prescribed, order the restoration of the applicant to the possession of the land where he is entitled to such restoration or reject the application where he is not so entitled.

(3) Any person aggrieved by an order passed by the Land Tribunal under this Section may appeal against the order within such time as may be prescribed to the court of the District Judge, having jurisdiction of the area in which the holding is situate. The decision of the court on such appeal shall be final subject to the provisions of Section 100.

(4) An order for restoration may be executed through the court as if the order were a decree passed by it.

(5) Any person who has been restored to the possession of the land under this Section shall be deemed to be a tenant for the purposes of this Act.'

8–ാം വകുപ്പിനു ശേഷം രണ്ടു പുതിയ വകുപ്പുകൾ 8–A-യും 8–B-യും ആയി ചേർക്കണമെന്നാണ് എന്റെ ഭേദഗതി. Restoration of lands to certain persons who were cultivating on varom arrangements എന്ന ഒരു വകുപ്പ് 8–A-ആയും Procedure for restoration എന്ന ഒരു വകുപ്പ് 8–B–ആയും ചേർക്കണമെന്നാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. കോടതി വിധികളാലോ മറ്റോ 1957–ഏപ്രിൽ 11–ാം തീയതിക്കുശേഷം ഈ നിയമം നടപ്പിൽ വരുമ്പോൾ വാരകൃഷിക്കാരുടെ കൈവശമിരിക്കുന്ന ഭൂമി വിട്ടുപോയിട്ടുണ്ടെങ്കിൽ അവർക്കുംകൂടി ആനുകൂല്യം കൊടുക്കുന്നതിനാണ് ഈ വ്യവസ്ഥകൊണ്ടുദ്ദേശിക്കുന്നത്. 11–ാം തീയതിക്കു ശേഷം കോടതിവിധിമൂലം മററുചില വാരക്കാരെ ഒഴിപ്പിക്കപ്പെട്ടുപോയിട്ടുണ്ട്. പഴയ നിയമത്തിൽ ഇങ്ങനെയുള്ള വാരക്കാർക്ക് അവകാശം ലഭിക്കുന്നതിനു 7–ം 8–ം വകുപ്പ് നിയമത്തിൽ ഏർപ്പെടുത്തിയിരുന്നു. ലാൻഡു ട്രൈബ്യൂണലുകളും മററും ഹർജികൾ എടുക്കുകയും തീരുമാനിക്കുകയും മററു ചിലതു് അപേക്ഷ സ്വീകരിച്ചിട്ടു തീരുമാനമെടുക്കുന്നതിനുമുമ്പ് ലാൻഡു ട്രൈബ്യൂണലുകൾ നിറുത്തിവയ്ക്കുകയും ചെയ്തു. അങ്ങനെ തീരുമാനിക്ക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എസ്. കാർത്തികേയൻ]

പ്പെടാതെ കിടക്കുന്ന കേസ്സുകാർക്കുകൂടി അവരെ ടെനൻറായിട്ട് അംഗീകരിച്ച് അവരുടെ ഭൂമി തിരിയെ കിട്ടുന്നതിനുവേണ്ടിയാണ് ഞാൻ ഭേദഗതികൾ അവതരിപ്പിച്ചിട്ടുള്ളത്. എൻെറ ഭേദഗതി മന്ത്രി സ്വീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ഈ വകുപ്പ് ക്ലാസ് 9 ആയിട്ട് ചേർത്തുകൊണ്ട് റീ നമ്പർ ചെയ്യണമെന്ന് മറെറാരു ഭേദഗതി കൊടുത്തിട്ടുണ്ട്. ഈ വകുപ്പ് കാർഷികബന്ധ നിയമത്തിൽ ചേർക്കുന്നതിനു ഇടവന്നിട്ടുള്ള സാഹചര്യം, എന്താണെന്നു നാം മനസ്സിലാക്കണം. പ്രസിഡൻറ് അംഗീകാരം കൊടുത്തു കഴിഞ്ഞതിനുശേഷം ഈ നിയമം സസ്പെൻഡു ചെയ്യുന്നതുവരെ നിലവിൽ ഉണ്ടായിരുന്ന ഒരു വകുപ്പാണ് ഇത്. 1957 മേയ് മാസത്തിൽ കർഷകൻ കൃഷി ഇറക്കുന്ന കാലത്താണ് ഈ വാരക്കാരനെ കുടിയിറക്കു ചെയ്യുന്നതിനു അനുവദിക്കുന്ന സ്റ്റേ ആഫ് എവിക്ഷൻ നിയമം നടപ്പിലായത്. അതിനുമുമ്പുതന്നെ വാരക്കാരെ ഒഴിപ്പിക്കുന്ന 199-ഓളം കേസ്സുകൾ നാട്ടിക ഫർക്കായിലും മററും ഉണ്ടായിട്ടുണ്ട്. കോടതിയിൽ കേസ്സ് പോയ കാലത്ത് വസ്തുക്കൾ അവർ കൃഷി ചെയ്യുന്നുണ്ടെങ്കിലും, subsisting ആയി അന്ന് varom agreement ഇല്ലായിരുന്നു എന്നും അതുകൊണ്ട് വാരമല്ല എന്നും കോടതി വിധിക്കുകയുണ്ടായി. നാട്ടിക ഫർക്കയിലും മററു ചില സ്ഥലങ്ങളിലും ഇതുപോലുള്ള കേസ്സുകൾ വന്നു. 1957-നുശേഷം ഭൂമി കൃഷി ചെയ്തിരുന്നു എങ്കിലും ഇവരെ ഒഴിപ്പിക്കാൻ വിധിയായി. അങ്ങനെയുള്ള കേസ്സുകളിൽപ്പെട്ടവർക്ക് രക്ഷ കൊടുക്കാനാണ് ആ വകുപ്പ്. കാർഷികബന്ധ നിയമത്തിൽ അവരെ റെസ്റ്റോർ ചെയ്യുന്ന വകുപ്പ് സെക്ഷൻ 7 ആണ്. "certain persons who were cultivating varom will be restored." ഇതു പ്രകാരം നാൺ പേമെൻറ് ആഫ് റെൻറിന് 1957—നവംബർ ഒന്നിനുശേഷം ആരെങ്കിലും കുടിയാനെ ഒഴിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന് bonafide ആയിരുന്ന date-നു മുൻപ് Transfer ചെയ്തു പോയില്ല എങ്കിൽ തിരിയെ കുടിയാന് restore ചെയ്തു കൊടുക്കണമെന്നും വകുപ്പുണ്ടായിരുന്നു. പ്രസിഡൻറിൻെറ ഭേദഗതി നിർദ്ദേശപ്രകാരം ഒടുവിൽ പറഞ്ഞ ആ വകുപ്പ് എടുത്തുകളഞ്ഞു. അതു പ്രകാരം ഒഴിപ്പിക്കപ്പെട്ട ആളുകൾക്ക് ഐക്യകേരളം വന്നതിനുശേഷം അവരെയും റെസ്റ്റോർ ചെയ്യണമെന്നുള്ള വകുപ്പുണ്ടായിരുന്നതു പോയി. വളരെയധികം ആളുകൾക്ക് അതുപ്രകാരം ബുദ്ധിമുട്ട് ഉണ്ടായി. ആ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ വേണ്ടിയാണ് ക്ലാസ്സ് 9 ആയിട്ട് ഞാൻ ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. പ്രത്യേകിച്ചും നിലങ്ങളിലും മററും ദേഹണ്ഡിച്ചും മററും കാണുകയില്ല, വാരം നെൽ കൃഷിയെമാത്രമേ ബാധിക്കുകയുള്ളു. ഇങ്ങനെയുള്ള വളരെയധികം ആളുകൾ ഒഴിപ്പിക്കപ്പെടുന്നുവെന്നു റിക്കാർഡുള്ള സ്ഥിതിക്കു ഇതു റെസ്റ്റോർ ചെയ്യാനുള്ള പ്രൊവിഷൻകൂടി പ്രൊവൈസോ ആയി ചേർക്കണം. എൻെറഭേദഗതിയിൽ വല്ല പിശകും കാണുകയാണെങ്കിൽ ശ്രീ. കാർത്തികേയൻെറ ഭേദഗതി അംഗീകരിച്ചാലും മതി. ഇതിനകത്ത് റെസ്റ്റോർ നടത്തുന്നതിനുള്ള പ്രൊസീഡ്യുവർ ഉള്ളതുകൊണ്ട് സെൽഫ് കുടിവേഷൻ തിരിയെ റിന്യൂ ചെയ്യുന്നതിനുള്ള ആളുകൾക്ക് ഭൂമി തിരിയെ റെസ്റ്റോർ ചെയ്തു കൊടുക്കണം. ഏതെങ്കിലും കാരണത്തിൻെറ പേരിൽ ഒഴിപ്പിക്കപ്പെട്ടു പോയാൽ, അതുപോലെതന്നെ എന്തെങ്കിലും കൈപിശകുമൂലം വളരെ കൂടുതൽ കർഷകർ കോടതിവിധിമൂലവുംമററും അവകാശം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് നഷ്ടപ്പെട്ട അവകാശം തിരിയെ കിട്ടണമെന്നുള്ളതാണ് എൻെറ ഭേദഗതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. പി. ടി. ചാക്കോ: ഞാൻ ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

Mr. Speaker: Do you press your amendment, No. 251, Mr. Karthikeyan?

Shri P. S. Karthikeyan: I do not press.

Smt. K. R. Gouri: I oppose the withdrawal of the amendment.

The question that amendment No. 251, moved by Shri P. S. Karthikeyan, be withdrawn, was put and carried.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 251, was by leave, withdrawn.

Clause 9.

Mr. Speaker : Amendments Nos. 369 by Shri Joseph Chazhikatt and 1150 by Shri Ponnara G. Sreedhar are for the deletion of the clause and so they are not in order.

Amendments Nos. 252 by Smt. K. R. Gouri and 253 by Shri T. K. Ramakrishnan are for the deletion of the word 'deemed', and so they are barred.

Amendment No. 254 by Smt. K. R. Gouri stands barred now.

Shri T. A. Thomman : Sir, Shri Karthikeyan's amendment and Smt. Gouri's amendments are substantially the same.

Shri M. Narayana Kurup : Sir, when a decision has been taken, no further decision can be taken on a point which is substantially the same, in the same session. We are now in the same sitting.

Shri K. Bhargavan : There was no decision whether the amendment should be accepted or not. There was only a leave granted to withdraw the amendment.

Mr. Speaker : No. Mr. Bhargavan's position is not right. There was a discussion on the amendment. In the light of that discussion, the present amendment cannot be moved now.

Shri K. Bhargavan : No decision was taken on the merit of the amendment.

Shri M. Narayana Kurup : Sir, Rule 248 says "A motion shall not raise a question substantially identical with the one on which the Assembly has given a decision in the same session." Sir, here it is in the same sitting.

Mr. Speaker : That amendment is barred.

The question that Clause 9 stand part of the Bill was put and carried.

Clause 9 was added to the Bill.

Clause 10

Mr. Speaker : The following amendments may be moved :

320 by Shri T. C. Narayanan Nambiar.

370 and 1427 by Smt. K. R. Gouri.

1056 by Shri T. K. Ramakrishnan.

1151 by Shri Ponnara G. Sreedhar.

1137 by Shri K. Kochukuttan.

Shri T. C. Narayanan Nambiar is not in his seat.

Shir K. Kochukuttan is also not in his seat.

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri : Sir, I move the following amendments :

370. In clause 10 (ii), delete "in Kuttanad area"

1427. In clause 10, delete (v) and substitute the following :

(v) persons holding lands on lease in any part of the Taluks of Hosdurg and Kasaragod, where the Malabar Tenancy Act does not apply under a transaction known as bhogya, otti, nattotti, arwar, illidarwar or usufructuary mortgage."

Shri Ponnara G. Sreedhar : Sir, I am not moving my amendment.

Shri T. K. Ramakrishnan : Sir, I move amendment No. 1056:

In clause 10 (ii), at the end add the word "and Cochin area".

ശ്രീമതി കെ. ആർ. ഗൗരി : സർ, 'A licensee in Kuttanad area' എന്നുള്ളതിൽനിന്നു് 'in Kuttanad area' എന്നുള്ളതു് എടുത്തുകളയണമെന്നാണു് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. എന്റെ ഭേദഗതിയെ സപ്പോർട്ടുചെയ്യുന്നതിനു്, ലൈസൻസി കുട്ടനാട്ട ഏരിയായിൽ മാത്രമല്ല മററു പ്രദേശങ്ങളിലും ഉണ്ടെന്നുള്ളതിനെ സംബന്ധിച്ചു് ഞാൻ കുട്ടനാട്ടു് ഏരിയായെ സംബന്ധിച്ചുള്ള ഡെഫനിഷന്റെ ചർച്ചവന്നപ്പോഠം പറയുകയുണ്ടായി. പാലക്കാട്ടു് ഡിസ്ട്രിക്ററിലും, മററു പല ഡിസ്ട്രിക്ററിലും യഥാത്ഥ കുടിയാന്മാരായവരെ ലൈസൻസി എന്നുള്ള ഒരു പേരിൽ ഇന്നു വിളിക്കുന്നുണ്ടു്. കുട്ടനാട്ടു് ഏരിയായെന്നു് ലിമിററു വെച്ചിട്ടുള്ളതു് എടുത്തുകളയണമെന്നാണു് എനിക്കു് പ്രധാനമായി പറയുവാനുള്ളതു്. ക്ലാസു് 10-ൽ ശ്രീ. കൊച്ചുകുട്ടൻ 1236–ാം, 1237–ാം ആയിട്ടു രണ്ടു ഭേദഗതികഠം കൊടുത്തിരിക്കുകയാണു്. അദ്ദേഹം ഇവിടെ ഹാജരാകാത്തതിനാൽ അതു് മൂവു ചെയ്തിട്ടില്ല. ആ നിലയിൽ തൃശ്ശൂർ ഡിസ്ട്രിക്ററിൽ Tenancy licensee എന്നു വിളിക്കുന്ന സമ്പ്രദായവുമുണ്ടെന്നു് ശ്രീ. കൊച്ചുകുട്ടന്റെ ഭേദഗതികൊണ്ടു വ്യക്തമാകുന്നു. add 'and in Trichur Taluk' എന്നുകൂടി ചേക്കണമെന്നാണു് പറഞ്ഞിരിക്കുന്നതു്. അപ്പോഠം ലൈസൻസി എന്നുള്ളതു തൃശ്ശൂർ താലൂക്കിലും ഉണ്ടെന്നു ബഹുമാനപ്പെട്ട കൊച്ചുകുട്ടൻ അംഗീകരിക്കുന്നുണ്ടു്. പാലക്കാട്ടു് ജില്ലയിലും ലൈസൻസി എന്നുള്ളതു് ഉണ്ടെന്നുള്ളതിനു് വ്യക്തമായ തെളിവുകഠം വേണമെങ്കിൽ ഞാൻ ഹാജരാക്കാം. അതുകൊണ്ടു് ഈ പ്രദേശങ്ങളിലെല്ലാം ഉള്ള ലൈസൻസിയെന്നു പേരുവിളിക്കുന്ന Tenants–നു് വ്യക്തമായ Tenancy അവകാശങ്ങളും, ആനുകൂല്യങ്ങളും കൊടുക്കണമെന്നും ഈ ആനുകൂല്യം കുട്ടനാട്ടു് ഏരിയായിൽ മാത്രം ഒതുക്കി നിൎത്തിയാൽ പോരായെന്നുമാണു് എനിക്കു പറയുവാനുള്ളതു്. കാൺഗ്രസു് പാർട്ടിയിലുള്ള അംഗം തന്നെ പറയുന്നു തൃശ്ശൂർ താലൂക്കിലും Tenants-നെ ലൈസൻസി എന്നു വിളിക്കുന്നുണ്ടെന്നു്. ഈ ഭേദഗതി മന്ത്രി അംഗീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. എന്റെ രണ്ടാമത്തെ ഭേദഗതി പ്രസ്സു് ചെയ്യണമെന്നുള്ള വിധത്തിലല്ല ഞാൻ പറയുന്നതു്. രണ്ടാമത്തെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്:

> "persons holding lands on lease in any part of the Taluks of Hosdurg and Kasaragod, where the Malabar Tenancy Act does not apply under a transaction known as bhogya, otti, nattotti, arwar, illidarwar or usufructuary mortgage"

സർ, ഇതിനകത്തു് ഈ ആളുകളെ എല്ലാം ടെനൻറാണെന്നു് പറഞ്ഞിട്ടുണ്ടു്. 1959-നു് ശേഷം ഉണ്ടായിട്ടുള്ള സംഭവപരമ്പരയുടെ കൂട്ടത്തിൽ ഈ ആളുകളെല്ലാം ടെനൻറിന്റെ കൂട്ടത്തിൽ വരുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടായിരിക്കും. Tenants-നു് വൈദേഗണി ഒഴിച്ചു്, കാസർഗോട്ടിലും, ഹോസ്ദുർഗ്ഗിലും 1957–നു് മുൻപു

fixity എന്ന ഒരു ധാരണപോലുമില്ലായിരുന്നു. ചുലഗേണി Tenure ആണ് പ്രധാനം. എല്ലാം കൊല്ലവും കൃഷി നടത്തും—കൃഷി എടുത്താൽ automatic ആയി ഒഴിഞ്ഞുകൊടുക്കുക. 1957 ലെ Stay of Eviction Act പ്രകാരമാണ് കുടിയാന് പിറ്റെക്കൊല്ലവും നിയമാവലി ആ ഭൂമിയിൽതന്നെ കൃഷി ചെയ്യുവാൻ അവകാശം കൊടുക്കുന്നത്. കാർഷികബന്ധ നിയമത്തിൽ ക്ലാസ് 3 സംബ് ക്ലാസ് 5—ൽ എക്സംപ്ഷനിൽ tenancies in respect of land or of buildings or of both created by mortgagees in possession or by persons deriving title from such mortgagees :

Provided that nothing in this clause shall apply to tenancies created by mortgagees in possession in respect of lands situate in that portion of Malabar where the Malabar Tenancy Act, 1929, was not in force immediately before the commencement of this Act, if the tenants were in continuous possession of such lands for a period of five years ending with the 14th day of April, 1959. എന്നാണ് പറയുന്നത്. കാർഷികബന്ധ നിയമത്തിൽ മലബാറിൽ Malabar Tenancy നിയമം ബാധിക്കാത്ത പ്രദേശങ്ങളിലുള്ള നടപ്പുപണയക്കാരുടെ കീഴിലുള്ള കുടിയാന്മാർക്കും Tenancy right കൊടുക്കുന്നു. Tenancy ക്ക് 1957—ന് മുൻപ് സ്ഥിരത ഇല്ലായിരുന്നതിനാൽ കുടിയാന്റെ കൈവശമിരിക്കുന്ന ഭൂമി ഒഴിയാതെ വസ്തുഉടമസ്ഥൻ നടപ്പുപണയം കൊടുത്തിരുന്നു. കുടിയാന്മാർ പാട്ടം പ്രമാണം അനുസരിച്ച് നടപ്പുപണയക്കാർക്ക് കൊടുക്കും. ഈ വിധത്തിലുള്ള ഇടപാട് തുടർന്നുവന്നിരുന്നതിനാൽ യഥാർത്ഥ കുടിയാന്മാർ ഇന്നു നോക്കിയാൽ നടപ്പുപണയക്കാരുടെ കുടിയാന്മാരാണ്. ഈ നിയമത്തിൽ ആ നടപ്പുപണയക്കാർക്കുതന്നെ കുടിയായ്മ അവകാശം കൊടുത്തിരിക്കുകയാണ്.

ഇവിടെ ആകെ നോക്കേണ്ട പ്രശ്നം ഇത്രയെ ഉള്ളു. ഈ നടപ്പുപണയക്കാർക്ക് ഇന്ന് lease right കൊടുത്താൽ അവരുടെ കീഴിലുള്ള കുടിയാന്മാരും sub leases ആകുമല്ലോ. എനിക്കു വിരോധമില്ല അങ്ങനെകൊടുക്കുന്നതിൽ. ഈ പ്രദേശങ്ങളിലെ യഥാർത്ഥ നടപ്പുപണയക്കാരാണ് Bhogya, Nat otti, arwar, illidarwar എന്നറിയപ്പെടുന്നവർ. എക്സപ്ഷനിൽ പറയുന്നത് ഇപ്രകാരമാണ് but not being a usufructuary mortgage as defind in the Transfer of Property Act, 1882.

ഇന്നത്തെ എക്സംപ്ഷനിൽ പറയുന്ന provided that nothing in this clause shall apply to a cultivating tenant holding land in the Taluk of Hosdurg or Kasaragod in the District of Cannanore, to which the Malabar Tenancy Act, 1929 did not extend' എന്നുള്ളത് എങ്കിലും എടുത്തുകളയണം. അതിനുതാഴെയുള്ള ലീസസിന് ടെനൻസി കൊടുക്കണം. ഏതായാലും യൂസുഫ്രക്ചറി മോർട്ടുഗേജ് എന്നുള്ള വാക്ക് എടുത്തുകളഞ്ഞില്ലെങ്കിൽ ഇതിന്റെ പ്രൊവൈസോയിൽ കൊടുത്തിരിക്കുന്ന ആനുകൂല്യം ലഭിക്കാതെ പോകും. അതുകൊണ്ട് മാത്രമാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. പി. ടി. ചാക്കോ : കുറെയാളുകൾക്ക് കുടിയായ്മ അവകാശം കൊടുക്കുന്നതിന് ശ്രീമതി ഗൗരിക്ക് യാതൊരു വിരോധവുമില്ലെന്ന് പറഞ്ഞു. ശ്രീ. കൊച്ചുകുട്ടൻ തൃശ്ശൂർ ജില്ലയെപ്പറ്റി ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. ശ്രീ. കൊച്ചുകുട്ടനെക്കാൾ കൂടുതൽ ശ്രീമതി ഗൗരിയെ ഞാൻ വിശ്വസിക്കുകയാണ്. കാരണം നല്ലപോലെ പഠനം നടത്തിയതിനുശേഷം ആണ് അഗ്രേറിയൻ റിലേഷൻസ് Bill ഇവിടെ കൊണ്ടുവന്നത്. അങ്ങനെ കൊണ്ടുവന്ന ബില്ലിലും കുട്ടനാട് ഏരിയായിലെ ലൈസൻസിയെമാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളു. അതുകൊണ്ട് ഇത് മററു പ്രദേശങ്ങളിലേക്കുകൂടി വ്യാപിപ്പിക്കണമെന്ന് ഇപ്പോൾ ഗവണ്മെന്റു വിചാരിക്കുന്നില്ല. ഏതായാലും ഈ ഭേദഗതികളൊന്നുംതന്നെ സ്വീകരിക്കുന്നില്ല.

2/716 V

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ കൂട്ടത്തിൽ കാർഷികബന്ധനിയമത്തിൽ കുട്ടനാട്ടിലെ ലൈസൻസിയെ മാത്രമെ ഉൾപ്പെടുത്തിയിരുന്നുള്ളുവെന്നും അതുകൊണ്ട് ഈ ബില്ലിലും അവരെ മാത്രം ഉൾപ്പെടുത്തിയാൽ മതിയെന്നുമാണ്. കാർഷികബന്ധനിയമം നടപ്പിലാക്കിയതിനുശേഷം മനസിലായതാണ് മറ്റു സ്ഥലങ്ങളിലും ലൈസൻസി ഉണ്ടെന്ന്. ശ്രീ. കൊച്ചുകുട്ടൻ മാത്രമല്ല കൊച്ചിയിൽ നിന്നും വന്നിട്ടുള്ള എല്ലാവരും ഈ ഭേദഗതിയെ അനുകൂലിക്കും. തൃശ്ശൂരിലും എറണാകുളത്തുമുള്ള ഡിസ്ട്രിക്ട് കാൺഗ്രസ് കമ്മിറ്റികൾ ഇത്തരം കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുകൊണ്ട് കുട്ടനാട്ടിലെ ലൈസൻസിക്ക് ഉള്ളതു പോലെയുള്ള സ്ഥിരാവകാശവും കുടിയായ്മയും മറ്റു പ്രദേശങ്ങളിലുള്ളവക്ക് കൂടി കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. ഭൂനിയമം വരാൻ പോകുന്നുവെന്ന് നേരത്തെ മനസിലാക്കിയവരും, ഈ നിയമത്തെപ്പറ്റി പഠിക്കാൻ കഴിവുണ്ടായിരുന്നവരുമായ വലിയ ജന്മിമാർ അവരുടെ കീഴിലുള്ള വെറും പാട്ടക്കാരെയെല്ലാം ശമ്പളച്ചീട്ടുകാരായും ലൈസൻസിയായിട്ടും മാറ്റുകയുണ്ടായി. ഇതിനെക്കുറിച്ച് ഞങ്ങൾ ഇവിടെ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. അങ്ങനെ മാറ്റിയതിന്റെ ഫലമായി സ്ഥിരാവകാശം കിട്ടിയവരും കിട്ടേണ്ടവരുമായ വെറും പാട്ടക്കാർക്ക് കുടിയായ്മ അവകാശം ഇന്ന് നഷ്ടപ്പെട്ടിരിക്കുകയാണ്. പാലക്കാട്ട് ജില്ലയിൽ ശമ്പളച്ചീട്ടുകാരായ കൃഷിക്കാരുണ്ട്. അത്തരം കൃഷിക്കാർക്ക് 10–ാംവകുപ്പിൽ കാണിച്ചിട്ടുള്ള ഭേദഗതി മൂലമെ സ്ഥിരാവകാശം കിട്ടുകയുള്ളുവെന്ന് പറഞ്ഞാൽ അതിന്റെ കൂട്ടത്തിൽ ഈ ലൈസൻസികളെ കൂടി ഉൾപ്പെടുത്തേണ്ടതാണ്. അവരും അതിന് അർഹരായവരാണ്. അതുകൊണ്ടാണ് ശ്രീ. കൊച്ചുകുട്ടൻ ഈ ഭേദഗതി കൊടുത്തിട്ടുള്ളത്. തൃശ്ശൂർ ഭാഗത്തുള്ള എല്ലാ കർഷക പ്രവർത്തകരും എം. എൽ. എ. മാരും ഇക്കാര്യം പറഞ്ഞിട്ടുള്ളതാണ്. കുട്ടനാട്ടിനോട് മാത്രം പ്രത്യേകം സ്നേഹവും മമതയും കാണിക്കാൻ മുതിരാതെ മറ്റു പ്രദേശങ്ങളിലുള്ള ലൈസൻസികൾക്കുകൂടി സ്ഥിരാവകാശവും കുടിയായ്മയും കിട്ടുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. അത് കിട്ടുന്നതിനുവേണ്ടി മാത്രമാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. ഇതു ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നുമാത്രമാണ് എനിക്ക് പറയുവാനുള്ളത്.

Shri P. T. Chacko: I do not have anything more to say but Mr. Ramakrishnan seems to think that I have shown some 'മമത to Kuttanad area. If any 'മമത' is shown it is shown by Smt. Gouri and not by me.

Mr. Speaker: Do you press your amendment No. 370 Smt. Gouri?

Smt. K. R. Gouri: Yes, Sir.

The amendment was put and lost.

Shri E. P. Gopalan: Sir, I demand a poll. A poll was taken when the House divided as follows.

Ayes 27

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K.O. Aisha Bai
4 Shri P. Balachandra Menon
5 ,, C. K. Balakrishnan
6 ,, N. E. Balaram
7 ,, K. Bhargavan
8 ,, E. P. Gopalan
9 Smt. K. R. Gouri
10 Shri K. V. John
11 ,, K. Krishnan
12 ,, R. Krishnan
13 ,, V. R. Krishna Iyer
14 ,, K. Krishna Pillai
15 Shri S. Kumaran
16 ,, P. K. Kunjachan
17 ,, P.V. Kunhunni Nayar
18 ,, K. V. Narayanan
19 ,, P. C. Raghavan Nair
20 ,, A. K. Ramankutty
21 ,, T.K. Ramakrishnan
22 ,, P. Ravindran
23 ,, E. M. Sankaran Namboodiripad
24 ,, P. S. Srinivasan
25 ,, R. Sugathan
26 ,, M. M. Sundaram
27 ,, M. V. Vasu

LIBRARY ARCHIVES Kerala Legislative Assembly

Noes 48

1 Shri K. C. Abraham
2 ,, M.C. Abraham
3 ,, K. T. Achuthan
4 ,, M. A. Antony
5 ,, P. C. Balakrishnan Nambiar
6 ,, T. O. Bava
7 ,, N. Bhaskaran Nair
8 ,, P. Chacko
9 ,, P. T. Chacko
10 ,, G. Chandrasekhara Pillai
11 ,, P. C. Cherian
12 ,, K.A. Damodara Menon
13 ,, T. A. Dharmaraja Iyer
14 ,, P. R. Francis
15 ,, K. M. George
16 ,, P. Gopalan
17 ,, Malethu Gopinatha Pillai
18 ,, M. P. Govindan Nair
19 ,, Vayala Idicula
20 ,, A. L. Jacob
21 ,, Thomas John
22 ,, George Joseph Podipara
23 ,, P. S. Karthikeyan
24 ,, K.G.Karunakara Menon
25 ,, N. S. Krishna Pillai
26 Shri K. Kunhambu
27 ,, C. Kunhikrishnan Nair
28 ,, M. Kunhikannan Nambiar
29 Smt. Kusumam
30 ,, Leela Damodara Menon
31 Shri P. Madhavan
32 ,, V. Madura
33 ,, M. M. Mathai
34 ,, C. A. Mathew
35 ,, T. Murugesan
36 ,, K. Narayana Kurup
37 ,, M. Narayana Kurup
38 ,, Kuroor Neelakatan Namboodiripad
39 ,, E. P. Poulose
40 ,, A. A. Rahim
41 ,, R. Raghava Menon
42 ,, M. Ravindranath
43 Smt. O. T. Sarada Krishnan
44 ,, K. R. Saraswathi Amma
45 Shri T. A. Thomman
46 ,, P. P. Ummer Koya
47 ,, K. R. Vijayan
48 ,, K. K. Viswanathan

Neutrals 11

1 Shri K. Hassan Gani
2 ,, Hamid Ali Shemnad
3 ,, K. Avukadarkutty Naha
4 ,, C. M. Kutty
5 ,, Joseph Chazhikat
6 ,, P. Narayanan Thampi
7 Shri O. Koran
8 ,, M. Krishnan
9 ,, P.M. Kunhiraman Nambiar
10 ,, P.K. Narayanan Nambiar
11 ,, Ponnara G. Sreedhar.

Mr. Speaker: Those for the amendment 27
Those against 48
Neutrals 11

The amendment is lost.

Smt. K. R. Gouri: I don't press the other amendment.

Amendment No. 1427 moved by Smt. K. R. Gouri was, by leave, withdrawn.

Shri T. K. Ramakrishnan: Sir, I press my amendment.

Amendment No. 1056 moved by Shri T. K. Ramakrishnan was put and lost.

The question that Clause 10 stand part of the Bill was put and carried.

Clause 10 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 11

Mr. Speaker: Amendment No. 372 by Shri R. Krishnan will not fit in. The other amendment, ie. 371, is only for the marginal heading and it need not be moved. There are no other amendments.

Mr. Speaker : The question is that clause 11 stand part of the Bill.

The question that Clause 11 stand part of the Bill was put and carried.

Clause 11 was added to the Bill.

New clause after clause 11

Shri K. Krishnan : I move :

After clause 11, add a new clause as follows and renumber:

> 12. " *Registry of cultivating tenants*:—The Government must take immediate steps to keep a record of rights of the cultivating tenants in the State and after the registry of such tenants all such tenants will be deemed as tenants for the purpose of this Act."

Shri T. K. Ramakrishnan : I move :

After clause 11, insert a new clause as follows and renumber:

> " The Revenue Divisional Officer of a revenue division shall maintain a record of rights of tenants under this jurisdiction and this shall be preferred with the help of the Panchayats concerned. Any dispute regarding the possession of the land shall be settled in the light of the evidence which may be treated as a basic document in this regard."

ശ്രീ. കെ. കൃഷ്ണൻ : സർ, എന്റെ ഭേദഗതി റിക്കാർഡ് ആഫ് റൈറ്റ്സ് കിട്ടാൻവേണ്ടിയുള്ളതാണ്. ഇതു സംബന്ധിച്ച ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുണ്ട്. ആ സ്ഥിതിക്ക് എന്റെ ഭേദഗതി ഞാൻ പ്രസ്സ്ചെയ്യുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഈ ഭേദഗതികളെല്ലാം റിക്കാർഡ് ആഫ് റൈറ്റ്സ് കിട്ടുന്നതിനുവേണ്ടിയുള്ളതാണ്. അതുപോലൊരു ഭേദഗതി ബഹുമാനപ്പെട്ട മന്ത്രിയും കൊണ്ടുവരുന്നുണ്ട്. അത് ഒടുവിലാണ്. അത് മൂവുചെയ്യുമ്പോൾ ഇതു മൂവുചെയ്യാൻ അനുവാദം കിട്ടേണ്ടതാണ്. അതുപോലെ തന്നെ ഞാൻ ഇതേ കാര്യത്തെ സംബന്ധിച്ച് 378-ാം നമ്പരായി ഒരു ഭേദഗതിയും കൊടുത്തിട്ടുണ്ട്. ഇതെല്ലാംകൂടി ഒന്നിച്ച ചർച്ചചെയ്യുന്നതിന് സൗകര്യം നിയമസഭ ഉണ്ടാക്കിത്തരണം.

Mr. Speaker : But Shri Krishnan has moved his amendment.

ശ്രീ. എം. നാരായണക്കുറുപ്പ് : ഒന്നിച്ച ചർച്ചചെയ്യുന്നതിന് അവസരമുണ്ടാക്കാൻ ഒരു വിഷമവുമില്ല. അതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതി കൊടുത്താൽമതി.

ശ്രീമതി കെ. ആർ. ഗൗരി : അതിന്റെ സ്പിരിട്ട് അംഗീകരിച്ച് തള്ളിക്കളയുകയാണെങ്കിൽ പിന്നെ എങ്ങനെയാണ് സംസാരിക്കാൻ അവസരം കിട്ടുന്നത്?

Mr. Speaker: But still amendments are to be moved by Minister.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : റിക്കാർഡ്സ് ആഫ് റൈററ്സ് കിട്ടുന്നതിനുള്ള അവകാശംപോലും തള്ളിക്കളയുകയാണെങ്കിൽ അതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകും.

മി. സ്പീക്കർ : അതു് തള്ളിക്കളയുന്നില്ലല്ലോ.

Shri P. T. Chcko : Sir, I don't have any objection. These amendments may be moved along with my amendment.

Mr. Speaker : The new clause after clause 11 may be held over (The House signified its willingness). The clause was held over.

Clause 12

Shri P. Narayanan Thampi : I move :

1153. In clause 12 (1), in line 9, after "or other lease" and before 'under which' insert the following.

"wherein the relationship between the transferor and the transferee is that of a landlord and tenant and not that of a debtor and creditor, and"

Shri V. R. Krishna Iyer : I move :

1471. In clause 12 sub-clause (1) for the words 'not in fact such a transaction but' in line 7 the words in 'substance' shall be substituted, before the words 'a transaction' in the same line.

ശ്രീ. പി. നാരായണൻതമ്പി : ഈ സെക്ഷൻ (12)ൽ സബ് സെക്ഷൻ (1)ൽ 9-ാമത്തെ വരിയിൽ 'or other lease' എന്നു കഴിഞ്ഞതിനു ശേഷം 'under which'നു മുമ്പായി

"Wherein the relationship between the transferor and the transferee is that of a landlord and tenant and not that of a debtor and creditor, and"

ഈ പറഞ്ഞ ഭാഗം കൂട്ടിച്ചേർത്ത് റീ റൈററ് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇതിൽ നാം അംഗീകരിച്ച തത്വം ഈ വകുപ്പിൽ വിശദപ്പെടുത്തണമെന്നുള്ളതു മാത്രമാണ്. ഒരു കാരണം ഏതു നാമധേയത്തിൽ അറിഞ്ഞാലും അതിന്റെ ഉള്ളടക്കം കോടതിക്ക് കണ്ടുപിടിക്കാം. കൈവശകുടിയാന് അതു തക്കിക്കാനുള്ള അവകാശമുണ്ട്. മോർട്ടുഗേജോ, ഒററിയോ, നേർപണയമോ, എന്തുതന്നെയെന്നു വിവരിച്ചിരുന്നാലും അതിൽ കുടിയായ്മ അവകാശം നൽകുന്ന കാണം, കുഴിക്കാണം, വെറുംപാട്ടം, മററു പാട്ടങ്ങൾ ഇവയാണെന്നു വാദിക്കാനും അതു തെളിയിക്കാനും ഉള്ള അവകാശം ഈ വകുപ്പുപ്രകാരം കൈവശക്കുഷിക്കാർക്ക് കൊടുക്കുന്നുണ്ട്. മിസ്റ്റർ തൊമ്മന്റേയും അതുപോലെ ശ്രീ. കൃഷ്ണയ്യരുടേയും ഭേദഗതികളുടെ സാരം ഏതാണ്ട് എന്റെ ഭേദഗതിയുടെ തത്വത്തോട് യോജിച്ചിരിക്കുന്നതായിട്ടാണ് കാണുന്നതു്. നാമധേയം എന്തു തന്നെയായാലും അതു് ഏതു കരണമാണെന്നു കാണേണ്ട പ്രത്യേകമായ തത്വം എന്താണെന്ന് ഒരു വകുപ്പിൽ ഡിഫൈൻചെയ്തു കഴിഞ്ഞാൽ കോടതിക്ക് അതേപ്പററി ഒരു തീരുമാനമുണ്ടാക്കാൻ എളുപ്പത്തിൽ സാധിക്കുന്നതാണ്. ഉത്തമർണ്ണനും അധമർണ്ണനും എന്നുള്ള ബന്ധത്തെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായ നിലപാടാണ് നാം സ്വീകരിച്ചിട്ടുള്ളതു്. തിരുവിതാംകൂർ ഭാഗത്തുള്ള ഒററിയിൽ കുടിയായ്മ അവകാശം ഉൾപ്പെടുത്തരുതെന്നു വാദിക്കുന്നതിന്റെ അർത്ഥം ഇതാണ്. ഈ തരത്തിൽ നിർവ്വചനം ഈ വകുപ്പിൽചെയ്തു കഴിഞ്ഞാൽ ഇതിനു മുൻപ് നിശ്ചയിച്ചിട്ടുള്ള വകുപ്പുകളെല്ലാം യൂസുഫ്രക്ചറി മോർട്ടുഗേജിനെ ഒഴിവാക്കണമോ, ഒററിയെ ഒഴിവാക്കണമോ എന്നുള്ള വാദഗതിക്ക് ഉപോൽബലകമായി ഒരു തത്വം ഈ വകുപ്പിൽ ഡിഫൈൻ ചെയ്യുകയാണ്. അതുകൊണ്ട് യാതൊരു വൈഷമ്യവും ഉണ്ടാകാൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. നാരായണൻ തമ്പി]

ഇടയില്ല. അതു് അംഗീകരിച്ച തത്വമാണു്. അതു വ്യക്തമാക്കണമെന്നു പറയുകയാണു്. ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നതു് മോർട്ടുഗേജോ ഒററിയോ എന്നു വിവരിക്കപ്പെടാതെവരികിലും അതു യഥാർത്ഥത്തിൽ മോർട്ടുഗേജോ ഒററിയോ അല്ലെന്നും നേരേമറിച്ചു് ടെനൻസിയാണെന്നും തെളിയിക്കാനുള്ള അവകാശമുണ്ടു്. ആധാരത്തിലെ വിവരണം എന്തായിരുന്നാലും കുടിയായ്മ അവകാശം ഉണ്ടോ എന്നു പരിശോധിക്കാനുള്ള അവകാശം കൈവശക്കാരെക്കു് നൽകുന്നു. ആ അവകാശം എന്തു് പരിശോധനക്കാണു് വിധേയമാക്കേണ്ടതു് എന്നാണു് നോക്കേണ്ടതു്. ഒററിയാധാരം എന്നു പറഞ്ഞു കഴിഞ്ഞാൽ പാട്ടാധാരമാണു് എന്നു തർക്കിക്കാനിടവരും. ഒററിക്കും പാട്ടത്തിനും തമ്മിലുള്ള വ്യത്യാസം എന്താണെന്നു ഈ വകുപ്പിൽ പറയേണ്ടതു് വളരെ ആവശ്യമാണു്. അതിനു് ഈ വാചകംകൂടി ചേർത്താൽ ട്രാൻസ്ഫറും ട്രാൻസ്ഫറിയും തമ്മിലുള്ള ബന്ധം, ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധമാണെന്നും, ഉത്തമർണ്ണനും അധമർണ്ണനും തമ്മിലുള്ള ബന്ധമല്ലെന്നും, വിശദീകരിക്കാനെങ്കിലും കഴിഞ്ഞാൽ ബാക്കിയുള്ള കാര്യങ്ങൾ കോടതി തീർച്ചയായും പരിഗണിക്കുമ്പോൾ കോടതിക്കു് ശരിയായ നിർവ്വചനം കൊടുക്കാൻ സാധിക്കും. എന്തുതന്നെ ആധാരത്തിൽ പറഞ്ഞാലും ജന്മി കുടിയാൻ ബന്ധമുള്ള കരണത്തിൽ ഒഴിപ്പിക്കലുണ്ടാകുകയില്ല. മററുവിധത്തിലുള്ള കടബാദ്ധ്യതകളാണെന്നുവരികിൽ കടക്കാരെക്കു് ആശ്വാസപ്രദമായ പരിഹാരങ്ങളുണ്ടാകണമെന്നുള്ളതിനാലാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചതു്. അതു് സ്വീകരിക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിക്കു് തർക്കം ഉണ്ടാകുകയില്ലെന്നാണു് തോന്നുന്നതു്. നാം അംഗീകരിച്ച തത്വം പാസ്സാക്കുന്ന നിയമത്തിൽ വ്യക്തമായ നിർവ്വചനം കൊടുക്കണമെന്നുള്ളതാണു് ഈ ഭേദഗതിയുടെ സാരം. അതു് അംഗീകരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

Shri V. R. Krishna Iyer : Sir, my amendment is merely a clarification. It has become necessary because the clause as such reads that "any person interested in any land may .... prove that a transaction purporting to be a mortgage, otti, karipanayam, panayam or nerpanayam of that land is not in fact such a transaction but a transaction by way of kanam, kanamkuzhikanam, kuzhikanam etc." I submit that the expression 'is not in fact such a transaction' in the existing clause, is not only not necessary but is likely to create complications. My submission is that it is sufficient if the Court goes into the substance of the transaction whether it is a kanam, kanamkuzhikanam, etc. In fact, there might even be contradictory aspects in the clause as it stands because every kanam is a mortgage. In fact, a kanam is an anomalous mortgage. But what the legislature calls upon the Court to determine is whether a kanam which is an anomalous mortgage is in substance a kanam or not for which there is a definition separately given.

A kanam has a dual aspect; it is a tenure and a mortgage. To say that mortgages, which are not in fact mortgages, are kanams, might be putting difficulties in the way of tenants who seek to establish that. If the substance of the transaction shows that it is a kanam protection must be given. There might even be incidents in the document which are contradictory. The right to sell may be in the document. At the same time, there may be other incidents which might really establish its character as kanam. So, I suggest that the amendment that I have proposed be accepted. That would surely clarify the position and bring out our purpose better.

LIBRARY ARCHIVES Kerala Legislative Assembly

I have also incidentaly to make one more submission. That again is not a matter of controversy in ideas. We have here-"Notwithstanding anything in the Indian Evidence Act. 1872 (Central Act I of 1872), or in any other law for the time being in force". Now, I would suggest that it may be nodified as "notwithstanding anything contained in this Act or in the Indian Evidence Act or in any other Law". Otherwise, otti transaction may never be provable as kanams under this clause. The Court may well say, rightly or wrongly, there is a clause excluding ottis from kanams and this Act itself and clause 12 cannot override it. To clarify the position, if it is in reality a kanom transaction, the benefit of a kanam should be given to the tenant, though the document is an otti in name. This is really a matter of draftsmanship. So I move this amendment.

Shri P. T. Chacko : I am accepting amendment No. 1471 moved by Mr. Krishna Iyer. But I am not accepting the oral amendment which he suggested. If I accept that, the position would be that whatever might have been said earlier, mortgages will also be brought under the definition of kanam, kuzhikanam. It is not the intention of this legislation. So I accept the amendment which he has suggested.

Then, regarding the amendment moved by Mr. Narayanan Tampi, I do not think I should accept that amendment, because here the position is whatever be the term by which a transaction is called, a right is given to prove that the transaction in reality is a kanam or kuzhikanam. If the amendment of Mr. Tampi is accepted the position will be just the reverse of it. If the document is known by the name 'otti', it should be considered as a mortgage—that is his amendment. Here the right is given to prove the exact nature of transaction. So, the amendment cannot be accepted.

Mr. Speaker: Amendment Nos. 375, 376 and 1152 by Shri K. R. Vijayan, Shri M. Narayana Kurup and Shri Ponnara G. Sreedhar respectively, need not be moved.

Shri P. Narayanan Thampi: Sir, I don't press my amendment.

Amendment No. 1153 moved by Shri P. Narayanan Thampi was by leave withdrawn.

Mr. Speaker : The question is the amendment of Shri V. R. Krishna Iyer.

The amendment No. 1471 of Shri V. R. Krishna Iyer, namely :

> "In clause 12 sub-clause (1) for the words "not in fact such a transaction but" in line 7, the words "in substance" shall be substituted was put and carried."

The question that clause 12, as amended stand part of the Bill was put and carried.

Clause 12, as amended, was added to the Bill.

New Clause after Clause 12.

Mr. Speaker: Amendment No. 378 by Smt. K. R. Gouri may be moved.

Smt. K. R. Gouri: Sir, I am not moving.

LIBRARY ARCHIVES Kerala Legislative Assembly

Clause 13

Mr. Speaker: The following amendments may be moved :

Amendment No. 379 by Shri R. Krishnan; 380 by Shri K.Krishnan, 381 by Shri N. Bhaskaran Nair, 382 and 385 by Shri Baby John, 384 by Shri C. Achutha Menon, 387 by Shri M. Gopalankutty Nair, 388 by Smt. K. R. Gouri; 1154, 1155, 1157, 1159 and 1161 by Shri Ponnara G. Sreedhar; 1156 by Shri T. K. Ramakrishnan and 1160 by Shri K. Narayana Kurup.

Amendment No. 383 by Shri Baby John is the same as 382, amendment No. 1059 is the same as amendment No. 384. Amendment No. 386 will not fit in.

Shri R. Krishnan: Sir, I move amendment No. 379 :

In Clause 13 (1), after the words 'every tenant' insert the words 'deemed tenants and presumed tenants'.

Mr. Speaker: Amendment No. 380 by Shri K. Krishnan. The hon. Member is not in his seat.

Shri N. Bhaskaran Nair : Sir, I move amendment No. 381 :

In Clause 13 (2) (i), add the following at the end :

'in the case of a discharged member of the Armed Force of the 2nd World War who is re-enlisted now, during the period of his discharge or'.

Mr. Speaker : Amendments Nos. 382 and 385 by Shri Baby John. The hon. Member is not in his seat.

Amendment No. 384 is by Shri C. Achutha Menon. The hon. Member is also not seen in his seat. Amendment No. 387 is in the name of Shri M. Gopalankutty Nair, who is also not present. Amendment No. 388 is in the name of Smt. K. R. Gouri; the member may move her amendment.

Smt. K. R. Gouri: Sir, I am not moving the amendment.

Mr. Speaker: Amendments Nos. 1154, 1155, 1157, 1159 and 1161 are by Shri Ponnara G. Sreedhar. The Member is not in his seat. Amendment No. 1156 may be moved by Shri T. K. Ramakrishnan.

Shri T. K. Ramakrishnan : I move amendment No. 1156 :

In Clause 13 (2) (ii) proviso, delete the words 'ceiling area' and substitute 'four standard acres'.

Mr. Speaker : Amendment No. 1160 is in the name of Shri K. Narayana Kurup.

Shri K. Narayana Kurup: I am not moving.

ശ്രീ. ആർ. കൃഷ്ണൻ: ഫിക്സിററി കൊടുക്കുന്ന കുടിയാന്മാരുടെ കൂട്ടത്തിൽ നേരത്തെ പാസായിട്ടുള്ള വകുപ്പുകളനുസരിച്ച് Presumed tenants ഉൾപ്പെടുത്തണമെന്ന ഭേദഗതിയാണ് എന്റേത്. എന്നു വച്ചാൽ ടെനൻസിയുടെ നിർവ്വചനത്തിന്റെ ഫലം കിട്ടത്തക്കനിലയിൽ ക്ലാസ് 11 പ്രകാരമുള്ള ശമ്പളപാട്ടക്കാരേയും മററും ഉൾപ്പെടുത്തേണ്ടതാണ്. അവരെ അകററിനിറുത്തിക്കൊണ്ടാണ് ഈ ക്ലാസ്. മന്ത്രിയുടെ വ്യാഖ്യാനം കൊണ്ടും പരിപൂർണ്ണമായിട്ട് ശമ്പളപ്പാട്ടക്കാർക്കും, കുഴിപ്പാട്ടക്കാർക്കും രക്ഷ കിട്ടുമെന്ന് എനിക്ക് ബോദ്ധ്യ

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടില്ല. ഓരോ ശമ്പളപ്പാട്ടക്കാരനും ഓരോ കൂലിപ്പാട്ടക്കാരനും അയാളുടെ നില സുരക്ഷിതമാക്കാൻ വേണ്ടിയിട്ട് കോടതിയെ സമീപിക്കണം, വാദിക്കണം. എങ്കിൽ മാത്രമേ ടെനൻറിൻെറ ആനുകൂല്യം കിട്ടു എന്നുവരുന്നതു് വളരെയധികം കഷ്ടമാണു്. പാലക്കാട്ട് ജില്ലയുടെ കിഴക്കൻ താലൂക്കുകളിൽ ഏതാണ്ടു് 60—70 ശതമാനത്തിനു ഇടയിൽ വരുന്ന കുടിയാന്മാർക്കു് ഇത്തരം കാർഷികപരിഷ്ക്കരണ നിയമത്തിൻെറ ആനുകൂല്യം കിട്ടണമെങ്കിൽ അവർക്കെല്ലാവർക്കും കോടതിയിൽ ചെന്നാലേ കുടിയായ്മ സ്ഥാപിക്കാനൊക്കുകയുള്ളു എന്നതു് വളരെയധികം കഷ്ടമാണു്. അതുകൊണ്ടാണു് ഞാൻ എൻെറ ഭേദഗതി അവതരിപ്പിച്ചതു്. ഇതു സ്വീകരിക്കണമെന്നാണു് എൻെറ അഭിപ്രായം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഒഴിപ്പിച്ചെടുക്കുന്ന സമയത്തു് പകുതിയോളം ഭൂമി ഒഴിപ്പിച്ചെടുക്കാമെന്നുള്ളതു മാററി സ്റ്റാൻഡേർഡ് ഏക്കർവരെ ഒഴിപ്പിക്കാമെന്ന തത്വം അംഗീകരിക്കണം എന്നതിനെക്കുറിച്ചാണു് എൻെറ ഭേദഗതി. ഒഴിപ്പിക്കൽ കഴിയുന്നതും കുറയ്ക്കുന്നതിനു വേണ്ടിയുള്ള ഒരു ശ്രമം എന്ന നിലയ്ക്കാണു് ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. അതുകൊണ്ടുതന്നെ സ്മാൾ ഹോൾഡേഴ്സിൻെറ കാര്യത്തിൽ നാം സ്വീകരിച്ചിട്ടുള്ള തത്വത്തിൽ കവിഞ്ഞ മറെറാരു തത്വം സ്വീകരിക്കുന്നതു ശരിയല്ല എന്നു പറയാൻ കാരണം. അതുകൊണ്ടാണു് ഞാൻ എൻെറ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ഇതിനെക്കുറിച്ചു് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല.

ശ്രീ. എൻ. ഭാസ്കരൻനായർ: സർ, കുടിയാനു സ്ഥിരാവകാശം കൊടുക്കുന്നതോടൊപ്പംതന്നെ ഏതാനും വസ്തുക്കളെ സംബന്ധിച്ചിടത്തോളം സ്ഥിരാവകാശം കൊടുക്കാൻ അവകാശമില്ലെന്ന വകുപ്പിനെക്കുറിച്ചാണു് എനിക്കു പറയുവാനുള്ളതു്. ജവാന്മാരെ സംബന്ധിച്ചിടത്തോളം

9 A. M.] ദേശസേവനത്തിനു പോകുന്നതിനു് മുമ്പു ഏതെങ്കിലും വസ്തുക്കൾ പാട്ടത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ അതു് ഒഴിപ്പിക്കുന്നതിനുള്ള അവകാശമാണു് സബ് ക്ലാസ് (1) കൊണ്ടു് കൊടുത്തിരിക്കുന്നതു്. എന്നാൽ അതേസമയത്തുതന്നെ രണ്ടാം ലോകമഹായുദ്ധകാലത്തു് ആർമിയിൽ സേവനത്തിനുപോയ അനേകം ആളുകൾ അതിൽനിന്നു് ഡിസ്ചാർജ ചെയ്തു് തിരിച്ചുവന്നശേഷവും, തൻെറ വസ്തുക്കൾ നേരിട്ടു നോക്കുന്നതിനു നിവൃത്തിയില്ലാതെ ആരെയെങ്കിലും കൃഷിക്കു് ഏൽപ്പിച്ചാൽ അങ്ങനെയുള്ളവർക്കുകൂടി ഈ ആനുകൂല്യം കൊടുക്കണമെന്നാണു് എൻെറ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നതു്. അങ്ങനെ മരണംപ്രാപിച്ച അനേകം ആളുകളുണ്ടു്. അങ്ങനെ ദേശത്തിനുവേണ്ടി ജീവാർപ്പണം ചെയ്ത ആളുകൾക്കുകൂടി അവരുടെ അവകാശികൾക്കുകൂടി ഇങ്ങനെയുള്ള പ്രത്യേക ആനുകൂല്യം കൊടുക്കുന്നതു് നന്നായിരിക്കുമെന്നാണു് എൻെറ അമെൻറുമെൻറുകൊണ്ടുദ്ദേശിക്കുന്നതു്. ഈ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ രണ്ടാംലോകമഹായുദ്ധത്തിനുപോയ ആളുകൾ പാട്ടത്തിനു കൊടുത്തതോ പിരിച്ചുവിട്ടതിനു ശേഷം ഇപ്പോൾ വീണ്ടും യുദ്ധത്തിനുപോയവർ വല്ല കരണങ്ങളും ചെയ്തിട്ടുള്ളതോ ഉണ്ടെങ്കിൽ അതൊക്കെ ഒഴിപ്പിക്കത്തക്കവിധത്തിലുള്ളതാണു് എൻെറ ഭേദഗതി. ഇതു വളരെ ആവശ്യമാണു്. ഇതു പറയാൻ പ്രത്യേകകാരണം ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന വ്യവസ്ഥ അനുസരിച്ചു് യുദ്ധസേവനത്തിനു 3 മാസം മുമ്പു ചെയ്ത കരണങ്ങളോ അല്ലെങ്കിൽ അവർ യുദ്ധത്തിൽ ഇരിക്കുമ്പോൾ ചെയ്ത കരണങ്ങളോ മാത്രമേ ഉൾപ്പെടുകയുള്ളു. ഈ കഴിഞ്ഞ യുദ്ധത്തിനുപോയി തിരിച്ചുവന്നു് യുദ്ധസേവനം ചെയ്യാതിരുന്ന കാലത്തു് ഉണ്ടാക്കിയിട്ടുള്ള കരണങ്ങൾകൂടി ഈ വകുപ്പിൽ ഉൾപ്പെടുത്തണമെന്നാണു് എൻെറ ഭേദഗതി.

ശ്രീ. ഈ. പി. ഗോപാലൻ: ശ്രീ. അച്യുതമേനോൻെറ ഭേദഗതി അവതരിപ്പിക്കാത്തതുകൊണ്ടു് അതുപോലുള്ള ചില ഭേദഗതികൾക്കു് അവതരണാനുമതി ലഭിച്ചിട്ടില്ല.

മിസ്റ്റർ: സ്പീക്കർ: അവതരിപ്പിക്കാൻ വിഷമം ഉണ്ടായിരുന്നില്ല.

2/716 V

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: ഒരു സൗകര്യത്തിനുവേണ്ടി പറയുകയാണ്. ഒരു ഭേദഗതി അവതരിപ്പിക്കാത്തതുകൊണ്ട് അതുപോലുള്ളതിന് അവതരണാനുമതി കിട്ടാതിരിക്കുന്നുണ്ടോ എന്നുള്ളത് ഉടൻ കണ്ടുപിടിക്കാൻ കുറച്ചുവിഷമമുണ്ട്. അതുകൊണ്ട് ശ്രീ അച്യുതമേനോൻെറ ഭേദഗതി അവതരിപ്പിക്കാതിരുന്നതുകൊണ്ട്, ഒന്നുകിൽ അച്യുതമേനോൻെറ ഭേദഗതി അവതരിപ്പിക്കുകയോ അല്ലെങ്കിൽ എൻെറ ഭേദഗതി അവതരിപ്പിക്കാൻ അനുവാദം തരുകയോ ചെയ്യണം.

മിസ്റ്റർ. സ്പീക്കർ: മെമ്പർക്ക് വേണമെങ്കിൽ അതു ആകാം.

ശ്രീ. ഇ. പി. ഗോപാലൻ: കാര്യമിതാണ്. സീലിംഗ് ഏരിയവരെ ഒഴിപ്പിക്കാമെന്നുള്ളതു മാററിയിട്ട് 5 സ്റ്റാൻേറർഡ് ഏക്കർവരെ മാത്രം ആക്കണം. ഒഴിപ്പിക്കലിന് റെസ്ട്രിക്ഷൻ വക്കേണ്ടതാണ് കാര്യം. അതുകൊണ്ടാണ് ഭേദഗതി അവതരിപ്പിക്കുന്നത്. ബില്ലിൽ ഉള്ള മാതിരിയാണെങ്കിൽ അത് കുടിയാന് കൂടുതൽ ഉപദ്രവമാണ് ഉണ്ടാകുന്നത്. അതുകൊണ്ട് സീലിംഗ് ഏരിയ എന്നു വരുന്നിടത്തെല്ലാം 5 സ്റ്റാൻഡേർഡ് ഏക്കർ എന്നാക്കി മാററണമെന്നാണ് ഞാൻ പറയുന്നത്.

I move :—

1059. In clause 13 (2), in the proviso, delete the words 'the ceiling area' wherever it occurs and substitute the words 'five standard acres'.

ശ്രീമതി. കെ. ആർ. ഗൗരി: സർ, ഞാൻ ശ്രീ. ഭാസ്കരൻ നായരുടെ ഭേദഗതിയെ എതിർക്കുകയാണ്. In clause 13 (2) (i) add the following:

> 'in case of a discharged member of the Armed Force of the 2nd World war who is re-enlisted now, during the period of his discharge or'

ഇങ്ങനെയാണെങ്കിൽ 13 (2) (1) തന്നെ മാററണം. ഇങ്ങനെയുള്ളവർ ജനിച്ച കാലം മുതൽക്കേ പാട്ടം കൊടുത്തിട്ടുണ്ടെങ്കിൽ പട്ടാളത്തിൽ പോയവർ എന്ന നിലയിൽ അവരുടെ കുടുംബത്തിൽ നിന്ന് പാട്ടത്തിനു കൊടുത്തഭൂമി ഒഴിപ്പിക്കണമെന്ന് ഇങ്ങനെ പറയുന്നതുകൊണ്ട് അർത്ഥമൊന്നുമില്ല. പട്ടാളത്തിൽ സേവനത്തിനു പോയിട്ടുള്ള ആളുകൾ അവിടെനിന്നും തിരിച്ചുവന്നതിനുശേഷം അവരുടെ ഭൂമി ആക്കെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ ഒഴിപ്പിച്ചെടുക്കാമെന്നാണ് ശ്രീ. ഭാസ്കരൻനായരുടെ അഭിപ്രായം. എന്നാൽ പട്ടാളത്തിൽ പോയവരുടെഭൂമിതന്നെ കൊടുത്താൽ ഒഴിപ്പിക്കാമെന്നും, എപ്പോൾ ഒഴിപ്പിക്കാമെന്നും ഇത്രകൊല്ലത്തിനുള്ളിൽ ഒഴിപ്പിക്കണമെന്നും വ്യവസ്ഥ വേറെ വരുന്നുണ്ട്. പട്ടാളത്തിൽനിന്ന് ഡിസ്ചാർജ് ചെയ്ത് വീട്ടിൽവന്നു നിൽക്കുന്ന കൃഷിചെയ്യാൻ കഴിവില്ലാത്തവർ ആക്കെങ്കിലും പാട്ടം കൊടുത്തിട്ടുണ്ടെങ്കിൽ ഒഴിപ്പിച്ചെടുക്കുവാൻ അവകാശം കൊടുത്താൽ ഈ അവകാശം അവർ ദുരുപയോഗപ്പെടുത്തുകയായിരിക്കും. നാം എന്തു ഉദ്ദേശത്തോടുകൂടിയാണ് ഈ ക്ലാസ് കൊണ്ടുവന്നത്? ആ ഉദ്ദേശം പരാജയപ്പെടും. അതുകൊണ്ട് ഇത് അംഗീകരിക്കരുത്. ഞാൻ ഇതിനെ എതിർക്കുകയാണ്.

ശ്രീ. പി. ടി. ചാക്കോ: ഞാൻ ഇതിൽ ഒരു ഭേദഗതികളും സ്വീകരിക്കുന്നില്ല. മിസ്റ്റർ. കൃഷ്ണനു 11—ാം വകുപ്പുകൊണ്ട് ശമ്പളപ്പാട്ടദാർക്ക് ടെനൻറായിത്തീരാമോ എന്നുള്ള സംശയം ഉണ്ടെന്നു തോന്നുന്നു. അങ്ങനെ സംശയമൊന്നും വേണ്ട. ശ്രീ. ഭാസ്കരൻ നായരുടെ ഭേദഗതി സ്വീകരിച്ചാൽ അതു നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടാവും. അതുകൊണ്ട് അതും സ്വീകരിക്കാൻ നിവൃത്തിയില്ല. ശ്രീ. രാമകൃഷ്ണൻെറ ഭേദഗതിയും സ്വീകരിക്കാൻ നിവൃത്തിയില്ല.

Mr. Speaker: Do you press your amendment ?

Shri R. Krishnan : Yes, Sir.

Amendment No. 379 of Shri R. Krishnan was put and lost.

Mr. Speaker: Are you pressing your amendment ?

Shri N. Bhaskaran Nair : No, I am not pressing.

Amendment No. 381 of Shri N. Bhaskaran Nair was by leave withdrawn.

Mr. Speaker: Do you press amendment No. 1059 ?

Shri E. P. Gopalan : Yes.

Amendment No. 1059 of Shri E. P. Gopalan was put and lost.

Mr. Speaker : Do you press your amendment ?

Shri T. K. Ramakrishnan : Yes, I press.

Amendment No. 1156 of Shri T. K. Ramakrishnan was put and lost.

The question that clause 13 stand part of the Bill was put and carried.

Clause 13 was added to the Bill.

New clause after clause 13:

Smt. K. R. Gouri : Sir, I move :

389. After clause 13, add a new clause 14 as follows and renumbr :

14. Notwithstanding anything to the contrary contained in any law, or in contract, custom, usage, or in any decree or order of court to the contrary, no land from a kanam tenant can be resumed for any purpose as stated in Sections 14, 15, 16 and 17.

സർ, ഇതു് മൂവ് ചെയ്യുന്നതിനു് ഒരു പ്രധാന കാരണമുണ്ടു്.

ശ്രീ. ടി. എ. തൊമ്മൻ : ഒരു സംശയം ചോദിച്ചുകൊള്ളട്ടെ. ക്ലാസസ് 14, 15, 16, 17 ഇവ അക്സപ്റ്റു ചെയ്തതിനു ശേഷമല്ലേ ഇതു മൂവ് ചെയ്യേണ്ടതു് ?

ശ്രീമതി കെ. ആർ. ഗൗരി : ഒരു പുതിയ ക്ലാസായിട്ടു് ഇതു കൊണ്ടുവരുന്നതുകൊണ്ടു് ഇതു് അക്സപ്റ്റു ചെയ്താൽ ക്ലാസ് 14, 15, 16, 17 എന്നീ വകുപ്പുകളിൽ അതു ബാധകമാണു്. മററു വകുപ്പു പാസ്സായതിനുശേഷം കൊണ്ടുവരുവാൻ ബാററായിരിക്കും. ആദ്യം കൊണ്ടുവരികയാണു് നല്ലതു്, അതു സ്പീക്കർക്കു മാററാനധികാരമുണ്ടു്. അതു സ്പീക്കർ ചെയ്തുകൊള്ളും. അതല്ല മററു ക്ലാസ്സുകൾ പാസ്സായതിനുശേഷം മതിയെന്നു് Speaker പറയുകയാണെങ്കിൽ ഇതു മൂവ് ചെയ്യുന്നതു് ക്ലാസസ് 14, 15, 16 അക്സപ്റ്റു ചെയ്തതിനുശേഷം മതി . പക്ഷെ Bar ആകരുതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ക്ലാസസ് 14, 15, 16 മൂവ് ചെയ്തു് അതു പാസായിക്കഴിഞ്ഞാൽ പിന്നെ ഇതു മൂവ് ചെയ്യാൻ അധികാരമുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : ഞാനെന്റെ ഭേദഗതി മൂവ് ചെയ്യുന്നു. ശ്രീമാൻ നാരായണക്കുറുപ്പു് എന്റെ ഭേദഗതിയെ അനുകൂലിക്കുമെന്നു തോന്നുന്നു. ഇതു കാണത്തെ സംബന്ധിച്ചുള്ളതാണു്. സർ, കാണം ടെനൻറിനെ സംബന്ധിച്ചു് പ്രത്യേകമായിട്ടുള്ള ഒരു അവകാശം അവരെ എക്സംപ്റ്റു ചെയ്യുന്നതിനു കൊടുക്കേണമെന്നുള്ളതുകൊണ്ടാണു് ഞാനീ ഭേദഗതി മൂവ് ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

കാണം tenancy യിൽ ആദ്യം ഭൂമിയിൽ അവകാശത്തോടുകൂടി സൃഷ്ടിച്ച Transaction ആയതുകൊണ്ട് പ്രത്യേകാവകാശങ്ങൾ ചോദിക്കുകയാണ്. തിരുവിതാംകൂർ ജന്മി കുടിയാൻ നിയമത്തിലും കൊച്ചി കാണം ടെനൻസി ആക്ററിലും വ്യവസ്ഥ ചെയ്തിരുന്നതനുസരിച്ച് കാണാധാരങ്ങൾപ്രകാരം ഭൂമി കൈവശമിരിക്കുന്ന ആളുകളിൽനിന്നും അതിന്റെ ജന്മികരം ഗവണ്മെന്റു നിശ്ചയിച്ചിരിക്കുന്ന കരം ഗവണ്മെന്റു പിരിച്ച് കൊടുത്തുവന്നിരുന്നു. അതല്ലാതെ അവർക്കു നേരിട്ടു പിരിക്കാൻ അവകാശമില്ലായിരുന്നു. എന്നാൽ മലബാർ ടെനൻസിനിയമത്തിൽ, കാണത്തിന് to customary വെറുംപാട്ടത്തിനും പ്രത്യേകാവകാശങ്ങൾ കൊടുത്തിരുന്നു. കാണവും customary വെറുമ്പാട്ടവും ഒഴിപ്പിക്കാൻ പാടില്ലായിരുന്നു. അവിടെ ഒഴിപ്പിക്കുന്നതിനുള്ള വ്യവസ്ഥ വെറുമ്പാട്ടക്കാരനെ മാത്രമേ ബാധിച്ചിരുന്നുള്ളു. Heading തന്നെ ഇങ്ങനെയാണ്. "grounds for the eviction of the cultivating Verumpattamdar" അതായതു് കൾട്ടിവേററിംഗ് വെറുംപാട്ടംദാരെ ഒഴിപ്പിക്കുന്നതിനുള്ള വ്യവസ്ഥയാണ് അവിടെയുണ്ടായിരുന്നതു്. കാണക്കാരെ ഒഴിപ്പിക്കാൻ പാടില്ല. അപ്പോൾ അതിനു മുമ്പുണ്ടായിരുന്ന കുടിയാന്മാരുടെ കൈവശമിരുന്ന ഭൂമിയെല്ലാം ഒഴിപ്പിച്ചു കഴിഞ്ഞിരിക്കണം. എനിക്കറിയാവുന്നിടത്തോളം നിയമം ഇപ്പോൾ സരത്തിൽ പൂണ്ടിക്കാണിക്കുവാനുള്ളതു് ഈ കസ്റ്റമറി വെറുംപാട്ടംദാർ അതായതു്, ഈ കോവിലകം പാട്ടക്കാരായിട്ടും കാണക്കാരായിട്ടുമുള്ളവർ സ്ഥിരമായി അങ്ങനെ ഭൂമി കൈവശംവച്ച് അനുഭവിക്കുന്നവരാണെന്നുള്ളതാണ്. അങ്ങനെയുള്ളവരെ അംഗീകരിച്ചിരിക്കുന്നതായിട്ട് ഒരു വ്യവസ്ഥ അവിടെയുണ്ടായിരുന്നു. എന്നാൽ ഈ കാണക്കാരെ സംബന്ധിച്ചിടത്തോളം അവർക്കു പ്രത്യേകമായിട്ടുള്ള അതായതു് സാധാരണ പാട്ടക്കാരെ അപേക്ഷിച്ച് ഒരു പ്രത്യേകത ഉണ്ടായിരുന്നു. ആദ്യമെ അവർക്കു കൊടുത്തിട്ടുള്ളതായ ഫിക്സിററി ആദ്യം ടെനൻസി അംഗീകരിച്ചിട്ടുള്ളതു ഈ വിഭാഗക്കാരെയാണ്. തിരുവിതാംകൂറിൽ ഈ നിയമത്തിൽ ബാധകമായിട്ടുള്ളതു് ദേവസ്വങ്ങളും ബ്രഹ്മസ്വങ്ങളും ഒഴിച്ചു ബാക്കിയുള്ളവർ കൊടുത്തിട്ടുള്ള കാണങ്ങളാണ്. കൊച്ചിയിലാണെങ്കിൽ കാണം ടെനൻസി നിയമപ്രകാരമുള്ള എല്ലാ കാണക്കാരും ഈ നിയമത്തിൽ ഉൾപ്പെടുന്നില്ല. ഒററിയെന്നും കരിപ്പണയമെന്നുമെല്ലാം പേരു പറഞ്ഞറിയുന്നതു മാത്രമേ കാണാധാരത്തിൽ കൊച്ചിയിൽ പെടുകയുള്ളു. മലബാറിൽ മലബാർ ടെനൻസി ആക്ററുപ്രകാരം മിക്കവാറും എല്ലാ കാണക്കാരേയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവിടെ പ്രത്യേക അവകാശം കിട്ടിയിട്ടുള്ള കാണക്കാരെ ഒഴിപ്പിക്കുന്നതിനുള്ള പ്രത്യേകവ്യവസ്ഥ ഇതിൽ ചേർക്കുന്നതു ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. അവരെ സംബന്ധിച്ചിടത്തോളം മലബാർ ടെനൻസി നിയമത്തിലുള്ള വ്യവസ്ഥ അല്ലാതെ വേറെ വ്യവസ്ഥ ഒന്നുമില്ല. ഈ വസ്തുതകളെല്ലാം പരിഗണിച്ച് കാണം ടെനൻറ്സിന് ആദ്യമായി ടെനൻസി അംഗീകരിച്ചു എന്നുള്ളതുകൊണ്ട് തുടർച്ചയായിട്ടു കൈവശം വച്ചിട്ടുള്ളവർക്കു പ്രത്യേകമായ ഒരു അവകാശം കൊടുക്കണമെന്നുള്ള ഉദ്ദേശത്തിലാണ് ഞാനീ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതു്. മറേറതിനെല്ലാം വളരെ ലിമിററഡായിട്ടുള്ള പാട്ടം വച്ചാൽ ആവശ്യത്തിനുള്ള ഭൂമിയുള്ളവർ സീലിംഗിനു മുകളിൽ ഭൂമിയുള്ള ആൾക്കാർ അവരുടെ കുടിയാന്മാരെ ഒഴിപ്പിച്ചുവരികയാണ്. അതേസമയം സീലിംഗിൽ കുറവായിട്ടുള്ള ജന്മികൾ ഒഴിപ്പിക്കുകയാണെന്നുണ്ടെങ്കിൽ അതു വളരെ റെസ്ട്രിക്ടഡ് ആയിരുന്നു. അങ്ങനെയുള്ളവർക്കു ബാക്കി ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം വളരെ റെസ്ട്രിക്ടഡ് ആയിരുന്നു. അതിന് അർഹതപ്പെട്ട ആളുകൾ ഈ സ്മാൾ ഹോൾഡേഴ്സ് മാത്രമായിരുന്നു. സർ, ആ വകുപ്പ് എഴുതിയപ്പോൾപോലും ഈ വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം വളരെക്കാലമായി കൈവശംവച്ചിരുന്ന ആൾക്കാരെ സംബന്ധിച്ചു ഇതുപോലെയുള്ള ഫിക്സിററി നേരത്തെ കിട്ടിയിട്ടില്ലെങ്കിൽപോലും അവർക്ക് അവരുടെ ഭൂമി ഒഴിപ്പിക്കാൻ പാടില്ല എന്ന വ്യവസ്ഥ കാർഷികബന്ധനിയമ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലുണ്ടായിരുന്നു. Small holders-ന്റെ വ്യാഖ്യാനത്തിൽ മലബാറിലും കൊച്ചിയിലും അതുപോലെയുള്ള ഫിക്സിററി കിട്ടീട്ടില്ലാത്ത കുടിയാന്മാരെ സംബന്ധിച്ചും അവരുടെ അവകാശം കണക്കിലെടുത്തുകൊണ്ട് തിരുവിതാംകൂറിൽ സ്മാറാം ഹോറാംഡേഴ്സിനു് ആ അവകാശം കൊടുക്കുകയും മലബാറിൽ അതിനുള്ള പ്രൊട്ടക്ഷൻ ടെനൻറിനു കൊടുക്കുകയുമാണ് ചെയ്തിരുന്നതു്.

സെക്ഷൻ 18-ൽ സബ്ക്ലാസ് (2—ബി) എക്സ്പ്ലനേഷൻ ഇതാണ്,

Explanation : For the purposes of this sub-section a cultivating tenant shall be deemed to have fixity of tenure in respect of his holding if he has either paid renewal fees or taken a renewal or is entitled to obtain a renewal with respect to that holding, even though under any other law he is not entitled to it.

സർ, ഇതു പ്രധാനമായിട്ടും കാണക്കാരെ ഉദ്ദേശിച്ച് എഴുതീട്ടുള്ള ഒരു വകുപ്പാണ്. അവർക്ക് തുടർച്ചയായിട്ടുള്ള അവകാശം അതായതു് റിന്യൂവൽ അവകാശം കൊടുത്തു 12 കൊല്ലം കഴിഞ്ഞതിനുശേഷം പൊളിച്ചെഴുത്തു നടത്തുന്നതിനുള്ള അവകാശം കൊടുത്തു കഴിഞ്ഞതിനുശേഷം അവർ ജന്മിക്കു രസീതു കൊടുക്കുന്നു. അല്ലെങ്കിൽ ഒരു പ്രമാണപ്രകാരം അതിനു അവകാശമുണ്ടെങ്കിൽ ഈ വിധത്തിൽ വകുപ്പുകൾ എഴുതിച്ചേർക്കുന്നതിനുള്ള സൗകര്യമുണ്ടായിരിക്കണം. ഈ സ്മാറാം ഹോറാംഡേഴ്സിനു് അവരുടെ കൈവശം ഇരിക്കുന്നതായിട്ടുള്ള ഭൂമി സെക്ഷൻസ് 14, 15, 16, 17 പ്രകാരം ഒഴിപ്പിക്കുന്നതിനു ഇടയാകരുതു്, അതുകൊണ്ട് അവരെ എക്സംപ്റ്റ് ചെയ്യണം.

Shri P. T. Chacko : The question raised was discussed earlier and I do not find any special reason for accepting this amendment. I oppose the amendment.

Mr. Speaker : The question is the amendment moved by Smt K. R. Gouri.

Amendment No. 389 of Smt. K. R. Gouri was put and lost.

Clause 14

Mr. Speaker : Amendment No. 394 by Shri C. Achutha Menon and Amendment No. 1168 by Shri T. K. Ramakrishnan may be moved.

Amendment No. 1060 of Shri E. P. Gopalan is the same as amendment No. 394 of Shri C. Achutha Menon. Other amendments Nos. 390 to 393 and 1162 are for deletion of clause 14 and so cannot be moved.

Shri C. Achutha Menon : Sir, I move :

394. In clause 14, add at the end the following :

"An appeal shall lie from an order of the Collector certifying that the holding or any portion of it is so needed to the Land Board and the decision of the Land Board shall be final in the matter."

Shri T. K. Ramakrishnan : Sir, I move :

1163. In clause 14, in line 4, between 'needed' and 'for' insert the word '*bona fide*' and add the following provisos :

"Provided the whole or any portion of such holding which is not contiguous to the place of public religious worship, shall not be resumed':

Provided further that an appeal shall lie before the Land Board on the certificate given by the Collector and the decision of the Board shall be final in the matter."

LIBRARY ARCHIVES Kerala Legislative Assembly

Shri C. Achutha Menon : Sir, my ammendment is 'In clause 14, add at the end the following :

> "An appeal shall lie from an order of the collector certifying that the holding or any portion of it is so needed to the Land Board and the decision of the Land Board shall be final in the matter."

സർ, ഈ വകുപ്പ് ദേവാലയങ്ങളും മററും വികസിപ്പിക്കുന്നതിന് ആവശ്യമായി വരികയാണെങ്കിൽ കുടിയാന്റെ കയ്യിൽനിന്നും ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള വ്യവസ്ഥയാണ്. അതിൽ, ഈ വകുപ്പിൽ പറഞ്ഞിട്ടുള്ളത് അങ്ങനെ ഒരു ദേവാലയത്തിന്റെ ആവശ്യത്തിനുവേണ്ടി ഒഴിപ്പിക്കേണ്ടതു് ആവശ്യമാണെന്നുണ്ടെങ്കിൽ അതിന് ഉടമസ്ഥനോ ഭാരവാഹികളോ മാത്രം തീരുമാനിച്ചാൽപോരാ, അതിനു കളക്ടർ സർട്ടിഫൈ ചെയ്യണമെന്നാണ്. എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത് അങ്ങനെയുള്ള കാര്യങ്ങളിൽ കളക്ടറുടെ തീരുമാനം അവസാനമായിട്ടു എടുക്കരുത്, അതിനുമുകളിൽ അപ്പീലിന് അവകാശം ഉണ്ടായിരിക്കണം എന്നാണ്. അങ്ങനെ അപ്പീൽ കൊടുക്കുകയാണെങ്കിൽ അതിന് ഈ ബില്ലിൽത്തന്നെ ഒരു ലാൻഡ് ബോർഡ് രൂപീകരിക്കാൻ വ്യവസ്ഥയുണ്ട്. ലാൻഡ് ബോർഡ് എന്നു പറയുന്നതു് മൂന്നുപേർ അടങ്ങിയിട്ടുള്ള ഒരു സ്ഥാപനമായിരിക്കും. അങ്ങനെ നിർദ്ദേശിക്കാൻ കാരണമുണ്ട്. ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ ആരം ക്ഷേത്രമോ ദേവാലയമോ കുറച്ചു വികസിപ്പിക്കുന്നതിനുവേണ്ടി കുറെ ഭൂമി ഒഴിപ്പിച്ചെടുക്കേണ്ടതാവശ്യമാണെന്നു പറയുകയാണെങ്കിൽ അതിനെ സംബന്ധിച്ച് അങ്ങനെ ഒരു ആവശ്യമുണ്ടെന്നു കളക്ടർ സർട്ടിഫൈ ചെയ്യണം. ഈ കളക്ടറുടെ തീരുമാനം എപ്പോഴും ശരിയായിരിക്കണമെന്നില്ല. പല കാരണങ്ങൾകൊണ്ടും കളക്ടറുടെ തീരുമാനം തെററായിട്ട് എടുക്കുകയാണെങ്കിൽ അതിനൊരു പരിഹാരം കാണാൻ പിന്നെ യാതൊരു നിവൃത്തിയുമില്ല. അപ്പോൾ അതുകൊണ്ടാണ് ഞാൻ ആവശ്യപ്പെടുന്നതു്, അങ്ങനെ പാടില്ലാ, അങ്ങനെയുള്ള കാര്യങ്ങളിൽ കളക്ടറുടെ തീരുമാനം ശരിയായിട്ടുള്ളതല്ലാ എന്നു കാര്യകാരണസഹിതം അതിനെക്കാൾ ഉന്നതമായ ഒരു സ്ഥാനത്തു് അപ്പീൽ കൊടുക്കാനുള്ള അവകാശം ഉണ്ടായിരിക്കണം എന്ന്. സാധാരണ ഗതിയിൽ ഇങ്ങനെ ഒരു വകുപ്പിന്റെ ആവശ്യം ഞാൻ കാണുന്നില്ല എന്നുള്ള എന്റെ സ്വന്തമായ അഭിപ്രായം ഞാൻ പറഞ്ഞുകൊള്ളട്ടെ. ഈ വകുപ്പുതന്നെ ആവശ്യമില്ല. ഈ വകുപ്പുതന്നെ എടുത്തുകളയണമെന്ന ഭേദഗതി വരികയുണ്ടായി.

ശ്രീ. ടി. എ. തൊമ്മൻ : പഴയ നിയമത്തിലുള്ള പഴയ വകുപ്പുതന്നെയാണ്.

ശ്രീ. സി. അച്യുതമേനോൻ: പഴയതുതന്നെയാണെന്നു പറഞ്ഞതുകൊണ്ടു കാര്യമില്ല. പഴയതു തെററാണെങ്കിൽ അതുമാററണമെന്നാണ് ഇപ്പോൾ പറയുന്നതു്. എന്നാൽ പിന്നെ ഈ ഉച്ചയ്ക്കുശേഷവും മററും ഇരുന്നു വിഷമിക്കേണ്ട ആവശ്യമില്ലല്ലോ. ഇതു് ഇങ്ങനെ എപ്പോഴും പറയേണ്ട കാര്യമില്ലല്ലോ.

> "ഇന്നലെ ചെയ്തോരബദ്ധം മൂഢർ—
> ക്കിന്നത്തെ ആചാരമാവാം." എന്നു കരുതേണ്ടതില്ലല്ലോ.

ശ്രീ. ടി. എ. തൊമ്മൻ : അന്ന് ഇതു ഉൾപ്പെടുത്താതെ കഴിക്കാമായിരുന്നല്ലോ എന്നുദ്ദേശിച്ചു പറയുകയാണ്.

ശ്രീ. സി. അച്യുതമേനോൻ : അതേപ്പററി വളരെ വാദപ്രതിവാദപരമായി സംസാരിക്കണമെന്നു വിചാരിക്കുന്നില്ല. ഇന്നലെ ചെയ്തതു് അപരാധമാണെങ്കിൽ, അതു് തിരുത്താവുന്നതാണല്ലോ. ഇന്നലെ ചെയ്തതു് അപരാധമാണെന്നു സമ്മതിക്കുകയാണെങ്കിൽക്കൂടി ഇപ്പോൾ ചെയ്യുന്നതെങ്കിലും നല്ലതായിട്ടു ചെയ്യുക. പക്ഷെ, അതിനേക്കാൾ കുഴപ്പത്തിൽ കൊണ്ടു ചെന്ന് എത്തിക്കാതിരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രത്തിനോ, പള്ളിക്കോ എല്ലാംതന്നെ സ്വല്പം ഭൂമി കിട്ടണമെന്നുണ്ടെങ്കിൽ അതിനു വലിയ പ്രയാസമുണ്ടോ. അതിനു് ഈ കുടിയാന്മാരെ ഒഴിപ്പിച്ചേ ഭൂമി കിട്ടുകയുള്ളു എന്നുള്ളതല്ല എന്റെ വിശ്വാസം. ഭൂമിയുണ്ടാക്കാനുള്ള ധാരാളം സാദ്ധ്യതകൾ ഈ ദേവാലയങ്ങൾക്കുണ്ടായിരിക്കും. യാതൊരു പ്രതിഫലവും വാങ്ങാതെ ഭൂമി കൊടുക്കാൻ എത്രയോ ആളുകൾ തയാറാകും. നമ്മുടെ രാജ്യത്തു ദൈവവിശ്വാസവും മതവിശ്വാസവും വർദ്ധിച്ചുവരികയാണു്. എനിക്കു് അതിൽ വളരെ സന്തോഷമല്ല ഉള്ളതു്. എങ്കിലും യഥാർത്ഥം അതാണു്.

തിരുവൻവണ്ടൂരും മറ്റും വിഗ്രഹം കണ്ടെത്തിയപ്പോൾ മന്ത്രിമാരടക്കം ധാരാളം ആളുകൾ അവിടെ ഓടി എത്തി. എവിടെയോ വിഗ്രഹം കണ്ടുവെന്നു കേട്ടാൽ ആളുകൾ ഓടിയെത്തും. ചില വിരുതന്മാർ വിഗ്രഹം കണ്ടു പിടിക്കുന്നതു് ഒരു വ്യവസായമാക്കാൻതന്നെ ആലോചിക്കുന്നതായി തോന്നുന്നു. എങ്കിലും ദേവാലയങ്ങളുടെ ആവശ്യത്തിനു ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം കൊടുക്കേണ്ടതു് സാമൂഹ്യമായിട്ടുള്ള ഒരാവശ്യമാണെന്നുതന്നെ ഞാൻ കരുതുന്നുണ്ടു്. പക്ഷേ, അങ്ങനെ ഒഴിപ്പിച്ചെടുക്കണമെന്നു വിചാരിക്കുകയാണെങ്കിൽ കളക്ടറുടെ തീരുമാനത്തിനുമാത്രം വിട്ടുകൊടുക്കുന്നതു ശരിയല്ല. കളക്ടറർ സ്വാധീനത്തിനു വശഗനാകുമോ എന്നു ചോദിച്ചാൽ അതിനു ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. ഒറ്റയ്ക്കു തീരുമാനമെടുക്കുമ്പോൾ വളരെ സത്യസന്ധമായി എടുക്കുന്ന തീരുമാനമായാൽപോലും ചിലപ്പോൾ തെററായിപ്പോകാൻ ഇടയുണ്ടു്. അങ്ങനെ വരുന്ന സന്ദർഭങ്ങളിൽ അതിനെക്കാൾ ഉയർന്ന ഒരു ന്യായാസനത്തെ സമീപിക്കാനുള്ള അവകാശം ഉണ്ടായിരിക്കണമെന്നാണു് ഞാൻ ഈ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു്.

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ :</u> രണ്ടു ഭേദഗതികളാണു് ഞാൻ ഈ വകുപ്പിൽ ഉദ്ദേശിക്കുന്നതു്. ക്ഷേത്രവികസനത്തിനുവേണ്ടി ഭൂമി ആവശ്യമാണെന്നു് ക്ഷേത്രാധികാരികൾക്കു് തോന്നിയാൽമതി അവരുടെ ആഗ്രഹത്തിനു വിധേയമായി ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനു് സൗകര്യം കൊടുത്തിരിക്കുകയാണു്. അവക്കു് തോന്നിയാൽ മാത്രംപോരാ അതു് യഥാർത്ഥത്തിൽ ആവശ്യമാണെന്നു വരികയുംവേണം എന്നുള്ള നിലയിലാണു്. 'ബോണഫൈഡി' എന്നുള്ള വാക്കു് ചേർക്കണമെന്നു് ആവശ്യപ്പെടുന്നതു്. പിന്നെ ഇങ്ങനെ ഭൂമി ഒഴിപ്പിച്ചെടുക്കുന്ന സമയത്തു് ആ ക്ഷേത്രത്തിനോടു തൊട്ടുകിടക്കുന്ന ഭൂമിയല്ലാതെ ദൂരെകിടക്കുന്ന ഭൂമി ഒഴിപ്പിച്ചെടുക്കരുതെന്നുള്ള അടിസ്ഥാനത്തിലാണു് പ്രൊവൈസോ എന്റെ ഭേദഗതിയിൽ ചേർത്തിട്ടുള്ളതു്. കാർഷികബന്ധനിയമത്തിൽ ഈ വകുപ്പു ഉൾക്കൊള്ളിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രത്തിൽനിന്നു വളരെ ദൂരെകിടക്കുന്ന ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനുള്ള പരിശ്രമത്തിൽ ഒരു ക്ഷേത്രാധികാരി വിജയിക്കുകയുണ്ടായി. അതു മനസ്സിൽ വച്ചുകൊണ്ടാണു് ക്ഷേത്രത്തോടു് തൊട്ടുകിടക്കുന്ന ഭൂമിയല്ലാതെ മററു ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനുള്ള സൗകര്യം നൽകരുതെന്നു് ആവശ്യപ്പെടുന്നതു്. ഇതു പറയുമ്പോൾ ശ്രീ. തൊമ്മനും ബഹുമാനപ്പെട്ട മന്ത്രിയും ഇതു് കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്ന വകുപ്പാണു്, ആ നിയമം പാസ്സാക്കിയപ്പോൾ നിങ്ങൾക്കു് പരിഹരിക്കാമായിരുന്നില്ലേ എന്നു് ചോദിച്ചേക്കും. ആ അഭിപ്രായം ശരിയല്ലെന്നാണു് എനിക്കു് പറയാനുള്ളതു്. കാർഷികബന്ധനിയമം പ്രയോഗത്തിൽ വന്നശേഷം നാം ആരും ഉദ്ദേശിക്കാത്ത വിധത്തിൽ പ്രതികൂലമായി ചില കാര്യങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അതു് തിരുത്തുന്നതിനു ശ്രമിക്കുന്നതിൽ ആരും എതിരല്ല. അങ്ങനെ ചില കോടതി വിധികളും മററു ചില നടപടികളും ഉണ്ടായിട്ടുണ്ടു്. അതിനെല്ലാം പരിഹാരം കാണേണ്ടതാണു്. കുത്താട്ടുകുളത്തു് ഒരു ക്ഷേത്രം വികസിപ്പിക്കുന്നതിനുവേണ്ടി പത്തുമുപ്പതുകൊല്ലമായി കൈവശം വച്ചിരുന്ന ഒരു കുടിയാനെ ഒഴിപ്പിക്കുകയുണ്ടായി. ക്ഷേത്രത്തിനു മൂന്നു ഫർലാംഗ് ദൂരെയായിരുന്നു ആ ഭൂമി. അവിടെ ക്ഷേത്രത്തിന്റെ കീഴിലുള്ള ഒരു ചെറിയ കാവു് ഇരിപ്പുണ്ടായിരുന്നു. ഇതു് ഈ ക്ഷേത്രത്തിന്റെ കീഴിലുള്ളതാണെന്നു മുൻപു് ആരും മനസ്സിലാക്കിയിരുന്നില്ല. എന്നാൽ ഈ ക്ഷേത്രത്തിലെ വലിയ ദേവന്റെ കീഴിലുള്ള ദേവനോ, ദേവിയോ ആണു്

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

അവിടെ ഇരുപ്പുള്ളതെന്ന നിലയിൽ ക്ഷേത്രവികസനത്തിന് ആ സ്ഥലം ഒഴിപ്പിച്ചെടുക്കേണ്ടതാവശ്യമാണെന്നു ക്ഷേത്രാധികാരികൾ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചു. ഇതിന് ഒരിക്കലും കളക്ടരിൽനിന്നും അനുകൂലമായ റിപ്പോർട്ടു കിട്ടുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചില്ല. കർഷകസംഘത്തിന്റെ പ്രവർത്തകനെന്ന നിലയിൽ ഞാനും അതിൽ ഇടപെട്ടിട്ടുണ്ട്. സാധാരണ നിലയിൽ കളക്ടർ റിപ്പോർട്ടു വരുത്തുന്നതു എങ്ങനെയാണെന്നു നമുക്കറിയാം. അദ്ദേഹത്തിന്റെ കീഴിലുള്ള തഹശീൽദാരന്മാർക്ക് അപേക്ഷ അയച്ചു റിപ്പോർട്ടു വരുത്തിയതായിരിക്കണം. ഏതായാലും ആ സ്ഥലം ക്ഷേത്രവികസനത്തിനു ആവശ്യമാണെന്നുള്ള കളക്ടരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ട്രൈബ്യൂണൽ ഒഴിപ്പിച്ചെടുക്കുന്നതിന് അനുമതി നൽകി. ശ്രീ. അച്യുതമേനോൻ ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോൾ ദൈവങ്ങൾ പൊന്തിവരുന്നതിന്റെ ഒരു പെരുനാൾതന്നെയാണുള്ളതു്. നമ്മുടെ കേരളത്തിൽ ഇതിപ്പോൾ തുടങ്ങിയതൊന്നുമല്ലാ. ഇപ്പോൾ വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നു മാത്രം. ചില സ്ഥലങ്ങളിൽ ഒരൊററദിവസംകൊണ്ട് ദൈവം പൊന്തിവരികയും വളരെയധികം ആളുകളെ ആകർഷിക്കത്തക്ക പരിപാടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ മന്ത്രിമാരും അതിനു സഹായിക്കുന്നുണ്ട്. ഇപ്പോൾ കട്ടിയായ ദൈവവിശ്വാസം പല മന്ത്രിമാർക്കും ഉണ്ടാകുന്നുണ്ട്. ഏതായാലും അതു നല്ലതുതന്നെയാണ്. അന്ധവിശ്വാസം എന്നുള്ള നിലയിൽ വേണം അതിനെ എടുക്കാൻ.

മിസ്റ്റർ. സ്പീക്കർ: ദൈവവിശ്വാസത്തെപ്പററി ഇപ്പോൾ ഒന്നും പറയണമെന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചില ആളുകൾക്ക് ദൈവവിശ്വാസം കട്ടിയായി തീരുന്നതുമൂലം പാവപ്പെട്ട കുടിയാന്മാരെ ഉപദ്രവിക്കരുതെന്നാണ് ഞാൻ പറയുന്നതു്. ഞാൻ മുൻപു പറഞ്ഞ ക്ഷേത്രത്തിന്റെ കാര്യംപോലെ ഏതെങ്കിലും ക്ഷേത്രത്തിനു ഒരുപക്ഷേത്രം എന്ന നിലയിൽ എവിടെയെങ്കിലും ഒരു ദൈവം പൊന്തിവരാൻ ഇടയില്ലാതില്ല. അങ്ങനെ വന്നാൽ ആ ദൈവത്തിനു താമസിക്കുന്നതിനും ഉത്സവം നടത്തുന്നതിനും ഏതെങ്കിലും ഭൂമി എടുക്കണമെന്നു വരുത്തി തീർത്താൽ അതു് ദേവസ്വത്തിന്റെ ഭൂമിയാണെങ്കിൽ ഒഴിപ്പിച്ചെടുക്കാമെന്നു വരുന്നു. ഈ തരത്തിൽ സൗകര്യം കൊടുക്കുന്ന ഒരു വകുപ്പ് ഉണ്ടാകാൻ പാടില്ല. കാർഷികബന്ധനിയമത്തിൽ ഈ വകുപ്പു ഉൾപ്പെടുത്തിയപ്പോൾ ക്ഷേത്രത്തിനോട് തൊട്ടുകിടക്കുന്ന ഭൂമി ക്ഷേത്രവികസനത്തിന് ആവശ്യമാണെങ്കിൽ ഒഴിപ്പിക്കുന്നതിനുള്ള സൗകര്യമാണ് ഉദ്ദേശിച്ചതു്. അങ്ങനെ ഈ സൗകര്യം നൽകേണ്ടതു് ന്യായമാണെന്നുതന്നെ വാദിക്കാം. ക്ഷേത്രത്തിനു അടുത്തുകിടക്കുന്ന ഭൂമി ഏതു് മതവിശ്വാസികളുടേതാണെങ്കിലും ആ ക്ഷേത്രത്തിൽ ഉത്സവം നടക്കുന്ന സമയത്തു് ഉപയോഗിക്കുന്നതിനു ആരും തെററു കല്പിക്കാറില്ല. ഉത്സവകാലത്തു് പന്തൽകെട്ടാനോ, പീടികകൾ കെട്ടാനോ ആരും അനുവദിക്കാതിരിക്കുകയില്ല. നമ്മുടെ രാജ്യത്തു് അത്രത്തോളം വിശാലമായ മതസഹിഷ്ണുത ഉണ്ട്. അതിനൊട്ടേറെ ഉദാഹരണം പറയാൻ കഴിയും. ക്ഷേത്രത്തിന്റെ ആവശ്യത്തിന് ഒരു മതിൽകെട്ടാനോ അല്ലെങ്കിൽ സ്ഥിരമായി കൈവശം വയ്ക്കത്തക്ക ഏതെങ്കിലും ആവശ്യത്തിനു എടുക്കാനോ ആണെങ്കിൽ ആ സ്ഥാപനത്തിനു അടുത്തുകിടക്കുന്ന ഭൂമി മതിയാകുമല്ലോ? മൂന്നും നാലും ഫർലാംഗ് ദൂരെയുള്ള ഭൂമി എടുത്താലേ വികസനം സാദ്ധ്യമാകുകയുള്ളു എന്നു പറയുന്നതു് വികസനത്തിന്റെ പേരിൽ കുടിയാനെ ഏതെങ്കിലും പകയുടെ പേരിലോ, വിരോധത്തിന്റെ പേരിലോ ഒഴിപ്പിക്കുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് ബോണഫൈഡി എന്ന വാക്ക് ചേർക്കേണ്ടതാണ്. യഥാർത്ഥത്തിൽ ക്ഷേത്രവികസനത്തിന് ആവശ്യമായിരിക്കണം. എന്നാൽ മാത്രമേ ഒഴിപ്പിക്കാൻ പാടുള്ളു. അതുപോലെതന്നെ ക്ഷേത്രത്തോട് അല്ലെങ്കിൽ അത്തരം സ്ഥാപനത്തോട് തൊട്ടുകിടക്കുന്ന ഭൂമി മാത്രമെ വികസനാവശ്യത്തിന് ഒഴിപ്പിക്കാൻ പാടുള്ളു. ഈ അടിസ്ഥാനത്തിൽ എന്റെ ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri V. R. Krishna Iyer : I have just two or three submissions to make. One is based upon the earlier provisions in the Malabar Tenancy Act. On this, my submission is that the wording in the Tenancy Act is much clearer and more specific. Section 23 of the Malabar Tenancy Act provides that "at the end of an agricultural year, the landlord being the trustee of a temple, mosque, church or other place of public religious worship and holding the land in trust for the purposes thereof, needs the holding for the extension of the temple, mosque, church or other place and the Collector certifies that the holding is so needed."

So, Section 23 (7) contemplates the extension of a temple, mosque, church or other place of public worship *i. e.* places like temple building, mosque building and church buildings that is what is emphasised there, as against the present clause (which probably takes its shape from the Kerala Agrarian Relations Act). The emphasis now is on a place of public worship. A place of public worship is much wider than temple, mosque or church building. The one emphasises the building and its extension; probably a little more extension or an ancillary building. The scope is very narrow, very limited. But here "extending a place of public religious worship" may mean something much wider. That is my apprehension. I also submit that the difficulties of the tenant would become greater by the present clause, because, in our State, in a state like Kerala where Gods and deities and angels have got the perambulatory habit of moving out during certain seasons, taking a dip in a tank, marching out in processions punctuated by halts and pauses where worship is done "the term places of public worship" will receive a much wider connotation. All these places they visit may perhaps be covered by the present clause.

One does not know how a court will interpret it. I am not dogmatising on this matter. But I fear whether it will not open the flood-gates of eviction under the guise of godly grounds. Let not our Gods be exploited for this purpose. The Malabar Tenancy Act clearly provides for what is really necessary. Why should we not adopt this idea in this provision, i. e. section 23 of the Tenancy Act? Let us look at it properly. Nobody wants to stand in the way of extension of temple, mosque or church, but nobody wants, I hope, in this House to have all the places covered by a mobile deity to be available for eviction at the instance of a trustee. May be that these are theoretical apprehensions, may be they are practically dangerous. But it is necessary to make provision anticipating such evils.

The other point I want to mention is this. It is in support of Mr. Achutha Menon's amendment. If the Collector of the District certifies the same to be so needed, it might be done. Of course, the Malabar Tenancy Act also provides such a certification to safeguard against bogus requirements. But then, the provision as it is, contains no obligation on the part of the Collector to hear the tenant so that he may establish that it is really an artificial need. The tenant does not now come into the picture. The Collector, by executive or administrative action, may certify, but if a provision for an appeal is provided, naturally, the tenant may have an opportunity to establish that this need is an ersatz need, a sham need

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

and not a genuine one. The tenant, the affected party should also be given a hearing. That happens only if we confer a right of appeal. So, my submission is that this provision, without tampering with the idea behind it can be better effectuated by incorporating these suggestions. Let us confine it to temples, mosques or churches or to the buildings to be extended. The second, let us also have an appellate scrutiny of the certificate of the Collector.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഞാൻ ശ്രീ. സി. അച്യുതമേനോൻ അവതരിപ്പിച്ച ഭേദഗതിയെ പിൻതാങ്ങുന്നു:

> 'An appeal shall lie from an order of the Collector certifying that the holding or any portion of it is so needed to the Land Board and the decision of the Land Board shall be final in the matter.'

എന്നുള്ളതു് ഒഴിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്ന കേസുകളിൽ ഒരു ഘട്ടത്തിൽക്കൂടി ഒരു പരിശോധന ഉണ്ടാകണമെന്നുണ്ടു് എന്ന നിർദ്ദേശിക്കുന്ന മട്ടിലാണു് നിൽക്കുന്നതു്. ലാൻഡ് ബോർഡിനെക്കൂടി അംഗീകാരം ഈ കാര്യത്തിൽ ഉണ്ടായിരിക്കേണ്ടതാണു്. അതു് സ്വീകാര്യമായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

സർ, ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടതുപോലെ, ആവശ്യമേയുള്ളതാണു്, ഡിസ്ട്രിക്ററു കളക്ടറെ അംഗീകാരം വേണമെന്നതു്. വിശേഷിച്ചു്, ഇപ്പോഴത്തെ വകുപ്പു 14-ൽ പറഞ്ഞിരിക്കുന്നതുപോലെ, നിലവിലുള്ള സ്ഥലങ്ങളിൽ, പൊതുആരാധനാസ്ഥലങ്ങളിൽ, വിപുലീകരണം വേണമെന്നുള്ള അവസരത്തിൽ, കഴിവുള്ളിടത്തോളം ഒരു നിയന്ത്രണം വേണമെന്നുള്ളതു് വളരെ വ്യക്തമാണു്. പഴയതിന്റെ വിപുലീകരണവും പുതിയതിന്റെ ആവിർഭാവവും ധാരാളം ഉണ്ടാകുന്ന ഒരു ഘട്ടമാണിതു്. മതപരമായിട്ടുള്ള വിശ്വാസം വിപുലവും ശുദ്ധവുമാകുന്നതിന്റെ തെളിവാണിതെല്ലാം എന്നെനിക്കഭിപ്രായമില്ല. മതത്തിന്റെ പേരിൽ, അന്ധവിശ്വാസങ്ങൾ ഒരുപാടു് നമ്മുടെ നാട്ടിൽ പ്രചരിപ്പിക്കപ്പെടുന്നുണ്ടു്. മതത്തിന്റെ ഘോഷത്തിൽ, ആലിന്റെകൊമ്പത്തും, ഭൂമിക്കടിയിലുംമററും വിഗ്രഹങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നതു് ഒരു പതിവായിത്തീർന്നിരിക്കയാണു്. ഇങ്ങനെയും ചില പുതിയ ആരാധനാകേന്ദ്രങ്ങൾ അങ്ങുമിങ്ങും സ്ഥാപിക്കപ്പെട്ടേക്കും. പലരും ഇപ്പോൾ ഈ ഏർപ്പാടിനു് പിന്തുണ നൽകുന്നതു് കാണുന്നുണ്ടു്. കുളങ്ങളിൽനിന്നു് വിഗ്രഹങ്ങൾ കണ്ടെടുത്തു പുതിയ ദൈവങ്ങളെ പ്രതിഷ്ഠിക്കുക; ആലിൻ കൊമ്പത്തു് വിഗ്രഹങ്ങൾ സ്ഥാപിക്കുക; ഇതെല്ലാംവഴി അന്ധവിശ്വാസങ്ങൾ പരത്തി മതവിശ്വാസം ഉറപ്പിക്കുകയാണെന്നു് പറയുന്നു.

മി. സ്പീക്കർ: ജനങ്ങളുടെ അന്ധവിശ്വാസം മാററാൻ നിയമനിർമ്മാണം സാദ്ധ്യമല്ലല്ലോ.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ജനങ്ങളുടെ ഇടയിൽ അന്ധവിശ്വാസം പരത്തുന്നതു് ഇന്നൊരു കച്ചവടമായിത്തീർന്നിരിക്കയാണു്. നല്ല വരവുള്ള ഒരു കച്ചവടം. മതവിശ്വാസവും ഈശ്വരവിശ്വാസവും ഉറപ്പിക്കുന്നതിനെന്നു് പറയപ്പെടുന്നു. ജനങ്ങളുടെ ഇടയിൽ അന്ധവിശ്വാസം വിററു കാശാക്കുന്ന പണിയാണിതു്. വെള്ളിക്കുന്നിലെ വെള്ളം കുടിച്ചാൽ സുഖക്കേടെല്ലാം മാറുമെന്നു് പറഞ്ഞുപരത്തി കുറെക്കാലം ജനങ്ങളെ വഞ്ചിച്ചു. ഷൊർണ്ണൂരിലും ഇതുപോലെ രോഗം മാറാൻ വെള്ളംകൊടുക്കുന്ന ഒരേർപ്പാടു കുറച്ചുകാലം നടന്നു. ജനങ്ങളുടെ ഇടയിൽ അന്ധവിശ്വാസങ്ങൾ പരത്തിവിട്ടു അതുവഴി പണമുണ്ടാക്കാനുള്ള ഒരു ഏർപ്പാടു എന്നതിൽകവിഞ്ഞു് മറെറാന്നുമല്ല ഇതു്. ഈശ്വരവിശ്വാസവും മതവിശ്വാസവും വർദ്ധിക്കുന്നതിന്റെ ലക്ഷണമായി ഇതിനെ കണക്കാക്കുന്നതു്—

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: അങ്ങനെ ശ്രീ. അച്യുതമേനോനാണു പറഞ്ഞതു്; വേറെ ആരും പറഞ്ഞില്ല.

ശ്രീ. ഇ. പി. ഗോപാലൻ: ശ്രീ. അച്യുതമേനോൻ പറഞ്ഞതു മനസ്സിലായല്ലോ? അങ്ങനെ തന്നെയാണു് മനസ്സിലാക്കേണ്ടതു്.

ശ്രീ. പി. ടി. ചാക്കോ: മി. ഗോപാലനെപ്പോലെ എത്രയോ ആളുകൾ ശക്തിയായ പ്രചരണം നടത്തുന്നതുമൂലം മതത്തിന്റെ ശക്തി കുറഞ്ഞുപോകുന്നതിനു് ഇടയുള്ളതുകൊണ്ടു് ഒരു സംരക്ഷണം ആവശ്യമല്ലേ?

ശ്രീ. ഇ. പി. ഗോപാലൻ: മുമ്പു പറഞ്ഞതെല്ലാം മതത്തിന്റെ ശക്തിയെക്കാണിക്കുന്നതാണെന്നു് കരുതുന്നവരോടു് എന്തു പറയാനാണു്? അത്തരം അന്ധവിശ്വാസം പരത്തുകനും ഉറപ്പിക്കുകയും ചെയ്യുന്നതുകൊണ്ടു് ഗുണമുള്ളവരുണ്ടു്, ജനങ്ങൾക്കല്ല: ജനശത്രുക്കൾക്കു്. അന്ധവിശ്വാസം കൂടുംതോറും മതം ശക്തിപ്പെടുന്നുവെന്നവർ പറയും. അതാണു് നാം കാണുന്നതു്. അന്ധവിശ്വാസങ്ങളെ എതിർക്കതന്നെവേണം.

ശ്രീ. എൻ. ഇ. ബലറാം: മഹാപാപം ചെയ്യുന്നവർക്കു മനഃസ്സമാധാനത്തിനു് മതവിശ്വാസം ആവശ്യമല്ലേ?

ശ്രീ. ഇ. പി. ഗോപാലൻ: മതവിശ്വാസം വേണം; മഹാപാപികൾക്കു് പ്രത്യേകിച്ചും. ഇവിടെ അതേപ്പററിയല്ല പറയുന്നതു്. ഈകാലത്തു് ഇത്ര നഗ്നമായ അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നതിനെപ്പററിയും അവയ്ക്കു മതത്തിന്റെ നിറം കൊടുക്കുന്നതിനെപ്പററിയും ആണു്. ഏതായാലും പുതിയ ആരാധനാസ്ഥലങ്ങളുടേതായാലും പഴയതിന്റേതായാലും വിപുലീകരണത്തിനു് സ്ഥലം ഒഴിപ്പിച്ചെടുക്കാൻ ഒരു നിയന്ത്രണം വേണമെന്നുമാത്രമേ ശ്രീ. അച്യുതമേനോന്റെയും എന്റെയും ഭേദഗതികൊണ്ടുദ്ദേശിക്കുന്നുള്ളു. ബഹുമാനപ്പെട്ട ചന്ദ്രശേഖരന്റെ ഒരു ഭേദഗതികണ്ടു. അതിവിടെ അവതരിപ്പിച്ചിട്ടില്ല. അതു് അവതരിപ്പിച്ചാൽ, തിക്കവാറും അതിനെ അനുകൂലിക്കണമെന്നു് കരുതിയതാണു്. ഈ വകുപ്പുതന്നെ വേണ്ടെന്നാണു് പ്രസ്തുത ഭേദഗതി. നിയമത്തിൽ പ്രൊവിഷനില്ലെങ്കിലും അമ്പലങ്ങളും, പള്ളികളുംഒക്കെ വിപുലപ്പെടുത്തണമെന്നുണ്ടെങ്കിൽ, ചുററുപാടും താമസിക്കുന്ന ഭക്തന്മാർക്കും, അതാതു മതവിശ്വാസികൾക്കും അത്തരം സ്ഥാപനങ്ങൾ വിപുലപ്പെടുത്താൻ സ്വമേധയാ സാധിക്കുമല്ലോ. നിയമപരമായ അധികാരം ഉപയോഗപ്പെടുത്തിയാൽ മാത്രമേ അമ്പലങ്ങളുടെയും, പള്ളികളുടെയും വിപുലീകരണം സാധിക്കുകയുള്ള എന്ന ഒരു സ്ഥിതി വന്നുചേർന്നിട്ടുണ്ടോ? അത്രയും ആളുകളുടെ വിശ്വാസം നശിച്ചുപോയി എന്നു സമ്മതിക്കാനൊരുക്കമുണ്ടോ? അമ്പലങ്ങളായാലും, പള്ളികളായാലും, മററു ആരാധനാസ്ഥലങ്ങളായാലും അവയുടെ വിപുലീകരണത്തിനു്, ചുററുപാടുമുള്ള ആളുകൾക്കു സ്വമേധയാ കഴികയില്ലെന്നും നിയമത്തിന്റെ ബലിഷ്ഠമായ ഹസ്തങ്ങൾ ഉപയോഗിച്ചാൽ മാത്രമേ ഉദ്ദേശിക്കുന്ന വിപുലീകരണം നടത്താൻ സാധിക്കുകയുള്ള എന്നും സമ്മതിച്ചുകൊടുക്കുന്നതു് ഭൂഷണമാണൊ? സാധാരണഗതിയിൽ സാധിക്കേണ്ട ഒരു കാര്യമാണിതു്. അതിനു് മാർഗ്ഗമില്ലെങ്കിൽ നിയമംമൂലം അവശ്യം ആവശ്യമായ വിപുലീകരണസൗകര്യമുണ്ടാക്കാവുന്നതാണു്. അതു് ഒരിക്കലും ഏറിപ്പോകരുതു് എന്നും കൈവശക്കാരുടെ താൽപ്പര്യത്തെ സാരമായി ബാധിക്കരുതു് എന്നും കരുതിയാണു് ഭേദഗതി അവതരിപ്പിച്ചതു്. ഇതു് ആരാധനസ്ഥലങ്ങളുടെ വിപുലീകരണത്തെ തടയാനുള്ളതാണെന്നു് ഭീഷണിപ്പെടുത്തിയാലൊന്നും ഭയപ്പെടുമെന്നു് വിചാരിക്കണ്ട. കണ്ടമാനം ദുരുപയോഗപ്പെടുത്താൻ അനുവദിക്കരുതു് എന്നെനിക്കഭിപ്രായമുണ്ടു്.

സർ, ഇത്തരം ഒരു വകുപ്പു്, 1959–ലെ ബില്ലിലും ഉണ്ടായിരുന്നുവെന്നു ഇപ്പോൾ പറയാൻ തോന്നിയ ബഹുമാനപ്പെട്ട മെമ്പറന്മാരോടു് നന്ദിയുണ്ടു്. ഇടയ്ക്കിടയ്ക്കു ഈ കാര്യം ഓർമ്മപ്പെടുത്തുന്നതു് നല്ലതുമാണു്. ഈ ഓർമ്മ ഇത്ര നന്നായുള്ളവർ, എന്നാൽ പിന്നെ എന്തിനാണു് ഈ പുതിയ ബിൽ കൊണ്ടുവന്നതു്? ഒറിജിനൽ ആക്ററിൽ ഉള്ളതാണു് ഈ പ്രൊവിഷൻ എന്നു് കാണി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

ക്കാൻ ശ്രീ. ടി. എ. തൊമ്മൻ ശ്രമിക്കുകയുണ്ടായി. അത്രയും നല്ല വകുപ്പുകളുള്ള ആ നിയമം തന്നെ പോരെ, പിന്നെ എന്തിനാണു് ഈ ബിൽ ? ആരെ തൃപ്തിപ്പെടുത്താനും അതുമൂലം ആരെയൊക്കെ ഉപദ്രവിപ്പാനും വേണ്ടിയാണു് ഈ ബിൽ കൊണ്ടുവന്നതു് എന്നകാര്യം വ്യക്തമല്ലേ ? ഇതെല്ലാം അറിഞ്ഞുകൊണ്ടു തന്നെയാണു് ഞങ്ങളും ഇവിടെ ഇരിക്കുന്നതു്. പഞ്ചായത്തുതിരഞ്ഞെടുപ്പിൻെറ ഈ ഘട്ടത്തിൽ ഇവിടെ ഇരിക്കേണ്ടിവന്നിരിക്കയാണു്. ഒരു പുതിയ ബില്ലു് എന്ന നിലയിൽ ഇതിൽ എന്തെല്ലാം ഉണ്ടെന്നു് വ്യക്തമായി ഇതിനകം അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇക്കാര്യം പരിഗണിക്കുമ്പോൾ, പഴയ നിയമത്തിൻെറ കഥയൊന്നും ഓർമ്മപ്പെടുത്തേണ്ടതില്ല. സദുദ്ദേശത്തോടെയാണതു് ചെയ്യുന്നതു് എന്നു വിശ്വസിക്കാൻ കഴിയുന്നില്ല. ഈ ബില്ലിൻെറ കാര്യം മാത്രമെടുക്കുക. ഇതിൽ നൽകുന്ന ഒരധികാരം ദുരുപയോഗപ്പെടുത്താൻ ഇടയുണ്ടെന്നു് കാണുന്നതുകൊണ്ടാണു് അതു ചൂണ്ടിക്കാണിക്കുന്നതു്. നിശ്ചയമായും ഈ ബില്ലിൻെറ ദോഷവശങ്ങളെ ശക്തിയായി എതിർക്കുന്നുണ്ടു്. എന്തിനാണീ ബിൽതന്നെ കൊണ്ടുവന്നതു് എന്നു് ഒന്നിലധികം തവണയായി ഈ ഭാഗത്തുനിന്നു് ആരോപണം ഉന്നയിച്ചിട്ടുണ്ടല്ലൊ. അതിനെ തടുത്തു് നിൽക്കാൻ കഴിയാത്തുള്ള സന്ദർഭങ്ങളിൽ ഒഴിഞ്ഞുമാറുന്നതും ഇവിടെ കണ്ടതാണു്. ഏതായാലും ഇത്ര തിരക്കിട്ടു് ഈ ബിൽ കൊണ്ടുവന്നതും ഇപ്പോൾ പാസ്സാക്കി എടുക്കാൻ വെമ്പുന്നതും എന്തു കണ്ടിട്ടാണെന്നു് എല്ലാവർക്കു മറിയാം. ഈ ഭാഗത്തുനിന്നു് ഇതിലെ ദ്രോഹകരമായ വകുപ്പുകളെ ശക്തിയുക്തം എതിർക്കുകതന്നെ ചെയ്യും. അതിനെപ്പററി എന്തു കമൻറു പാസ്സാക്കിയാലുംകൊള്ളാം. 'പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല' എന്ന മറുപടി പറയാൻ മാത്രമേ ഉദ്ദേശിക്കുന്നുള്ളു. ദേവാലയങ്ങളും, ആരാധനാസ്ഥലങ്ങളും ന്യായമായി അഭിവൃദ്ധിപ്പെടുത്തേണ്ടതു് ആവശ്യമാണെങ്കിൽ, അതിനു് വേണ്ടുന്ന സ്ഥലം ഒഴിപ്പിച്ചെടുക്കാൻ വ്യവസ്ഥയുണ്ടാകണം. അങ്ങനെ നൽകുന്ന ഒരധികാരം ദുരുപയോഗപ്പെടുത്താൻ സമ്മതിക്കരുതു്. ആരാധനാസ്ഥലങ്ങളുടെ പേരിൽ കുടിയാൻെറ അവകാശത്തെ പാടെ നിഷേധിക്കാനും പാടില്ല. ഈ ഉദ്ദേശത്തോടെയാണു് ഈ ഭേദഗതി അവതരിപ്പിക്കുന്നതു്.

<u>ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ :</u> സർ, ഞാൻ ശ്രീ. സി. അച്യുതമേനോൻെറ ഭേദഗതിയെ ആത്മാർത്ഥമായി പിൻതാങ്ങുന്നു. ക്ഷേത്രങ്ങളിൽ പോകുന്നതോ, പള്ളികളിൽ പോകുന്നതോ അന്ധവിശ്വാസമാണോ അല്ലയോ എന്നൊന്നും ഈ അവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ശ്രീ. ഈ. പി. ഗോപാലൻ പറഞ്ഞതുപോലെ, ചില ആളുകൾക്കു് ക്ഷേത്രങ്ങളിലെ കല്ലുകളെ പൂജിക്കാനും, മററുതരത്തിൽ വിശ്വാസങ്ങൾ പുലർത്താനും ഒരു താൽപര്യം കാണുന്നുണ്ടു്. അതൊന്നും ശരിയല്ലെന്നോ, നിയന്ത്രിക്കണമെന്നോ ഞാൻ പറയുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, എനിക്കു ക്ഷേത്രങ്ങളിൽ അത്ര വിശ്വാസമില്ല ; പക്ഷേ, ദൈവവിശ്വാസമുണ്ടു്. ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ആളുകളും ഈശ്വരവിശ്വാസമുള്ളവരും, ആരാധനാസ്ഥലങ്ങളിൽ പോകുന്നവരും അവരിൽ ചിലർ അന്ധവിശ്വാസികളും ആയിരിക്കാം. ആ നിലക്കു ആരാധനാസ്ഥലങ്ങൾക്കു് കാര്യമായ സംരക്ഷണം നൽകേണ്ടതു് ആവശ്യമാണു്. ബഹുഭൂരിപക്ഷം ജനങ്ങളുടേയും വികാരങ്ങളെ നാം കണക്കിലെടുക്കേണ്ടതുണ്ടു്. ക്ഷേത്രങ്ങൾ വിപുലപ്പെടുത്തുന്നകാര്യത്തിൽ, അമ്പലങ്ങളായാലും, പള്ളികളായാലും കൂടുതൽ ആളുകൾ കൂട്ടംകൂടുകയും, കൂട്ടപ്രാർത്ഥനനടത്തുകയും ചെയ്യേണ്ടിവരുമ്പോൾ, അവ വിപുലപ്പെടുത്തേണ്ട ആവശ്യം യഥാർത്ഥത്തിൽ നേരിടാറുണ്ടു്. എന്നാൽ ശ്രീ. കൃഷ്ണയ്യർ ചൂണ്ടിക്കാണിച്ചതുപോലെ, ഇത്തരം സ്ഥാപനങ്ങൾ ക്ഷേത്രങ്ങളായാലും, പള്ളികളായാലും ആളുകൾ ഒരുമിച്ചു കൂടുന്ന സ്ഥലത്തു കൂടുതൽ സൌകര്യം നൽകേണ്ടതു പലപ്പോഴും ആവശ്യമായിവരും. അതു ചെയ്യേണ്ടതുമാണു്. പള്ളികളിൽ വിശേഷങ്ങൾ ഉണ്ടാകുമ്പോഴും, ക്ഷേത്രങ്ങളിൽ ഉത്സവകാലത്തും, പരിസരങ്ങളിൽ ചന്തകൾ കൂടുന്നതിനും, കച്ചവടങ്ങൾ ചെയ്യുന്നതിനും, അമ്പലങ്ങളിലെ ദേവനെ എഴുന്നള്ളിച്ചുകൊണ്ടുപോകുന്നതിനും പലപ്പോഴും കുറേ ദൂരെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള സ്ഥലങ്ങളും ഉപയോഗിക്കാറുണ്ട്. അങ്ങനെ ഈ ആവശ്യം പറഞ്ഞ് വളരെ ദൂരെസ്ഥിതിചെയ്യുന്ന പ്രദേശങ്ങളും ട്രസ്റ്റിയുടെ, അല്ലെങ്കിൽ അമ്പലത്തിന്റെ ഉടമയുടെ ആവശ്യപ്രകാരം ഒഴിപ്പിക്കാൻ സൗകര്യം നൽകുന്നതു ശരിയായിരിക്കുകയില്ല. അങ്ങനെ സൗകര്യം നൽകിയാൽ, ഇതിന്റെ പേരിൽ, സാധാരണക്കാരായ കർഷകരെയും, കുടിയാന്മാരേയും ഒഴിപ്പിക്കാനുള്ള അവസരം ഉണ്ടാകും. പൊതു ആരാധനാസ്ഥലങ്ങളായി ഉപയോഗിക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം. അതിന്റെ ആവശ്യം ശരിയാണെന്നു ബോദ്ധ്യപ്പെടുത്താൻ ഡിസ്ട്രിക്ട് കളക്ടറുടെ സർട്ടിഫിക്കറ്റു വാങ്ങണമെന്നുണ്ട്. കളക്ടറുടെ സർട്ടിഫിക്കറ്റു വാങ്ങാൻ വലിയ പ്രയാസം നേരിടാൻ ഇടയില്ല. കളക്ടറെ സ്വാധീനപ്പെടുത്താൻ പലർക്കും സാധിച്ചെന്നുവരും. സാമ്പത്തികമായി കഴിവുള്ളവരും, രാഷ്ട്രീയ സ്വാധീനമുള്ളവരും കളക്ടറെ വശപ്പെടുത്തി അങ്ങനെ സർട്ടിഫിക്കറ്റു വാങ്ങിയെന്നുംവരും. അങ്ങനെ പലരും പല കാര്യങ്ങളും സാധിക്കുന്നുമുണ്ട്.

ക്ഷേത്രങ്ങളുടെ കെട്ടിടങ്ങളുടെ വികസനത്തിനോ മററു ആവശ്യങ്ങൾക്കോ സ്ഥലം ആവശ്യമാണെങ്കിൽ ആ സ്ഥലം ഒഴിപ്പിച്ചെടുക്കുന്നതിന് കളക്ടർ സമ്മതിച്ച് കഴിഞ്ഞതിനു ശേഷം അപ്പീൽ കൊടുത്തു അതു് തീരുമാനിക്കാനുള്ള അധികാരം ലാൻഡ് ബോർഡിനു കൊടുക്കുന്നതു് നല്ലതാണ്. ക്ഷേത്രങ്ങളും പള്ളികളും മററാരാധനസ്ഥലങ്ങളും വിപുലപ്പെടുത്തേണ്ടായെന്നല്ല ഞാൻ പറയുന്നതു്. എങ്കിലും അതു് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള അധികാരം കളക്ടർക്കു് മാത്രം കൊടുക്കുന്നതു് നല്ലതല്ല. അതു് ഇതിനു് കടകവിരുദ്ധവുമാണ്. അതുകൊണ്ട് ശ്രീ. അച്യുതമേനോന്റെ ഭേദഗതി സ്വീകരിക്കുന്നതു് ഏററവും നല്ലതായിരിക്കുമെന്നു മാത്രമാണ് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. പി. നാരായണൻ തമ്പി : ശ്രീ. അച്യുതമേനോൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയുടെ തത്വത്തോടു ഞാൻ യോജിക്കുകയാണ്. എന്നാൽ ശ്രീ. ഇ. പി. ഗോപാലൻ പ്രസംഗിച്ച കാര്യ

[10. A. M.

ങ്ങളോടു് ഞങ്ങൾക്കാർക്കുംതന്നെ യോജിപ്പില്ല. മാർക്സിസം ലെനിനിസം മുതലായവയിൽ വിശ്വസിക്കുന്നതിലും നന്നാണ് ഈശ്വരവിശ്വാസം. ഈശ്വരൻ ഉണ്ടെങ്കിലും ഇല്ലെങ്കിലും മതവിശ്വാസവും ഈശ്വരവിശ്വാസവും നല്ലതാണെന്നു വിശ്വസിക്കുന്നവരാണ് ഞങ്ങൾ. ക്ഷേത്രങ്ങളെന്നെല്ലാം പറയുന്നതു് ദൈവം സ്വർഗ്ഗത്തിൽനിന്നും കൊണ്ടുവരുന്നതല്ല. മനുഷ്യൻ നിർമ്മിക്കുന്നതു തന്നെ. അതു ആക്ഷേപിച്ചിട്ടു കാര്യമില്ല. ഞാൻ അതിലേയ്ക്കു കൂടുതലായിട്ടു കടന്നു പ്രസംഗിക്കണമെന്നു വിചാരിക്കുന്നില്ല. ആരാധനാസ്ഥലങ്ങളോടു് അനുബന്ധിച്ച് ചില ചടങ്ങുകളും ഉത്സവങ്ങളും ഒക്കെ കാണും. അങ്ങനെ വരുന്ന ചടങ്ങുകളും ഉത്സവങ്ങളുമെല്ലാം ശ്രീകോവിലിനകത്തു് നിന്നുകൊണ്ട്, അല്ലെങ്കിൽ കോവിലിന്റെ മതിൽ കെട്ടിനകത്തു് നിന്നുകൊണ്ട് നടത്താൻ സാദ്ധ്യമല്ല. ക്ഷേത്രങ്ങളും മററു് ആരാധനാസ്ഥലങ്ങളും ആവശ്യമുണ്ടെങ്കിൽ അതിനോടനുബന്ധിച്ച് നടത്തുന്ന മതപരമായ ചടങ്ങുകൾക്കും സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. അത്യാവശ്യമായ അവസരങ്ങളിൽ ഇങ്ങനെയുള്ള ആരാധനകൾക്കു് സൗകര്യം ഉണ്ടാക്കികൊടുക്കേണ്ടതും മതത്തിൽ വിശ്വസിക്കുന്ന നമ്മുടെ ഈ രാജ്യത്തിനു് ഏററവും അത്യാവശ്യമായ ഒരു കാര്യമാണ്. എന്നാൽ അപ്രകാരമുള്ള സ്ഥലം ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കളക്ടറുടെ ആർഡറിന്മേൽ അപ്പീൽകൊടുത്തു് അതു് തീരുമാനിക്കാനുള്ള അധികാരം ലാൻഡു് ബോർഡിനു് കൊടുക്കുന്നതു് നല്ലതാണ്. ശ്രീ. അച്യുതമേനോന്റെ ഭേദഗതിയിലുള്ള തത്വത്തോടു ഞാൻ യോജിക്കുന്നുവെങ്കിലും അതിനെക്കുറിച്ച് ശ്രീ. ഇ. പി. ഗോപാലൻ ചെയ്ത പ്രസംഗത്തിലെ മതത്തിനെതിരെയുള്ള ഭാഗങ്ങളോടു് ഞാൻ യോജിക്കുന്നില്ല. മതത്തെ സംരക്ഷിക്കേണ്ടതു് ഏററവും ആവശ്യമാണ്. ഈശ്വരവിശ്വാസം തെററാണെന്നു പറയുന്നതിനോടു് യോജിക്കുന്നില്ല. വഴിപിഴപ്പിച്ചുവിടുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. നാരായണൻ തമ്പി]

വിശ്വാസത്തെക്കാരം വളരെ നല്ലതാണു് ഈശ്വരവിശ്വാസമെന്നാണു് ഞാൻ വിശ്വസിച്ചിരിക്കുന്നതു്. ഏതായാലും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. അച്യുതമേനോന്റെ ഭേദഗതിയിലെ തത്വം സ്വീകരിക്കണം. അതല്ലെങ്കിൽ ഇതിനു് യോജിച്ച വിധത്തിലുള്ള വേറെ ഏതെങ്കിലും വകുപ്പുകരം സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ : സർ, ശ്രീ. അച്യുതമേനോൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ ഞാൻ എതിർക്കുകയാണു്. ഇതിനെ സംബന്ധിച്ചു് എതിർഭാഗത്തിരിക്കുന്ന ആളുകളുടെ വികാരങ്ങരം നല്ലവണ്ണം ഞങ്ങരം മനസ്സിലാക്കുന്നുണ്ടു്. ഇന്നു് എതിർഭാഗത്തുള്ള ആളുകളിൽ വളരെയധികം ആളുകരം മതവിശ്വാസികളായും, ഈശ്വരവിശ്വാസികളായും മാറുന്നുണ്ടു്. എന്നാൽ ചില പ്രത്യേക കാര്യങ്ങരംക്കവേണ്ടി മതം ആവശ്യമില്ലെന്നും ഈശ്വരവിശ്വാസമില്ലെന്നും പറഞ്ഞിരുന്നാലും കമ്മ്യൂണിസ്റ്റുകാരുടെ ഓരോരുത്തരുടേയും പ്രവൃത്തികരം പ്രത്യേകമായി എടുത്തുനോക്കിയാൽ അവരിലെല്ലാംതന്നെ മതവിശ്വാസവും ഈശ്വരവിശ്വാസവും കാണുന്നുണ്ടു്, അതിനൊരു ഉദാഹരണം ഞാൻ പറയാം. ഈ അടുത്തകാലത്തു് കമ്മ്യൂണിസ്റ്റു മന്ത്രിസഭയിലെ ഒരംഗമായിരുന്ന ശ്രീ. മുണ്ടശ്ശേരി വലിയ അപ്പോളജിക്കലായിട്ടു് എഴുതിയ ഒരു സ്റ്റേറ്റുമെന്റു് ഞങ്ങരം വായിക്കുകയുണ്ടായി. അദ്ദേഹത്തിനു് ഈ ഭൂതോദയം പെട്ടെന്നു് എങ്ങനെയുണ്ടായിയെന്നു അറിഞ്ഞില്ല. അദ്ദേഹത്തിന്റെ സ്വന്തം ആവശ്യം വന്നപ്പോഴും, പള്ളിയിൽവെച്ചുതന്നെ മകളുടെ വിവാഹം നടത്തണമെന്നു് ആഗ്രഹം വന്നപ്പോഴമാണു് ഈശ്വരവിശ്വാസവും, മതവിശ്വാസവും ഉണ്ടായതു്. അതുപോലെ ചങ്ങനാശ്ശേരിയിൽ വലിയ കമ്മ്യൂണിസ്റ്റാണെന്നഭിമാനിച്ചുകൊണ്ടുനടന്ന ഒരു തിരുമേനിയുണ്ടു്. ഇപ്പോരം ആ തിരുമേനി സ്വന്തമായിട്ടു് ഒരു ക്ഷേത്രം പണികഴിപ്പിച്ചു് അതിൽ ഉത്സവങ്ങളും നടത്തി അതിൽനിന്നും കിട്ടുന്ന ചില്ലിക്കാശുകൊണ്ടു് സുഖമായി ജീവിക്കുന്നുണ്ടു്. അങ്ങനെ മതമില്ലെന്നും, ഈശ്വരവിശ്വാസമില്ലെന്നും പറഞ്ഞുകൊണ്ടു നടക്കുന്നവക്ക അതിൽനിന്നും ആദായം കിട്ടുമെന്നു ഉണ്ടെങ്കിൽ മതവിശ്വാസവും ഈശ്വരവിശ്വാസവും തനിയേ ഉണ്ടാകും.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഒരു പോയിന്റു് ആഫ് ആർഡർ ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കുന്നതു് ഭേദഗതിയെപ്പററിയാണോ അതോ ക്ലാസിന്റെ പ്രൊഫെസോയെ സംബന്ധിച്ചാണോയെന്നു പറയാമോ ?

മി. സ്പീക്കർ : ശ്രീ. അച്യുതമേനോന്റെ ഭേദഗതിയെ സംബന്ധിച്ചാണു്.

ശ്രീ. എൻ. ഭാസ്കരൻ നായർ: ഈയിടെ ഒരു സ്ഥലത്തു് കുളത്തിൽനിന്നും കിട്ടിയ കൃഷ്ണവിഗ്രഹംവെച്ചു പൂജിക്കുന്നിടത്തു് ഒരു കമ്മിററി ഉണ്ടാക്കിയതിൽ അതിലെ അംഗങ്ങളെല്ലാം ആ പ്രദേശത്തെ കമ്മ്യൂണിസ്റ്റുകാരാണു്.

ശ്രീമതി കെ. ആർ. സരസ്വതി അമ്മ : ഈയിടയ്ക്കു് തിരുവണ്ടൂർ എന്ന സ്ഥലത്തു് ഒരു കുളത്തിൽനിന്നും കിട്ടിയ ശ്രീകൃഷ്ണവിഗ്രഹം വെച്ചു പൂജിക്കുന്നിടത്തു ഒരു കമ്മിററിയുണ്ടാക്കിയതിന്റെ സെക്രട്ടറി ആ പ്രദേശത്തെ ഒരു വലിയ കമ്മ്യൂണിസ്റ്റു പ്രവത്തകനാണെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പക്കറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ചോദ്യം എന്താണെന്നു വ്യക്തമായി കേട്ടില്ല.

ശ്രീമതി കെ. ആർ. സരസ്വതി അമ്മ : ചെങ്ങന്നൂരിലുള്ള തിരുവണ്ടൂർ എന്ന സ്ഥലത്തു് കുളത്തിൽനിന്നും കിട്ടിയ ശ്രീകൃഷ്ണവിഗ്രഹം വെച്ചുപൂജിക്കുന്നിടത്തു് ഒരു കമ്മിററിയുണ്ടാക്കിയതിലെ സെക്രട്ടറി അവിടത്തെ ഒരു പ്രധാന കമ്മ്യൂണിസ്റ്റു പ്രവത്തകനാണെന്നുള്ള വിവരം അറിയാമോ എന്നാണു് ഞാൻ ചോദിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഭാസ്കരൻ നായർ: തിരുവണ്ടൂർ ഉണ്ടാക്കിയിട്ടുള്ള കമ്മിററിയിലെ കൺവീനർ ഒരു കമ്മ്യൂണിസ്ററു നേതാവാണെന്നുള്ള വിവരം പൂർണ്ണമായിട്ട് എനിക്കറിയാം.

ശ്രീ. കെ. ഭാർഗ്ഗവൻ: തിരുവണ്ടൂരിലുള്ള ശ്രീകൃഷ്ണന്റെ കമ്മിററിയിൽ കമ്മ്യൂണിസ്ററുകാരുണ്ടെന്നു പറയുന്നു. എന്നാൽ ഞങ്ങൾക്ക് ഒരു കൃഷ്ണനേയും അറിയാൻ പാടില്ല.

ശ്രീ. എൻ. ഭാസ്കരൻ നായർ: ഏതായാലും അവിടെയുള്ള കമ്മിററിയിലെ പ്രധാന അംഗങ്ങൾ കമ്മ്യൂണിസ്ററുകാരാണെന്ന് എനിക്കറിയാം.

ശ്രീ. വയലാ ഇടിക്കുള: തിരുവൻവണ്ടൂരിലുള്ള കൃഷ്ണക്ഷേത്രത്തിൽ വളരെ അധികം തുക നടവരവായി കിട്ടുന്നുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എൻ. ഭാസ്കരൻ നായർ: അങ്ങനെ കിട്ടുന്നുണ്ടെന്ന് എനിക്കറിയാം. അതു് കൂടുതലും കിട്ടുന്നതു് ആ പാർട്ടിയിൽപ്പെട്ട ആളുകളിൽനിന്നുമാണെന്നും അറിയാം. അങ്ങനെ മതപരമായിട്ടും, ഈ ശപരവിശ്വാസത്തിലും കമ്മ്യൂണിസ്ററുകാർ വളരെയധികം വിശ്വസിക്കുന്നുണ്ട്. അതു് നമ്മുടെ നാട്ടിന്റെ നന്മയ്ക്ക് ആവശ്യവുമാണ്. ക്ഷേത്രങ്ങൾക്കും, പള്ളികൾക്കും മററ് ആരാധനാ സ്ഥലങ്ങൾക്കും വികസനത്തിനുവേണ്ടി ഏതെങ്കിലും സ്ഥലം ആവശ്യമുണ്ടെന്ന് തോന്നുകയാണെങ്കിൽ ആ സ്ഥലം ഒഴിപ്പിച്ചെടുക്കുന്നതിനുള്ള പ്രൊവിഷൻ വയ്ക്കുന്നതു് വളരെ നല്ലതാണ്. അങ്ങനെയാണെങ്കിൽ സാധാരണ ഹിന്ദുക്ഷേത്രങ്ങളിൽ ആറാട്ട് എഴുന്നള്ളിച്ചുകൊണ്ടുപോകുന്ന ഒരു സംപ്രദായമുണ്ടെന്നും അങ്ങനെ അതിന് ചുററുമുള്ള പ്രദേശങ്ങളിൽ കൊണ്ടുപോകുമ്പോൾ ആ സ്ഥലങ്ങൾ അത്രയും ഒഴിപ്പിച്ചെടുക്കേണ്ടി വരികയില്ലേയെന്നുള്ള ഒരാശങ്ക ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിക്കുകയുണ്ടായി. അങ്ങനെയുള്ള സ്ഥലങ്ങൾ ഒഴിപ്പിച്ചെടുക്കുമെന്ന് യാതൊരു ആശങ്കയ്ക്കും വകയില്ല. കാരണം 'പ്ലെയിസ് ഓഫ് പബ്ലിക്ക് റിലിജിയസ് വർഷിപ്പിന്' ക്ഷേത്രങ്ങൾക്കോ, പള്ളികൾക്കോ, മോസ്കിനോ ആവശ്യമുള്ള സ്ഥലം എടുക്കുമ്പോൾ മൂന്നു മൈലോളം സ്ഥലം അക്വയർ ചെയ്യുമെന്നുള്ള ആശങ്കക്ക് യാതൊരു വഴിയുമില്ല.

ശ്രീ. സി. അച്യുതമേനോൻ: 'പ്ലെയിസസ് ഓഫ് പബ്ലിക്ക് റിലിജിയസ് വർഷിപ്പിന്' എന്നു പറയുമ്പോൾ സാധാരണ ഹിന്ദുക്ഷേത്രങ്ങളിൽ വിഗ്രഹങ്ങൾ എഴുന്നള്ളിച്ചു, അടുത്തുള്ള സ്ഥലങ്ങളിലെല്ലാം കൊണ്ടുപോയി അവിടെയെല്ലാം പറ മുതലായവ അലങ്കരിച്ചുവക്കുന്ന പതിവുണ്ട്. അങ്ങനെ വരുമ്പോൾ ആ സ്ഥലങ്ങൾ ഇതിന്റെ പരിധിയിൽ പെടുകയില്ലെന്ന് തീർച്ചയായിട്ടും പറയാൻ സാധിക്കുമോ?

ശ്രീ. എൻ. ഭാസ്കരൻ നായർ: സാധാരണ ഹിന്ദുക്ഷേത്രങ്ങളിൽ ബിംബങ്ങൾ എഴുന്നെള്ളിച്ചുകൊണ്ടുപോകുമ്പോൾ അതിന്റെ ഇടയ്ക്കുള്ള സ്ഥലം പ്രൈവററ് പ്രോപ്പർട്ടി ആയിരിക്കും. എന്നാൽ അതൊന്നുംതന്നെ ഇതിന്റെ പരിധിയിൽ വരികയില്ല. പിന്നെ ക്ഷേത്രങ്ങൾ വലുതാക്കുകയോ, അതിനോടനുബന്ധിച്ച് ഊട്ടുപുര ഉണ്ടാക്കുകയോ ചെയ്യുമ്പോൾ കുറച്ചു സ്ഥലം ആവശ്യം വരും. അതിനുള്ള സ്ഥലം ഒഴിപ്പിച്ചെടുക്കുമെന്നല്ലാതെ അവിടെ നിന്നും ബിംബം എഴുന്നെള്ളിച്ചുകൊണ്ടുപോകുന്ന സ്ഥലങ്ങളെല്ലാം ഒഴിപ്പിച്ചെടുക്കുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി: പ്ലെയിസ് ഓഫ് പബ്ലിക്ക് റിലിജിയസ് വർഷിപ്പ് എന്നാണ് പറയുന്നതു്. അപ്പോൾ ഒരു പരമശിവന്റെ ക്ഷേത്രം ഉണ്ടെന്നു വിചാരിക്കുക. അതിനോട് അനുബന്ധിച്ച് ചെറിയ ഒരു വിഗ്രഹം വെച്ചിരിക്കും. അതായതു് ഗണപതിയുടേയോ മററോ ആയിരിക്കും. ആ വിഗ്രഹം വയ്ക്കുന്നതിന് ഒരു ക്ഷേത്രം വലുതാക്കിക്കെട്ടണമെന്നു വിചാരിച്ചാൽ അതിനാവശ്യമുള്ള സ്ഥലം ഒഴിപ്പിച്ചെടുക്കേണ്ടിവരികയില്ലേ?

ശ്രീ. എൻ. ഭാസ്കരൻ നായർ: ഞാൻ പറയുന്നതു് മുഴുവൻ കേട്ടിട്ടു് ചോദിച്ചിരുന്നുവെങ്കിൽ ഇങ്ങനെ സംശയം വരികയില്ലായിരുന്നു. ഏതായാലും ഇപ്പോൾ നിലവിലിരിക്കുന്ന ക്ഷേത്രത്തെ കൂടുതലായിട്ടു് വലുതാക്കണമെന്നുണ്ടെങ്കിൽ മാത്രമേ സ്ഥലം ഒഴിപ്പിക്കേണ്ടി വരികയുള്ളൂ. അതിനു് മുന്നമൈലോളം വിസ്തൃതിയൊന്നും വേണ്ടിവരികയില്ല. പിന്നെ അതൊഴിപ്പിച്ചെടുക്കാനുള്ള അധികാരം കളക്ടറെക്കു് മാത്രം കൊടുത്താൽ പോരേ? അതിൽ അപ്പീലിനുള്ള അധികാരം ലാൻഡു് ബോർഡിനു് കൊടുക്കേണ്ട ആവശ്യമെന്താണെന്നു് എനിക്കു് മനസ്സിലാകുന്നില്ല. കളക്ടറർ എന്നു പറയുന്നതു് ഒരു ഡിസ്ട്രിക്ടറിൽ മുഴുവൻ അധികാരമുള്ള ആളാണു്. ആ ഡിസ്ട്രിക്ടറിലുള്ള കൂടുതൽ കാര്യങ്ങൾ പൂർണ്ണമായിട്ടു് നേരിട്ടു് അറിയാവുന്നതു് ആ കളക്ടറക്കായിരിക്കും. അതുകൊണ്ടു് അപ്പീൽ കൊടുത്തു് അതു് തീരുമാനിക്കാനുള്ള അധികാരം ലാൻഡു് ബോർഡിനു കൊടുക്കേണ്ട ആവശ്യമൊന്നുംതന്നെയില്ല. സ്ഥലത്തുപോയി അന്വേഷിച്ചു് നേരിട്ടുള്ള അറിവാണു് ആവശ്യം. അതിനുള്ള സൗകര്യം കളക്ടറക്കാണു് ഉള്ളതു്. അതിനെ ആസ്പദമാക്കി അതിന്റെ മുകളിൽ ഒരു അപ്പീലിന്റെ ആവശ്യമില്ല. അതുകൊണ്ടാണു് ഞാൻ ശ്രീ. അച്യുതമേനോന്റെ ഭേദഗതിയെ എതിർക്കുന്നതെന്നു് പറഞ്ഞതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഇങ്ങനെ ലാൻഡു് ബോർഡിലേക്കു് അപ്പീൽ കൊടുത്താൽ എന്താണു് തടസ്സമുള്ളതെന്നു് പറയാമോ?

ശ്രീ. എൻ. ഭാസ്കരൻ നായർ: തടസ്സമുണ്ടു്. അങ്ങനെ അപ്പീൽ കൊടുക്കുമ്പോൾ കൂടുതൽ ചെലവുണ്ടാകുന്നു. കൂടാതെ ഇതിനെല്ലാം ഒരു തീരുമാനം എടുക്കുന്നതിനു് വലിയ കാലതാമസവും ഉണ്ടാകും. അതുകൊണ്ടാണു് അപ്പീലിന്റെ ആവശ്യമില്ലെന്നു് പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ: സർ, ഈ വകുപ്പിനെപ്പററിയുള്ള ചർച്ചകൾക്കു് പ്രത്യേകമായി നന്ദി പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. കാരണം അഗ്രേറിയൻ റിലേഷൻസ് ആക്ടറിൽ വള്ളിപുള്ളി മാററം വരുത്തരുതെന്നുപറഞ്ഞു് ഇവിടെ ഒരു സമരം നടക്കുകയാണു്. അഗ്രേറിയൻ റിലേഷൻസു് ആക്ടറിൽ എഴുതിവച്ചിട്ടുള്ള ഒരു വകുപ്പിനെ ഇത്ര ശക്തിയായി വിമർശിക്കുന്ന ഒരു പ്രത്യേക പരിതഃസ്ഥിതി ഉണ്ടാക്കി ഈ ആക്ടറിൽ ഭേദഗതി ആവശ്യമാണെന്നു സ്ഥാപിച്ചുതന്നതിനു് ഞാൻ പ്രത്യേകമായി നന്ദിപറയുന്നു. സർ, ഈ പതിനാലാമത്തെ വകുപ്പിൽ ഈ പറയുന്നതായിട്ടുള്ള വലിയ അപാകതകൾ വരുന്ന കാര്യങ്ങളൊന്നുമില്ല. ശ്രീമാൻ കൃഷ്ണയ്യർ മലബാർ ടെനൻസി ആക്ടറിലെ ഈ കാര്യങ്ങൾ പറയുന്ന വകുപ്പുകൾ ഇതുമായി താരതമ്യപ്പെടുത്തി. ഇതിൽ പറഞ്ഞിട്ടുള്ളതു് 'for the purpose of extending the place of public religious worship' എന്നാണു്. അപ്പോൾ 'place of public religious worship' എന്നു പറഞ്ഞാൽ ഒരു പ്രദേശവും മററും ഉൾപ്പെടുമെന്ന മട്ടിലാണു് വ്യാഖ്യാനം പറഞ്ഞതു്. അതു് ശരിയാണെന്നു തോന്നുന്നില്ല. കെട്ടിടം എക്സ്ററൻറു് ചെയ്യുന്നതിനുവേണ്ടിയല്ലാതെ മററു കാര്യങ്ങൾക്കുവേണ്ടി ഒഴിപ്പിക്കുവാൻ സാദ്ധ്യമല്ല. കാർഷികബന്ധനിയമത്തിൽ ഇങ്ങനെ ഒരു വ്യവസ്ഥ ഉണ്ടായിരുന്നു എന്നു ന്യായം പറയുകയല്ല. അങ്ങനെയുണ്ടായിരുന്നതുകൊണ്ടു് കാണുന്നതു്, അന്നും ഗവണ്മെൻറു് ഈ കാര്യത്തെപ്പററി പര്യാലോചിച്ചിട്ടുണ്ടെന്നാണു്. അങ്ങനെ പര്യാലോചിച്ചതിന്റെ ശേഷം ശ്രീമതി ഗൗരിയും, ശ്രീമാൻ അച്യുതമേനോനും അംഗങ്ങളായിരുന്ന ആ ഗവണ്മെൻറു് അന്നത്തെ ചുററുപാടിലെങ്കിലും അംഗീകരിച്ച ഒരു വ്യവസ്ഥയാണിതു്. ഭൂമി വേണമെങ്കിൽ ഒരു സർട്ടിഫിക്കററു് വേണമെന്നു വന്നിട്ടുള്ളതു് 'നീഡു്' ഉണ്ടോ എന്നുള്ളതാണു്. 'നീഡു്' എന്നുള്ള വാക്കിനു് നിയമപരമായ വ്യാഖ്യാനം ഉണ്ടായിട്ടുണ്ടു്. അതു് നോക്കാൻ ഒരു ഡിസ്ട്രിക്ടറിലെ ഏററവും വലിയ ഉദ്യോഗസ്ഥനാണു് കളക്ടറർ. അതു് നോക്കാൻ കളക്ടറക്കു് അധികാരം കൊടുക്കുന്നതിനപ്പുറം അപ്പീൽ പ്രൊവൈഡു് ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ശ്രീമാൻ ഭാസ്കരൻ നായർ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുപോലെ ഒരു ക്ഷേത്രത്തിന്റെ കെട്ടിടം ഒന്നു എക്സ്റ്റന്റ് ചെയ്യാൻ ആവശ്യമായിവന്നാൽ അതിന് തൊട്ടടുത്തു കിടക്കുന്ന സ്ഥലമല്ലാതെ വേറെ സ്ഥലത്തൊന്നും എക്സ്റ്റന്റ് ചെയ്യുകയില്ല. അപ്പോഴും അതിനുവേണ്ടി സർട്ടിഫിക്കേററിനും പിന്നെ അപ്പീലിനുമൊക്കെ പോകേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല. ആ നിലക്ക് ഈ വകുപ്പിനവതരിപ്പിച്ചിട്ടുള്ള എല്ലാ ഭേദഗതികളേയും ഞാൻ എതിർക്കുകയാണ്.

Mr. Speaker : The question is the amendment moved by Shri C. Achutha Menon :

Amendment No. 394 moved by Shri. C. Achutha Menon, was put and lost.

Mr. Speaker . The question is the amendment moved by Shri. T. K. Ramakrishnan .

Amendment No. 1163 moved by Shri. T. K. Ramakrishnan was put and lost.

The question that clause 14 stand part of the Bill was put and carried.

Clause 14, was added to the Bill.

Clause 15

Mr. Speaker : The following amendments may be moved. Amendment Nos. 398 and 424 by Smt. K. R. Gouri, amendment Nos. 399 and 413 by Shri. P. C. Raghavan Nair ; amendment No. 404 by Shri. P. Gopalan ; amendment No. 412 by Shri. E. P. Gopalan ; amendment Nos. 405 and 411 by Shri. K. R. Vijayan ; amendment No. 406 by Shri. C. Achutha Menon; amendment Nos. 414 and 421 by Shri. N. E. Balaram ; amendment No. 416 by Shri T. C. Narayanan Nambiar ; amendment Nos. 419 and 423 by Shri. K. Krishnan ; amendment No. 420 by Shri. R. Krishnan ; amendment No. 422 by Shri. K. Hassan Gani ; amendment No. 425 by Shri P. S. Karthikeyan; amendment No. 1165 by Shri. T. K. Ramakrishnan ; amendment No. 1166 by Shri. C. G. Janardhanan and amendment No. 1167 by Shri. Ponnara G. Sreedhar.

Amendment Nos. 395,396, 397 and 1165 are for the deletion of the clause and hence not in order.

Shri. P. T. Chacko : Sir, I may be permitted to move an oral amendment before the discussion on Clause 15 begins.

Smt. K. R. Gouri : Sir, that may be circulated among the members.

Mr. Speaker : This is only an oral amendment.

Shri. P. T. Chacko : Sir, in the Explanation to clause 15, the words and figures' This section and section 16 and 17 'may be deleted and the words and figures' 'This section and section 16' may be substituted.

Mr. Speaker : Amendment Nos. 400 to 403 are the same as amendment No. 399. Amendment Nos. 407, 408, and 409 are the same as amendment No. 405. Amendment No. 410 is the same as amendment No. 404, amendment Nos. 415,417 and 1061 are covered by amendment No. 414. They need not be moved. Amendment No. 418 by Shri. C. Achutha Menon is not fit in. So that also need not be moved.

2/275/V.

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri : I move amendment Nos. 398 and 424.

398. In clause 15, after 'or owner of a place of public religious worship' add 'or the owner of a charitable or edcuational institution.

424. In clause 15 Explanation, recast (ii) as follows :

"(ii) in any other case family as defined in clause 2 sub clause 14"

Shri. P. C. Raghavan Nair : I move amendment Nos. 399 and 413.

399. In clause 15, in line 4 and 5, delete the following words : or is in possession of land less than five standard acres.

413. In clause 15 (ii), for the first proviso substitute the following: Provided that by such resumption the total extent of land in the possession of the tenant shall not be reduced below 50 cents.

Mr. Speaker : Amendment No. 404 is by Shri. P. Gopalan. The hon. Member is not in his seat.

Shri. E. P. Gopalan : I move amendment No. 412.

412. In clause 15, add the following as (iii) :

'(iii) where the resumption would reduce the extent of the holding in the possession of the tenant below one acre, the landlord shall not resume more than 20 cents.

Shri. K. R. Vijayan : Sir I move amendment No. 405, but I am not moving amendment No.411.

405. In clause 15, substitute four standard acres for the words five standard acres wherever they occur.

Shri. C. Achutha Menon : I move amendment No. 406.

406. In clause 15, in line 5, substitute 'one' for 'five.'

Shri. N. E. Balaram : I move amendment Nos. 414 & 421.

414. In clause 15(ii), delete the first proviso and substitute the following :

"Provided that no land lord shall be entitled to resume any land so as to reduce the extent of the holding in the possession of the tenant below twenty cents and where the resumption would reduce the extent of the holding in the possession of the tenant below one acre the landlord shall not resume more than twenty cents".

421. In clause 15(ii), in the first poviso delete the word 'twenty' and substitute the word 'eighty'.

Mr. Speaker : Amendment No. 416 is in the name of Shri T. C. Narayanan Nambiar. The hon. Member is not in his seat.

Shri K. Krishnan : I move amendment Nos. 419 & 423.

419. In clause 15, in the first proviso, delete 'twenty cents' and insert in its place 'fifty cents'.

423. In clause 15, in the second proviso, add at the end 'Members of the armed forces or seamen and their legal representatives'

LIBRARY ARCHIVES Kerala Legislative Assembly

Shri. R. Krishnan : I move amendment No. 420.

420. in clause 15 (ii), in the lst proviso last sentence, delete 'twenty cents' and substitute 'ninety cents'.

Mr. Speaker : Amendment No. 422 is by Shri. K. Hassan Gani. The hon. Member is not in his seat.

Shri P. S. Karthikeyan : I move amendment No. 425.

425. In clause 15 Explantion (ii), in line 2, delete 'a lineal descendent of a land lord' occurring after the word 'or' and insert in its place 'their son or daugther'.

Shri T. K. Ramakrishnan : I move amendment No. 1165.

1165. Delete clause 15 and add the following.

"A landlord may resume from a tenant the holding or any portion of the holding when the same is needed bonafide for the purpose of constructing a building for the residence of himself or of any member of his family:"

Provided that

(a) no landlord shall be entitled to resume any land so as to reduce the extent of the holding in the possession of the tenant below 20 cents; and where the resumption would reduce the extent of the holding in the possession of the tenant below one acre the landlord shall not resume more than 20 cents and

(b) the total extent of land that may be resumed from the holding.

(i) by one landlord shall not exceed 20 cents ; and

(ii) by two or more joint or co-landlords shall not exceed 50 cents.

Provided further that no landlord shall be entitled to resume under this sub section, any land comprised in a holding in the possession of a tenant belonging to the scheduled castes or scheduled tribes."

Mr. Speaker : Amendment No. 1166 is by Shri. C. G. Janardhanan. The member is not in his seat. Amendment No. 1167 is in the name of Shri. Ponnara G. Sreedhar. The hon. Member is not present.

ശ്രീമതി. കെ. ആർ. ഗൗരി. എന്റെ ഭേദഗതി 417 മൂവ് ചെയ്യാൻ അനുവദിച്ചിട്ടില്ലാത്തതുകൊണ്ട് ശ്രീ. എൻ. ഇ. ബലറാമിന്റെ 414—ാമത്തെ ഭേദഗതിയെ ഞാൻ അതിനുപകരം അനുകൂലിക്കുകയാണ്. ഈ വകുപ്പിൽ എക്സംപ്ഷൻ ക്ലാസിൽ

'Resumption for construction of residential buildings'

ഇങ്ങനെപറഞ്ഞിട്ടുണ്ട്. സർ, ആ ഭാഗത്ത് 'a landlord other than a sthani or the trustee or owner of a place of public religious worship എന്നുള്ളസ്ഥലത്ത് a landlord or an owner of a charitable educational institution എന്നു കൂടി ചേർക്കണം. വീടുവയ്ക്കാൻ ഒഴിപ്പിക്കാനാണ് ഈ provision Trustee ക്കോ owner of educational or charitable or institution ഈ വിഭാഗക്കാർക്കുകൂടി വീട് വയ്ക്കേണ്ടയാവശ്യമില്ലേ. ഈ clause ന്റെ ആദ്യഭാഗം നാം അംഗീകരിച്ച തത്വംതന്നെ വിട്ടുപോയി എന്നാണ് എന്റെ അഭിപ്രായം. വീട് വയ്ക്കാൻ ആർക്കാണ് ആവശ്യം? വീട് വയ്ക്കേണ്ട ആവശ്യം എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷന്റെ ഓണേഴ്സിനു അവർക്ക് വീട് വയ്ക്കേണ്ട?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

അതുപോലെതന്നെ ചാരിററബിൾ ഇൻസ്ററിററ്യൂഷന്റെ ട്രസ്റ്റികൾക്കും വീട് വയ്ക്കണ്ടേ? ഇവരെ രണ്ടുപേരേയും ഇതിൽനിന്ന് വിട്ടുകളഞ്ഞിരിക്കുന്നു. അവരെക്കൂടി കൂട്ടി ചേർക്കണമെന്നുള്ളതാണ് എന്റെ ഈ ഒന്നാമത്തെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

അടുത്തത് രണ്ടാമത്തെ മൂവ് ചെയ്ത ഭേദഗതിയെ സംബന്ധിച്ചാണ് എനിക്കു പറയുവാനുള്ളത്. 'and in any other case family as defined in clause 2 sub clause (14) എന്നുള്ളത് ഇവിടെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്"

For the purposes of this section, and section 16, member of his family shall mean

(i) in the case of landlord who has granted a lease on behalf of a joint family, member of such family ; and (ii) in any other case, wife or husband as the case may be or a lineal descendant of the land lord.

എന്നാണ്. സർ, ഇതിൽ ഒരു അനാമലിയുണ്ട്. lineal descendant എന്നു പറയുന്നതിൽ ഫാമിലി ഡഫനിഷനും മററും കൊടുത്തിട്ടുണ്ട്. അതിനാവശ്യമായ ഒരു ഭേദഗതിയാണ് ഞാൻ കൊടുത്തിട്ടുള്ളത്. അത് അംഗീകരിക്കുന്നില്ലെങ്കിൽ ശ്രീ. പി. എസ്സ്. കാർത്തികേയൻ ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. മകനും മകളുംകൂടി വേണമെന്നുള്ളത്. അവർക്ക് ലീസ് ഉള്ളതുകൊണ്ട് lineal descendant മററും ഈ കാററഗറിയിൽ പെടുത്തി ഒഴിപ്പിക്കുന്നതിന് വ്യാപ്തി വരുത്തേണ്ട ഭേദഗതിയാണ് അത്. സർ, ആ തത്വം അംഗീകരിക്കുകയാണെങ്കിൽ അത് എല്ലാ ഭാഗങ്ങളിലേക്കും അംഗീകരിക്കേണ്ട കടമയുണ്ട്. കാർഷികബന്ധനിയമത്തിൽ ഭേദഗതി വേണമെന്നുള്ള പ്രസംഗത്തെ സംബന്ധിച്ചാണെങ്കിൽ ഈ വകുപ്പിൽ ബഹുമാനപ്പെട്ട മന്ത്രി വേറൊരിടത്ത് എടുത്തിട്ടുള്ള നിലപാട് ഞാൻ പറയാം. കുടികിടപ്പുകാരെ സംബന്ധിച്ച് എടുത്തിട്ടുള്ള നിലപാടാണ്. കുടികിടപ്പുകാരെ ഒഴിപ്പിക്കാമെന്നും, അവരുടെ റൈററിനെ സംബന്ധിച്ചാണെങ്കിൽ the rights of a Kudikidappukaran in his kudikidappu shall be heritable but not alien-able എന്നാണ് പറയുന്നത്.

സർ, ഈ വകുപ്പിനെ സംബന്ധിച്ച കാർഷികബന്ധനിയമത്തിൽ, ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ ഒരു explanation ഉണ്ട് lineal descendants ന് വീടുവയ്ക്കാൻ ഒഴിപ്പിക്കാൻ lineal descendant എത്ര തലമുറകൊണ്ട് നിൽക്കും. ഒരാൾ മരിക്കുമ്പോൾ ആ ആളിന്റെ സ്വത്ത് കിട്ടാൻ അർഹതയുള്ളവർ മാത്രമാണോ അല്ല മരിക്കുമ്പോൾ സ്വത്ത് മക്കളുണ്ടെങ്കിൽ അവർക്ക് മക്കൾ മരിച്ചിട്ടുണ്ടെങ്കിൽ അവരുടെകുട്ടികൾ ഇവരാണ് എന്നാൽ lineal descendants എല്ലാവരും തലമുറയിലുള്ളവർ ആണ് lineal descendant ഒരു dergee കൂടി വച്ചിരുന്നാൽ സംഖ്യ കൂടും. ആർക്കും വീടുവെയ്ക്കാൻ ഒഴിപ്പിച്ചെടുക്കാൻ അവകാശം കൊടുക്കുന്നതരത്തിലാണ് ഫാമിലിയെ സംബന്ധിച്ച് പറയുമ്പോൾ വീടുവയ്ക്കാൻ ഒഴിപ്പിക്കാൻ Major sons and daughters ന് ആവശ്യമാണെങ്കിൽ ഒഴിപ്പിക്കുന്നതിൽ വലിയ ഔചിത്യക്കുറവില്ല. എന്നാൽ Explanation (ii) കണ്ടിട്ട് ഒഴിപ്പിച്ചേ ഒക്കുകയുള്ളു എന്ന വിധത്തിൽ വ്യാഖ്യാനമെഴുതിയിരിക്കയാണെന്നുതോന്നും ആ വകുപ്പ് എടുത്തുകളഞ്ഞാലും വലിയബുദ്ധിമുട്ട് ഒന്നുമില്ല. ഈ വകുപ്പുകൾ തീരെ ആവശ്യമല്ല എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. സ്മാൾ ഹോൾഡറിന്റെ ഡെഫനിഷൻ വയ്ക്കുന്നുണ്ട്. മുമ്പാണെങ്കിൽ കൂടുതൽ ഭൂമി കൈവശം ഇരിക്കുകയാണെങ്കിൽ കൂടുതലുള്ള ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനുവേണ്ടി മാക്സിമം 5 ഏക്കർ എന്നുള്ളത് നിലനിറുത്തി അങ്ങനെ ഒഴിപ്പിക്കുന്നതിനുമാത്രമേ വ്യവസ്ഥ ഉണ്ടായിരുന്നുള്ളു. ഇന്ന് ആ വ്യവസ്ഥയെല്ലാം പോയി. ആരെയെല്ലാം ഒഴിപ്പിക്കാമെന്നു ചോദിച്ചാൽ ജന്മിക്ക് കൃഷിചെയ്യാൻവേണ്ടി സീലിംഗ് ഏരിയയ്ക്കു താഴെ കൈവശമുള്ള ജന്മിയെ സംബന്ധിച്ച് സീലിംഗ് ഏരിയവരെ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അവകാശം കൊടുക്കുന്നുണ്ട്. അങ്ങനെഎല്ലാ വിഭാഗക്കാരെയും self cultivation എന്ന നിലയ്ക്ക് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള വ്യവസ്ഥ ഈ വകുപ്പനുസരിച്ച് കൊടുക്കുകയാണ്. അങ്ങനെ വരുമ്പോൾ പ്രത്യേകമായിട്ട് കെട്ടിടം വയ്ക്കുന്നതിനു ഭൂമിഒഴിപ്പിക്കേണ്ട ആവശ്യംതന്നെയില്ല. ഒന്ന് പരിധിയുടെപേരു പറഞ്ഞ് ഒഴിപ്പിക്കുന്നു, വേറൊന്ന് കെട്ടിടം വയ്ക്കുന്നതിന്റെ പേരുപറഞ്ഞ്, പിന്നൊന്നു അമ്പലങ്ങളുടെ പേരുപറഞ്ഞ് ഒഴിപ്പിക്കുന്നു. ഈ വിധത്തിൽ ഒഴിപ്പിക്കലിനുള്ളസാദ്ധ്യത വളർന്നിരിക്കുകയാണ് കാർഷികബന്ധനിയമത്തിൽ പണ്ടുകാലത്ത് എഴുതിവച്ചിരുന്നത് ആവശ്യമാണെന്നു തോന്നുന്ന ഒരു സാഹചര്യം ഉണ്ടായി. Self cultivation നു തന്നെ പരിധിയിൽ കവിഞ്ഞു കുടിയാന്റെപക്കൽനിന്നും അഞ്ചേക്കറിനു താഴെയുള്ള വസ്തുഉടമസ്ഥനേ ഒഴിപ്പിക്കാൻ അവകാശമുണ്ടായിരുന്നുള്ളു. ആ സാഹചര്യം ഈ നിയമത്തിൽ ഇല്ലാതിരിക്കുകയാണ്. ആ സാഹചര്യം ഇല്ലാത്തതുകൊണ്ട് ഈ വകുപ്പ് എടുത്തു കളഞ്ഞാൽപോലും വിരോധമില്ല. അതിനോടപ്പംതന്നെ കൃഷിക്കാർക്ക് കഴിഞ്ഞകാലത്തു കൊടുത്തിട്ടുള്ള എല്ലാ അവകാശങ്ങളും കൊടുക്കുകയും ചെയ്യുന്ന ഒരു നിയമമാണിതെന്നുള്ള വിധത്തിൽ എപ്പോഴും പ്രെസന്റു ചെയ്തു കാണാം. ആ വിധത്തിലുള്ള ചർച്ചകളും നടന്നിട്ടുണ്ട്. പക്ഷേ ചില ക്ലാസ്സുകളിൽപോലും ചില വകുപ്പുകൾ എഴുതുന്നതിൽപോലും കുടിയാന്റെ ശത്രുഎന്നപോലെ ഒഴിപ്പിച്ചെടുക്കാനുള്ള പ്രവണതകളാണുള്ളത് ഒരുദാഹരണമാണ് ഞാൻ പറയുന്നതു. ശ്രീ. ബലറാം അവതരിപ്പിച്ച 417 ആണ് ഞാൻ 414 ആയിട്ട് അവതരിപ്പിച്ചതു്. സർ, വസ്തുവിൽ കുടിയാന്റെ കൈവശമിരിക്കാവുന്ന ഭൂമികളെ സംബന്ധിച്ച് ഇന്ന് ഈ വകുപ്പിൽ ഒരു വ്യവസ്ഥ എഴുതിയിട്ടുണ്ട്. 'Subject to maximum and minimum' എന്നൊക്കെ പറഞ്ഞു. എന്നാൽ,

(i) an extent of land not exceeding 20 cents where resumption is sought on behalf of one person ; and

(ii) an extent of land not exceeding 50 cents, where resumption is sought on behalf of two or more persons :

Provided that by such resumption, the total exent of land in the possession of the land lord shall not be raised above 5 standard acres and the total extent of land in the possession of the tenant shall not be reduced below twenty cents :

Provided further that no landlord shall be entitled to resume under this section any land in the possession of a tenant belonging to the Scheduled Castes or Scheduled Tribes.

ഇതു വരുമ്പോൾ മററു വകുപ്പിലുണ്ടായിരുന്ന 5 സ്റ്റാൻഡേർഡ് ഏക്കർ വരെയുള്ള ഒരു പരിധി എന്നുള്ള നിലയിൽ വയ്ക്കുക. അങ്ങനെയുള്ളനിലയ്ക്ക് പരിധി കുറെ അംഗീകരിച്ചിരിക്കുകയാണെന്നു പറയുന്നു. അതേസമയം ഇതിൽ ഉണ്ടായിരുന്ന പകുതിയെ എടുത്തും കളഞ്ഞിരിക്കുന്നു. ആ വകുപ്പും പ്രകാരമുണ്ടായിരുന്ന അവകാശം ഇതാണ്.

"Provided that no land lord shall be entitled to resume any land so as to reduce the extent of the holding in the possession of the tenant below twenty cents and where the resumption would reduce the extent of the holding in the possession of the tenant below one acre the landlord shall not resume more than twenty cents."

ആ ഒടുവിലത്തേതു് അങ്ങോട്ടു വിട്ടുകളഞ്ഞു. എന്നിട്ട് ഞങ്ങൾ കുറെ കൂടി ലിമിററു് ചെയ്ത് ഒഴിപ്പിക്കുന്നതിനുള്ള വ്യവസ്ഥയാണ് നിശ്ചയിച്ചിരിക്കുന്നതെന്നു പറയുക. കൂടുതൽ ഒഴിപ്പിച്ചെടുക്കുവാൻ വകുപ്പുകൾ എഴുതുക ഈ ഭേദഗതി ആവശ്യമാണ്. സീലിംഗ്‌വരെ ഒഴിപ്പിക്കാനുള്ള അവകാശം വസ്തുഉടമസ്ഥന്മാർക്കു കൊടുക്കുകയാണ്. കെട്ടിടം വയ്ക്കുന്നതിനുവേണ്ടി ഒഴിപ്പിക്കാം. ഇങ്ങനെ രണ്ടുതരത്തിൽ ഒഴിപ്പിക്കുന്നതിനുള്ള വ്യവസ്ഥവയ്ക്കുകയാണ്. അതേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

സമയം ഒരേക്കറിനു് താഴെയുള്ളവരിൽനിന്നും 20 സെന്റ ഒഴിപ്പിക്കാൻ പാടുള്ള എന്ന വ്യവസ്ഥയുണ്ടായിരുന്നതു് എടുത്തുകളഞ്ഞു. എന്നിട്ടു് കൂടുതൽ ആനുകൂല്യം കുടിയാനും കൊടുക്കുന്നുഎന്നുപറയുക. ഇതുപോലുള്ള വകുപ്പുകൾ പകർത്തിയെഴുതുമ്പോൾ അതിൽപ്രസക്തമായിട്ടു് ഒരു കുടിയാനോടു് ശത്രുതയുടെപേരിൽ ചിലഭാഗങ്ങൾ എടുത്തുകളഞ്ഞിരിക്കുകയാണു്. ആ വിധത്തിലുള്ള വകുപ്പുകളുള്ളതുകൊണ്ടാണു് ഞാൻ മൂന്നു ഭേദഗതികൾ അവതരിപ്പിക്കാൻ കാരണം. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. രാഘവൻനായർ : പാർപ്പിടത്തിനുള്ള കെട്ടിടങ്ങൾ പണിയാൻവേണ്ടി ജന്മിക്കു് ഒഴിപ്പിക്കാമെന്നതിനോടു് ഞാൻ യോജിക്കുകയാണു്. (1) പക്ഷേ അതിന്റെകൂടെ ജന്മിയെ സംബന്ധിച്ചിടത്തോളം യാതൊരു ഭൂമിയും കൈവശമില്ലാത്ത ജന്മിയുടെ കൂട്ടത്തിൽ 5 സ്റ്റാൻഡേർഡു് ഏക്കറിൽ കുറവായ ഭൂമി കൈവശമുള്ള ജന്മിമാരെയും പെടുത്തിയിരിക്കുകയാണു്. 5 സ്റ്റാൻഡേർഡു് ഏക്കറിൽ കുറവായ ഭൂമി കൈവശമുള്ള ജന്മിമാർക്കും ഒഴിപ്പിക്കാമെന്നുള്ള ഭാഗം എടുത്തുകളയണമെന്നുള്ളതാണു് എന്റെ ഭേദഗതി. ജന്മിമാർക്കു് വീടുണ്ടാക്കാൻ സ്ഥലം കിട്ടണമെന്നുള്ളതു് വളരെ ന്യായമായ കാര്യമാണു്. തീരെ ഭൂമിയില്ലാത്ത ആളാണെങ്കിൽ അവർക്കു് മുൻഗണനയും കിട്ടണം. പക്ഷെ 5 സ്റ്റാൻഡേർഡു് ഏക്കർവരെ ഭൂമിയില്ലാത്ത ആളുകൾക്കു് ഒഴിപ്പിക്കണമെന്നു പറയുന്നതിൽ എന്തു ന്യായമാണെന്നാണു് ഞാൻ ചോദിക്കുന്നതു്. അതേ സമയത്തു് കുടിയാനെ സംബന്ധിച്ചിടത്തോളം അയാളുടെ പക്കൽ 20 സെന്റു് ഭൂമി ശേഷിപ്പു് ഉണ്ടായിരിക്കണമെന്നാണു് പറയുന്നതു്. 5 സ്റ്റാൻഡേർഡു് ഏക്കറാണു് ജന്മിക്കു കൊടുത്തിട്ടുള്ളതു്. ഉദാഹരണമായി പറയുകയാണെങ്കിൽ 4 ഏക്കറും 80 സെന്റും ഭൂമിയുള്ള ജന്മിക്കു് 20 സെന്റു കൂടി കുടിയാനിൽനിന്നു് ഒഴിപ്പിച്ചെടുക്കാം.

ശ്രീ. കെ. ആർ. വിജയൻ : കാർഷികബന്ധ നിയമത്തിന്റെ 10-ാം വകുപ്പിൽ 5 ഏക്കർ അല്ലെങ്കിൽ കൂടുതലായിട്ടു് ഒഴിപ്പിച്ചെടുക്കുമ്പോൾ വർദ്ധിപ്പിക്കാൻ പാടില്ലെന്നുള്ള നിർബന്ധം ഉണ്ടായിരുന്നില്ല എന്ന കാര്യം ഓർക്കുന്നുണ്ടല്ലോ ?

ശ്രീ. പി. സി. രാഘവൻനായർ : ഞാൻ പറയുന്നതു് ലാൻഡു് റിഫോംസ് ബില്ലിലെ 15-ാമത്തെ വകുപ്പിനെപ്പററിയാണു്. 5 സ്റ്റാൻഡേർഡു് ഏക്കർ ഭൂമിവരെ കെട്ടിടമുണ്ടാക്കാനുള്ള ജന്മിക്കു് കൈവശം വയ്ക്കാമെന്നു പറയുന്നു. 5 സ്റ്റാൻഡേർഡു് ഏക്കറാണു്. 5 സ്റ്റാൻഡേർഡു് ഏക്കറെന്നു പറഞ്ഞാൽ കോഴിക്കോട്ടു തുടങ്ങിയ ജില്ലകളിൽ 20 ഏക്കർ ഇരുപ്പു നിലമാണു്. 20 ഏക്കർ ഇരുപ്പുനിലംവരെ കൈവശം വച്ചിട്ടുള്ള ഒരു ജന്മിക്കു് കുടിയാന്റെ പക്കൽനിന്നു് 20 സെന്റു് ഒഴിപ്പിച്ചെടുക്കാമെന്നു പറയുന്നതിൽ എന്തു ന്യായമുണ്ടെന്നു് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ജന്മിയെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ അയാൾക്കു് 20 ഏക്കർവരെ ആകാം. 5 സ്റ്റാൻഡേർഡു് ഏക്കർ എന്നു പതുക്കെ പറഞ്ഞാൽ പോരാ. 5 സ്റ്റാൻഡേർഡു് ഏക്കർ എന്നു ഉറക്കെ പറയണം.

ശ്രീ. പി. ടി. ചാക്കോ : കോഴിക്കോട്ടു ജില്ലയിൽ 20 ഏക്കർവരെ ഇരുപ്പുനിലം 5 സ്റ്റാൻഡേർഡു് ഏക്കർവരെ എന്നുള്ള കണക്കു് എവിടെ ഉള്ളതാണു്.

ശ്രീ. പി. സി. രാഘവൻനായർ : കോഴിക്കോട്ടു ജില്ലയെ സംബന്ധിച്ചിടത്തോളം 4 ഏക്കർ ഇരുപ്പുകിൽ നിലം ഒരു സ്റ്റാൻഡേർഡു് ഏക്കർ എന്നാണു് പട്ടികയിൽ പറഞ്ഞിട്ടുള്ളതു്. അപ്പോൾ 5 സ്റ്റാൻഡേർഡു് ഏക്കർ എന്നു പറഞ്ഞാൽ 20 ഏക്കർ ഒരുപ്പുകിൽ നിലമായിരിക്കും. പള്ളിയാൽ നിലങ്ങളെസംബന്ധിച്ചും ഡ്രൈനിലങ്ങളെ സംബന്ധിച്ചും 3 ഏക്കറാണു് ഒരു സ്റ്റാൻഡേർഡു് ഏക്കർ എന്നു പറയുന്നതു്. അപ്പോൾ ഞാൻ പ്രധാനമായി ചോദിക്കു

ന്നതു്, 5 സ്റ്റാൻഡേർഡു് ഏക്കർ എന്നുപറയുന്ന 20 ഏക്കർവരെഭൂമി കൈവശം വയ്ക്കാവുന്നഒരു ജന്മിക്കു് 19 ഏക്കറും 80 സെൻറും കൈവശം ഉണ്ടെങ്കിലും ജന്മിക്കു്വീടുണ്ടാക്കുന്ന ആവശ്യത്തിനു് വേറൊരു 20 സെൻറു് ഒഴിപ്പിച്ചെടുക്കാമെന്നു പറയുന്നതിൽ എന്തർത്ഥമാണു്, എന്തു ന്യായമാണു്, എന്തു നീതിയാണു് എന്നു ചോദിക്കാതിരിക്കാൻ നിവൃത്തിയില്ല. മന്ത്രി ഈ വകുപ്പുകളെഴുതിയപ്പോഴും ഇതിന്റെ അനുപാതം എത്രയാണെന്നു ചിന്തിച്ചിട്ടുണ്ടോ എന്നാണു് എനിക്കറിയേണ്ടതു്. 20 സെൻറിന്റെ 100 ഇരട്ടിയാണു് 5 സ്റ്റാൻഡേർഡു് ഏക്കർ. ജന്മിയെ സംബന്ധിച്ചിടത്തോളം കുടിയാന്റെ കൈവശം വയ്ക്കാവുന്ന ഭൂമിയുടെ 100 ഇരട്ടി ഭൂമി ജന്മിക്കു് കൈവശം വയ്ക്കാമെന്നു് ഇതിൽ പറയുന്നുണ്ടു്. അതു് ഒരിക്കലും ന്യായീകരിക്കാവുന്ന ഒരു കാര്യമല്ല. അതുകൊണ്ടു് ആ ഭാഗം എടുത്തുകളയണം. അതായതു് 5 സ്റ്റാൻഡേർഡു് ഏക്കറിൽ കുറവായ ഭൂമി കൈവശമുള്ള ആരും എന്നു പറയുന്ന ഭാഗം ഇതിൽനിന്നു തീരെ എടുത്തുകളയണം. അതിനോടൊപ്പം അങ്ങനെ വീണ്ടെടുത്തതുമൂലം ജന്മിയുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം 5 സ്റ്റാൻഡേർഡു് ഏക്കറിൽ കവിയാൻ പാടില്ലെന്നും പറഞ്ഞിട്ടുണ്ടു്. 5 സ്റ്റാൻഡേർഡു് ഏക്കറിൽ കവിയാനും പാടില്ല എന്നുള്ള ഭാഗം ഇതിൽ നിന്നു് എടുത്തുകളയുകതന്നെ വേണം. കുടിയാന്റെ പക്കൽ അവശേഷിക്കുന്ന ഭൂമി 20 സെൻറു് ഭൂമി എന്നുള്ളതു് ഏറ്റവും ചുരുങ്ങിയതു് 50 സെൻറു് ഭൂമിയെങ്കിലും കുടിയാന്റെ പക്കൽ അവശേഷിക്കണം എന്ന വ്യവസ്ഥ ഉണ്ടാക്കിയിരിക്കേണ്ടതാണു്. അതനുസരിച്ചു് 399, 413 എന്നീ രണ്ടു ഭേദഗതികളും ഞാൻ അവതരിപ്പിക്കുകയാണു്.

Shri E P. Gopalan : My amendment is that 'In clause 15 add the following as (iii) :

> "(iii) Where the resumption would reduce the extent of the holding in the possession of the tenant below one acre, the landlord shall not resume more than 20 cents."

സർ, ഈ ക്ലാസ് 15—

> 'Resumption for construction of residential buildings'

എന്നതിലാണു്. വീടുകെട്ടി താമസിക്കുന്നതിനു ഒഴിപ്പിച്ചെടുക്കാൻ സൗകര്യം നൽകുന്നതായ ഒരു വകുപ്പാണു് ഇതു്. വീടു കെട്ടുന്നതിനു ഒരു നിശ്ചിത രീതിയിൽ സ്ഥലം ഒഴിപ്പിച്ചെടുക്കേണ്ടതും ആവശ്യംതന്നെ. എന്നാൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്, ഉദ്ദേശസാദ്ധ്യത്തിനു അനുഗുണമായിട്ടു മാത്രമേ അതു ചെയ്യാൻ പാടുള്ളു എന്ന നിലയിലാണു്. രണ്ടാമതായിട്ടു നിൽക്കുന്നതു്

> 'an extent of land not exceeding 50 cents, where resumption is sought on behalf of two or more persons' ;

ആ restiction കഴിഞ്ഞിട്ടു അതിനേക്കാളും ഫലപ്രദമായിട്ടുള്ള മറ്റൊരു റെസ്ട്രിക്ഷൻ വേണമെന്നാണു്, ഇതു്വഴി ഞാൻ ആവശ്യപ്പെടുന്നതു്.

> 'where the resumption would reduce the extent of the holding in the possession of the tenant below one acre.....'

കുടിയാന്റെ കൈവശമുള്ള ഭൂമി ഒരേക്കറിൽ താഴെ പോകുകയാണെങ്കിൽ ആ തരം കേസുകളിൽ

> 'the landlord shall not resume more than 20 cents'

മേൽപറഞ്ഞതരം കേസുകളിൽ വീടു കെട്ടി പാർക്കാൻ ആവശ്യമുള്ള ഭൂമി ഉടമസ്ഥൻ 20 സെൻറിലധികം ഒഴിപ്പിക്കാൻ പാടില്ലാ എന്നുള്ളതാണു്. വീടുകെട്ടി പാർക്കുന്നതിനുവേണ്ടി ആവശ്യമുള്ളിടത്തോളം സ്ഥലം ന്യായമായ രീതിയിൽ അനുവദിച്ചുകൊടുക്കുന്നതിനു അനുഗുണമായ രീതിയിലാണു് ഭേദഗതി നിൽക്കുന്നതു്. ഇതിനുമുമ്പു് പല ഭേദഗതികളും അവതരിപ്പിച്ചതു പോലെ ഒഴിപ്പിക്കുന്നതിലും ഒരു റെസ്ട്രിക്ഷൻ വേണമെന്നുള്ള തരത്തിലാണു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ] :

ഞാൻ ഉറച്ചുനിൽക്കുന്നതു്. അതു് എത്രകണ്ടു ഫലപ്രദമാകുമെന്നറിഞ്ഞുകൂടാ. ഇവിടെയും ഇതു ദുരുപയോഗപ്പെട്ടു പോകാതിരിക്കുക എന്നുള്ളതാണു് ഈ ഭേദഗതികൾകൊണ്ടുദ്ദേശിക്കുന്നതു്. ഇന്നുവരെ ഭൂമി കൈവശക്കാരനായിട്ടുള്ള ആളിനു പുതിയതായി കൊണ്ടുവരുന്ന നിയമത്തിന്റെ ഫലമായിട്ടു അനുഭവിച്ചുകൊണ്ടിരിക്കുന്ന അവകാശത്തിനു കാര്യമായ കോട്ടം തട്ടാതിരിക്കുക എന്നുള്ളതാണു് ഉദ്ദേശം. ഈ ഭേദഗതി അത്തരത്തിലുള്ളതാണു്. ഫലത്തിൽ മാത്രം, ഇതു ഇരു പക്ഷത്തിന്റെയും താൽപ്പര്യത്തെ കഴിയുന്നിടത്തോളം യോജിപ്പിച്ചുകൊണ്ടുള്ളതാണു്. ഭൂമിയുടമസ്ഥനു വീടുകെട്ടി പാർക്കണം. അതേ അവസരത്തിൽ കുടിയാനായി തുടർന്നുവരുന്ന ആളിനു കുടിയാനായിട്ടു തുടരുകയും വേണം. കുടിയാന്റെ താൽപ്പര്യം അമ്പെ നശിപ്പിച്ചുകൂടാൻ പാടില്ല. രണ്ടും കണക്കിലെടുക്കുന്നതാണീ ഭേദഗതി. വിശേഷിച്ചും ഈ മാതിരിയുള്ള കേസുകളിൽ, കൈവശക്കാരിൽനിന്നും ഒഴിപ്പിച്ചെടുക്കാനുള്ള പ്രൊവിഷൻ ഉണ്ടാകുന്ന സന്ദർഭത്തിൽ ന്യായമായ റിസ്ട്രിക്ഷൻസ് വയ്ക്കേണ്ടതു ആവശ്യമാണു്. നിയമനിർമ്മാണം ചെയ്യുമ്പോൾ പരിഗണിക്കേണ്ട വസ്തുത ഇതാണു്. റസ്ട്രിക്ഷൻ വെയ്ക്കുമ്പോൾ, അതു് പിടിക്കാത്തവർ, തങ്ങളുടെ കാര്യം പരിഗണിക്കുന്നതേ ഇല്ലെന്നു് പരാതിപ്പെടും. ആ വാദഗതി ശരിയല്ല. അനിയന്ത്രിതമായി, ഒഴിപ്പിക്കാനവസരം നൽകരുതു്. ചെറിയ ചില റസ്ട്രിക്ഷൻ ബില്ലിൽതന്നെ കൊടുത്തതെന്തിനു് ? വീടുകെട്ടി താമസിക്കുന്നതിനു ഭൂമി ഉടമസ്ഥനു സ്ഥലം ഒഴിപ്പിച്ചെടുക്കണം. അതിന്നു് ബില്ലിൽ പറഞ്ഞ റസ്ട്രിക്ഷൻ മാത്രം പോര, കൂടുതൽ രക്ഷയ്ക്കു വേണ്ടിയാണു് എന്റെ ഭേദഗതി ചേർക്കണം എന്നു് ഞാൻ ആവശ്യപ്പെടുന്നതു്. കുടിയാന്റെ കൈവശമുള്ള ഭൂമി ഒരേക്കറിനു താഴെയാണെങ്കിൽ 20 സെന്റ ഈ ഭൂമി ഉടമസ്ഥൻ ഒഴിപ്പിക്കാവൂ. ഇതിനുമുമ്പു് അംഗീകരിച്ച ചില വകുപ്പുകളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഭൂമിയുടമസ്ഥന്മാരുടെ താൽപര്യങ്ങൾക്കു് മുൻതൂക്കം കൊടുത്തിട്ടുണ്ടു് എന്നു് കാണാം. അത്രയ്ക്കും കുടിയാന്റെ താല്പര്യം അപകടപ്പെട്ടു പോകുന്നു. ബില്ലിൽ നിൽക്കുന്ന മാതിരിയാണെങ്കിൽ കുടിയാന്നു് അതു് വലിയ ദോഷം ചെയ്യും. അങ്ങിനെ അവിഹിതമായി ഭൂവുടമയെ സഹായിക്കുകയും കുടിയാനെ ഉപദ്രവിക്കുകയും ചെയ്യുന്നതു് ശരിയല്ല. ഒരു അനീതി അതില്ലായ്മ ചെയ്യുന്നതിനു വേണ്ടിയാണു് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്.

ശ്രീ. കെ. ആർ. വിജയൻ : എന്റെ ഭേദഗതിമൂലം സ്വന്തമായി കെട്ടിടം വയ്ക്കുന്നതിനു ഭൂമി ഒഴിപ്പിക്കുന്ന അവസരത്തിൽ ഈ ഒഴിപ്പിച്ചെടുക്കുന്നവർക്കു് അഞ്ചു സ്റ്റാൻഡേർഡ് ഏക്കറിൽ കുറവായി ഭൂമിയുള്ളവരായിരിക്കണമെന്നു പറഞ്ഞിട്ടുള്ളതു അഞ്ചു സ്റ്റാൻഡേർഡ് ഏക്കറിൽനിന്നും നാലു സ്റ്റാൻഡേർഡു ഏക്കറായിട്ടു കുറയ്ക്കണമെന്നുള്ള ഭേദഗതിയാണു് അവതരിപ്പിച്ചിട്ടുള്ളതു്. സാധാരണഗതിയിൽ കുടിയാന്റെ കൈവശമിരിക്കുന്ന സ്ഥലം സ്ഥിരമായി അയാൾക്കു ലഭിക്കുന്നതു ഒരു പ്രത്യേക പരിത:സ്ഥിതി കണക്കിലെടുത്തു കൊണ്ടാണു്. സ്വന്തമായി അല്ലെങ്കിൽ സ്വന്തം കുടുംബത്തിലെ അംഗങ്ങൾക്കു കെട്ടിടം വയ്ക്കുന്നതിനായി ഏതെങ്കിലും സ്ഥലം ചില പ്രത്യേക നിബന്ധനകൾക്കു വിധേയമായി ഒഴിപ്പിച്ചെടുക്കാൻ ഉള്ള അവകാശം ഈ നിയമത്തിൽ കൊടുക്കുന്നതിൽ ഈ അഞ്ചു് സ്റ്റാൻഡേർഡു് ഏക്കർ എന്നുള്ളതു് നാലു സ്റ്റാൻഡേർഡു് ഏക്കർ എന്നുള്ള ഒരു വ്യത്യാസം സ്വീകരിക്കുന്നതിൽ വലിയ വിരോധമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. കാരണം, ഈ രൂപത്തിൽ ചെറുകിട ഭൂ ഉടമസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ഇത്രയും ഒരു ഭേദഗതി സ്വീകരിച്ചു ഈ നാലു സ്റ്റാൻഡേർഡു ഏക്കർ എന്നുള്ളതു എല്ലാവർക്കും സ്വീകരിക്കാവുന്നതാണു്. ഈ കാർഷികബന്ധബില്ലിൽ നേരത്തെയുണ്ടായിരുന്ന വകുപ്പിൽ ഒഴിപ്പിച്ചെടുക്കാനുള്ള ഭൂമിയുടെ കാര്യം പറയുന്ന കൂട്ടത്തിൽ പറയുന്നതു്, കൂടുതലുള്ള ഭൂമി ഒഴിപ്പിച്ചെടുക്കാം എന്നായിരുന്നു. അപ്പോൾ ഈ അഞ്ചു സ്റ്റാൻഡേർഡു ഏക്കർ എന്നു വച്ചിട്ടുള്ളതു നാലു സ്റ്റാൻഡേർഡു ഏക്കറായി കുറയ്ക്കണമെന്നു ആവശ്യപ്പെടുന്നതു കഴിയുന്നതും ഈ ഒഴിപ്പിക്കലുകളുടെ എണ്ണം വർദ്ധിക്കാതിരിക്കുന്നതിനുവേണ്ടിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ: ഒരു ചോദ്യം. ഈ ഒഴിപ്പിച്ചെടുക്കുന്ന ആളിന്റെ കാര്യം ഇരിക്കട്ടെ. ആരുടെ കയ്യിൽനിന്നാണോ ഭൂമി എടുക്കുന്നത് അവരുടെ കയ്യിൽനിന്നും 1960-ലെ ബില്ലിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതലായി ഒഴിപ്പിക്കലുകൾക്കു സാദ്ധ്യതയുണ്ട് എന്നുള്ളതു തീർച്ചയല്ലേ.

ശ്രീ. കെ. ആർ. വിജയൻ: എണ്ണത്തിൽ ഒഴിപ്പിക്കലുകൾ കുറയുമെന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ട് ഒഴിപ്പിക്കലുകൾ 5 സ്റ്റാൻഡേർഡ് ഏക്കർ എന്നുള്ളതു നാലു സ്റ്റാൻഡേർഡു ഏക്കറാക്കണം എന്നുള്ള എന്റെ ഭേദഗതി നിർദ്ദേശിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. ഈ. ബലറാം: സർ, മൂന്നു ഭേദഗതികളാണ് ഞാൻ 15-ാമത്തെ ക്ലാസിൽ അവതരിപ്പിക്കണമെന്നുദ്ദേശിച്ചത്. അതിൽ ഒന്നിനെ സംബന്ധിച്ചിടത്തോളം ശ്രീമാൻ രാഘവൻനായർ അവതരിപ്പിച്ച ഭേദഗതി അനുസരിച്ചുള്ളതും അതേപ്പറ്റി അദ്ദേഹം പറഞ്ഞുകഴിഞ്ഞിട്ടുള്ളതുമാണ്. അതായത് വീടുവയ്ക്കാൻവേണ്ടി അല്പം സ്ഥലം കുടിയാന്റെ കയ്യിലുള്ളതു ഒഴിപ്പിച്ചെടുക്കാനുള്ളതിനെ സംബന്ധിച്ചാണ്. ഒരു വീടുവയ്ക്കേണ്ട സ്ഥലം അദ്ദേഹത്തിനു ഒഴിഞ്ഞുകൊടുക്കേണ്ടതാണെന്നുള്ള തത്വം സ്വീകരിച്ചുകൊണ്ടുതന്നെ ഞാൻ പറയുകയാണ്, അതിനെ ദുരുപയോഗപ്പെടുത്തുന്ന ഒരു വ്യവസ്ഥയും ഈ വകുപ്പിലുണ്ടാകാൻ പാടില്ലാ എന്ന്. എന്നു മാത്രമല്ല, വളരെ ആവശ്യമുള്ള സന്ദർഭങ്ങളിൽ മാത്രം ഉപയോഗിക്കാൻ തക്കവണ്ണം ഒന്നു പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. അതുകൊണ്ടാണ് അഞ്ചു സ്റ്റാൻഡേർഡ് ഏക്കറിൽ താഴെ ഭൂമി കൈവശമുള്ളവർക്കു കൂടി വീടുവയ്ക്കാൻ സ്ഥലം ഒഴിപ്പിച്ചെടുക്കാൻ അവകാശം കൊടുക്കരുതെന്നു പറഞ്ഞിട്ടുള്ളത്. രണ്ടാമത്തെ കാര്യം 20 സെന്റു സ്ഥലം മാത്രമെ ഒഴിപ്പിച്ചെടുക്കാൻ അനുവദിക്കാവൂ എന്നതാണ്. പക്ഷെ, വീടുവയ്ക്കാൻ വളരെ സ്ഥലം ഉണ്ടായിരിക്കെ എത്രയായാലും നാലോ അഞ്ചോ സ്റ്റാൻഡേർഡ് ഏക്കർ സ്ഥലം വേണ്ടിവരുമെന്നു എനിക്കു തോന്നുന്നില്ല. 5 സ്റ്റാൻഡേർഡ് ഏക്കർ ഭൂമി കൈവശമുള്ള ഒരാളിനു പിന്നെ മറ്റൊരാളിന്റെ കൈവശമിരിക്കുന്ന ഭൂമികൂടി ഒഴിപ്പിച്ചെടുക്കുന്നതിനുള്ള സൗകര്യം ഈ നിയമം മൂലം അവർക്കു നൽകുകയാണ്. കുടിയാന്റെ കൈവശമിരിക്കുന്ന ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം ജന്മിക്കു കൊടുക്കണമെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. പക്ഷേ, അവർക്കു സ്വന്തമായിട്ടു സ്ഥലമുണ്ടായിരിക്കെ അതിൽ വീടുവച്ചുകൂടെ. അതിനു കുടിയാന്റെ കൈവശമുള്ളതു എടുത്തുകൊടുത്തിട്ടു വേണോ. വാസ്തവത്തിൽ ജന്മിമാരും അതു ആഗ്രഹിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അങ്ങനെ ജന്മിമാർപോലും ആഗ്രഹിക്കാത്ത ഒരു ആനുകൂല്യം അവർക്ക് കൊടുക്കുന്നതിനു മന്ത്രി ശ്രമിക്കുന്നതു എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഏതായാലും ഇത്തരം ഒരു വകുപ്പു കാർഷികബന്ധനിയമത്തിലുണ്ടായിരുന്നില്ല. കാർഷികബന്ധനിയമത്തിലുണ്ടായിരുന്ന പല കാര്യങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു പറഞ്ഞു. ആ തരം താണ വാദപ്രതിവാദത്തിലേക്കു ഈ ചർച്ച നീട്ടണോ എന്നു സംശയമാണ്. ജന്മിമാരെ സഹായിക്കുന്നതിനുവേണ്ടി ഇതിൽ ഭേദഗതികൾ വരുത്തുന്നു എന്നുള്ളതാണ് സത്യം. ജന്മിമാർക്കുവേണ്ടി വിറകു വെട്ടുകയും വെള്ളംകോരുകയും അല്ല നമ്മുടെ മന്ത്രിമാർ ചെയ്യേണ്ടത്. ഒരു കാർഷികപരിഷ്കരണനിയമം കൊണ്ടുവരുമ്പോൾ കുടിയാന്മാരുടെ താൽപ്പര്യം സംരക്ഷിക്കുക എന്നുള്ളതാണ് അവരുടെ ചുമതല. ഏതായാലും ഇവിടെ ഈ പുതിയ ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ചു നോക്കുകയാണെങ്കിൽ അഞ്ചു സ്റ്റാൻഡേർഡ് ഏക്കർ ഭൂമി കൈവശമുള്ള ജന്മിക്കുപോലും അവർക്കു വീടുവയ്ക്കാൻ ഒഴിപ്പിച്ചെടുക്കാനവകാശം കൊടുക്കുന്നുണ്ട്. അതു മാറ്റണമെന്നാണ് എന്റെ ഭേദഗതി.

രണ്ടാമതു ഇങ്ങനെ 20 സെന്റു ഒഴിപ്പിച്ചെടുത്താൽ ഒരേക്കർ മാത്രം ഭൂമി കൈവശമുള്ള കുടിയാനാണെങ്കിൽ 80 സെന്റു സ്ഥലം ഈ കുടിയാന്റെ കയ്യിലിരിക്കണം. എന്നു വച്ചാൽ 20 സെന്റുമാത്രം ഭൂമി ഉടമസ്ഥനു ഒഴിപ്പിച്ചെടുക്കാമെന്നുള്ളതാണ്. അതാണ് എന്റെ 420-ാമത്തെ ഭേദഗതികൊണ്ടു ഞാനുദ്ദേശിക്കുന്നത്. അതും ഈ പഴയ കാർഷികബന്ധനിയമത്തിലുള്ള ഒരു വ്യവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഇ. ബലറാം]

സ്ഥയാണ് ചില അവകാശങ്ങൾ നാം ജന്മിമാർക്ക് നൽകുമ്പോൾ അത്യാവശ്യമായ സന്ദർഭങ്ങളിൽ മാത്രം അതുപയോഗിക്കാനുള്ള വ്യവസ്ഥകൂടി നിയമനിർമ്മാണത്തിൽ ചേർക്കാൻ മറക്കരുതു്. അതുകൊണ്ട് ഈ രണ്ടു ഭേദഗതികളും മന്ത്രി സ്വീകരിക്കണമെന്നാണെനിക്ക് പറയാനുള്ളതു്.

ശ്രീ. കെ. കൃഷ്ണൻ: സർ, എന്റെ ആദ്യത്തെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ വകുപ്പുപ്രകാരം ജന്മിക്കു അഞ്ചു സ്റ്റാൻഡേർഡ് ഏക്കർവരെ ഭൂമി കൈവശം വയ്ക്കാൻ വേണ്ടിട്ടു സൗകര്യം കൊടുത്തിട്ടുണ്ട്. അതേയവസരത്തിൽ കുടിയാന്റെ കയ്യിൽ 20 സെൻറും കൈവശം വയ്ക്കാം എന്നു പറഞ്ഞിട്ടുണ്ട്. ഇതുപ്രകാരം ഒരു വലിയ വിടവു ജന്മിക്കും കുടിയാനും ഇടയ്ക്കു ഉണ്ടാകുന്നതിനു് അതായതു്, ജന്മിക്കു പുരവയ്ക്കാൻ വേണ്ടിട്ടുള്ളതിന്റെ പേരിൽ വളരെ അധികം ഭൂമി കൈവശം വയ്ക്കാനും, 5 സ്റ്റാൻഡേർഡ് ഏക്കർവരെ കൈവശം വയ്ക്കാൻ സൗകര്യം കൊടുക്കുമ്പോൾ 75 സെൻറു ഭൂമി കൈവശമുള്ള കുടിയാന്റെ 50 സെൻറു ഭൂമി പോകുക എന്നുള്ളതാണ്.

ശ്രീ. ആർ. കൃഷ്ണൻ: മിക്കവാറും ആളുകൾ ചെറുകിടക്കാരുടെ നിർവചനത്തിൽ പെടത്തക്കവിധം കരുതിക്കൂട്ടി ചില ഏർപ്പാടുകൾ നടത്തിയിട്ടുണ്ട്. 5 സ്റ്റാൻഡേർഡ് ഏക്കർ വരെയുള്ള ആളുകൾക്കു് കുടിയാന്റെ കയ്യിൽ 20 സെൻറു മാത്രം നിർത്തി ബാക്കിയുള്ള ഭൂമി ഒഴിപ്പിച്ചെടുക്കാമെന്നു വരികിൽ വീടുവയ്ക്കുന്ന ആവശ്യത്തിന്റെ പേരിൽ വളരെയധികം ഒഴിപ്പിക്കലുകൾ നടക്കാൻ ഇടയുണ്ട്. കാർഷികബന്ധനിയമത്തിൽ പറഞ്ഞിട്ടുള്ളതുപോലെയാണെങ്കിൽ ഇത്രയധികം ഒഴിപ്പിക്കലുകൾ ഉണ്ടാകുകയില്ല. കാർഷികബന്ധനിയമം നടപ്പിലായശേഷം എത്രയോ ഭാഗപത്രങ്ങൾ നടന്നിട്ടുണ്ട്. എങ്കിൽ പോലും അതിൽ പറഞ്ഞിട്ടുള്ളതുപോലെയാണെങ്കിൽ വളരെ ഒഴിപ്പിക്കലുകൾ ഉണ്ടാകുകയില്ല. ഇന്നത്തെ പരിതസ്ഥിതിയിൽ ഈ വകുപ്പ് കുറച്ചു കരുതിക്കൂട്ടി വേണം പാസാക്കാൻ. അല്ലെങ്കിൽ വളരെയധികം ഒഴിപ്പിക്കലുകൾ ഉണ്ടാകും. കാർഷികബന്ധനിയമത്തിലെ വകുപ്പുകളെ സംബന്ധിച്ചിടത്തോളം സൗകര്യം കിട്ടുമ്പോൾ വളരെയധികം ശാഠ്യം പിടിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പിന്റെ കാര്യത്തിൽ ഒരു ശാഠ്യവും കാണിക്കുന്നില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നതു ഇത്തരത്തിൽ ഭൂമി ഒഴിപ്പിക്കുമ്പോൾ കുടിയാന്റെ കയ്യിൽ 90 സെൻറിൽ കുറയാതെ ഉണ്ടായിരിക്കണമെന്നു്. ആ നിലയിലാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചതു്.

ശ്രീ. പി. എസ്. കാർത്തികേയൻ: In clause 15 Explantation (ii) in "line 2 delete lineal descendant of a Landlord" occurring after the word "or" and insert in its place "their son or daughter" എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ലീനിയൽ ഡിസൻഡൻറ് എന്നുള്ളതു മാററി മകനോ മകളോ എന്നു ചേർക്കണമെന്നാണ് എന്റെ ഭേദഗതി. 5 സ്റ്റാൻഡേർഡ് ഏക്കർവരെ കൈവശമുള്ളവർക്ക് വീടുവയ്ക്കാൻ ഭൂമി ഒഴിപ്പിക്കാൻ അവകാശം നൽകുന്ന വകുപ്പാണിതു്. അതുകൊണ്ട് കുടുംബത്തിന്റെ നിർവ്വചനം വിപുലമാക്കാതെ നിർവചനം പരിമിതപ്പെടുത്തുന്നതു് നല്ലതാണെന്നുള്ള ഉദ്ദേശത്തിലാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ലീനിയൽ ഡിസൻഡൻറ് എന്നു വന്നാൽ മക്കളും മക്കളുടെ മക്കളും എന്ന നിലയിൽ അതു് കൈകാര്യം ചെയ്യുന്നതിനു് ഇടയുണ്ട്. അങ്ങനെ മക്കളും മക്കളുടെ മക്കളുമെന്ന രീതിയിൽ വരുമ്പോൾ ഒരു പുരയിടമുടമസ്ഥനു് അയാളുടെ ഫാമിലിയിലുള്ള ആൾക്കെങ്കിലുംവേണ്ടി പുരവയ്ക്കുന്നതിനു കൂടുതൽ സ്ഥലം ഒഴിപ്പിക്കാൻ കഴിയും. എന്റെ ഭേദഗതിയനുസരിച്ചാണെങ്കിൽ wife or husband, as the case may be, or their son or daughter എന്ന പരിമിതി ഉണ്ടാകും. ഇന്നത്തെ കേരളത്തിലെ പരിതസ്ഥിതി നോക്കുമ്പോൾ അതായിരിക്കും ആദരണീയമായി സ്വീകരിക്കാവുന്നതു്. അതുകൊണ്ട് എന്റെ ഭേദഗതി മന്ത്രി അംഗീകരിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Deputy Speaker in the Chair]

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ</u> : എന്റെ 1165–ാംനമ്പർ ഭേദഗതി കാർഷികബന്ധനിയമത്തിലെ വകുപ്പുതന്നെ ചേർത്താൽ മതിയെന്ന തരത്തിലുള്ളതാണ്. ശ്രീ. തൊമ്മൻ ഇതിനെ അനുകൂലിക്കുമെന്നാണ് തോന്നുന്നത്. കാരണം അദ്ദേഹം കാർഷികബന്ധനിയമത്തിലെ വകുപ്പുകളോട് ഇതിനു മുൻപ് വളരെ താല്പര്യം കാണിച്ചിട്ടുണ്ട്.

<u>ശ്രീ. ടി. എ. തൊമ്മൻ</u> : ലക്ഷക്കണക്കിനു ഏക്കർ സ്ഥലമുള്ള ലാൻറു ലോഡിനു ഒഴിപ്പിക്കാമെന്നാണ് ഈ ഭേദഗതിമൂലം വരുന്നത്. അങ്ങനെയുള്ള ഭേദഗതി സ്വീകരിക്കാൻ തയ്യാറില്ല.

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ</u> : ഇവിടെ ഒരേക്കർമാത്രം കൈവശമുള്ള കുടിയാനിൽനിന്നും 20 സെൻറു നിറുത്തി ബാക്കി മുഴുവനും ഒഴിപ്പിച്ചെടുക്കാമെന്നാണു പറയുന്നത്. വളരെയധികം ഒഴിപ്പിക്കലുകൾ നടക്കുമെന്നുള്ള ഭീതികൊണ്ട് ഈ പുതിയ വകുപ്പ് സ്വീകാര്യമാണെന്നും, പഴയ കാർഷികബന്ധനിയമത്തിലെ വകുപ്പ് സ്വീകാര്യമല്ലെന്നുമാണ് അദ്ദേഹം പറയുന്നത്. ഈ വകുപ്പ് സ്വീകരിക്കുന്നതിന്റെ തത്വം ഒഴിപ്പിക്കലുകൾ കഴിയുന്നത്ര കുറയ്ക്കണമെന്നുള്ളതാണെങ്കിൽ ആ തത്വം ഇതിൽ സ്വീകരിച്ചിട്ടില്ലാ എന്നു കാണാം. ഒഴിപ്പിക്കലുകൾക്കു കൂടുതൽ സൗകര്യം കൊടുക്കുകയാണു ചെയ്യുന്നത്. അതുകൊണ്ടാണ് ആ വകുപ്പ് മററു തരത്തിൽ മാററണമെന്നു പറയുന്നത്. ഒഴിപ്പിക്കലുകൾക്ക് കൂടുതൽ സൗകര്യം നൽകുന്ന തരത്തിൽ പല വകുപ്പുകളിലും കാണിച്ചിട്ടുള്ള പ്രവണത ഈ വകുപ്പിലും കാണിച്ചിട്ടുണ്ട്. മുൻ നിയമത്തിലുണ്ടായിരുന്ന വകുപ്പുകൾ സ്വീകരിച്ചാൽ ലക്ഷക്കണക്കിനു ഏക്കർ ഭൂമിയുള്ള ആളുകൾക്ക് ഒഴിപ്പിക്കാൻ സൗകര്യം കിട്ടുമെന്നാണു പറയുന്നത്. പക്ഷെ വീടു വയ്ക്കണമെന്നുള്ള ആവശ്യം ബോണഫൈഡിയായിരിക്കണമെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഈ ഭൂമി ഒഴിപ്പിച്ചാലെ വീടുവയ്ക്കാൻ സൗകര്യമുള്ളുവെന്നു ഉത്തമബോദ്ധ്യമാകണം. ലക്ഷക്കണക്കിനു ഭൂമിയുള്ള ആളിനു് ഒരു ചെറിയ കുടിയാനെ ഒഴിപ്പിച്ചാലെ വീടുവയ്ക്കാൻ സാധിക്കുകയുള്ളുവെന്നു എങ്ങനെയാണു ബോദ്ധ്യപ്പെടുത്തുക. അത്തരത്തിലുള്ള ബോദ്ധ്യപ്പെടുത്തൽ ഉത്തമബോദ്ധ്യമല്ല, അധമബോദ്ധ്യത്തെക്കാളും താണതായിരിക്കും. ആ നിലയിൽ ലക്ഷക്കണക്കിനു ഭൂമിയുള്ളവർക്ക് സൗകര്യം നൽകുന്നുവെന്നുള്ള നിലയിൽ കാർഷികബന്ധനിയമത്തിലെ വകുപ്പു സ്വീകരിക്കാൻ പാടില്ല, ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള വകുപ്പു സ്വീകരിക്കണമെന്നു ശ്രീ. തൊമ്മനെപ്പോലെ വിവരമുള്ള മെമ്പറന്മാർ സംസാരിക്കുന്നതു് ഖേദകരമാണ്. ഒഴിപ്പിക്കലുകൾക്ക് കൂടുതൽ സൗകര്യം ഉണ്ടാക്കുന്ന ഈ വകുപ്പ് മാററണമെന്നു പറയുന്നതു് ചെറിയ ആളുകളുടെ സൗകര്യത്തെ കരുതിയാണ്.

<u>ശ്രീമതി കെ. ആർ. ഗൗരി</u> : കാർഷികബന്ധനിയമത്തിൽ കുടുംബത്തിനു നിർവചനം കൊടുത്തിരുന്നതു് അച്ഛൻ, അമ്മ, മൈനർകുഞ്ഞുങ്ങൾ എന്നാണ്. ഇപ്പോൾ ആ നിർവ്വചനം കുറെ വിപുലമായിട്ടുണ്ട്. ലീനിയൽ ഡിസൻഡൻസ് എന്നു പറയുമ്പോൾ ഒഴിപ്പിക്കലുകൾ കൂടുതൽ ഉണ്ടാകാനുള്ള സാദ്ധ്യതകളില്ലേ?

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ</u> : ഇതെല്ലാം ശ്രീ. തൊമ്മൻ അറിയാതെയല്ലാ പറയുന്നതു്.

<u>ശ്രീ. പി. ടി. ചാക്കോ</u> : കാർഷികബന്ധനിയമത്തിൽ ഭാര്യ, ഭർത്താവ്, മൈനർ കുട്ടികൾ എന്നിവർക്ക് പുരവയ്ക്കാൻ സ്ഥലം ഒഴിപ്പിക്കാമെന്നു പറഞ്ഞാൽ ഏതു് മൈനർകുട്ടികളാണ് പുരവച്ചു പോയി താമസിക്കുന്നതു്?

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ</u> : മൈനർകുട്ടികൾ പ്രായമാകുമെന്നും കൂടി മനസ്സിലാക്കണം. എത്ര ഒഴിപ്പിക്കാൻ ശ്രമിച്ചാലും ലക്ഷക്കണക്കിനു ഏക്കർ ഭൂമിയുള്ള ആളുകൾ ഒഴിപ്പിക്കുന്നതിനു ഒരു പരിധിയുണ്ട്. അതുകൊണ്ട് ശ്രീ. തൊമ്മന്റെ ആശങ്കയ്ക്ക് അടിസ്ഥാനമില്ലെന്നാണ് എനിക്കു പറയാനു

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

ള്ളതു്. ഇപ്പോൾ ബില്ലിലുള്ള വകുപ്പനുസരിച്ചു് ഭൂമി കൈവശം വച്ചിട്ടുള്ള കൃഷിക്കാരിൽനിന്നും ഒഴിപ്പിച്ചെടുക്കുന്നതിനുള്ള സൗകര്യം ഭൂസ്വാമികൾക്കു് ലഭിക്കും. അതുകൊണ്ടു് ഈ വകുപ്പുമാററി പഴയ വകുപ്പു നിലനിറുത്തണമെന്നാണു് പറയുന്നതു്. ഒഴിപ്പിച്ചെടുക്കുന്നതിനുള്ള സൗകര്യം യാതൊരു തരത്തിലും പുതിയ നിയമത്തിൽ ഉണ്ടാകാൻ പാടില്ലെന്നുള്ള നിർബന്ധംകൊണ്ടാണു ഞങ്ങൾ ഈ ബില്ലിനെ എതിർക്കുന്നതു്. നേരെ മറിച്ചു് ചെറിയ കുടിയാന്മാർക്കു് ന്യായമായ ആനുകൂല്യം നൽകുന്ന കാര്യത്തിൽ ആർക്കും എതിർപ്പില്ല. വലിയവർക്കു് കൂടുതൽ സൗജന്യം കൊടുക്കുകയും, ചെറിയ തരക്കാർക്കു് മുമ്പുണ്ടായിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യുന്നുവെന്ന നിലയിലാണു് ഈ ബില്ലിലെ വകുപ്പുകളെ ഞങ്ങൾ ശക്തിയായി എതിർക്കുന്നതു്. ആ നിലയിൽ ഏററവും എതിർക്കപ്പെടേണ്ട ഒരു വകുപ്പാണു് ഇതു്. അതുകൊണ്ടാണു് കാർഷികബന്ധനിയമത്തിലെ വകുപ്പു ചേർത്താൽ മതിയെന്നു ഞാൻ അഭ്യർത്ഥിക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ: ഈ വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയും ഞാൻ സ്വീകരിക്കുന്നില്ല. ഈ വകുപ്പുകൊണ്ടു് വളരെയധികം ഒഴിപ്പിക്കലുകൾ ഉണ്ടാകുമെന്നാണു് പ്രതിപക്ഷത്തുനിന്നു പറഞ്ഞതു്. അതെങ്ങനെയാണെന്നു എനിക്കു് മനസ്സിലാകുന്നില്ല. ഇതിനെപ്പററി സംസാരിച്ചപ്പോൾ ശ്രീമതി ഗൗരി പറഞ്ഞതു് ലീനിയൽ ഡിസൻഡൻസും എന്നു ചേർത്താൽ കണക്കില്ലാതെ വരുമെന്നാണു്. മനുഷ്യരെ സംബന്ധിച്ചിടത്തോളം ഇങ്ങനെ വരാനിടയില്ല. അവരുടെ ഇടയിൽ സ്വാഭാവികമായി ഒരു അതിരുണ്ടു്. അതിന്നപ്പുറമൊന്നും ഉണ്ടാകുകയില്ല. ആ നിലയിൽ ഒരു പരിധിയില്ലാതെ വച്ചിരിക്കുന്നുവെന്നു പറയുന്നതു തെററാണു്. പഴയ കാർഷികബന്ധനിയമത്തിൽ നീഡഡ് ബോണഫൈഡി എന്നു ചേർത്തിട്ടുണ്ടു്. ഇപ്പോഴത്തെ വകുപ്പിൽ ബോണഫൈഡിയായിരിക്കണമെന്നു പറയുന്നുണ്ടു്. നീഡഡ് എന്നുള്ളതു് ചേർത്തിട്ടില്ല. പിന്നെ ആ പർപ്പസിനു ഉപയോഗിച്ചില്ലെങ്കിൽ സ്ഥലം തിരിച്ചെടുക്കാമെന്നു പുറകെ വരുന്ന 23-ാം ക്ലാസ്സിൽ പറയുന്നുണ്ടു്. ഫിക്സിററിയുള്ള സ്മാൾ ഹോൾഡേഴ്സിനുപോലും പുരവയ്ക്കാൻ സ്ഥലം ഒഴിപ്പിക്കാൻ വേറെ വ്യവസ്ഥയില്ല, കൊച്ചിയിലേയും, മലബാറിലേയും ജന്മികളെ സംബന്ധിച്ചിടത്തോളം ഒരിഞ്ചു ഭൂമിപോലും ഒഴിപ്പിക്കാൻ നിവൃത്തിയില്ല. അങ്ങനെയുള്ള ആളുകളുടെ കാര്യത്തിലാണു് ഈ അഞ്ചേക്കർ ലിമിററു പറഞ്ഞിട്ടുള്ളതു്. സീലിംഗിനുമേൽ ടെനൻറിൻെറ കയ്യിൽ ഭൂമിയുണ്ടെങ്കിൽ സീലിംഗ്‌വരെ ലാൻറുലോഡിനു ഒഴിപ്പിക്കാമെന്നു പറയുന്നുണ്ടു്. അങ്ങനെയുള്ളവർക്കു് ഈ അവകാശം ലഭിക്കുകയില്ല. മരുമക്കത്തായ കുടുംബങ്ങളിൽ ഓരോന്നിലും വളരെ അംഗങ്ങൾ ഉണ്ടായി എന്നുവരും. അഞ്ചു് സ്റ്റാൻഡേർഡ് ഏക്കർ ഉള്ളതുകൊണ്ടു് ആ കുടുംബത്തിൽ വേറെയാരും പുരവച്ചു പോകരുതെന്നു പറയുന്നതു ശരിയല്ല. 20 സെൻറു ഭൂമി ഒഴിപ്പിക്കുന്ന കാര്യമാണു പറയുന്നതു്. സ്മാൾ ഹോൾഡർക്കു് മറെറാരു തരത്തിലും ഒഴിപ്പിക്കാൻ പാടില്ലാത്തതുകൊണ്ടു് വീടുവയ്ക്കുന്നതിനു ഇങ്ങനെ ഒരു വ്യവസ്ഥവയ്ക്കുന്നതു വലിയ അന്യായമാണെന്നു പറഞ്ഞാൽ അതിനു മറുപടി അർഹിക്കുന്നുണ്ടെന്നു തോന്നുന്നില്ല. പിന്നെ ഒരേക്കറിനു താഴെയുള്ളവരിൽനിന്നും ഒഴിപ്പിക്കുന്നുവെന്നാണു പരാതി. വേറൊരു വകുപ്പിനെപ്പററി ചർച്ച നടന്നപ്പോൾ ടെനൻറിൻെറ കയ്യിൽ 50 സെൻറു നില്ക്കണമെന്നു ഒരു വ്യവസ്ഥ കൊണ്ടുവന്നപ്പോൾ അതു വലിയ അപകടമുണ്ടാക്കുമെന്നു ശ്രീമതി ഗൗരി പറയുകയുണ്ടായി. അതുകൊണ്ടു് സ്മാൾ ഹോൾഡേഴ്സിനു ഒരുത്തർക്കും ഒന്നും കിട്ടുകയില്ലെന്നു പറഞ്ഞു അതു മാററി.

ഇപ്പോൾ പറയുന്നതു് ഒരേക്കറിൽ കുറവാണെങ്കിൽ, 50 സെൻറു നിലനിർത്താൻ വ്യവസ്ഥചെയ്യണമെന്നാണു്. മലബാറിലെ സ്മാൾ ഹോൾഡേഴ്സിനെ സംബന്ധിച്ചിടത്തോളം, ആ കുടുംബത്തിൽ ആർക്കെങ്കിലും ഒരു പുരവയ്ക്കണമെങ്കിൽ, സ്ഥലം എടുക്കാൻ ഈ വ്യവസ്ഥയല്ലാതെ, വേറെ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയനുസരിച്ചും, ഒരു സെൻറു സ്ഥലംപോലും ഒഴിപ്പിക്കാൻ ഒക്കുകയില്ല. അങ്ങനെ പുരവച്ചുന്നതിന് ഇരുപതു സെൻറു സ്ഥലം ഉത്തമവിശ്വാസമായിട്ട് ആവശ്യമുള്ളതാണെന്നു കണ്ടാൽ, അതു് ഒഴിപ്പിക്കാനുള്ള വ്യവസ്ഥയെ എതിർക്കേണ്ട കാര്യമൊന്നുമില്ല. പിന്നെ എതിർക്കാൻവേണ്ടി വേണമെങ്കിൽ എതിർക്കാം. അങ്ങനെ ഒഴിപ്പിച്ചുട്ടത്താലും പുരവെച്ചില്ലെങ്കിൽ, 23-ാമത്തെ ക്ലാസനുസരിച്ച് അതു് തിരിച്ചെടുക്കാം.

കാർഷികബന്ധ നിയമത്തിലെ ഡഫനിഷനാണു നല്ലതെന്നു പറഞ്ഞു. മൈനർ ചിൽഡ്രൻസ് എന്നു് ചേർക്കേണ്ട കാരണം മൈനർ ചിൽഡ്രൻസ് പുരവച്ചു പ്രത്യേകം താമസിക്കുകയില്ലല്ലോ. മേജറാകുമ്പോഴാണ് ആ പ്രശ്നം വരിക. അതെല്ലാം ശരിയായി ആലോചിച്ചിട്ടാണ് അങ്ങനെ വച്ചതു്. ഈ ആവശ്യത്തിനു ആകെ ഇരുപതു സെൻേറ എടുക്കൂ. മരുമക്കത്തായ കുടുംബത്തിൽ, 50 സെൻറിൽ കൂടുതൽ യാതൊരു വിധത്തിലും ഒഴിപ്പിക്കാൻ സമ്മതിക്കുകയില്ല. അങ്ങനെ എടുത്താൽ ആ ആവശ്യത്തിനുതന്നെ ഉപയോഗിക്കണമെന്നും നിർബ്ബന്ധിച്ചിട്ടുണ്ട്.

ശ്രീ. പി. സി. രാഘവൻ നായർ : എല്ലാം ഡിസ്ട്രിക്റ്റിലും സാധാരണ ഏക്കർ കണക്കനുസരിച്ചു കൂടിവരികയില്ലേ ?

ശ്രീ. പി. ടി. ചാക്കോ : വളരെ അപൂർവ്വമായിരിക്കും. ഏതു ഡിസ്ട്രിക്റ്റായാലും, ഒരേക്കർ എന്നുപറഞ്ഞാൽ അതു ഒരേക്കറെ വരികയുള്ളൂ. വല്ല ഡിസ്ട്രിക്റ്റിലും അപൂർവ്വമായിട്ട് വേസ്റ്റായിട്ടു കിടക്കുന്ന സ്ഥലമാണെങ്കിൽ കുറേ കൂടുതൽ കണ്ടെന്നുവരും. അതുകൊണ്ടു് അതൊരു പൊതുതത്വമായി കരുതുന്നതു ശരിയല്ല. ചെറുകിടക്കാരുടെ കൈവശം ഇപ്പോഴും നാലു സ്റ്റാൻേറർഡു ഏക്കറായി കുറച്ചിരിക്കുകയാണ്. മരുമക്കത്തായ കുടുംബത്തിൻെറ കൈവശം നാലു സ്റ്റാൻേറർഡു ഏക്കർ ഉണ്ടെങ്കിലും, ആ കുടുംബത്തിനു് ഇരുപതു സെൻറു സ്ഥലം ഒഴിപ്പിക്കാൻ ഒരു സൗകര്യം നൽകുന്നതു കേവലം ന്യായമാണെന്നു കരുതുന്നു, അതിൽ ഒരു അന്യായവുമില്ല. അതുകൊണ്ടു് ഈ ഭേദഗതികളും ഒന്നുംതന്നെ സ്വീകരിക്കുന്നില്ല.

Amendment No. 398 moved by Smt K. R. Gouri was put and lost.

Amendment No. 424 moved by Smt K. R. Gouri was put and lost.

Amendment No. 399 moved by Shri P. C. Raghavan Nair was put and lost.

Amendment No. 413 moved by Shri P. C Raghavan Nair was put and lost.

Amendment No. 412 moved by Shri E. P. Gopalan was put and los t.

Amendment No. 405 moved by Shri K. R. Vijayan, was by leave, withdrawn.

Amendment No. 406 moved by Shri C. Achutha Menon was put and lost.

Amendment No. 414 moved by Shri N. E. Balaram was put and lost.

Amendment No. 421 moved by Shri N. E. Balaram was put and lost.

Amendment No. 419 moved by Shri K. Krishnan was put and lost.

Amendment No. 423 moved by Shri K. Krishnan was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 420 moved by Shri R. Krishnan was put and lost.

Amendment No. 425 moved by Shri P. S. Karthikeyan was, by leave, withdrawn.

Amendment No. 1165 moved by Shri T. K. Ramakrismnan was put and lost.

The following oral amendment moved by the Minister was put and carried.

"In clause 15 in the Explanation for the words and figures 'this section and sections 16 and 17' the words and figures "this section and section 16 shall be substituted."

The question that clause 15 as amended stand part of the Bill was put and carried.

Clause 15, as amended, was added to the Bill.

Clause 16.

Shri N. E. Balaram : I move amendments No. 429, 430 and 433.

429. Delete clause 16 and substitute instead the following ;

"A landlord who doesnot own land in excess of the ceiling area requiring the holding bona fide for cultivation by him or any member of his family may resume from the tenant having in his possession or where he is a member of a family in the possession of the members of his family including himself land in the aggregate exceeding the ceiling area the whole or any portion of the holding so as not to reduce the extent of the land in the possession of the tenant or in the possession of the members of his family in the aggregate as the case may be below the ceiling area nor to raise the extent of the land in the possession of the landlord above five acres of double crop nilam or garden or ten acres of single crop nilam :

Provided that in no case shall the landlord be entitled to resume under this sub-section more than half the extent of the land in excess of the ceiling area in the possession of the tenant that would be liable to be surrendered to the Government."

430. In clause 16, after the words 'requires' and before the beginning of the bracket, add the following words :

"Who does not own land in excess of the ceiling area and".

433. In clause 16, delete the words, 'requires' and subititute the words" "needs".

Smt K. R. Gouri : I move.

432. In clause 16, in line four, after "public religious worship" in bracket, add "or owner of any charitable or educational institution or endowment" in bracket.

Shri C. Achutha Menon : I move :

435. In clause 16, in line 11, substitute the words five standard acres for the words 'the ceiling area'.

LIBRARY ARCHIVES Kerala Legislative Assembly

Shri R. Krishnan : I move :

436. In clause 16, in line 11, after the words "above the" delete the words 'ceiling area' and insert the words "one half of the ceiling area".

Shri K. Krishnan : I move. :

437. In clause 16, delete the last portion beginning with "the total extent of land in the possession of the landlord etc." and substitute in its place "the total extent of land in the possession of the landlord is not raised above ten acres and the total extent of land in possession of the cultivating tenant is not reduced below the ceiling area."

Shri N. Bhaskaran Nair : I move :

439. In clause 16, add the following as Explanation II:

Explanation II : Where any land held by a tenant was transferred by him after 13th December 1957 and on or before the date on which this Act comes into force, otherwise than —

(i) by way of partition or

(ii) on account of natural love and affection, the extent of land thus transferred by him shall be calculated for purposes of fixing the total extent of the land in his possession.'

Shri E. P. Gopalan : I move :

1062. In clause 16, delete the words "the whole or a portion of holding" and substitute "half the extent of land in excess of the ceiling area."

Shri Ponnara G. Sreedhar : I move :

1168. In clause 16' after the words 'bona fide for' for the words "cultivation by himself, or any member of his family the words "his own personal use or the use of any member of his family" shall be substituted.

1170. In clause 16, the words "who is in possession of land exceeding the ceiling area between the words 'may resume from his tenants' and 'the whole or portion of the holding' and the portion "and the total extent of land in the possession of the cultivating tenant is not reduced below the ceiling area" at the end the sentence shall be deleted.

ശ്രീ. എൻ. ഇ. ബലറാം : മാഡം, ഈ ബില്ലിലെ, 16-ാം വകുപ്പ് നീക്കം ചെയ്യണം, അതിനുപകരം പുതിയ ഒരു വകുപ്പ് എഴുതിച്ചേർക്കണമെന്നാണ് എന്റെ ഭേദഗതി. കാർഷികപരിഷ്ക്കരണശ്രമങ്ങളുടെ ചരിത്രത്തിൽ, ഇതുപോലുള്ള ഒരു വകുപ്പ്, ഇൻഡ്യയിലെ ഏതെങ്കിലും സംസ്ഥാന ഗവണ്മെന്റുകളോ, ഇൻഡ്യയിൽ അടുത്ത കാലത്തു നടന്ന കാർഷികപരിഷ്ക്കരണ ശ്രമങ്ങളിൽ ഏതെങ്കിലും ഒരു നിയമത്തിൽ മററാരെങ്കിലുമോ സ്വീകരിച്ചിട്ടുള്ളതായി മന്ത്രിക്കു ചൂണ്ടിക്കാണിക്കാൻ സാധിക്കുകയില്ലെന്ന് എനിക്കും അറിയാം, മന്ത്രിക്കും അറിയാം. ഈ പുതിയ വകുപ്പുമൂലം കേരളത്തിലെ ഏതു ജന്മിക്കും ഭൂമി ഒഴിപ്പിച്ചെടുക്കാൻ സൗകര്യം ലഭിക്കുന്നതാണ്. ഇവിടെ പലപ്പോഴും ആവർത്തിച്ചാവർത്തിച്ചു ശ്രീ. നാരായണക്കുറുപ്പ് പറയുന്ന ഒരു കാര്യമുണ്ട്, ചെറുകിടക്കാർക്ക് ഭൂമി ഒഴിപ്പിക്കാനുള്ള അവകാശം നൽകണമെന്ന് പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്; പ്ലാനിംഗ് കമ്മീഷന്റെ തത്വങ്ങളിൽ അതും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന്. അങ്ങനെ പലപ്പോഴും വാദിക്കുന്ന ശ്രീ. നാരായണക്കുറുപ്പുപോലും, വൻകിടക്കാർക്ക് ഭൂമി ഒഴിപ്പിക്കാനുള്ള അവകാശം നൽകണമെന്ന പ്ലാനിംഗ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടെന്നു പറയുമോ എന്ന് എനിക്കു സംശയമുണ്ട്. അങ്ങനെ അദ്ദേഹം വാദിക്കുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഈ. ബലറാം]

തോന്നുന്നില്ല. ഈ വകുപ്പുമൂലം അതാണു വന്നു ഭവിക്കുന്നതു്. കേരളത്തിലെ എത്ര വലിയ ജന്മിയായാലും തരക്കേടില്ല, അയാൾക്കു ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം ഈ വകുപ്പുമൂലം കൊടുത്തിരിക്കുകയാണു്. കാർഷികബന്ധനിയമത്തിൽ, പരിധിയിൽ അധികം ഭൂമിയുള്ള ജന്മിമാർക്കു് കുടിയാന്മാരിൽനിന്നു് ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം കൊടുത്തിരുന്നില്ല. ഈ നിയമത്തിൽ, 16-ാം വകുപ്പിൽ പറയുന്നതു്: 'a landlord who requires the holding bona fide for cultivation by himself' എന്നാണു്. അപ്പോൾ, ചെറുകിടക്കാരനല്ല, വലിയ ജന്മിയുമാകാം, ലാൻഡ്‌ലാർഡ് എന്നേ പറയുന്നുള്ളു. എന്നുമാത്രമല്ല, 'who is in possession of land exceeding the ceiling area' അയാൾ കൃഷി ചെയ്യണമെന്നു ആവശ്യപ്പെട്ടുകഴിഞ്ഞാൽ ഭൂമി ഒഴിപ്പിച്ചെടുക്കാൻ ഈ ബില്ലിൽ അവസരം നൽകുകയാണു്. അതാണു് ഈ ക്ലാസ്സുമൂലം ഉണ്ടാകുന്നതു്. അതുകൊണ്ടു ഞാൻ ഇതിനെ എതിർക്കുകയാണു്.

വേറൊരു കുഴപ്പംകൂടിയുള്ളതു ചൂണ്ടിക്കാണിക്കാം. കാർഷികബന്ധനിയമത്തിൽ, പരിധിക്കപ്പുറത്തു ഭൂമി കൈവശമുള്ള കുടിയാന്മാരിൽനിന്നു് ഭൂമി മുഴുവൻ ഒഴിപ്പിച്ചെടുക്കാൻ അവകാശം കൊടുത്തിരുന്നില്ല. പരിധികഴിച്ചുള്ള ബാക്കി ഭൂമിയുടെ പകുതി ഗവണ്മെൻറിനു് വിട്ടുകൊടുക്കണമെന്നായിരുന്നു കാർഷികബന്ധനിയമത്തിലെ വ്യവസ്ഥ. അങ്ങനെ ഒരു വ്യവസ്ഥ ഇതിൽ ഇല്ല. പരിധിക്കപ്പുറത്തുള്ള ഭൂമി പകുതിപകുതിവീതം കുടിയാനും, ജന്മിയും വീതിച്ചെടുക്കാനാണു് ഇതിലെ വ്യവസ്ഥ. അങ്ങനെ അധികംവരുന്ന ഭൂമി ഗവണ്മെൻറിലേക്കു് സറണ്ടർ ചെയ്താൽ കുറേ മിച്ചഭൂമി കിട്ടും, അതു ഭൂമിയില്ലാത്തവർക്കു വിതരണം ചെയ്യാൻ സാധിക്കുമെന്നു് ബോധപൂർവ്വം മനസ്സിലാക്കിയിട്ടാണു് അങ്ങനെയൊരു വ്യവസ്ഥ കാർഷികബന്ധനിയമത്തിൽ ചേർത്തിരുന്നതു്. അതിനെ പരിപൂർണ്ണമായി പരാജയപ്പെടുത്താനാണു് ശ്രീ. ചാക്കോയുടെ ശ്രമമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുകയാണു്. ഇന്നത്തെ ബില്ലിലെ വ്യവസ്ഥകൾ വച്ചു നോക്കിയാൽ പരിധികഴിച്ചശേഷം ഭൂമി വല്ലതും ബാക്കി കിട്ടുമോ എന്നുതന്നെ സംശയമാണു്. കുട്ടനാടു പ്രദേശത്തെ ഒഴിവാക്കിയിരിക്കുകയാണു്; കമുകിൻതോട്ടങ്ങളും പരിധിയിൽനിന്നു് ഒഴിവാക്കി. അങ്ങനെ പലതും ഒഴിവാക്കിയതിനുശേഷം, അല്പം വയലും, തെങ്ങിൻതോട്ടങ്ങളും അവശേഷിച്ചിരിക്കുകയാണു്. വൻകിട കുടിയാന്മാരുടെ കയ്യിൽ പരിധികഴിച്ചശേഷം ബാക്കിവരുന്ന ഭൂമിയും വിതരണത്തിനു നൽകില്ല എന്നാണു് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു്. കുടിയാൻെറ കൈവശം പരിധി കഴിഞ്ഞുള്ള ഭൂമി ഗവണ്മെൻറിലേക്കു സറണ്ടർ ചെയ്യണമെന്നു ശ്രീ. ചാക്കോയ്ക്കു നിർബ്ബന്ധമില്ല. അങ്ങനെ ഭൂമി വല്ലതും ഉണ്ടെങ്കിൽ അതു ജന്മിമാർക്കു് ഒഴിപ്പിച്ചെടുക്കാൻ വ്യവസ്ഥ ചെയ്തിരിക്കുകയാണു്. കാർഷികബന്ധനിയമത്തിലെ നല്ല വകുപ്പുകളെ ബോധപൂർവ്വം പരാജയപ്പെടുത്തണമെന്നാണു് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉദ്ദേശം. അല്ലെങ്കിൽ ഈ വകുപ്പ് ഇങ്ങനെ കടന്നുവരികയില്ലല്ലോ. കുടിയാന്മാരുടെ കൈവശമുള്ള ഭൂമി നല്ല ഭൂമിയായിരിക്കും. ആ ഭൂമി ജന്മി ഒഴിപ്പിച്ചിട്ടു വാങ്ങും, ജന്മിയുടെ കയ്യിലെ മിച്ചഭൂമി വേണമെങ്കിൽ ഗവണ്മെൻറിനു സറണ്ടർ ചെയ്യുകയും ചെയ്യും. എങ്ങനെയായാലും നല്ല ഭൂമി ഗവണ്മെൻറിനു കിട്ടില്ലെന്നർത്ഥം. പരിധിയിൽ കവിഞ്ഞ ഭൂമി മുൻ വ്യവസ്ഥപ്രകാരം ഗവണ്മെൻറിലേക്കു് സറണ്ടർ ചെയ്യുന്നതിനുപകരം, ഇപ്പോൾ ജന്മിമാർക്കു വീതിച്ചുകൊടുക്കാൻ വ്യവസ്ഥ ചെയ്യുകയാണു്. അങ്ങനെയൊരു സൗകര്യം ഇതിൽ നൽകാൻ പാടില്ലെന്നാണു് എൻെറ അഭിപ്രായം. പരിധിയെ തോല്പിക്കാനുള്ള യാതൊരു പരിശ്രമവും നാം അനുവദിച്ചുകൊടുക്കരുതെന്നാണു് എനിക്കു പറയാനുള്ളതു്. ചെറുകിടക്കാരുടെ കാര്യമാണെങ്കിൽ അതു മനസ്സിലാക്കാം. അവർക്കു കൃഷി ചെയ്യാൻ താൽപര്യമുണ്ടായാൽ, മററു ജീവിതസൗകര്യമില്ലാതെ ഭൂമി ഒഴിപ്പിക്കേണ്ടി വന്നാൽ അതു മനസ്സിലാക്കാം. ഈ വകുപ്പുമൂലം വലിയ ജന്മിമാർക്കും ഭൂമി ഒഴിപ്പിക്കാനുള്ള അവകാശം കൊടുക്കുകയാണു്. 16-ാമത്തെ വകുപ്പുമൂലം അതാണു സംഭവിക്കാൻ പോകുന്നതു്. പരിധിക്കപ്പുറത്തുള്ള കുടിയാന്മാരുടെ

LIBRARY ARCHIVES Kerala Legislative Assembly

കൈവശഭൂമി, ജന്മിമാക്കു കൊടുക്കാനുള്ള വ്യവസ്ഥ മാററണമെന്നും, മുൻപുണ്ടായിരുന്ന മാതിരി ആ തരം ഭൂമി, ഗവണ്മെൻറിലേക്കു സറണ്ടർ ചെയ്യണമെന്നുമുള്ളതാണ് എൻെറ ഭേദഗതി. ആ ഭേദഗതി സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുകയാണ്. ഇന്നത്തെ വകുപ്പിലുള്ള, ജന്മിമാക്ക് ഒഴിപ്പിക്കാനുള്ള അവകാശം നൽകുന്ന ഭാഗത്തെ ഞാൻ എതിർക്കുകയാണ്.

430-ാമത്തെ എൻെറ ഭേദഗതിയിൽ പറയുന്നത് : 'in clause 16, after the word 'landlord', and before the beginning of the bracket, add the following words: 'who does not own land in excess of the ceiling area and' എന്നാണ്. എൻെറ മൂന്നു ഭേദഗതികളും സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു. 16-ാമത്തെ വകുപ്പു മാററി, അതിനുപകരം, എൻെറ ഭേദഗതിയിൽ ചേർത്തിട്ടുള്ള വകുപ്പു ചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, എൻെറ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് ക്ലാസ്സ് 16-ൽ ആക്കെല്ലാം ഭൂമി ഒഴിപ്പിച്ചെടുക്കാമെന്നു പറഞ്ഞിരിക്കുന്നതിൻെറ കൂട്ടത്തിൽ ചാരിററബിൾ ഓർ എഡ്യൂക്കേഷണൽ ഇൻസ്റ്റിററ്യൂഷനുവേണ്ടി അതിൻെറ ഓണർക്കു ഒഴിപ്പിച്ചെടുക്കാനുള്ള അധികാരം കൊടുക്കരുതെന്നാണ്. സാധാരണ വ്യക്തികളായ ജന്മികൾക്കാണെങ്കിൽ അവരുടെ വസ്തുക്കൾ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള അവകാശം കൊടുത്തിരിക്കുകയാണ്. സ്വന്തം കൃഷിക്ക് വിദ്യാഭ്യാസസ്ഥാപനത്തിനും ധർമ്മസ്ഥാപനത്തിനും ഒഴിപ്പിക്കേണ്ട ആവശ്യമില്ല. മതസ്ഥാപനങ്ങൾക്ക് സ്വന്തം കൃഷിക്ക് ഒഴിപ്പിക്കാൻ അവകാശം കൊടുത്തിട്ടില്ല. അവരെക്കൂടി ഇതിൽ ഉൾപ്പെടുത്തി ഒഴിപ്പിക്കണം. ഇന്നത്തെ ക്ലാസ്സിൽ ഒരു അനോമലി ഉണ്ട്. ഒരു ജന്മിക്ക് സീലിംഗിനു മുകളിൽ ഭൂമിയുണ്ടെങ്കിലും അയാൾക്കു ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം കൊടുക്കുന്നുണ്ട് പൊസഷൻ മാത്രമാണ് ഇതിൽ നോക്കുന്നത്. ഓണർഷിപ്പിൻേറയും പൊസഷൻേറയും കാര്യമാണ് ceiling-ൽ പറയുന്നത്. എന്നാൽ ഒഴിപ്പിക്കുന്ന കാര്യത്തിൽ പൊസഷൻ കൈവശം എത്രയുണ്ടെന്നുമാത്രമാണ് ഇതിൽ നോക്കുന്നത്. പരിധിവരെ ഭൂമി കൈവശം വയ്ക്കാൻ ഒഴിപ്പിക്കാമെന്നാണ് വ്യവസ്ഥ. ജന്മിയെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ സീലിംഗിനു മുകളിൽ വസ്തുക്കൾ ഉണ്ടാകും. ഏതായാലും ഇതെല്ലാം പാസ്സാക്കി ക്ലാസ്സുകൾ നടപ്പിലാക്കുമ്പോൾ വളരെയധികം ബുദ്ധിമുട്ടുകളുണ്ടാകും. ശ്രീ. ബലറാം പ്രസംഗിച്ചപ്പോൾ സീലിംഗിനെ സംബന്ധിച്ചുള്ള ക്ലാസ്സുകളിൽ തെങ്ങിൻതോപ്പുകൂടി ഉൾപ്പെടുത്തിയാൽ പിന്നെ വലുതായിട്ടൊന്നും ceiling-നു പുറത്ത് ഉണ്ടാകുകയില്ല എന്നു പറഞ്ഞു. 'ബൈവേ ഓഫ് ടി പാർട്ടിഷൻ' പറയുന്ന കൂട്ടത്തിൽ തെങ്ങിൻതോപ്പും ബാക്കിയുള്ളവയും ഉൾപ്പെടുത്താൻ സാദ്ധ്യതയുണ്ട്. Lands given to Religious Institution exempt ചെയ്തിട്ടുണ്ട്. തൃപ്പൂണിത്തുറയിൽ തുളസിത്തറയ്ക്കു വസ്തു ദാനം ചെയ്തിട്ടുള്ള ഒരു പ്രമാണം ഈ നിയമസഭയിൽ ഇതിനുമുമ്പ് ഹാജരാക്കിയതാണ്. അതെല്ലാം ഇവിടെ കൊണ്ടുവന്ന് വായിക്കുകയുണ്ടായി. ആ നിലയ്ക്ക് മിച്ചഭൂമി ബാക്കി ഉണ്ടാകുകയില്ല. മിച്ചഭൂമി ബാക്കി വരുത്തി 50 സെൻെറങ്കിലും ഭൂമിയില്ലാത്ത ഒരു കർഷകത്തൊഴിലാളിക്കെങ്കിലും കൊടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. അതിനാവശ്യമായ ഒരു വകുപ്പുണ്ടാക്കണം. ഈ ക്ലാസ്സ് 16 അനുസരിച്ച് പരിധിവരെ ഒരു കുടുംബത്തിലുള്ള എല്ലാവർക്കും ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം കൊടുത്തിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ മിച്ചഭൂമി ഒന്നും തന്നെ ഉണ്ടാകുകയില്ല. അതുകൊണ്ട് ഈ വകുപ്പ് മാററിയെഴുതിയില്ലെങ്കിൽ ഈ നിയമത്തിലെ മററു വകുപ്പുകളും നടപ്പിലാക്കുവാൻ സാധിക്കാതെ പോകും. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. ആർ. കൃഷ്ണൻ : മാഡം, എൻെറ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് ഒരു കുടിയാൻെറ കൈവശം സീലിംഗിൽ അധികം ഭൂമിയുണ്ടെങ്കിൽ സീലിംഗിൽ പകുതിയുള്ള ഭൂമി ജന്മിക്ക് ഒഴിപ്പിക്കാനേ പാടുള്ളൂ എന്നാണ്. ഇവിടെ ഈ ബില്ലിൽ പറയുന്ന ക്ലാസ്സ് അനുസരിച്ചാണെങ്കിൽ ഒരു കുടിയാൻെറകയ്യിൽ സീലിംഗിൽ അധികം ഭൂമിയുണ്ടെങ്കിൽ അത്രയും ജന്മിക്ക് ഒഴിപ്പിച്ചെടുക്കാൻ അവകാശമുണ്ടെന്നാണ്. ആ ജന്മിക്ക് എത്ര ഭൂമിവരെ ഒഴിപ്പിച്ചെടുക്കാമെന്നു

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. ആർ. കൃഷ്ണൻ)

ള്ളതിനു് വ്യവസ്ഥയില്ല. കുടിയാന്റെ കയ്യിൽനിന്നും ഭൂമി ഒഴിപ്പിച്ചെടുക്കുമ്പോൾ കുടിയാനു് യാതൊരു പ്രതിഫലവും കൊടുക്കാനുള്ള വ്യവസ്ഥയുമില്ല. കാർഷികബന്ധനിയമത്തിലാണെങ്കിൽ ഇങ്ങനെ ജന്മി ഒഴിപ്പിച്ചെടുക്കുമ്പോൾ ആ ഭൂമിയിലെ മൂന്നു കൊല്ലത്തെ അററാദായം കുടിയാനു് പ്രതിഫലമായി കൊടുക്കണമെന്നു് വ്യവസ്ഥചെയ്തിരുന്നു. പക്ഷേ ഈ നിയമമനുസരിച്ച് കുടിയാന്റെ കൈവശം സീലിംഗിൽ അധികം ഭൂമിയുണ്ടെങ്കിൽ യാതൊരു പ്രതിഫലവും കൊടുക്കാതെ ജന്മിക്കു് ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം കൊടുത്തിരിക്കുകയാണു്. ജന്മിയുടെ വീട്ടിൽ മേജറായിട്ടുള്ള അംഗങ്ങൾ ഉണ്ടെങ്കിൽ അവർക്കു് ഓരോരുത്തർക്കും ഒഴിപ്പിച്ചെടുക്കാം. അതിന്റെ ഫലമായി വളരെ കാലം ആയിട്ടു് കൈവശംവച്ചു് അദ്ധ്വാനിച്ചുവരുന്ന കുടിയാനു് യാതൊരു പ്രതിഫലവും കൂടാതെ ആ ഭൂമി ഒഴിഞ്ഞുകൊടുക്കണമെന്നാണു് പറയുന്നതു്. ജന്മിയുടെ വീട്ടിൽ മേജറായിട്ടുള്ള എല്ലാവർക്കും ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം കൊടുത്താൽ നമ്മുടെ നാട്ടിൽ പിന്നെ മിച്ചഭൂമിയേ ഉണ്ടാകുകയില്ല. പിന്നെ മിച്ചഭൂമി എന്നു് ബില്ലിൽ എഴുതിവച്ചിട്ടുള്ളതു് ഒരു ഭംഗിവാക്കുപോലെ യാതൊരു ഉപയോഗവുമില്ലാതെ തീരിക്കാനെ സാദ്ധ്യതയുള്ളു.

പിന്നെ മിച്ചഭൂമി പട്ടാളക്കാർക്കും ഭൂമിയില്ലാത്ത കർഷകർക്കും കൊടുക്കാനുള്ള വ്യവസ്ഥ എഴുതിവച്ചിരിക്കുന്നതു കാണുമ്പോൾ അവർക്കെല്ലാം ഒരു ആശ്വാസം തൽക്കാലത്തേക്കു് ഉണ്ടാകുമെന്നല്ലാതെ ഫലത്തിൽ യാതൊരു പ്രയോജനവുമുള്ളതല്ല. കുടിയാന്റെ കയ്യിൽ സീലിംഗിൽ കവിഞ്ഞുള്ള ഭൂമി ഉണ്ടെങ്കിൽ ഒഴിപ്പിക്കുന്നതു ന്യായമല്ലേ എന്നു ചോദിച്ചേക്കാം. പക്ഷേ കുടിയാന്റെ കൈവശം സീലിംഗിൽ കവിഞ്ഞ ഭൂമിയുണ്ടെങ്കിൽ അതു് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള അധികാരം ചെറുകിടക്കാർക്കുമാത്രം കൊടുക്കേണ്ടതാണു്. എന്നാൽ ഇതിൽ ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നപ്രകാരം വലിയവലിയ ജന്മികൾക്കു്, അവർക്കു വലിയ ബിസിനസ്സുകൾവഴി ധാരാളം പണം ഉണ്ടായിരുന്നാലും, അവർക്കെല്ലാം ഒഴിപ്പിച്ചെടുക്കാനുള്ള അവകാശം കൊടുത്തിരിക്കുകയാണു്. ഇതിന്റെ അർത്ഥം ഈ ക്ലാസ്സുകൊണ്ടു് കൃഷിക്കാരെ സഹായിക്കാനല്ല വൻകിട ജന്മിമാരെ സംരക്ഷിക്കുന്നതിനുവേണ്ടി മാത്രമാണെന്നു് മനസ്സിലാക്കാവുന്നതാണു്. അതു് വരാതെ കൃഷിക്കാരെയും മിച്ചഭൂമി കിട്ടാനർഹതയുള്ള കർഷകത്തൊഴിലാളികളേയും സഹായിക്കുന്നതിനുവേണ്ടി മാത്രമാണു് ഞാൻ ഒരു ഭേദഗതി കൊടുത്തിട്ടുള്ളതു്. അതു ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. കെ. കൃഷ്ണൻ: മാഡം, എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു് പരിധിയിലധികം ഭൂമിയുള്ള കൃഷിക്കാരുടെ കൈയ്യിൽനിന്നും പരിധിയോളം ഭൂമി മാത്രമേ ജന്മിക്കു് ഒഴിപ്പിച്ചെടുക്കാവൂ എന്നാണു്. ഈ വകുപ്പു് ഈ ബില്ലിൽ വന്നതു് ഈ ബില്ലിന്റെ ഉദ്ദേശത്തിനു് യോജിച്ചതാണെന്നാണു് എന്റെ അഭിപ്രായം. കാരണം കുടിയാന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുപകരം വലിയ തോതിലുള്ള ഭൂ ഉടമകളെ സഹായിക്കുകയെന്നുള്ളതാണു് പ്രധാന ഉദ്ദേശം. ആ ഉദ്ദേശം ഫലപ്രദമാക്കാൻ ഏററവും പററിയ ഒരു വകുപ്പാണു് ഇതു്. പാലക്കാടു് മുതലായ സ്ഥലങ്ങളിലെ കുടിയാന്മാരുടെ കൈവശം വളരെയധികം മിച്ചഭൂമിയുണ്ടാകും. അങ്ങനെയുള്ള മിച്ചഭൂമികളെല്ലാംതന്നെ കാർഷികബന്ധനിയമപ്രകാരം ഗവണ്മെന്റിനു കൈവശപ്പെടുത്താനും അതു് വിതരണംചെയ്യാനും വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ ഈ ബില്ലിലെ വകുപ്പുകൊണ്ടു് മിച്ചമുള്ള ഭൂമി മുഴവനും ജന്മിക്കു് കൈവശപ്പെടുത്താനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണു്. ഗവണ്മെന്റിൽനിന്നും ഇത്രയധികം വ്യഗ്രത ജന്മിമാരെ സഹായിക്കാൻ കാണിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്. ചെറുകിടക്കാരെന്നുള്ള നിലയിൽ പരിധിയിലധികം ഭൂമി വൻകിടജന്മിമാർക്കു് ഒഴിപ്പിച്ചെടുക്കാനുള്ള സൗകര്യം കൊടുത്തിരിക്കുന്നതിൽ ഒരു നിയന്ത്രണം വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രമാണു് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ഇതു് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു് വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഭാസ്കരൻ നായർ : മാഡം, ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു് ഇന്നു് കുടിയാന്നു് ഏതെല്ലാം വിധത്തിലുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നതിനും ഇതു് തടസ്സമായി വരികയില്ലെന്നു കാണാൻവേണ്ടിയാണു് ചില കുടിയാന്മാരുടെ കൈവശം ആയിരത്തോളം ഏക്കർ വസ്തു കാണും. കാർഷികബന്ധനിയമം വന്നപ്പോൾ ഗവണ്മെൻറിലേക്കു് സറണ്ടർ ചെയ്യുന്നതിൽനിന്നു് രക്ഷനേടുന്നതിനുവേണ്ടി അവരെല്ലാം മററുള്ള ആളുകൾക്കു് ചാർത്തു് എഴുതിക്കൊടുക്കുകയോ മററുള്ളവർക്കു് വിററുവെന്നു കാണിച്ചോ എഴുതിവെയ്ക്കുകയുണ്ടായിട്ടുണ്ടു്. അങ്ങനെ വളരെയേറെ വസ്തുക്കൾ കൈവശമുള്ള ആളുകൾ ഗവണ്മെൻറിലേക്കു് സറണ്ടർ ചെയ്യാതെ പല കള്ള രേഖകളും എഴുതിവെച്ചിട്ടുണ്ടു്. ഇവിടെ സീലിംഗിനുള്ള ക്ലാസ്സിൽ എൺപത്തിയൊന്നും എൺപത്തിമൂന്നും വകുപ്പുകൾ നോക്കുകയാണെങ്കിൽ നമുക്കു് കാണാം പരിധിയിൽ കൂടുതൽ ഭൂമിയുണ്ടെങ്കിൽ അതു് ഗവണ്മെൻറിലേക്കു് സറണ്ടർ ചെയ്യണമെന്നു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. 1957-നു ശേഷമുള്ള പാർട്ടീഷ്യൻകൊണ്ടോ മററു ദാനംകൊണ്ടോ ഉള്ള ട്രാൻസ്ഫറുകളോ കണക്കിൽ എടുക്കരുതെന്നും ഈ ബില്ലിലെ എൺപത്തിമൂന്നാംവകുപ്പുകളിൽ എഴുതിവെച്ചിട്ടുണ്ടു്. സീലിംഗ് കണക്കാക്കുന്ന കേസിൽ 1957-നു ശേഷം ഏതെങ്കിലും പ്രത്യേകമായിട്ടുള്ള കരണങ്ങൾ ഈ വകുപ്പിനെ ഡിഫീററു ചെയ്യുന്നതിനുള്ള കരണങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അതുംകൂടി കണക്കാക്കണം എന്നു് ഇതിൽ എഴുതിവെച്ചിട്ടുണ്ടു്. നേരേ മറിച്ചു് ക്ലാസ്സ് 15 അനുസരിച്ചു് ഒരു ജന്മിക്കു് പരിധിയിൽ കൂടുതലുള്ള ഭൂമി കുടിയാൻെറ കൈവശത്തിൽനിന്നും ഒഴിപ്പിച്ചെടുക്കുന്ന അവസരത്തിൽ 1959-നു ശേഷമുള്ള ട്രാൻസ്ഫറുകളും കൈമാററങ്ങളും ഒന്നുംതന്നെ കണക്കിലെടുക്കുന്നില്ല. അതിൻെറ ഫലമായി ജന്മിക്കു് ഒഴിപ്പിച്ചെടുക്കാനുള്ള അവകാശമുണ്ടെങ്കിലും ഇങ്ങനെയുള്ള കരണങ്ങൾ ചെയ്തതിൻെറ ഫലമായി ഒഴിപ്പിച്ചെടുക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടു് 1957-നു ശേഷമുള്ള ട്രാൻസ്ഫറുകളും ചാർത്തു് എഴുതിക്കൊടുത്തിട്ടുള്ളതെല്ലാം കണക്കാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. 1957-നു ശേഷമുള്ള പാർട്ടീഷ്യനോ, ഗിഫ്ററോ, അല്ലാത്ത പ്രമാണങ്ങളോ എഴുതിക്കൊടുത്തിട്ടുണ്ടെങ്കിൽ അതുകൂടി സീലിംഗ് കണക്കാക്കുന്നതിൽ പരിഗണിക്കണമെന്നു മാത്രമാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ഇ. പി. ഗോപാലൻ : മാഡം, ഞാൻ അവതരിപ്പിച്ചിട്ടുള്ളതു് 1062-ാമത്തെ ഭേദഗതിയാണു്. എൻെറ അമെൻഡ്മെൻറു് In clause 16, delete the words 'the whole or a portion of the holding' and substitute 'half the extent of land in excess of the ceiling area.' എന്നാണു്. സീലിംഗിൽ കൂടുതൽഭൂമി കൈവശംവെച്ചിട്ടുള്ള കുടിയാൻെറ കൈയിൽനിന്നും മിച്ചഭൂമി ഒഴിപ്പിച്ചെടുക്കുന്നതു് ആവശ്യമാണു്. സീലിംഗ് എന്നുള്ള തത്വം ഇവിടെ നടപ്പിൽവരുത്തുന്നുണ്ടല്ലോ. അതേ അവസരത്തിൽ ഭൂമി ഉടമസ്ഥന്മാർക്കും ഇതുവഴി ഒരു സഹായം ഉണ്ടാകുന്നതും ആവശ്യംതന്നെ. പക്ഷെ സീലിംഗ് എന്നുള്ള തത്വം സ്വീകരിക്കുന്നതു്, ഭൂമി ഉടമസ്ഥന്മാർക്കു് മിച്ചഭൂമി കൊടുപ്പിക്കാനാണു് എന്നു കരുതുന്നതും തെററാണു്. ഇവിടെ ഈ വകുപ്പു നിൽക്കുന്നതു് കണ്ടാൽ വൻകിട ഭൂഉടമസ്ഥന്മാരെ സഹായിക്കുന്നതിനുവേണ്ടി മാത്രമാണെന്നു തോന്നും. കുടിയാൻെറ കൈയിൽ സീലിംഗിൽ അധികം വസ്തു ഉണ്ടായിരുന്നാൽ പരിധി കഴിച്ചു് ബാക്കിയുള്ളതു് ഭൂമി ഉടമസ്ഥന്നു് ഒഴിപ്പിച്ചെടുത്തുകൊടുക്കും എന്നാണു് വന്നുകൂടുന്നതു്. അഥവാ അതിനാണു് സീലിംഗ് നടപ്പാക്കുന്നതു്. ബില്ലിലെ പ്രൊവിഷൻ കണ്ടാലും ചില മെമ്പർമാർ ഇതിനെപ്പററി സംസാരിച്ചതു കേട്ടാലും സീലിംഗ് തത്വം ഏർപ്പെടുത്തിയതു് ജന്മിമാർക്കു് വേണ്ടിയാണെന്നു തോന്നിപ്പോകും. കുടിയാൻെറ കൈവശം കണക്കിലധികം ഭൂമി ഉള്ളതു് പിടിച്ചുപറിച്ചു് ജന്മിക്കു കൊടുക്കുന്നതിനുവേണ്ടിയാണു് കാർഷികപരിഷ്ക്കരണം, അല്ലെങ്കിൽ ഭൂപരിഷ്ക്കരണം ഉണ്ടാക്കുന്നതെന്നുള്ള വിചാരം ഇവിടെ ചിലർക്കുണ്ടു്. അതു് ഉള്ളിൽ ഒതുക്കിവെയ്ക്കാൻ കഴിയാതാവുമ്പോൾ പുറത്തു വന്നുതുടങ്ങിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. എൻ. ഭാസ്കരൻ നായർ)

എന്നാൽ കുടിയാന്റെ കൈയിൽനിന്നു് മിച്ചഭൂമി എടുക്കുന്ന അവസരത്തിൽ വളരെ അർഹതയുള്ള കേസുകളിൽ ഭൂഉടമസ്ഥന്മാർക്കും ഒരു നിശ്ചിത പരിധിവരെ ഭൂമി കൊടുക്കുക എന്നുള്ള മര്യാദ സ്വീകരിക്കുന്നതു കൊള്ളാം. എന്നാൽ മിച്ചഭൂമി, ഭൂമിയില്ലാത്ത കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും കൊടുക്കുന്നതു് കാർഷികപരിഷ്ക്കാരത്തിന്റെ അവിഭാജ്യഘടകമാണെന്നു് മറക്കുകയും അരുതു്. ഒരു കാർഷികപരിഷ്ക്കരണം നടപ്പാക്കുക എന്നുള്ള നിലയ്ക്കു് ഭൂഉടമസ്ഥന്മാരായിട്ടുള്ള ആളുകൾക്കു് ഭൂമി ഒഴിപ്പിച്ചെടുത്തുകൊടുക്കുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടുവാനവകാശമില്ല. മിച്ചംഭൂമിയിൽ കാര്യമായ ഭാഗം മുമ്പേ പറഞ്ഞമാതിരി, ഭൂമിയില്ലാത്തവർക്കു കുറേശ്ശയെങ്കിലും കൊടുക്കാനേർപ്പാടുണ്ടാകണം. മിച്ചഭൂമി ഭൂമിയില്ലാത്തവർക്കു് കൊടുക്കേണ്ട കാര്യം ഈ ബില്ലിന്റെ കർത്താക്കൾക്കു് ഒരു പ്രശ്നമേയല്ല. ഏതേതു വകുപ്പുകളിലെല്ലാം അതു പ്രതിഫലിപ്പിക്കാമോ അവിടെയൊക്കെ വ്യക്തമായി അതു് പ്രതിഫലിപ്പിച്ചിട്ടുണ്ടു്. അതു് കുറേക്കൂടി വ്യക്തമായി മന്ത്രി മുൻപു ചെയ്ത പ്രസ്താവനയിൽ തെളിഞ്ഞുകാണുകയും ചെയ്തു. ഈ വിഷയം സംബന്ധിച്ചു് സംസാരിക്കുമ്പോഴും, മിച്ചഭൂമി പിടിച്ചുണ്ടാക്കിയിട്ടു് അതു് ആർക്കും കൊടുത്തുകൊള്ളാമെന്നു് കരാറൊന്നും ചെയ്തിട്ടില്ലെന്നു് അദ്ദേഹം പറഞ്ഞു. ഇവിടെ വ്യക്തമായി ഞാൻ ചോദിക്കുകയാണു്, സീലിംഗിലധികം ഭൂമി കൈവശമുള്ള ആളുകളുടെ കൈയിൽനിന്നെടുത്തു് അതു് ഭൂ ഉടമസ്ഥന്മാർക്കു് കൊടുക്കാൻ ഇവർ കരാർ ചെയ്തിട്ടില്ലേ എന്നു്? മിച്ചഭൂമി എടുത്തു് ഭൂമിയില്ലാത്തവർക്കു് വിതരണം ചെയ്യാമെന്നു് ആരോടും കരാർ ചെയ്തിട്ടില്ല. ശരിതന്നെ. എന്നാൽ ഇന്നു് ഭൂമി കൈവശമുള്ള ആളുകളുടെ കയ്യിൽനിന്നു് മിച്ചഭൂമി പിടിച്ചെടുത്തു് ഉടമസ്ഥന്മാർക്കു് കൊടുത്തുകൊള്ളാമെന്നു് ഇവർ അച്ചാരം വച്ചിട്ടുണ്ടു്. അതു വ്യക്തമാണു്. ഈ വകുപ്പു തന്നെ അതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. മാഡം, സീലിംഗിലധികംവരുന്ന ഭൂമി കൈവശക്കാരുടെ കയ്യിൽനിന്നു് എടുത്തു് അതിന്റെ ഒരു ഭാഗം മാത്രം ഭൂ ഉടമസ്ഥന്മാർക്കു് കൊടുക്കണമെന്നാണു് എന്റെ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. അതിനൊരു നിശ്ചയം വേണം. അതുപോലെതന്നെ ഒരു നിശ്ചയം വേണം, ഭൂമി ഇല്ലാത്തവർക്കും അതിലൊരു ഭാഗം കൊടുക്കണമെന്നു്. ഇതു രണ്ടുംകൂടി ഒത്തുപോകുന്ന തരത്തിലാണു് എന്റെ ഭേദഗതി നിൽക്കുന്നതു്. അതായതു് 'In clause 16, delete the 'whole or a portion of the holding and substitute 'half the extent of land in excess of the ceiling area' എന്നുള്ളതു്. സീലിംഗ് ഏരിയായിൽ കൂടുതലുള്ള ഭൂമി എടുക്കുമ്പോൾ അതിൽനിന്നു പകുതിമാത്രം ഭൂ ഉടമസ്ഥന്മാർക്കു കൊടുക്കാൻ ഇടവരുത്തണം, പകുതി മിച്ചഭൂമിയായി കരുതിവെയ്ക്കണമെന്നുള്ളതാണു് എന്റെ ഭേദഗതി. അതുകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു് മിച്ചഭൂമി സ്വരൂപിക്കുകയും അതു് ഭൂമിയില്ലാത്ത ആളുകൾക്കു് എത്ര ചെറിയ തോതിലാണെങ്കിലും വിതരണം ചെയ്യുകയും ചെയ്യണമെന്നാണു്. അതു് നെൽവയലുകളാകണമെന്നില്ല, ഇരുപ്പൂനിലമാകണമെന്നില്ല. പലപ്പോഴും കേവലം ഒരു കുടിൽവച്ചുകെട്ടി താമസിക്കുന്നതിനുള്ള സ്ഥലമായാൽപോലും ഇന്നുവരെ ഭൂമിയില്ലാത്ത ആളുകൾക്കു്, ഒരു കഷണം ഭൂമിയെങ്കിലും കിട്ടാനിടവരണം. ആ ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ആ ഉദ്ദേശത്തെ പരാജയപ്പെടുത്താൻവേണ്ടി, ഉള്ള വകുപ്പുകളിൽ പ്രധാനമായി നിൽക്കുന്ന ഒരു വകുപ്പാണു് ഇവിടെയുള്ളതു്. ഇതുപ്രകാരം മിച്ചഭൂമി പങ്കിടൽ ജന്മിയും കുടിയാനും തമ്മിൽ തമ്മിൽ ആകട്ടെ, അഥവാ, കുടിയാൻ ജന്മിക്കു് കൊടുക്കട്ടെ എന്ന നില സ്വീകരിച്ചിരിക്കുന്നു. ഇതിനു മുമ്പു് നടന്ന എല്ലാ വിക്രിയകൾക്കും ശേഷം, ഭോഗം, ദാനം, സംഭാവന, വഴിപാടു് എന്നിവയെല്ലാം കഴിഞ്ഞു് മിച്ചഭൂമിയുണ്ടാവുകയില്ല. മിച്ചഭൂമി ഇല്ലാതാക്കാൻ നടത്തിയ എല്ലാ ഏർപ്പാടുകളും നിയമം സമ്മതിച്ചുകൊടുത്തിരിക്കുന്നു. ഒരാൾ തന്റെ കൈവശമിരിക്കുന്ന തെങ്ങിൻതോട്ടം, പരിധിയെ തോല്പിക്കാൻവേണ്ടി മക്കൾക്കെല്ലാം, പിഞ്ചു പൈതലിനുപോലും പരിധിയോളം ഓഹരി വെച്ചു. പിന്നെയും തോട്ടം ബാക്കിയായി. ഒടുവിൽ കുലദേവതയായ

LIBRARY ARCHIVES Kerala Legislative Assembly

അയ്യപ്പനും വെച്ച ഒരോഹരി. അപ്പോഴും, പരിധിയെ തോൽപ്പിക്കാനായെടുത്ത എല്ലാ നടപടികളും അംഗീകരിച്ചുകൊടുത്തു. അതുവഴി മിച്ചഭൂമി ഒട്ടുകിട്ടാതെയുമായി. ഇവിടെ, കൈവശക്കുടിയാന് പരിധി ബാധകമാകുമ്പോഴും മിച്ചഭൂമി ഉണ്ടാവുകയാണെങ്കിൽ, അതു മുഴുവനും ഭൂമി ഉടമസ്ഥന് കൊടുക്കണം എന്ന് പറയുന്നതു് ന്യായമാണോ? മിച്ചഭൂമി ഉണ്ടാകാനുള്ള എല്ലാ പഴുതുകളും അടച്ചുകളഞ്ഞിട്ട് മിച്ചഭൂമി വിതരണംചെയ്യുന്നതിന്ന് ഈ ബില്ലിൽ ഒരു വകുപ്പെഴുതിവച്ചവരെപ്പററി എന്തു പറയാനാണ്? മിച്ചഭൂമി ഉണ്ടാവില്ല എന്നറിഞ്ഞുകൊണ്ട് ചെയ്യുന്നതാണിതെന്ന് തോന്നുന്നു. മിച്ചഭൂമി ജവാന്മാർക്കും ഹരിജനങ്ങൾക്കും മററും കൊടുക്കാൻ ഈ ബില്ലിൽ വ്യവസ്ഥയുണ്ടല്ലോ. എന്തിനാണിങ്ങനെ ഒരു വകുപ്പ്? സീലിംഗ് കഴിഞ്ഞു് മിച്ചമുള്ള ഭൂമിയിൽ ഒരു ഭാഗമെങ്കിലും ഭൂമിയില്ലാത്തവർക്കു കൊടുക്കാൻ ജവാന്മാർക്കും ഹരിജനങ്ങൾക്കും മററും കൊടുക്കാൻ, ഉണ്ടാവുന്നതിന്നാണ് എൻെറ ഭേദഗതി ഉപകരിക്കുക. ഇല്ലാത്ത മിച്ചഭൂമി ഭാഗിക്കുന്ന വകുപ്പ് ചർച്ച ചെയ്യേണ്ടി വരുന്നകാര്യം മുൻകൂട്ടി ഓർമ്മിപ്പിക്കുകയാണ്. ഇതു് ഗൗരവമുള്ളൊരു പ്രശ്നമാണ്. മിച്ചം കാണാതെ എങ്ങനെ വിതരണം നടത്തും. മിച്ചം ഉണ്ടാക്കാനാണ് എൻെറ ഭേദഗതി. ഇവിടെയെങ്കിലും വെച്ചൊന്നു പിടിക്കുന്നില്ലെങ്കിൽ, എന്നാൽ തന്നെ എത്രകണ്ട് ഗുണംപിടിക്കുമെന്നുറപ്പില്ല. ഒരു തുണ്ടു മിച്ചഭൂമി ഉണ്ടാവുകയില്ലെന്നു തീർച്ചയാണ്. ഭൂ ഉടമസ്ഥന്മാർക്ക് കുടിയാന്മാരിൽ നിന്ന് മിച്ചമുള്ള ഭൂമിയെങ്കിലും കിട്ടാൻ അവകാശമില്ലേ? ജന്മിയോട് ഇത്ര വിരോധം എന്താണ്? കുടിയാന്മാർക്ക് സീലിംഗ്കൂറിയാ വച്ചിട്ടാണ് ഇതു് ചോദിക്കുന്നതു്. അങ്ങനെ നിയമപ്രകാരം അനുവദിക്കുന്നതെങ്കിലും ജന്മിമാർക്ക് കൊടുത്തുകൂടേ? സർ, ഇങ്ങനെ വാദിക്കുന്നവരോട് എന്തു പറയാനാണ്. അവർ, ജന്മിമാർക്കു വേണ്ടി നിർലജ്ജം വാദിക്കുന്നു. കാർഷികപരിഷ്ക്കാരം ഇവർക്കൊരു പ്രശ്നമേയല്ല. ഭൂമി ഇല്ലാത്തവർക്ക് ഒരു തുണ്ടും ഭൂമിയെങ്കിലും കൊടുക്കേണ്ടതു് ഇവർക്കൊരു പ്രശ്നമല്ല. ഒരൊററ കാര്യമേയുള്ളു. ജന്മിമാരുടെ കാര്യം. അതു സാധിക്കുന്നതിനുള്ള നിയമത്തിൻെറ പേരോ, ഭൂ പരിഷ്ക്കരണനിയമം എന്നും.

സീലിംഗിനപ്പുറമുണ്ടാകുന്നതു് സീലിംഗ്വരെതന്നെ ഭൂ ഉടമസ്ഥന്മാർക്ക് കൈപ്പററാൻ അവകാശമുണ്ടെന്ന് പാസാക്കിക്കഴിഞ്ഞിട്ട് പിന്നെ മിച്ചഭൂമി വിതരണം ചെയ്യാൻ ഈ ബില്ലിൽ വ്യവസ്ഥ കൊണ്ടുവരുന്നതിൽപരം വലിയ ഒരു വഞ്ചനയില്ല. അതുകൊണ്ട് ഞാൻ വ്യക്തമായി ആവശ്യപ്പെടുന്നു, ഒരു നിയമത്തിൽ അംഗീകരിക്കപ്പെട്ട തത്വത്തെ പരാജയപ്പെടുത്താൻ ഒരിക്കലും സമ്മതിച്ചുകൂടാ. ഇവിടെ ബഹുമാനപ്പെട്ട പല മെമ്പറന്മാരേയും സംബന്ധിച്ചിടത്തോളം തത്വങ്ങളെപ്പററി സംസാരിക്കുമ്പോഴും, പരമാർത്ഥത്തിൽ അതിൻെറ പ്രായോഗികതയെപ്പററി പരിഗണിക്കുക കുറവാണ് എന്ന് വ്യസനത്തോടെ പറയേണ്ടിയിരിക്കുന്നു. ഇത്തരം നിയമനിർമ്മാണങ്ങളെ സംബന്ധിച്ച് ഇയ്യിടെ ഉയർന്ന ചില സ്ഥാനത്തുനിന്ന് പരാമർശങ്ങളുണ്ടായതായി കണ്ടു. കാർഷികപരിഷ്ക്കരണം നടപ്പാക്കാൻ കാലനിർണ്ണയം ചെയ്തിരിക്കുന്നു. രണ്ടു കൊല്ലത്തിനുള്ളിൽ അതു പൂർണ്ണമാക്കണം. ആ പ്രസ്താവനകളും അഭിപ്രായങ്ങളുമൊക്കെ എത്ര വിലയുള്ളതാണെന്നു വസ്തുതകൾ പരിശോധിച്ചാലേ അറിയുവാൻ കഴിയൂ. കാർഷികപരിഷ്ക്കരണം യഥാർത്ഥത്തിൽ കൽപ്പിച്ചുകൂട്ടി നീട്ടിക്കൊണ്ടുപോകുന്നതിന് ഉത്തരവാദികളാരാണ്? ഇത്രയും താമസിപ്പിച്ചതിന് ഇന്ന് ഭരണത്തിലിരിക്കുന്നവരല്ലേ ഉത്തരവാദികൾ? ഇനി രണ്ടു കൊല്ലത്തിനുള്ളിൽ പൂർണ്ണമായും നടപ്പാക്കുമെന്ന് അവരല്ലേ പറയുന്നതു്? ഇതെങ്ങിനെ വിശ്വസിക്കും? ഇതെല്ലാം ആളെപ്പററിക്കുന്നതിനുവേണ്ടി പറയുകയല്ലേ? ജന്മിമാരേയും തോട്ടം ഉടമകളേയും കായൽ രാജാക്കന്മാരേയും രക്ഷിക്കുന്നതിന് എടുക്കുന്ന നടപടികൾ എന്തായാലും കാർഷികപരിഷ്ക്കാരമാവുകയില്ല. കാർഷികപരിഷ്ക്കാരത്തിൻെറ തത്വങ്ങളെ ഒന്നൊന്നായി ബലികൊടുക്കുകയാണിവിടെ. മിച്ചഭൂമി കണ്ടെത്താനുള്ളതിൻെറ ഒടുക്കത്തെ ശ്രമം ഇവിടെവെച്ചു പരാജയപ്പെടും എന്ന നിലയിലാണ്. കുടിയാൻെറ മിച്ചഭൂമി എടുക്കുന്നതു മുഴുവനും ഭൂമി ഉടമസ്ഥനു കൊടുക്കാനുള്ള ബില്ലിലെ വ്യവസ്ഥ മാററിയില്ലെങ്കിൽ, നിശ്ചയമായും മിച്ച

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഭാസ്കരൻ നായർ]

ഭൂമി പങ്കിടുവാനുള്ള പ്രൊവിഷൻ പാഴിലായിപ്പോകും. അതുകൊണ്ടു് ഈ ഭേദഗതി ആവശ്യമായി വന്നു. മിച്ചഭൂമി ഉണ്ടാക്കാൻ ആരോടും കരാർ എടുത്തിട്ടില്ല എന്ന വാദവും കൊണ്ടാണു് ഇപ്പോഴും മന്ത്രി നിൽക്കുന്നതെങ്കിൽ, ഇല്ലാത്ത ഭൂമി വിതരണം ചെയ്യാനും കരാറെടുക്കരുതു് എന്നാണു് എനിക്കു് പറയുവാനുള്ളതു്.

ഇവിടെ ഒരു നിയമം കൊണ്ടുവന്നു എൻഫോഴ്സ് ചെയ്തിട്ടു് ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകളുടെ കൈയിൽ നിന്നു് മിച്ചമുള്ളതു് എടുക്കുകയാണു്. ആ ഭൂമി നിങ്ങൾ എന്തു ചെയ്യാൻ പോകുന്നു? നിങ്ങൾ ഒരു ഭാഗം മാത്രം ജന്മിക്കു കൊടുത്തിട്ടു് ബാക്കി റിസർവ്വ്ചെയ്തു വയ്ക്കുമോ ഭൂമിയില്ലാത്ത ആളുകൾക്കു കൊടുക്കാൻ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഇതിനെക്കാൾ സന്ദർഭോചിതമായിട്ടുള്ള ചോദ്യം വേറെ എന്താണു്. നിശ്ചയമായും ഈ ചോദ്യത്തിനു മറുപടി ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. കാരണം ഇതിനു് അത്രമാത്രം പ്രാധാന്യമുണ്ടു്. മിച്ചഭൂമിയെ സംബന്ധിച്ചു് യാതൊന്നും ബില്ലിൽ ഇല്ലെങ്കിൽ ഈ പ്രശ്നം മറിച്ചു് അൽപ്പമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ മിച്ചഭൂമി വിതരണത്തിന്റെ കാര്യത്തിൽ എന്തു നിലയെടുക്കാൻ പോകുന്നുവെന്നു് പറയണം. മിച്ചം വയ്ക്കാൻ കഴിയുമ്പോൾ അതു് ചെയ്യാത്തതെന്താണു് ?

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: ചർച്ചയിൽ പുതുതായിട്ടു വല്ല കാര്യങ്ങളും പറയാനുണ്ടോ:

ശ്രീ. ഇ. പി. ഗോപാലൻ: ശ്രീ. നമ്പ്യാർക്കു് പുതുതായിട്ടൊന്നും കാണുകയില്ല. പഴയതിനെപ്പററിയും അത്ര കാര്യമൊന്നുമില്ലല്ലോ. നിയമത്തിലെ വിവിധ വകുപ്പുകളെപ്പററി മനസ്സിലാക്കാൻ ശ്രമിക്കുന്നതു നന്നു്. എന്റെ ഭേദഗതി ഞാൻ ശക്തിയുക്തം നിർദ്ദേശിക്കുകയാണു്. അതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

Shri Ponnara G. Sreedhar: The clause reads as follows—"A landlord (other than a sthani or the trustee or owner of a place of public religious worship) who requires the holding bona fide for cultivation by himself, or any member of his family, may resume from his tenant who is in possession of land exceeding the ceiling area, the whole or a portion of the holding, subject to the condition that, by such resumption, the total extent of land in the possession of the land lord is not raised above the ceiling area"

സർ, ഇതിന്റെ പ്രധാനമായ ഉദ്ദേശം കൃഷിക്കു വേണ്ടിയിട്ടു മാത്രമേ ഒഴിപ്പിച്ചെടുക്കാവു എന്നു പ്രത്യേകം എടുത്തു പറയുന്നതുകൊണ്ടു് ചില സ്ഥലങ്ങളിൽ ഇതു കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാക്കാനിടയുണ്ടു്. പ്രത്യേകിച്ചും ടൗണിനു വെളിയിൽ വളരെയധികം ഭൂമിയുള്ളവർ ടൗണിലും കുറെ വസ്തുക്കൾ ഉണ്ടാക്കിയിട്ടുണ്ടു്. ടൗണിൽ നിലംതന്നെയുണ്ടെങ്കിലും അതു കൃഷിചെയ്യാനല്ല പോകുന്നതു്. ഏററവും ലാഭകരമായിട്ടുള്ളതു് കെട്ടിടങ്ങൾ ഉണ്ടാക്കി അതു വാടകയ്ക്കു കൊടുക്കുന്നതായിരിക്കും. അല്ലെങ്കിൽ കെട്ടിടംവച്ചു് താമസിക്കും. ഇതിനെപ്പററിയാണു് പ്രധാനമായും എന്റെ ഭേദഗതി. ഇവിടത്തെ സുഹൃത്തുക്കളുടെ പ്രസംഗങ്ങൾ കേട്ടതിൽ നിന്നും എനിക്കു തോന്നുന്നതു് മിച്ചഭൂമി ഉണ്ടാക്കുക എന്നുള്ള ഏതുദ്ദേശം ഈ ബില്ലിൽ ഉണ്ടോ എന്നാണു്. മിച്ചഭൂമി ഉണ്ടാക്കിയതുകൊണ്ടു് ഈ നാട്ടിൽ ഭൂമിയില്ലാത്തവർക്കെല്ലാം ഭൂമി കിട്ടുന്നതിനു സാധിക്കുമെന്നു് എന്റെ സ്നേഹിതന്മാർ ആരെങ്കിലും വിചാരിച്ചിട്ടുണ്ടെങ്കിൽ അതിൽ യാതൊരു കഴമ്പുമില്ല. ഏതായാലും കുറെയൊക്കെ ആളുകൾക്കു് ഭൂമിയില്ലാതായിരിക്കുന്നു. ഇവർക്കെല്ലാം ഭൂമി കൊടുക്കുന്നതിനുള്ള വഴി വേറെ ഏതെങ്കിലും തരത്തിൽ തന്നെ നോക്കണം. അല്ലാതെ ആരുടേയും ഭൂമി ആർക്കും വെറുതെ കൊടുക്കുകയില്ല. ചിലയിടത്തു് ഭൂമി ഒഴിപ്പിച്ചെടുക്കാൻ നിവൃത്തിയില്ലാതെ വരും. ഏതായാലും ഈ നിലക്കു് എന്റെ അമെൻഡ്മെൻറു സ്വീകരിക്കണമെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : സർ, ഇവിടെ ഈ 16–ാമത്തെ വകുപ്പിനെപ്പററി വളരെ ദീർഘമായ ചർച്ചകൾ നടന്നുകഴിഞ്ഞു. ഇതിനുമുമ്പ് അഗ്രേറിയൻ റിലേഷൻസ് ആക്ററിൽ സ്വീകരിച്ച, ഈ കാര്യങ്ങൾ സംബന്ധിച്ചുള്ള വകുപ്പിൽ നിന്നും വിഭിന്നമാണ് ഇതെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ തത്വത്തിൽ അത്രവളരെ വ്യത്യാസമില്ല. അഗ്രേറിയൻ റിലേഷൻസ് ആക്ററിലെ വ്യവസ്ഥകളനുസരിച്ച് Land Lord-നു് ഒരു ടെനൻറിന്റെ കൈയ്യിൽ സീലിംഗിനു മുകളിൽ ഭൂമി ഉണ്ടെങ്കിൽ സീലിംഗിന്റെ പകുതി വരെ ഒഴിപ്പിച്ചെടുക്കാൻ അവകാശം ഉണ്ടായിരുന്നു. അതുതന്നെ വേണമെന്നാണ് ശ്രീ. ഇ. പി. ഗോപാലൻ ഭേദഗതികൊണ്ട് ആവശ്യപ്പെടുന്നത്. ഈ വകുപ്പനുസരിച്ച് സീലിംഗിനു മുകളിൽ കുടിയാന്റെ കൈയ്യിൽ വസ്തു ഉണ്ടെങ്കിൽ സീലിംഗ്‌വരെയുള്ളതു് കുടിയാനു് വച്ചുകൊണ്ടിരിക്കാം. അതിനു താഴെയുള്ള ഭൂമി സീലിംഗ്‌വരെ ഉടമസ്ഥനു് ഒഴിപ്പിച്ചെടുക്കാൻ അവകാശം കൊടുക്കുന്നുണ്ട്. ഈ വ്യവസ്ഥകൊണ്ട് യാതൊരപകടവും കുടിയാനു് വരാനില്ല. ഏതൊരു കുടിയാനും കൈവശം വയ്ക്കാവുന്നതു് പരിധിവരെയേയുള്ളു. ആ പരിധിക്കു മേലുള്ളവസ്തു ലാൻഡ്‌ലോഡിനു് സീലിംഗ്‌വരെ ഒഴിപ്പിച്ചെടുക്കാമെന്നാണ് വ്യവസ്ഥ. ഇതു പറയുമ്പോൾ ഒരു കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. ഓണർക്കു മാത്രം അതായതു് കൈവശമില്ലാത്ത ഉടമസ്ഥാവകാശം എന്നു പറയുന്നതു് ഈ നിയമം നടപ്പിലായിക്കഴിയുമ്പോൾ വെറുമൊരു നിഴലായി മാറും. ഇന്നു് ജന്മി എന്നു പറയുന്ന ആൾക്കു് എത്രയെങ്കിലും കൃഷി ഭൂമിയിൽ ഉടമസ്ഥാവകാശമുണ്ടെങ്കിൽ അതിനുള്ള ഒരു വില ഈ നിയമത്തോടു കൂടി ഇല്ലാതാകുകയാണ്. സാധാരണയായി നിലങ്ങളെപ്പററിയാണെങ്കിൽ ആ ഉടമസ്ഥാവകാശം മുഴുവൻ കുടിയാനു വാങ്ങിക്കുന്നതിനു് അവകാശമുണ്ട്. കുടിയാൻ വാങ്ങിക്കുന്നതിനു കൊടുക്കേണ്ട പ്രതിഫലം വളരെ നിസ്സാരമാണ്. ജന്മി എന്നു പേരുവിളിക്കുന്ന ആൾക്കു് ഉടമസ്ഥാവകാശം ഉണ്ടെന്നുള്ളതു് അതു തുടർന്നു നിലനിൽക്കാൻ പോകുന്നില്ല. അതിനു പ്രതിഫലം കിട്ടുന്നതുതന്നെ 4 കൊല്ലത്തെ ആദായമോ വല്ലതുമായിരിക്കും ഇതു് അംഗീകരിച്ചാൽ. അതുകൊണ്ട് കൃഷിചെയ്യാൻ താൽപ്പര്യമുള്ള ഉടമസ്ഥന്മാർ ഉണ്ടായാൽ കുടിയാന്റെ കൈയിൽ, കൃഷിക്കാരന്റെ കൈയ്യിൽ പരിധിക്കു മേൽപ്പോട്ടുണ്ടെങ്കിൽ ആ ഉടമസ്ഥനു് കൃഷിക്കുവേണ്ട ഭൂമി കൊടുക്കുന്നതിൽ തെററില്ലെന്ന ആശയത്തിലാണ് ഈ വ്യവസ്ഥ കൊണ്ടുവന്നതു്. ശ്രീമാൻ പൊന്നറ പറഞ്ഞ ബുദ്ധിമുട്ട് അൽപ്പമായി പട്ടണങ്ങളിൽ ഉണ്ടായെന്നുവരും. അതു് എത്ര വരുമെന്നു് എനിക്കറിഞ്ഞുകൂടാ. എങ്കിലും അദ്ദേഹത്തിന്റെ ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല. കാരണം കൃഷി ചെയ്യാനല്ലാതെ ഒഴിപ്പിച്ചെടുക്കുന്നതുകൊണ്ട് വിശേഷമൊന്നുമില്ല. കൃഷിക്കുവേണ്ടി ഒഴിപ്പിച്ചെടുക്കാൻ സമ്മതിക്കുകയാണ്. അല്ലെങ്കിൽ ഭൂമി മററാർക്കെങ്കിലും പൊയ്ക്കോട്ടെ എന്നു വച്ചാൽ മതിയാകും. പക്ഷേ ഒന്നു ചെയ്യാൻ വിചാരിക്കുകയാണ്. അടുത്ത വകുപ്പിൽ സ്മാൾ ഹോൾഡേഴ്‌സിനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ വ്യവസ്ഥ കൃഷിക്കു മാത്രമേ ഒഴിപ്പിക്കാവു എന്നാണ്. സ്മാൾഹോൾഡേഴ്‌സിനെ സംബന്ധിച്ചിടത്തോളം അതു മാററി കൃഷിക്കു് അല്ലാതെ മുമ്പ് നിയമത്തിൽ ഇരുന്നതു പോലെ ഒഴിപ്പിക്കാൻ വ്യവസ്ഥ കൊണ്ടുവരുന്നതിൽ ഗവണ്മെൻറിനു വിരോധമില്ല. പക്ഷേ സ്മാൾ ഹോൾഡർ അല്ലാത്തവരെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒരു വ്യവസ്ഥ സ്വീകരിക്കാൻ നിവൃത്തിയില്ല.

[Mr. Speaker in the Chair]

Amendment No. 429, moved by Shri N. E. Balaram was put and lost.

Amendment No. 430, moved by Shri N. E. Balaram was put and lost.

Amendment No. 433, moved by Shri N. E. Balaram was put and lost.

Amendment No. 432, moved by Smt. K. R. Gouri was put and lost.

Amendment No. 435, moved by Shri C. Achutha Menon was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 436, moved by Shri R. Krishan was put and lost.

Amendment No. 437, moved by Shri K. Krishnan was put and lost.

Amendment No. 439, moved by Shri N. Bhaskaran Nair was by leave withdrawn.

Amendment No. 1062, moved by Shri E. P. Gopalan was put and lost.

Shri E. P. Gopalan : Sir, I demand a poll.

A poll was taken when the House divided as follows :—

Ayes—28

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K. O. Aisha Bai
4 Shri K. Anirudhan
5 ,, P. Balachandra Menon
6 ,, C. K. Balakrishnan
7 ,, N. E. Balaram
8 ,, K. Bhargavan
9 ,, E. P. Gopalan
10 Smt. K. R. Gouri
11 Shri K. V. John
12 ,, K. Krishnan
13 ,, R. Krishnan
14 ,, V. R. Krishna Iyer
15 Shri K. Krishna Pillai
16 ,, S. Kumaran
17 ,, P. K. Kunjachan
18 ,, P. V. Kunhunni Nayar
19 ,, K. V. Narayanan
20 ,, P. C. Raghavan Nair
21 ,, A. K. Ramankutty
22 ,, T. K. Ramakrishnan
23 ,, P. Ravindran
24 ,, E. M. Sankaran Namboodiripad
25 ,, P. S. Srinivasan
26 ,, R. Sugathan
27 ,, M. M. Sundaram
28 ,, M. V. Vasu

Noes—56

1 Shri M. C. Abraham
2 ,, K. T. Achuthan
3 ,, M. A. Antony
4 ,, K. Avukadarkutty Naha
5 ,, P. C. Balakrishnan Nambiar
6 ,, R. Balakrishna Pillai
7 ,, N. Bhaskaran Nair
8 ,, P. Chacko
9 ,, P. T. Chacko
10 ,, M. Chadayan
11 ,, G. Chandrasekhara Pillai
12 ,, P. C. Cherian
13 ,, K. A. Damodara Menon
14 ,, T. A. Dharmaraja Iyer
15 ,, P. R. Francis
16 ,, K. M. George
17 ,, P. Gopalan
18 ,, M. Gopalankutty Nair
19 ,, Malethu Gopinatha Pillai
20 ,, M. P. Govindan Nair
21 Shri Hamid Ali Shemnad
22 ,, K. Hassan Gani
23 ,, Vayala Idicula
24 ,, A. L. Jacob
25 ,, Thomas John
26 ,, George Joseph Podipara
27 ,, P. S. Karthikeyan
28 ,, K. G. Karunakara Menon
29 ,, T. Krishnan
30 ,, N. S. Krishna Pillai
31 ,, P. Kumaran
32 ,, K. Kunhambu
33 ,, M. Kunjukrishnan Nadar
34 ,, C. Kunhikrishnan Nair
35 ,, N. Kunjuraman
36 Smt. Kusumam
37 ,, Leela Damodara Menon
38 Shri P. Madhavan
39 ,, V. Madura
40 ,, M. M. Mathai
41 ,, C. M. Kutty

LIBRARY ARCHIVES Kerala Legislative Assembly

42 Shri T. Murugesan
43 Smt. A. Nafeesath Beevi
44 Shri K. Narayana Kurup
45 ,, M. Narayana Kurup
46 ,, E. P. Poulose
47 ,, A. A. Rahim
48 ,, R. Raghava Menon
49 ,, M. Ravindranath
50 Smt. O. T. Sarada Krishnan
51 Smt. K. R. Saraswathi Amma
52 Shri Shamsuddin
53 ,, T. A. Thomman
54 ,, P. P. Ummer Koya
55 ,, K. R. Vijayan
56 ,, K. K. Viswanathan

Neutrals—7

1 Shri P. Narayanan Thampi
2 ,, O. Koran
3 ,, M. Alikunju Sastri
4 ,, Antony D'cruz
5 ,, P. Viswambharan
6 ,, P. K. Narayanan Nambiar
7 ,, M. Krishnan.

Mr. Speaker: For the amendment—28
Against the amendment—56
Neutrals—7
The amendment is lost.

Amendment No. 2168 moved by Shri Ponnara G. Sreedhar was put and lost.

Shri Ponnara G. Sreedhar: Sir, I do not press my amendment No. 1170.

Amendment No. 1170, moved by Shri Ponnara G. Sreedhar was by leave withdrawn.

The question that Clause 16 stand part of the Bill was put and carried.

Clause 16 was added to the Bill.

Clause 17

Mr. Speaker: The following amendments may be moved:

Amendment No. 1430 by the hon. Minister
,, 443, 450, 1184, 1177, 1186 and 1187 by Smt. K. R. Gouri
,, 446 by Shri O. Koran
,, 449 by Shri N. E. Balaram
,, 451 and 462 by Shri K. Krishnan
,, 452 and 466 by Shri K. Balakrishna Menon
,, 453 by Shri P. R. Krishnan
,, 454, 461, 465 by Shri K. R. Vijayan
,, 460, 463, and 464 by Shri K. Bhargavan
,, 1063 and 1064 by Shri M. Narayana Kurup

2/716/V.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 1178 and 1188 by Shri Ponnara G. Sreedhar
„ 1180 by Shri Malethu Gopinatha Pillai
„ 1183 by Shri C. G. Jenardhanan
„ 1185 by Shri N. Gopala Kurup

Amendment Nos. 440, 441 and 442 are for deletion of the Clause and so they are not in order. Amendment Nos. 444 and 445 are only formal and so they need not be moved. Amendment No. 1179 is same as amendment No. 449. Amendment Nos. 447 and 448 are same as amendment No 446. Amendment Nos. 456, 457 and 458 are same as amendment No. 454. Amendment Nos. 455 and 459 are same as amendment No. 453 Amendment No. 1182 is same as amendment No. 1180 and amendment No. 1181 is barred.

Amendment Nos. 1171 to 1176 by Shri C. G. Janardhanan are barred by the acceptance of the definition of 'small holder'.

Minister for Home Affairs : **(Shri P. T. Chacko)** : Sir, I move amendment No. 1430. I may be permitted to move the following oral amendment :

In Clause 17, in line 5, para 1, delete the words "who requires the holding *bona fide* for cultivation by himself or any member of his family,"

ശ്രീ. എൻ. ഈ. ബലറാം: സർ, ഇങ്ങനെ ഈ ക്ലാസിനു് ഓറലായിട്ടു് അമെൻറുമെൻറുകൊണ്ടുവരുന്നതു ശരിയല്ല.

Mr. Speaker : This is only a small thing.

ശ്രീ. എൻ. ഈ. ബലറാം: മിനിസ്റ്റർ കുറച്ചു മുമ്പെക്കൂട്ടി ഇതു പറയണം. രാവിലെ അതിൻെറ കോപ്പി ഞങ്ങൾക്കു തരേണ്ടതായിരുന്നു. ഇതു രണ്ടാമത്തെ പ്രാവശ്യമാണു പറയുന്നതു്.

Mr. P. T. Chacko : Sir, I move amendment No. 1430 :

In clause 17, for the first proviso, the following proviso shall be substituted, namely :—

"Provided that by such resumption, the total extent of land in the possession of the small holder shall not be raised above four standard acres or four acres in extent, whichever is greater."

Smt. K. R. Gouri : Sir, I move only the following amendments : 443, 450, 1184, 1186 and 1187.

443. Recast clause 17 as follows :

"17. A small holder, (other than a sthani, or a trustee or owner of a public religious charitable or educational institution or endowment) may resume from a tenant for self cultivation—

(i) the whole of the holding from a tenant having more than the ceiling area if by such resumption the land in the possession of the tenant will not be reduced below the ceiling area and

(ii) in the case of a tenant having lands below ceiling area half the holding :

LIBRARY ARCHIVES Kerala Legislative Assembly

Provided by such resumption the total extent of the lands in the possession of the small holder shall not be raised above five standard acres, or 7½ ordinary acres whichever is less:

Provided further in respect of any land the cultivating tenant was entitled to fixity of tenure immediately before the commencement of this Act under any law, custom, or contract, or under any decree or order of court, the small holder can exercise his right of resumption only if the tenant agrees in writing before the Land Tribunal that he is willing to surrender half the holding.

Explanation: For the purpose of this section a cultivating tenant shall be deemed to have fixity of tenure in respect of a holding if he has either paid renewal fees or taken a renewal or is entitled to obtain a renewal with respect to that holding even though under any other law he is not entitled for it."

450. In clause 17, in line 5, after "religious worship" in bracket add "or owner of charitable or educational institution or endowment".

1184. In clause 17, in the first proviso, delete '50 cents' and substitute '2 standard acres' in its place.

1186. In clause 17, add a new proviso after the first proviso:

"Provided also in the case of small holders who as land owner or as intermediary or as tenant; and in all capacities together does not have more than three ordinary acres of land, and if the tenant of the holding was not entitled to fixity of tenure by any other law, in force at the commencement of this Act or by custom, or contract, or decree or order of the court, then the small holder is entitled to resume half the holding irrespective of what is stated in the previous proviso:"

1187. In clause 17, in the second proviso, delete the words "that except as provided in sub-sections (2) and (3) of section 51" and after the last portion "any law then in force" add 'or custom, or contract or under any decree or order of court, and add a new Explanation after the second proviso, as follows:

"*Explanation*: For the purposes of this proviso, a cultivating tenant shall be deemad to have fixity of tenure in respect of his holding if he has either paid renewal fees, or taken a renewal or is entitled to obtain a renewal with respect to that holding eventhough under any other law, he is not entitled to it".

Shri O. Koran: Sir, I move amendment No. 446.

In clause 17, in the place of the word 'requires' insert the word 'needs' and in the place of the word" "tenant" insert the word "varamdar".

Shri N. E. Balaram: Sir, I move amendment No. 449.

In clause 17, delete the word 'requires' and substitute the word "needs."

LIBRARY ARCHIVES Kerala Legislative Assembly

Shri K. Krishnan: Sir, I move amendment Nos. 451 and 462.

451. In clause 17, recast the proviso as follows :

"Provided that such tenant holding under a small holder may at his option—

(1) elect to continue as tenant in respect of the entire holding on the basis of 75% of the contract rent;

(2) where both the small holder and the tenant agree the tenant shall be entitled to surrender one half of the holding to the small holder and retain the other half without any rent."

462. In clause 17, add a new proviso as follows :

"Provided that by such resumption the small holder shall not resume any portion of land from a tenant if the tenant is a member of the armed forces or seaman or their legal representatives."

Mr. Speaker : Shri K. Balakrishna Menon is absent. Shri P. R. Krishnan is not in his seat

Shri K. R. Vijayan: I am moving only amendment No. 465.

465. In clause 17, after the 2nd Proviso add the following :

"Provided also that if a small holder has in his possession land equal to or more than the extent of land in the possession of his tenant, no land shall be resumed from such tenant."

Shri K. Bhargavan: Sir, I move amendment Nos. 460, 463 and 464.

460. In clause 17, in the first proviso, delete the portion beginning with "five standard acres ....below 50 cents" and add in its place 'three standard acres.'

463. In clause 17, delete the proviso beginning with 'Provided further.'

464. In clause 17, add the following as third proviso :

"Provided further that in all cases where there is a dispute between a tenant and a land owner as to whether a land owner is a small holder or not the onus of proof shall lie with the land owner."

Shri M. Narayana Kurup: Sir, I move only amendment No. 1063:

In clause 17, mark the existing clause as 17 (1) and add the following new sub-clause (2) :

"(2) A cultivating tenant of a small holder who fails to apply for the purchase of the rights of the landlords under sub-section (2) of Section 51 shall forfeit his claim for purchase right."

Shri Ponnara G. Sreedhar : In view of the amendment moved by the hon. Minister, I am not moving my amendments.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Shri Malethu Gopinatha Pillai : Sir, I move my amendment:

1180. In clause, 17, rewrite the first proviso as follows :

> "Provided that, by such resumption, the total extent of land in the possession of the small holder shall not be raised above four standard acres."

Mr. Speaker : Shri C. G. Jenardhanan is not in his seat. Shri N. Gopala Kurup is not in his seat.

ശ്രീമതി കെ. ആർ. ഗൗരി : എന്റെ ഭേദഗതികൾ 443, 450, 1184, 1186, 1187 ഇത്രയുമാണ്. സർ, ഈ ഭേദഗതി 443 പ്രകാരം ഈ സ്മാൾ ഹോൾഡർ എന്നുള്ളതു നിലനിൽക്കത്തക്കവിധം ഈ ക്ലാസ് രണ്ടു മൂന്നു തരത്തിൽ എഴുതിയിരിക്കുകയാണ്. ഭേദഗതി 433 പ്രകാരം സ്മാൾ ഹോൾഡർ എന്നുള്ളതിന്—

"provided by such resumption the total extent of the lands in the possession of the small holder shall not be raised above five standard acres, or 7½ ordinary acres whichever is less" അവിടെ മന്ത്രി നാലാക്കിയിട്ടുണ്ട്., and the total extent of land in the possession of the tenant shall not be reduced below 50 cents.

ആ 50 സെൻറ് എന്നുള്ളതു് എടുത്തുകളയണം. മന്ത്രിയുടെ ഭേദഗതി പ്രകാരം ഇപ്പോൾ നാല് സ്റ്റാൻഡേഡ് ഏക്കറോ നാലു ഏക്കർ പൊസ്സഷനോ ഏതാണു കൂടുതൽ അതാണ്. എന്റെ ഭേദഗതിപ്രകാരം ഇതു മുമ്പു എഴുതിയതായതുകൊണ്ടു് അഞ്ചു സ്റ്റാൻഡേഡ് ഏക്കറും 7½ സാധാരണ ഏക്കറും എന്നാണ്, ഒന്നുകൂടുതലും ഒന്നു കുറവുമാണ്. അതു അവരുടെ കയ്യിൽ അത്രയുണ്ടാകയില്ല. അതു് എത്ര കൂടുതൽ ഉള്ളതായാലും ഒഴിപ്പിക്കാൻ ഒക്കുകയില്ലാത്തവിധത്തിലാണ്. ആ 443 ഭേദഗതിപ്രകാരം ഇതിൽകൂടുതൽ കുടിയാന്റെ കൈവശം ഇരിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. അതാണ് ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. എന്നാൽ അതു പിന്നീട് ഏഴര ഏക്കർവരെ എന്നു ഞാൻ കൂട്ടീട്ടുണ്ട്, ഇതിൽ 5 സ്റ്റാൻഡേർഡ് ഏക്കർ എന്നും പറയുന്നുണ്ട്. ഇതിൽ കൂടുതൽ ഏതാണ്, കുറവ് ഏതാണ് എന്നുനോക്കി ആ കുറവു കൈവശംവച്ചുകൊണ്ടു വസ്തുവാനേ small holder-ന് അവകാശം ഉണ്ടായിരിക്കുകയുള്ളു എന്നാണ് ഇപ്പോൾ ഒരു സാധാരണ തത്വംഎന്നുള്ള നിലയിൽ കൃഷിക്കു ഭൂമി ഒഴിപ്പിക്കുന്നതിനുള്ള അടിസ്ഥാനതത്വം സ്വീകരിച്ചിരുന്നതു് വ്യക്തികൾക്കുമാത്രമാണ്. സ്ഥാപനങ്ങൾക്കു് അങ്ങനെ ഒഴിപ്പിക്കാനുള്ള അവകാശം കൊടുത്തിരുന്നില്ല. ഈ നിയമത്തിലും ആ തത്വം അംഗീകരിച്ചു് റിലിജിയസ് Institution-ന് self cultivation-നു വേണ്ടി ഭൂമി ഒഴിപ്പിക്കാൻ പാടില്ല എന്ന തത്വം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ charitable and educational institutions-നെ ഈ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നു് ഒഴിച്ചിരിക്കുകയാണ്. അതു ബോധപൂർവ്വമാണോ വിട്ടുപോയതാണോ എന്നറിയില്ല. ഏതായാലും അത്രയും വരെ ഈ നിയമത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഈ റിലിജിയസ് ആൻഡ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസിനെ പോലെതന്നെ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസിനും അങ്ങനെ നേരിട്ടു കൃഷിചെയ്യേണ്ട ആവശ്യമില്ല ഈ സ്മാൾ ഹോൾഡർ എന്നുള്ളവിധത്തിൽ അവക്കു ഒഴിപ്പിച്ചെടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. Self കൾട്ടിവേഷൻ എന്നുള്ള വകുപ്പ് സ്മാൾഹോൾഡർമാരായ വ്യക്തികൾക്ക് യഥാർത്ഥമായി വച്ചിട്ടുള്ളതാണ്. ഇപ്പോൾ ടൗണിൽ വലിയകെട്ടിടങ്ങൾ എല്ലാം ആയതുകൊണ്ടു അതൊന്നും ഒഴിപ്പിക്കാൻ പാടില്ലാ എന്നെല്ലാംപറഞ്ഞു മെമ്മോറാണ്ടവുമായി ചിലക്കൂട്ടർ നടക്കുന്നതായിക്കണ്ടു. ഏതായാലും വ്യക്തികൾക്കുമാത്രം ഇതു് ഒഴിപ്പിച്ചെടുക്കാനും കൃഷിചെയ്യാനും മാത്രം ഒഴിപ്പിക്കാനും അവകാശം കൊടുത്താൽ മതിയാകും. ചാരിറ്റബിൾ ആൻഡ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസിന് 14, 15, 16 ഈ വകുപ്പുകളിലെല്ലാംതന്നെ താമസിക്കാനും കെട്ടിടമുണ്ടാക്കാനുംകൾട്ടിവേഷനുവേണ്ടിയും ഒഴിപ്പിക്കാൻഅവകാശം കൊടുത്തിട്ടുള്ളതു

[ശ്രീമതി കെ. ആർ. ഗൗരി]

എടുത്തുകളയണം. അതു് clause-ന്റെ ഉള്ളടക്കത്തെതന്നെ ദുരുപയോഗപ്പെടുത്തും. ഭേദഗതികൾ 1184-ം, 1186-ം ഒരുമിച്ചുപോകേണ്ടതാണു്. സർ, ഞാൻ ഇതിനുമുമ്പു സംസാരിച്ചപ്പോൾ മന്ത്രിയുടെ ഭാഗത്തുനിന്നും ഇങ്ങോട്ടു പറഞ്ഞു, ശ്രീമതി ഗൗരി ഒരുവശത്തു ഒഴിപ്പിക്കുന്നതിനെതിരായിട്ടു വാദിക്കും. മറെറാരു വശത്തു് tenant-നു കൈവശത്തിനു 50 സെൻറു് എന്ന റിസർവേഷൻ ആവശ്യമില്ലാ എന്നും അതു എടുത്തുകളയണം എന്നും വാദിച്ചു എന്നു്. സ്മാൾ ഹോൾഡറെസംബന്ധിച്ച കാർഷികബന്ധനിയമത്തിൽ എഴുതിവച്ചിരുന്ന വകുപ്പാണു് ഏററവും ശരിയെന്ന അഭിപ്രായമാണു് ഇപ്പോഴും എനിക്കുള്ളതു്. കാരണം ചെറുകിടക്കാരൻ ആരെന്നുള്ള വ്യഖ്യാനത്തിൽ യഥാർത്ഥ ചെറുകിടക്കാരനെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. അതിനുശേഷം ഒഴിപ്പിക്കുന്ന വ്യവസ്ഥ, കുടിയാന്റെ ബോധം സ്ഥിരതകൊടുക്കുന്നതിനു ഈ നിയമത്തിനു മുൻപു് ഉള്ളനില. അതുപരിഗണിച്ചു്, അപ്രകാരം സ്ഥിരത കിട്ടിയിട്ടുള്ള കുടിയാന്റെ ബോധം കണക്കിലെടുത്തു ഒഴിപ്പിക്കണ്ടഎന്നും അല്ലാത്ത വിഭാഗക്കാരെ സംബന്ധിച്ചു പകുതി പകുതി ഒഴിപ്പിക്കണം എന്നുള്ള വ്യവസ്ഥ അംഗീകരിക്കുകയുമാണു് ചെയ്തതു്. പക്ഷെ, അതു വളരെ വ്യത്യസ്തമായിരുന്നു. അതിൽ എത്ര അവകാശമുണ്ടായിരുന്നാലും $12\frac{1}{2}$ ഏക്കർ വരെ കൂടിയാൽ ഏതു പീത്ത ഭൂമിയായാലും $12\frac{1}{2}$ അല്ലെങ്കിൽ 15 ഏക്കർവരെ ഭൂമിക്കു ജന്മവും കൈവശവും കൂടിയുള്ള ആളായിരുന്ന ചെറുകിടക്കാരൻ. അതിപ്പോൾ കൂടി 24 ഏക്കർ ജന്മവും 20 ഏക്കർ possession-നും ആകുന്നു, ആൾ ചെറുകിടക്കാരനാണു് എന്ന വ്യാഖ്യാനത്തിൽ വന്ന ബുദ്ധിമുട്ടാണു്. 50 cent കുടിയാനു് reserve ചെയ്യാൻ നിങ്ങളെ പ്രേരിപ്പിച്ചതു്.

ഇപ്പോൾ സ്മാൾഹോൾഡറിന്റെ വ്യാഖ്യാനം വളരെ വ്യാപ്തമായി. ഈ വിഭാഗക്കാരെ രണ്ടായിതരംതിരിച്ചു ഞാൻഭേദഗതി കൊടുത്തിരിക്കുകയാണു്. ഒരു വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം പറയുന്നതു പകുതി ഒഴിപ്പിക്കാമെന്നാണു്. എന്നാൽ രണ്ടു സ്റ്റാൻഡേർഡു് ഏക്കർ ടെനൻറിന്റെ കയ്യിൽ ഇരിക്കണം. അടുത്ത 1186-ാം നമ്പർ ഭേദഗതി കൊടുത്തിട്ടുള്ളതു ഇങ്ങനെയാണു്.

> "Provided also in the case of small holders who as land owner or as intermediary or as tenant ; and in all capacities together does not have more than three ordinary acres of land, and if the tenant of the holding was not entitled to fixity of tenure by any other law, in force at the commencement of this Act or by custom, or contract, or decree or order of the court, then the small holder is entitled to resume half the holding irrespective of what is stated in the previsous proviso":

സാധാരണ ordinary acres ജന്മവും possesssion എല്ലാം കൂടിയുള്ള small holders ആണെങ്കിൽ അവൎക്കു് പകുതി കുടിയാനിൽ നിന്നും ഒഴിപ്പിക്കാം എന്നാണു് ഇതിനൎത്ഥം. ഈ വിഭാഗം യഥാൎത്ഥത്തിൽ സ്മാൾഹോൾഡേഴ്സ് ആണു്. ഈ ഭേദഗതിയിലുള്ള മൂന്നേക്കറെന്നുള്ളതു് അഞ്ചേക്കർവരെ ഉയർത്താനും ഞാൻ തയ്യാറാണു്. ശ്രീ. രാഘവന്റെ ഭേദഗതി മൂന്നു സ്റ്റാൻഡേർഡു് ഏക്കറെന്നാണു്. ഈ വിഭാഗത്തെ സംബന്ധിച്ചു തരംതിരിച്ചു് ഒഴിപ്പിക്കുന്നതിനു് അവകാശം കൊടുക്കേണ്ടവരെ കാണിച്ചിരിക്കുകയാണു്. എല്ലാവരെയും ഒഴിപ്പിക്കുന്നതിനുള്ള ഉപാധി നിയമത്തിൽ ഉണ്ടാക്കരുതു്. അതെ സമയത്തു് അർഹതപ്പെട്ട ആളുകൾക്കു് ഒഴിപ്പിക്കാനുള്ള അവകാശം കൊടുക്കുകയും വേണം. അതുകൊണ്ടു് 1184, 1186 എന്നീ ഭേദഗതികൾ ഒരുമിച്ചെടുക്കേണ്ടതാണു്. മന്ത്രിയുടെ ഭേദഗതി വരുന്നതിനുമുൻപു് കൊടുത്ത ഭേദഗതികളാണിതു്. 15 സ്റ്റാൻഡേർഡു് ഏക്കർ സ്മാൾഹോൾഡർക്കു് ആകുമ്പോൾ കുടിയാനു് രണ്ടു സ്റ്റാൻഡേർഡു് ഏക്കർ കൈവശം വച്ചിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ഒഴിപ്പിക്കാവൂ എന്നാണ് എന്റെ ആദ്യത്തെ ഭേദഗതി. അതേസമയത്തു് 3 ഏക്കറിനുതാഴെ ഭൂമിയുള്ള കുടിയാന്മാക്ക് പകുതി പകുതിവീതം സ്മാൾ ഹോൾഡറും കുടിയാനും എടുക്കണമെന്നാണ് രണ്ടാമത്തെ ഭേദഗതി. സ്മാൾ ഹോൾഡറെ സംബന്ധിച്ചുള്ള നിർവചനം കഴിഞ്ഞ നിയമസഭ സ്വീകരിച്ചിട്ടുള്ളതു് പ്രധാനമായി നമ്മുടെ നാട്ടിൽ നിലവിലിരിക്കുന്ന സാമ്പത്തിക സ്ഥിതിഗതികളെയും, മററു തൊഴിലുകളുടെ കുറവും, കണക്കിലെടുത്തുകൊണ്ടാണ്. പ്ലാനിംഗ്കമ്മീഷൻ സെൽഫ്കൾട്ടിവേഷൻ ആണ് പ്രധാനമായി പറഞ്ഞിട്ടുള്ളതു്. പഴയ കാർഷികബന്ധനിയമത്തിൽ സ്മാൾഹോൾഡറെ സംബന്ധിച്ചിടത്തോളം അഞ്ചേക്കറായി പരിമിതപ്പെടുത്തിയതുകൊണ്ട് സെൽഫ്കൾട്ടിവേഷൻ എന്നുള്ളതത്വത്തിലല്ലാതെയും ഒഴിപ്പിക്കാമായിരുന്നു. ഇവിടെ സെൽഫ്കൾട്ടിവേഷനുവേണ്ടി സ്മാൾഹോൾഡക്ക് ഒഴിപ്പിക്കാമെന്നാണ് എഴുതിയിട്ടുള്ളതു്. കാരണം, സ്മാൾഹോൾഡർ 24 ഏക്കർ കാരനാണ്. പഴയ നിയമപ്രകാരം ഒരു മുപ്പതുലക്ഷത്തോളം സ്മാൾഹോൾഡേഴ്സ് വരും. അവരുടെ ഭൂമി ഒഴിപ്പിച്ചെടുക്കുന്ന കാര്യത്തിൽ ഒരു പ്രത്യേക പരിഗണന നൽകിയിരുന്നു. അന്നു് ഞങ്ങൾ അംഗീകരിച്ചതിന്റെ ഒരുവശം മാത്രം എടുത്തു മാററംചെയ്തിരിക്കുകയാണ്. സാമ്പത്തികപരിതഃസ്ഥിതി നോക്കിയാൽ നിങ്ങളുടെ സ്മാൾഹോൾഡേർസിനെ രണ്ടായി തരംതിരിക്കാം. അങ്ങനെ തരംതിരിച്ച ഒരു കൂട്ടർക്ക് പകുതി ഒഴിപ്പിച്ചെടുക്കാൻ അനുവദിക്കുക, അതായതു് ഫിക്സിററി ഇല്ലാത്തവരെ സംബന്ധിച്ചിടത്തോളംമാത്രം. അടുത്തതായി 1187-ാം നമ്പരായി കൊടുത്തിട്ടുള്ള ഭേദഗതി ഒരു എക്സ്പ്ലനേഷൻ ചേർക്കുന്നതിനുവേണ്ടിയുള്ളതാണ്. ഇതു് കാർഷിക ബന്ധനിയമത്തിൽ ഉണ്ടായിരുന്നതാണ്. ഈ ഭേദഗതി കുറെക്കാലം തുടർച്ചയായി ഭൂമി കൈവശംവച്ചിട്ടുള്ളവരെ ഉദ്ദേശിച്ചുള്ളതാണ്. പൊളിച്ചെഴുത്തു് 12 കൊല്ലം കഴിയുമ്പോൾ നടക്കുന്നതാണ്. അതിൽ കുറഞ്ഞ കാലത്തിൽ എവിടെയെങ്കിലും നടത്തുന്നുണ്ടോ എന്നു എനിക്കറിവില്ല. ഒരു പൊളിച്ചെഴുത്തു കഴിഞ്ഞാൽ കൈവശം 24 കൊല്ലമാകും. പൊളിച്ചെഴുത്തു നടന്നില്ലെങ്കിൽ വ്യവസ്ഥപ്രകാരം പൊളിച്ചെഴുത്തിനു പണംകൊടുത്തു പൊളിച്ചെഴുത്തുനടന്നതായി രസീതു കൈവശം വച്ചിട്ടുള്ളവക്ക് ഫിക്സിററിയുള്ളതായി പരിഗണിക്കണം. പത്തിരുപതുകൊല്ലം ഭൂമി കൈവശംവച്ചതുകൊണ്ട് അവക്ക് fixity യുണ്ടെന്നുള്ള ബോധം ഉണ്ടായിട്ടുള്ളതുതന്നെയാണ് ഇങ്ങനെ ചെയ്യേണ്ടതിനുള്ള കാരണം. ആ വിഭാഗക്കാരെയും, കോടതിവിധി മൂലം fixity കിട്ടിയിട്ടുള്ളവരുടെയും പ്രത്യേകസ്ഥിതി കണക്കിലെടുത്തു് സ്ഥിരതകിട്ടിയിട്ടുള്ള കുടിയാന്മാരുടെ പട്ടികയിൽ അവരെ ഉൾപ്പെടുത്തി കുടിയാനു സമ്മതമാണെങ്കിൽ മാത്രംപകുതിഒഴിഞ്ഞുകൊടുക്കുക എന്നതത്വം അംഗീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. എന്റെഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഒ. കോരൻ: ഈ ക്ലാസ്സിലെ രണ്ടുമൂന്നുവരി നീക്കംചെയ്യണമെന്നു ബഹുമാനപ്പെട്ടമന്ത്രി ഒരു ഭേദഗതി അവതരിപ്പിച്ചു. അങ്ങനെയാണെങ്കിൽ ഈ ക്ലാസുതന്നെ നീക്കംചെയ്യണമെന്നാണ് എനിക്കു പറയാനുള്ളതു്. എന്റെ ഭേദഗതികൊണ്ടുദ്ദേശിച്ചിട്ടുള്ളതു് റിക്വയേഴ്സ് എന്നുള്ളിടത്തു് നീഡ്സ് എന്നും ടെനൻറു് എന്നുള്ളിടത്തു് വാരംദാർ എന്നും ചേർക്കണമെന്നാണ്. റിക്വയർ എന്നുള്ളതിനെ സംബന്ധിച്ചു മദ്രാസ്ഹൈക്കോടതിയിൽ ഡിസയർ എന്നാണ് അർത്ഥം കല്പിച്ചതു്. അങ്ങനെ ജന്മിയുടെ ആഗ്രഹമനുസരിച്ചു് ഒഴിപ്പിക്കാനുള്ള അംഗീകാരം കൊടുക്കുകയാണെങ്കിൽ കണ്ടമാനം ഒഴിപ്പിക്കാൻ ഇടയാകുമെന്നുള്ളതു കൊണ്ടാണ് ഇങ്ങനെ ഒരു ഭേദഗതി കൊടുത്തതു്.

ശ്രീ. ഇ. പി. ഗോപാലൻ: ബഹുമാനപ്പെട്ടമെമ്പർ അവതരിപ്പിക്കുന്ന ഭേദഗതിയിലുള്ള വാക്കുകൾ ഉൾക്കൊള്ളുന്ന ഭാഗം ക്ലാസ്സുകളിൽനിന്നു നീക്കം ചെയ്യണമെന്നാണ് മന്ത്രിയുടെ ഭേദഗതി. ആ സംഗതി മനസ്സിലാക്കുമോ?

ശ്രീ. ഒ. കോരൻ: ഒഴിച്ചുകൂടാൻ പാടില്ലാത്ത സന്ദർഭത്തിൽ മാത്രമേ ഒഴിപ്പിക്കാവൂ എന്നാണ് ഞാനുദ്ദേശിക്കുന്നതു്. അതുകൊണ്ടാണ് നീഡ്സ് എന്ന പദം ഉപയോഗിക്കണമെന്നു പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: ബഹുമാനപ്പെട്ട മെമ്പർ ചില വാക്കുകൾ മാററണമെന്നു പറയുന്ന ഭാഗമേ വേണ്ട. കൃഷി നടത്തിപ്പും വേണ്ട എന്ന നിലയിലാണു് ഇപ്പോൾ ആ ക്ലാസ് ഇരിക്കുന്നതെന്നറിയാമോ ?

ശ്രീ. ഓ. കോരൻ: അങ്ങനെ യാതൊരു പരിഗണനയും കൂടാതെ ഒഴിപ്പിക്കാമെന്നാണു് വരുന്നതു്. ഞാൻ പറയുന്നതു് ആ ഭാഗം എടുത്തുകളയാതെ ഞാൻ പറഞ്ഞ വാക്കുകൾ ചേർക്കണമെന്നാണു്. ടെനൻറു് എന്നുള്ള പദം വാരംദാർക്കു് കാർഷികബന്ധനിയമത്തിൽ അംഗീകരിച്ചിട്ടുണ്ടു്. അതുകൊണ്ടു് ടെനൻറിനുപകരം വാരംദാർ എന്നാക്കിയാൽ ആ വിഭാഗത്തിൽപ്പെട്ട വർഗ്ഗം ഉപയോഗമുണ്ടാകും.

ശ്രീ. പി. ടി. ചാക്കോ: സ്മാൾഹോൾഡേഴ്സ് വാരംദാരുടെ കയ്യിൽ നിന്നും മാത്രമേ ഭൂമി ഒഴിപ്പിക്കാവൂ എന്നാണോ ബഹുമാനപ്പെട്ടമെമ്പറുടെ അഭിപ്രായം?

ശ്രീ. ഓ. കോരൻ: കാർഷികബന്ധനിയമത്തിൽ ടെനൻറു് എന്നതിനു വാരംദാർ എന്ന പദം ഉപയോഗിച്ചിരുന്നു. അതുകൊണ്ടാണു ഞാൻ പറഞ്ഞതു്.

ശ്രീ. എൻ. ഇ. ബലറാം: എൻെറ ഭേദഗതിയുടെ ആവശ്യം വരികയില്ല. കാരണം എൻെറ ഭേദഗതിക്കു് ആധാരമായ വരികൾതന്നെ എടുത്തുകളയണമെന്നാണു് മന്ത്രി ആവശ്യപ്പെട്ടിട്ടുള്ളതു്. ആ വാക്കിൻെറ അർത്ഥവ്യാപ്തി ശ്രീ. കോരൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ വരികളെ വേണ്ടെന്നു പറയുമ്പോൾ എൻെറ ഭേദഗതിക്കു് പിന്നെന്തുപ്രസക്തിയാണു്. മന്ത്രി അവതരിപ്പിച്ചിട്ടുള്ള ഓറൽ ഭേദഗതി സഭ സ്വീകരിച്ചാൽ ചെറുകിടക്കാരായ ജന്മിമാർക്കു് സെൽഫ് കൾട്ടിവേഷനുവേണ്ടി ഒഴിപ്പിച്ചെടുക്കാം. ഹെഡ്ഡിംഗ് അങ്ങനെയാണു്.

ശ്രീ. പി. ടി. ചാക്കോ: അതും തിരുത്താം. ഹെഡ്ഡിംഗായതുകൊണ്ടു് അതിനൊരു ഭേദഗതിവേണ്ടാ.

ശ്രീ. എൻ. ഇ. ബലറാം: 22-ാം ക്ലാസിലും ഭേദഗതിവരും. പിന്നെ എന്തിലൊക്കെ വരുമോ എന്നെനിക്കറിഞ്ഞുകൂടാ. സ്പീക്കർ പറഞ്ഞു ഒരു ചെറിയ ഭേദഗതിയാണെന്നു്.

ശ്രീ. പി. ടി. ചാക്കോ: ചെറിയ ഭേദഗതിയാണു്. കാർഷികബന്ധനിയമത്തിൽ കൊടുത്തിരുന്ന അവകാശം എടുത്തുകളയരുതെന്നു വിചാരിച്ചാണു് ആ ഭേദഗതികൊണ്ടുവന്നതു്.

ശ്രീ. എൻ. ഇ. ബലറാം: വലിയ ജന്മിമാർക്കു് സെൽഫ്കൾട്ടിവേഷനു് ഒഴിപ്പിക്കാം എന്നു കാർഷികബന്ധനിയമത്തിൽ എവിടെയാണു പറഞ്ഞിട്ടുള്ളതു്? കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്ന ആനുകൂല്യം എടുത്തുകളയേണ്ടെന്നു വിചാരിച്ചു എന്നെല്ലാം പറയുന്നതിനു വലിയ അർത്ഥമൊന്നുമില്ല. കാർഷികബന്ധനിയമത്തിൽ 15 ഏക്കറിനു മുകളിലുള്ള ആളുകൾക്കു് സെൽഫ്കൾട്ടിവേഷനു് ഒഴിപ്പിക്കാൻ പാടില്ലായിരുന്നു. ചെറുകിടക്കാർക്കു് കൾട്ടിവേഷൻെറ ആവശ്യമില്ല; ചെറുകിടക്കാരായാൽമതി. ഇതിൻെറ അടിസ്ഥാനത്തിൽ പലക്ലാസ്സിലും ഭേദഗതിവേണ്ടിവരും. അങ്ങനെ ഈ ചെറിയ ഭേദഗതി ഒരു ചെയിൻ ഭേദഗതിയാണെന്നുകാണാം.

ഇങ്ങനെ ഇടയ്ക്കിടയ്ക്കു ഓരോ ഭേദഗതി അവതരിപ്പിക്കുമ്പോൾ വലിയ ബുദ്ധിമുട്ടുണ്ടാകും. ഏതായാലും ഞാൻ ഇതിനെ എതിർക്കുകയാണു്. കാർഷികബന്ധനിയമത്തിൽ ഒഴിപ്പിക്കാനുള്ള അവകാശം കൊടുക്കുന്നുണ്ടെങ്കിലും അതിനൊരു നിയന്ത്രണം വച്ചിട്ടുണ്ടായിരുന്നു. അല്ലെങ്കിൽ, ആ അവകാശം വളരെയധികം ദുരുപയോഗപ്പെടുത്തുന്ന സാഹചര്യം സൃഷ്ടിക്കും. അതു കുടിയാൻ പ്രസ്ഥാനത്തിനുതന്നെ കുഴപ്പം ഉണ്ടാകുന്നതായിരിക്കും. കാർഷിക പരിഷ്ക്കരണത്തിൻെറ ചരിത്രം എടുത്തു നോക്കിയാൽ, ഏതെങ്കിലും നിയമപ്രകാരം കുടിയാൻ നേടിയിട്ടുള്ള അവകാശങ്ങൾ ഏതെല്ലാം ആണോ,

അതെല്ലാം ഇല്ലാതാക്കാനുള്ള ഒരു ശ്രമം ഒരിക്കലും നടത്തിയതായി കാണാൻ കഴിയില്ല ഈ കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ ചെയ്തിട്ടുള്ളത്, ഒഴിപ്പിക്കാനുള്ള അവകാശം ഓരോ വകുപ്പിലും കൂടുതൽ കൂടുതൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ നോക്കിയാൽ പരിധികഴിഞ്ഞു മിച്ചഭൂമി കിട്ടാനില്ലാത്ത ഒരു അവസ്ഥതന്നെ വന്നുചേരും. തീർച്ചയാണ്.

സർ, ഈ ഘട്ടത്തിൽ മലബാറിൽ സ്ഥിരാവകാശം കിട്ടിയിട്ടുള്ള കുടിയാന്മാരുടെ ഭാവി എന്തായിരിക്കുമെന്നു ഞാൻ ആലോചിക്കുകയാണ്. 17—ാമത്തെ ക്ലാസിന് 2—ാമത്തെ പ്രൊവൈസോക്ക് ശ്രീ. കെ. ഭാർഗ്ഗവൻ കൊടുത്തിട്ടുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. ഈ പ്രൊവൈസോവിനു മന്ത്രി കൊടുക്കുന്ന ഭേദഗതി കാരണം, മലബാറിൽ സ്ഥിരാവകാശം കിട്ടിയ കുടിയാന്മാരുടെ ഭാവി എന്തായിരിക്കുമെന്നു ഞാൻ ആലോചിക്കുകയാണ്. കാർഷികബന്ധനിയമപ്രകാരം, കുടിയാന്മാർക്കു ഭൂഉടമകളായി മാറുന്നതിനുള്ള വ്യവസ്ഥയുണ്ടായിരുന്നു. ഇന്ന് ഈ പ്രൊവൈസോപ്രകാരം പരിധിക്കപ്പുറമുള്ള ഭൂമി പകുതിപകുതിവീതം ജന്മിയും കുടിയാനും തമ്മിൽ വീതിച്ചു എടുക്കാനാണു വ്യവസ്ഥ. ജന്മിക്കു പകുതി കൊടുത്തതിനുശേഷമുള്ളതിനേ കുടിയാന് അർഹതയുള്ളു. ഏതായാലും അതുണ്ടാകാൻപോകുന്നില്ല. ഈ പ്രൊവൈസോ ഇരിക്കുന്നിടത്തോളംകാലം, നമ്മുടെ നാട്ടിലെ ജന്മിസംപ്രദായം നൂററാണ്ടുകളോളം തുടരാനാണ് അവസരം ഉണ്ടാക്കുന്നത്. ജന്മിത്തം തുടർന്നുപോകാനുള്ള സാഹചര്യമാണ് ഇതുമൂലം സൃഷ്ടിക്കുന്നത്. ചെറുകിടക്കാരെസംബന്ധിച്ച് ഗവണ്മെൻറിന് ഇത്രയധികം ഉൽക്കണ്ഠ ഉണ്ടായിരിക്കുന്ന സ്ഥിതിക്ക്, അവർക്ക് എന്തെങ്കിലും സൗജന്യം ചെയ്യണമെന്നുണ്ടെങ്കിൽ, അതിൻെറ ഭാരം കുടിയാന്മാരുടെ തലയിൽ വച്ചുകെട്ടേണ്ടതില്ലായിരുന്നുവെന്നാണ് എനിക്കു അറിയിക്കാനുള്ളത്. കുടിയാന്മാരുടെ താൽപര്യത്തിനു ഭംഗംവരാത്ത മട്ടിൽ, ചെറുകിടക്കാർക്ക് ചെയ്തുകൊടുക്കാവുന്ന എല്ലാ സൗജന്യങ്ങളും, സഹായങ്ങളും ചെയ്യുന്നതിൽ എനിക്കു എതിരില്ല. ഞാൻ അതിനു അനുകൂലിയുമാണ്, ഇന്നത്തെ വ്യവസ്ഥയനുസരിച്ച് ചെറുകിടക്കാർക്ക് 24 ഏക്കർവരെ ഭൂമി കൈവശം വയ്ക്കാം. സ്ഥിരാവകാശം കിട്ടിയിട്ടില്ലാത്ത കുടിയാന്മാരിൽനിന്നു ഭൂമി ഒഴിപ്പിച്ചെടുക്കാം. സ്ഥിരാവകാശം കിട്ടിയിട്ടുള്ളവരിൽനിന്ന് പകുതി ഭൂമി ഒഴിപ്പിച്ചെടുക്കാം. അങ്ങനെയാണു പുതിയ നിയമത്തിലെ വ്യവസ്ഥ. ഞാൻ അതിനെ ശക്തിയായി എതിർക്കുകയാണു. ചെറുകിടക്കാർക്കു തീർച്ചയായി ആവശ്യമുള്ള സംരക്ഷണം നൽകേണ്ടതാണ്. കഴിയുമെങ്കിൽ അവർക്കു കൂടുതൽ പ്രതിഫലസംഖ്യ കൊടുക്കണം. അല്ലെങ്കിൽ മററാനുകൂല്യങ്ങളും ചെയ്തുകൊടുക്കണം. അങ്ങനെയാണു ചെറുകിടക്കാരെ സംരക്ഷിക്കേണ്ടത്. പക്ഷേ, ഗവണ്മെൻറു ശാഠ്യം പിടിക്കുന്നത്, ചെറുകിടക്കാർക്ക് ആനുകൂല്യംചെയ്യാൻവേണ്ടി കുടിയാൻെറ അവകാശം നഷ്ടപ്പെടുത്തണമെന്നാണ്. ചെറുകിടക്കാരും കുടിയാന്മാരും തമ്മിൽ സംഘട്ടനം ഉണ്ടാകുന്നതിനുള്ള സാഹചര്യം ഒഴിവാക്കാൻ രണ്ടാമത്തെ ഈ പ്രൊവൈസോ എടുത്തുകളയേണ്ടതാണ് ഇതുസംബന്ധിച്ച ഒരു ഭേദഗതി ഞാൻ അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നു. ഇപ്പോൾ ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുകയാണ്. രണ്ടാമത്തെ പ്രൊവൈസോ എടുത്തുകളയണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെതന്നെ, ചെറുകിടക്കാർ, കൃഷിചെയ്യണമെന്നുള്ള ആവശ്യം പറഞ്ഞ്, ഭൂമി ഒഴിപ്പിക്കാൻ ശ്രമിക്കുന്നതിനെ ഞാൻ എതിർക്കുകയാണ്. അതു ശരിയല്ല.

ശ്രീ, കെ. കൃഷ്ണൻ: സർ, എൻെറ ഭേദഗതി.

In clause 7, recast the provisos as follows:

'provided that such tenant holding under a small holder may at his option—

(i) elect to continue as tenant in respect of the entire holding on the basis of 75% of the contract rent, (2) where both the small holder and the tenant agree the tenant shall be entitled to surrender one half of the holding to the small holder and retain

2/275/V

[ശ്രീ. കെ. കൃഷ്ണൻ]

the other half without any rent". എന്നാണ്. ഞാൻ ഇതു അവതരിപ്പിക്കാൻ കാരണം, കാർഷികബന്ധനിയമം പാസ്സായതിനുശേഷം നമ്മുടെ നാട്ടിൽ ചെറുകിടക്കാരും കുടിയാന്മാരും തമ്മിൽ ചില ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ ചില കരാറുകൾ ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്. ആ നിലയിൽ കഴിഞ്ഞുവരുന്നവർക്ക് അതു തുടർന്നു കൊണ്ടുപോകാൻ ഒരു അവസരം നൽകേണ്ടതാണ്. ജന്മിയും കുടിയാനും പകുതി പകുതി ഭൂമി എടുത്തു പരസ്പരധാരണയിൽ കഴിയുന്നവരുണ്ട്. ചെറുകിടക്കാരായ ആളുകൾ 75 ശതമാനം കരാർപാട്ടം വാങ്ങിക്കൊണ്ട് ആ പാട്ടം വളരെ കണിശമായിട്ട് കൊടുത്തുകൊണ്ട് കുടിയാനും ചെറുകിടക്കാരും ഇന്നു തുടർന്നുവരികയാണ്. കാർഷികബന്ധനിയമം പാസ്സായതിനുശേഷം അങ്ങനെ ചില ഒത്തുതീർപ്പുകളുടെ അടിസ്ഥാനത്തിൽ കഴിയുന്നവർക്ക് ആ സൗകര്യം തുടരാൻ അനുവദിക്കേണ്ടതാണ്. രണ്ടാമത്തെ ഭേദഗതി പട്ടാളത്തിൽ പോയിട്ടുള്ള ആളുകൾ തിരിച്ചുവരുമ്പോൾ ഒരു വിവേചനം ഉണ്ടാകരുത്; അവർക്ക് സ്ഥിരാവകാശം നൽകണമെന്നുള്ളതാണ്. ഇതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. ഭാർഗ്ഗവൻ: സർ, എന്റെ ഭേദഗതികളെ പരാമർശിച്ചു സംസാരിക്കുന്നതിനു മുൻപ്, മന്ത്രി ഒററലായി അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെപ്പററി ഒരു കാര്യം പറയാനുണ്ട്. അദ്ദേഹം ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി ആദ്യം അവതരിപ്പിച്ചതിനു എതിരാണ്. ഈ ഭേദഗതി പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശത്തിനു എതിരാണ്. ഈ ഭേദഗതി അംഗീകരിച്ചാൽ, അതിനെത്തുടർന്നു മററു പല വകുപ്പുകളെയും അതു ബാധിക്കും. മന്ത്രി ഇതിനു വേണ്ടിടത്തോളം വിശദീകരണവും നൽകിയിട്ടില്ല. ഇങ്ങനെ ഒററൽ അമെൻഡ്മെൻറുകൾ അവതരിപ്പിക്കുമ്പോൾ, അതിന്റെ ഗുണദോഷങ്ങളെപ്പററി വിശദമായി മനസ്സിലാക്കി, മററു വകുപ്പുകളെ അതു എങ്ങനെ ബാധിക്കുമെന്നു പരിശോധിക്കാൻ അവസരം ലഭിക്കാതെവരുന്നുണ്ട്. മേലാലെങ്കിലും ഈ രീതി ആവർത്തിക്കരുതെന്നാണ് ഇതിനെപ്പററി എനിക്കു പറയാനുള്ളതു്. സ്വന്തമായി കൃഷിചെയ്യുന്നവരെ ഒഴിപ്പിക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ടെങ്കിലും, ഈ ഭേദഗതിമൂലം അതിനു അവസരം നൽകുകയായിരിക്കും ചെയ്യുന്നതു്,

ശ്രീ. പി. ടി. ചാക്കോ: ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം, തിരുവനന്തപുരത്തു് ഒരേക്കർ സ്ഥലമുണ്ടെങ്കിൽ, സെൽഫ് കൾട്ടിവേഷന് അരയേക്കർ സ്ഥലം ഒഴിപ്പിക്കാൻ സാധിക്കുമോ; ശ്രീ. പൊന്നറ പറഞ്ഞ കുഴപ്പം നേരിടുകയില്ലേ?

ശ്രീ. കെ. ഭാർഗ്ഗവൻ: അതിനു പരിഹാരമുണ്ടാകും. അതിനെപ്പററി വിഷമിക്കേണ്ട കാര്യമില്ല.

ശ്രീ. എൻ. ഭാസ്കരൻനായർ: സ്വന്തം കൃഷിക്കു ഭൂമി തിരിയെ എടുത്താൽ ആ ആവശ്യത്തിനു ഉപയോഗിച്ചില്ലെങ്കിൽ മടക്കിക്കൊടുക്കണമെന്നില്ലേ?

ശ്രീ. കെ. ഭാർഗ്ഗവൻ: സ്വന്തമായിട്ടു കൃഷിചെയ്യണമെന്നു നിർബന്ധമില്ല. 23,24,25 എന്നീ വകുപ്പുകളിൽ അതിനെപ്പററി പറയുന്നുണ്ട്. ഒന്നുകിൽ ഭൂമി കൃഷിചെയ്യുന്നതിനും അല്ലെങ്കിൽ കുറച്ചു കൃഷിചെയ്തിട്ടു ബാക്കി വിൽക്കുന്നതിനും ഒഴിപ്പിക്കാം. ഇപ്പോൾ കൃഷിക്കാരുടെ കൈയിലിരിക്കുന്ന ഭൂമി ഒഴിപ്പിച്ചെടുത്തിട്ട് അതു വിൽക്കാൻ ചെറുകിടക്കാർക്കു അവസരം നൽകുകയാണ് മന്ത്രി ചെയ്തിരിക്കുന്നതു്. അതു തെററായ ഒരു നടപടിയാണ്. കാർഷിക ബന്ധ നിയമത്തിൽ അങ്ങനെ സൗകര്യം കൊടുത്തിരുന്നില്ല. മലബാർ കുടിയായ്മ നിയമത്തിൽ കുടിയാന്മാർക്കു അംഗീകരിച്ചിരുന്ന സൗകര്യം കാർഷിക ബന്ധനിയമത്തിൽ തുടർന്നു അനുവദിച്ചിരുന്നു. രണ്ടാമതു, കാർഷിക ബന്ധനിയമപ്രകാരം മിച്ചഭൂമി കൂടുതൽ കിട്ടാനുള്ള സൗകര്യം ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുമൂലം കൂടുതൽ ഭൂമി വിതരണം ചെയ്യാനും സൗകര്യം കിട്ടുമായിരുന്നു. കാർഷിക ബന്ധ നിയമത്തിലെ പല വകുപ്പുകളും ഒരുമിച്ച് എടുത്തു ചർച്ച ചെയ്താൽ മാത്രമേ അതിന്റെ ഗുണദോഷങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കു. പ്രത്യേകം ചില വകുപ്പുകളെപ്പററി പറഞ്ഞാൽ ശരിയായ വില യിരുത്തലുണ്ടാകയില്ല. കാർഷികബന്ധ നിയമപ്രകാരം കർഷകനു ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ ഈ നിയമംമൂലം ലഭിക്കാതെവരും.

Mr. Speaker: Order, order. We can continue the discussions in the afternoon.

I mentioned yesterday that the House will have to sit in the afternoons also from today to get through all the stages of the Bill before the 15th. It has been now represented by the opposition parties that this question be taken up after watching the progress in the Bill this week also. Accordingly the House will not sit in the afternoons of tomorrrow and day after tomorrow. Today however the House will sit in the afternoon. Next week we will have to sit in the afternoons also.

The House will now adjourn and meet again at 4 p. m. in the afternoon.

[The House adjourned at 1 p. m. and reassembled at 4 p. m. with Mr. Speaker in the Chair.]

CLAUSE 17 (*contd.*)

Mr. Speaker: Mr. Bhargavan may continue his speech.

ശ്രീ. കെ. ഭാർഗ്ഗവൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ഓറൽ അമെൻറുമെൻറിനെപ്പററി ഞാൻ സംസാരിക്കുകയായിരുന്നു. അതു ചില പ്രത്യേക ആളുകൾക്ക് വലിയ സൗകര്യങ്ങളും സഹായങ്ങളും ചെയ്തു കൊടുക്കുന്നതിനു ഉദ്ദേശിച്ചുകൊണ്ട് കൊണ്ടുവന്നിട്ടുള്ളതാണ്. സാധാരണ ഇരുപതു ഏക്കർവരെ അതായതു് അഞ്ചു സ്റ്റാൻഡേർഡ് ഏക്കർവരെ ഒഴിപ്പിച്ചെടുക്കാമെന്നാണ് പറയുന്നതു്. പാട്ടത്തിനു ഭൂമി കൊടുത്തിട്ടുള്ളവരെല്ലാം തന്നെ മറെറന്തെങ്കിലും വരുമാനമുള്ളവർ ആയിരിക്കും. അവർക്കു കൃഷിചെയ്യാൻ സാധിക്കുകയില്ല. അങ്ങനെയുള്ളവർക്കെല്ലാം വല്ല സർക്കാർ ജോലിയോ മറേറാ ഉള്ളവരായിരിക്കും. അവർക്കെല്ലാംതന്നെ കൃഷിയെ ആശ്രയിക്കാതെ ജീവിക്കാൻ സാധിക്കുന്നവരായിരിക്കും. അങ്ങനെയുള്ളവർക്ക് ഇപ്പോൾ കൃഷി ചെയ്തുകൊണ്ടിരുന്ന കർഷകരുടെ കയ്യിൽനിന്നും ഭൂമി ഒഴിപ്പിച്ചെടുക്കാമെന്നു പറഞ്ഞാൽ അതു് കൃഷിക്കാരോടും പ്രത്യേകിച്ച് രാജ്യത്തിനോടും ചെയ്യുന്ന ഒരു ദ്രോഹമാണ്. ഭൂനിയമത്തെപ്പററി ചർച്ചചെയ്തു് കാര്യങ്ങൾ വേഗത്തിൽ നടപ്പിലാക്കാൻ വേണ്ടി ഒരു ബോർഡുണ്ടാക്കാൻ പോകുന്നതായി ഒരു വാർത്ത പത്രത്തിൽ കണ്ടു. പക്ഷെ ബോർഡിന്റെ പ്രവർത്തനങ്ങൾ കൊണ്ടൊന്നും വളരെ ദൂരെ പോകാൻ കഴിയുകയില്ലെന്നു തെളിയിക്കുന്ന അനവധി കാര്യങ്ങളിലൊന്നാണ് ഇതു്. ചുരുക്കത്തിൽ ഈ ബിൽ നടപ്പിൽ വരുത്തുമ്പോൾ ഈ രാജ്യത്തുള്ള വൻകിട ജന്മിമാരെയെല്ലാം സഹായിക്കുകയാണ് ചെയ്യുന്നതു്. മന്ത്രി ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയോട് എനിക്കു ഖണ്ഡിതമായ എതിർപ്പുണ്ട്. ഞാൻ ഇതിനു ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. അതായതു് അഞ്ചേക്കർ വരെ ഒഴിപ്പിച്ചെടുക്കാമെന്നുള്ളതു് മാററിയിട്ട് മൂന്ന് ഏക്കർവരെ ഒഴിപ്പിച്ചെടുക്കാമെന്നു പരിമിതപ്പെടുത്തണമെന്നാണ്. ഞാൻ മുമ്പു ഒരു ദിവസം ഈ സഭയിൽ പറഞ്ഞിട്ടുള്ളതുപോലെ അഞ്ചേക്കറും അതിനു മീതെയും ഭൂമിയുള്ളവരെല്ലാം സാമാന്യമായി ഒരുവിധം ജീവിക്കാൻ കഴിവുള്ളവരാണ്. എന്നാൽ അഞ്ചു സ്റ്റാൻഡേർഡ് ഏക്കറോ അതിലധികമോ ഭൂമി കൈവശമുണ്ടായിരിക്കുകയും അതു് കൃഷിചെയ്യാതിരിക്കുകയും ചെയ്യുന്നവർക്ക് അന്യഥാ വരുമാനം ഉണ്ടായിരിക്കും. അതുകൊണ്ട് അവർക്കു ഭൂമിയെ ആശ്രയിക്കാതെ ജീവിക്കാൻ കഴിയും. അതുകൊണ്ട് ഇത്തരക്കാരുടെ ഭൂമി പരിമിതിപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഏററവും കൂടുതൽ സഹാനുഭൂതി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഭാർഗ്ഗവൻ]

യോടുകൂടി സമീപിക്കേണ്ടതു് ഒന്നോ രണ്ടോ ഏക്കറിനു താഴെ ഭൂമിയുള്ളവരെ മാത്രമാണു്. അഞ്ചേക്കർവരെ ഒഴിപ്പിക്കാൻ അവകാശം കൊടുക്കുകയാണെങ്കിൽ ആ ഭൂ ഉടമസ്ഥന്മാർ ഏററവും മേലേക്കിടയിലുള്ളവരായിരിക്കും. അവരല്ല പ്രധാനമായും സഹാനുഭൂതിയും പരിഗണനയും അർഹിക്കുന്നവർ. അതുകൊണ്ടു് ഒഴിപ്പിച്ചെടുക്കുന്നതു് മൂന്നേക്കർ എന്നു് പരിമിതപ്പെടുത്തുന്നതു് ഏററവും നല്ലതാണു്. മൂന്നു സ്റ്റാൻഡേർഡു് ഏക്കർ എന്നു പറയുന്നതു് നല്ല ഫലഭൂയിഷ്ഠമായ ഭൂമിയാണെങ്കിൽ, നാലര; അഞ്ചു് ഏക്കറോളവും വെറും ഭൂമിയാണെങ്കിൽ പന്ത്രണ്ടുഏക്കറോളവും വരും. അങ്ങനെ ചെയ്യുകയാണെങ്കിൽ ഇന്നു് നമ്മുടെ സ്റ്റേററിലെ സാധാരണക്കാർക്കു് നൽകുന്ന ആനുകൂല്യങ്ങളിൽ ഒന്നായിരിക്കും ഇതു്. അതുകൊണ്ടു് ഇതു് വളരെ നിർബന്ധമായി സ്വീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യാൻ പോകുകയാണെങ്കിൽ പരിധി നിശ്ചയമായും ചുരുക്കണം. കൃഷിചെയ്യാനല്ലാതെ വിൽക്കാൻ വേണ്ടി ഭൂമി ഒഴിപ്പിക്കുകയാണെങ്കിൽ ഒഴിപ്പിച്ചെടുക്കുന്ന ഭൂമിയുടെ പരിധി വളരെ വളരെ ചുരുങ്ങിയതായിരിക്കേണ്ടതാണു്. ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു് മന്ത്രി ഇവിടെ ചെയ്ത വിശദീകരണത്തിൽ ഒരാറം പട്ടണത്തിൽ കെട്ടിടം വയ്ക്കണമെന്നു തോന്നിയാൽ അതിനാവശ്യമായ ഭൂമി ഒഴിപ്പിച്ചെടുക്കേണ്ടതല്ലേ എന്നു പറയുകയുണ്ടായി. അങ്ങനെ കെട്ടിടം വയ്ക്കുന്നതിനു വേണ്ടി മാത്രം ഒരാളിനു് ഭൂമി ഒഴിപ്പിച്ചെടുക്കണമെങ്കിൽ അതു 50 സെൻേറാ അല്ലെങ്കിൽ ഒരേക്കറോ പോരേ? അല്ലാതെ കെട്ടിടം വയ്ക്കുന്നതിനു് വേണ്ടി അഞ്ചേക്കർ ഒഴിപ്പിക്കണമെന്നു് ആരും വാദിക്കുകയില്ല. അങ്ങനെ പട്ടണത്തിലുള്ള ആളുകളെ മാത്രം ഉദ്ദേശിച്ചാണെങ്കിൽ അതിനു് പ്രത്യേകമായിട്ടു് ഒരു പുതിയ ക്ലാസ്സ് എഴുതിച്ചേർത്താൽ മതിയായിരുന്നല്ലോ? അപ്പോഠം വാസ്തവത്തിൽ ഉദ്ദേശം അതല്ല. എന്തെങ്കിലും ന്യായം പറയണമെന്നു് വിചാരിച്ചു് മാത്രം അതു പറഞ്ഞതാണു്. എന്നാൽ അതൊരു യഥാർത്ഥ ന്യായമായതുമില്ല. അതുകൊണ്ടു് എൻെറ ഈ 460-ാമത്തെ ഭേദഗതി മന്ത്രിയുടെ ഭേദഗതിയുടെ വെളിച്ചത്തിൽ നിർബന്ധമായി സ്വീകരിക്കേണ്ടതാണെന്നാണു് എനിക്കു് പറയുവാനുള്ളതു് ശ്രീമതി ഗൗരിയും ഇതിനൊരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ടു്. അതു് ഏകദേശം ഇതിനോടു തുല്യമായ ഒരു ഭേദഗതിയാണു്. മറെറാരു ഭേദഗതി കൊടുത്തിട്ടുള്ളതു് അതായതു് 463-ാമത്തെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതു് പ്രൊവൈസോ എടുത്തുകളയണമെന്നാണു്. ഈ പ്രൊവൈസോയുടെ ആവശ്യം എന്താണെന്നു എനിക്കു് മനസ്സിലാകുന്നില്ല. രണ്ടു കാരണങ്ങളാൽ ഞാൻ അതിനെ എതിർക്കുകയാണു്. ഒന്നാമതു് പ്ലാനിംഗ് കമ്മീഷൻെറ നിർദ്ദേശമനുസരിച്ചു് ഒരു ഭൂപരിഷ്കരണ ബിൽ കൊണ്ടുവരുമ്പോഠം കുടിയാനു് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന അവകാശങ്ങഠം എടുത്തുകളയാൻ പാടില്ല. അതു് മുഖ്യമായ തത്വങ്ങളിൽ ഒന്നാണു്. മലബാറിലുള്ള കുടിയാൻെറ അവകാശം എടുത്തുകളയാനാണു് ഇതുകൊണ്ടു് ഉദ്ദേശിക്കുന്നതു്. അതിനെപ്പററി ശ്രീ. തൊമ്മൻ ഒരു വാദം ഇവിടെ ഉന്നയിച്ചു. അതായതു് മലബാറിലെ കുടിയാനെ ഒഴിപ്പിക്കണമെന്നു പറഞ്ഞിട്ടില്ലല്ലോ എന്നു്. അദ്ദേഹം ഇതിലെ ക്ലാസ് 51 നോക്കിയിട്ടില്ലയോ, അതോ നോക്കിയിട്ട് മനസ്സിലാകാത്തതാണോ, അതോ മനസ്സിലാക്കിയിട്ടും തൽക്കാലത്തേക്കു് മനസ്സിലാക്കിയില്ലെന്നു് ഭാവിക്കുകയാണോ ചെയ്യുന്നതെന്നു് എനിക്കറിയില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഇതിൽ രണ്ടാമത്തെ പ്രൊവൈസോയിൽ പറഞ്ഞിരിക്കുന്നതു്.

"Provided further that, except as provided in subsections (2) and (3) of section 51, no land shall be resumed under this section from a tenant who was entitled to fixity of tenure in respect of his holding immediately before the 21st January, 1961 under any law then in force".

എന്നാണു്. ഇതു് എടുത്തുകളഞ്ഞാൽ പോരേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഭാർഗ്ഗവൻ: എടുത്തുകളഞ്ഞാലും മതി. എന്തായാലും ഇതു് കൃഷിക്കാർക്കു് ഒഴിഞ്ഞുകൊടുത്തോളാമെന്നു പറഞ്ഞില്ലെങ്കിൽ അവർക്കു് സ്വന്തമാക്കാൻ സാധിക്കുകയില്ല. ഒന്നുകിൽ മലബാറിലെ കുടിയായ്മ സ്ഥിരമായി വരാൻ പോകുകയാണു്. കുടിയായ്മ എന്നുള്ള വ്യവസ്ഥതന്നെ അവസാനിപ്പിച്ചു് കുടിയാനെയെല്ലാം ഉടമകളാക്കണമെന്നു് മന്ത്രി പറയുകയുണ്ടായി. കാർഷിക ബന്ധനിയമത്തിലുള്ള വകുപ്പുകളുമായി താരതമ്യപ്പെടുത്തുന്നതിനു് ഏററവും വലിയ ഒരു ശ്രമം ഇവിടെ നടത്തുകയുണ്ടായി. കാർഷികബന്ധനിയമം നടപ്പിലാക്കിയപ്പോൾ കുടിയായ്മ സമ്പ്രദായം നിലനിന്നുവെന്നും അതുകൊണ്ടു് ഇനി ഭാവി കുടിയായ്മ വരാതിരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഇതിൽ ചേർത്തിട്ടുണ്ടെന്നും പറഞ്ഞു. എന്നാൽ ഈ ബില്ലുകൊണ്ടു കുടിയായ്മ സമ്പ്രദായം അവസാനിപ്പിക്കുകയല്ല ഭാവി കുടിയാനെ സൃഷ്ടിക്കുകയാണു് ചെയ്യുന്നതു്. ഇതനുസരിച്ചു് പർച്ചേസ് ചെയ്യാൻ കഴിയുകയില്ല. പർച്ചേസ് ചെയ്യാതിരിക്കുന്നതുകൊണ്ടു് വലിയ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടു്. പർച്ചേസ് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതായിരിക്കണം ഈ ബില്ലിന്റെ ലക്ഷ്യം. ഭൂമി സ്വന്തമാക്കി കഴിഞ്ഞാൽ പരമാവധി ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ആഗ്രഹം കൃഷിക്കാർക്കു് ഉണ്ടാകും. എന്നാൽ താനെ ഒരു ആഗ്രഹം കൃഷിക്കാർക്കു് ഉണ്ടാക്കാൻ ഈ ബില്ലുകൊണ്ടു്, സാധിക്കുന്നില്ല. നമ്മുടെ സ്റ്റേററിലാണെങ്കിൽ കർഷകർക്കു് സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതു് വലിയ ഒരു പ്രശ്നമായി തീർന്നിരിക്കുകയാണു്. എന്റെ താലൂക്കിൽതന്നെ പതിനായിരത്തോളം കർഷകരുണ്ടു്. അവർക്കൊന്നും തന്നെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുക്കുന്ന സഹായങ്ങൾ ലഭിക്കുന്നില്ല. കാരണം ഭൂമി അവരുടെ സ്വന്തമല്ലാത്തതുകൊണ്ടാണു്. അവർക്കു് മോർട്ടുഗേജു് ബാങ്കുകളിൽനിന്നോ സർവീസ് സൊസൈററികളിൽനിന്നോ ലോൺ എടുക്കുന്നതിനു് സാധിക്കുന്നില്ല. കൃഷിക്കാരെ സഹായിക്കാൻ ഉദ്ദേശിച്ചുകൊണ്ടു് എന്തെല്ലാം പരിപാടികൾ ഗവണ്മെൻറിൽനിന്നും തയ്യാറാക്കിയാലും അതിന്റെ ഒന്നും തന്നെ ഗുണം കൃഷിക്കാർക്കു് ലഭിക്കുകയില്ല. കുടിയാനെ സഹായിക്കാനും ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ടു് നടപ്പിലാക്കുന്ന പല പദ്ധതികളുടേയും ഉദ്ദേശം നടപ്പിലാക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടു് കൃഷിഭൂമി കൃഷിക്കാർക്കു് തന്നെ സ്വന്തമായി വിട്ടുകൊടുക്കണം. മലബാറിലെ കുടിയാന്മാരുടെ കാര്യം എനിക്കറിയാൻ പാടില്ല. എന്നാൽ തിരുവിതാംകൂർ ഭാഗത്തെ കുടിയാന്മാരുടെ കാര്യം നോക്കുകയാണെങ്കിൽ അടിസ്ഥാനപരമായി ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള അവരുടെ പ്രേരണ ഇതുകൊണ്ടു് നശിച്ചുപോകുകയാണു്. പർച്ചേസ് റൈററു് വിലക്കു വാങ്ങാം. എന്നുവച്ചാലോ അതിനും സാധ്യമല്ല. മലബാറിലെ ജന്മിമാരുടെ കാര്യമാണെങ്കിൽ അവർക്കു് പാട്ടം കുറച്ചു് ജാസ്തിയായിട്ടാണു് കിട്ടുന്നതു്. അക്കാര്യത്തിൽ ബ്രഹ്മചാരിയായി കഴിയാനാണു് മലബാറിലെ ജന്മിമാർക്കു് ആഗ്രഹം. അവർക്കു് പാട്ടം കുറച്ചു ജാസ്തിയായിരിക്കണമെന്നേയുള്ളു. എന്തായാലും കുടിയാന്മാർക്കു് സ്ഥിരാവകാശം കിട്ടുന്നതിനു് കോട്ടം തട്ടുന്ന യാതൊരു വ്യവസ്ഥയും ഇതിൽ ചെയ്യരുതെന്നാണു് എനിക്കു് പറയാനുള്ളതു്. ഞാൻ വേറൊരു ഭേദഗതി കൊടുത്തിട്ടുണ്ടു്. അതു് കാർഷിക ബന്ധനിയമം ഇവിടെ നടപ്പിലാക്കിയപ്പോഴും ഞാൻ ചൂണ്ടിക്കാണിച്ച ഒരു കാര്യമാണു്. പർച്ചേസ് റൈററിന്റെ വകുപ്പു് വരുമ്പോൾ ഇതിനെപ്പററി കൂടുതലായിട്ടു പറയാം. വലിയ ജന്മിമാരും സ്മാൾ ഹോൾഡർ എന്നുള്ള നിലയിൽ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയിരിക്കുകയാണു്. സ്മാൾ ഹോൾഡറാണെന്നു പറഞ്ഞുകൊണ്ടു് ചെല്ലുന്നവർക്കു് എവിടെയെല്ലാം ഭൂമിയുണ്ടെന്നും അതിന്റെ രേഖകൾ എന്തൊക്കെയാണെന്നുമുള്ളതു ഹാജരാക്കിയാലേ പർച്ചേസ് റൈററു് കിട്ടുകയുള്ളുവെന്നു പറയുന്നു. പക്ഷെ ഈ കൊണ്ടുചെല്ലുന്ന രേഖകളൊക്കെ ശരിയാണോ എന്നു് തെളിയിക്കുന്നതിനുള്ള ചുമതലയും അവർക്കുതന്നെ കൊടുത്തിരിക്കുകയാണു്. സകല ലാൻഡു് ലോർഡും സ്മാൾ ഹോൾഡറാണെന്നു സ്ഥാപിച്ചാൽ ഗുണം കിട്ടാത്ത ഒരൊററ ജന്മിയും പിന്നെ നമ്മുടെ നാട്ടിൽ ഉണ്ടാകുകയില്ല. എല്ലാവരും പരിധിയിൽ താഴെ ഭൂമിയുള്ളവരും സ്മാൾ ഹോൾഡറും ആയി മാറാനുള്ള സൗകര്യം ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഭാർഗ്ഗവൻ]

ചുരുക്കിപ്പറഞ്ഞാൽ പരിധിയിലധികമുള്ള ഭൂമി കൈവശമുള്ള ജന്മിമാർക്കു ഇന്നത്തേക്കാൾ ലളിതമായ രീതിയിൽ ഒഴിപ്പിക്കലുകൾ നടത്താൻ സാധിക്കും. അങ്ങനെ വരാതിരിക്കുന്നതിനു് ഒഴിപ്പിക്കലിനുള്ള പരിധി അഞ്ചു് സ്റ്റാൻഡേർഡു് ഏക്കർ എന്നുള്ളതു് മൂന്നു സ്റ്റാൻഡേർഡു് ഏക്കറായി കുറയ്ക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുപോലെ മലബാറിലെ കുടിയാന്മാരെ ഒഴിപ്പിക്കാനുള്ള പഴുതു് 51 പ്രകാരം കൊടുക്കുന്നതും ശരിയല്ലെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു്: സർ, ഈ വകുപ്പിനെ ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം ഭാഗികമായ ഒരു പ്രമാണരേഖയാണെന്നു പറയാം. ചെറുകിടക്കാർക്കു് ഇന്നു നേരിടുന്ന വിഷമങ്ങൾ വാക്കുകൊണ്ടു് അവർക്കു് നന്മ ചെയ്യണമെന്നു് എല്ലാവരും ആഗ്രഹിക്കുന്നുണ്ടു്. അതു് പ്രവൃത്തിരൂപത്തിൽ അനുഭവപ്പെടുന്നില്ലെന്നുള്ളതാണു് പരമാർത്ഥം. ഇതിനു മുൻപുതന്നെ പ്രതിപക്ഷത്തുനിന്നു പറഞ്ഞു, അവർക്കു് ഗുണം ചെയ്യുന്നമെന്നു്. പക്ഷേ അവർ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികൾ എത്രത്തോളം അതിനു അനുരൂപമാണെന്നു ചെറുകിടക്കാർതന്നെ തീരുമാനിച്ചുകൊള്ളട്ടെ. ഈ സന്ദർഭത്തിൽ കമ്മ്യൂണിസ്റ്റു് പ്രതിപക്ഷത്തുനിന്നും പ്രത്യേകിച്ചും ശ്രീ. എൻ. ഈ. ബലറാം എന്നെക്കുറിച്ചു് ഒരു അപവാദം പുറപ്പെടുവിക്കുകയുണ്ടായി. അതിനു വലിയ അത്ഭുതമൊന്നുമില്ല. കുറുപ്പു് ചെറുകിടക്കാരുടെ പേരിൽ കുടിയാന്മാരെ ഒഴിപ്പിക്കുന്നതിനു് വാദിക്കുന്ന ആളാണു് എന്നുള്ള വാദമാണു് ഇവിടെ കേട്ടതു്. കമ്മ്യൂണിസ്റ്റുപാർട്ടി സംഘടിതമായി ഇങ്ങനെ നടത്തുന്ന പ്രചാരവേലയെ എനിക്കു് അതിജീവിക്കാൻ കഴിയുമെന്നാണു് എന്റെ അഭിപ്രായം. ഇവിടെ എന്തുണ്ടായി? ആ ഭാഗത്തുനിന്നു് ഒരു വേദപുസ്തകംപോലെ പ്ലാനിംഗ് കമ്മീഷന്റെ റിപ്പോർട്ടിലെ ചില വകുപ്പുകൾ ഓരോരുത്തരോരോന്നായി ഉദ്ധരിച്ചുകൊണ്ടിരുന്നപ്പോൾ ആ റിപ്പോർട്ടിന്റെ തന്നെ മറെറാരുഭാഗത്തു് അഞ്ചേക്കറിൽ കുറഞ്ഞ കൈവശമുള്ള ചെറുകിട ഭൂവുടമസ്ഥന്മാർക്കുത്രയും ഭൂമി കുടിയാന്മാരിൽ നിന്നു് ഒഴിപ്പിച്ചെടുക്കാൻ അധികാരം ഉണ്ടായിരിക്കണമെന്നുള്ള ഒരു പ്രസ്താവന ഞാൻ സഭയുടെ മുൻപിൽ പെടുത്തിയതാണു് എന്റെ അപരാധം. ഇതിൽ നിന്നു ഞാൻ ചെറുകിടക്കാർക്കുവേണ്ടി ഭൂമി ഒഴിപ്പിക്കുന്നതിനു് നിലകൊള്ളുന്നു എന്ന വ്യാഖ്യാനം മനപ്പൂർവ്വം കേവലം ദുർവ്യാഖ്യാനം ചെയ്യുക മാത്രമാണെന്നു ഞാൻ ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളട്ടെ. സർ, എന്നെ സംബന്ധിച്ചിടത്തോളം കുടിയാന്മാർക്കു് ഇന്നു നിലവിലുള്ള അവകാശങ്ങളൊന്നുംതന്നെ എടുത്തുകളയണമെന്നുള്ള അഭിപ്രായക്കാരനല്ല കാർഷികപരിഷ്കരണത്തെ സംബന്ധിച്ചു് ഒരു സംഗതി നാം വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ടു്. കുടിയാന്മാർക്കു് സ്ഥിരാവകാശവും മര്യാദപ്പാട്ടവും നൽകുക എന്നുള്ള ആ വ്യവസ്ഥയും ഭൂവുടമകളുടെ അവകാശം മുഴുവനും കുടിയാന്മാരിൽ നിക്ഷിപ്തമായി ഭൂവുടമകളില്ലാതെ വരുത്തുക എന്ന മറുവശവും അതു് രണ്ടും വ്യത്യസ്തമായി നാം ഇന്നു പരിഗണിക്കേണ്ടതായിട്ടുണ്ടു്. ഞാൻ ആദ്യം പറഞ്ഞ ഭാഗം, അവരിൽ ചെറുകിടക്കാരല്ല, ജന്മിമാരായാലും ശരി അതേപ്പററി കേരളത്തിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടെന്നു തോന്നുന്നില്ല; സ്ഥിരാവകാശവും മര്യാദപ്പാട്ടവും കൊടുക്കുന്നതിനെപ്പററി. ഒരു നിയമനിർമ്മാണത്തിന്റെ ഫലമായി ചിരകാലമായി അതുമായി ബന്ധപ്പെട്ട ഒരാളിനു് അവകാശങ്ങൾ നിശേഷം നശിക്കുമ്പോൾ അതിൽ ചില വിട്ടുവീഴ്ചകൾക്കു് ഇരുകൂട്ടരും തയ്യാറാകേണ്ടതുണ്ടു്. ആ രൂപത്തിൽ മാത്രമേ ഒരു നിയമനിർമ്മാണം നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളു. സർ, അവിടെയും ഇവിടെയും ഈ പ്ലാനിംഗ് കമ്മീഷന്റെ അഭിപ്രായങ്ങളെ മുൻനിറുത്തിയുള്ള പ്രസ്താവനകൾ കേട്ട ശേഷം ഞാൻ പറയുകയാണു് 100 ശതമാനവും പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശത്തിനനുരൂപമായിട്ടുള്ള ഒരു നിയമം ഈ കേരളത്തിൽ ഈ ഗവണ്മെൻറിനല്ല, ഒരു കാലത്തും ഒരു ഗവണ്മെൻറിനും നടപ്പാക്കാൻ കഴിയുകയില്ലെന്നു്. ആളോഹരി 30 സെൻറു ഭൂമിയും മൂന്നേക്കർ ഭൂമിയുമുള്ള വിഭിന്നപ്രദേശങ്ങളിൽ ഒരുപോലെ തത്വസംഹിത നടപ്പാക്കുവാൻ സാധിക്കുകയില്ല. അതു് പ്ലാനിംഗ് കമ്മീഷനും അംഗീകരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെയാണ് പൊതുവിൽ ചില തത്വങ്ങൾ നിർദ്ദേശിച്ചതിനുശേഷം ഓരോ സ്റ്റേറ്റിന്റേയും പരിതഃസ്ഥിതികളെ മുൻനിറുത്തി നീക്കുപോക്കുകളോടെ ഈ നിയമം നടപ്പിൽ വരുത്തണമെന്നു പ്ലാനിംഗ് കമ്മിഷൻ പറഞ്ഞിട്ടുള്ളതു്. ഇവിടെ മലബാറിലെ കാര്യം പറഞ്ഞു. ചെറുകിടക്കാർ ഇന്നു രണ്ടു വിഭാഗമുണ്ടു്. സ്ഥിരാവകാശമുള്ള കുടിയാന്മാരായിട്ടുള്ള ചെറുകിടക്കാരും അതല്ലാത്ത ചെറുകിടക്കാരും. മലബാർഭാഗത്തു കുടിയാന്മാർക്കു് 1954—ൽ സ്ഥിരാവകാശം ലഭിച്ചിട്ടുണ്ടു്. ഈ സന്ദർഭത്തിൽ 1954-ലെ ആ നിയമത്തിൽ ആറുകൊല്ലം തുടർച്ചയായി ഭൂമി കൈവശം വച്ച കുടിയാന്മാരെ ഒരു കാര്യത്തിലും ഒഴിപ്പിക്കാൻ പാടില്ലെന്നു ആ വകുപ്പു് നടപ്പാക്കുന്നതിനു ഒരു വിഭാഗത്തിനു എതിർപ്പുണ്ടായതിൽ രാജാജി പറഞ്ഞതു് ഞാൻ ഓർക്കുകയാണ്. സമഗ്രമായ ഒരു ഭൂപരിഷ്കരണനിയമം നടപ്പിലാക്കുന്നതിനു മുൻപു് ഒരു ഇടക്കാലനിയമം മാത്രമാണ് ഇതെന്നു അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. ആ നിലയ്ക്കു മാത്രം ഇതിനെ സ്വീകരിക്കണമെന്നു പറഞ്ഞു. പക്ഷെ 1954—നു ശേഷം സ്റ്റേറ്റു് പുനഃസംഘടനയുടെ കാര്യത്തിൽ അധികം ശ്രദ്ധ വേണ്ടിവന്നതുകൊണ്ടു് പിന്നീടു് അതിനു് അടിയന്തിരമായി ഒന്നും ഉണ്ടായില്ല. ഇത്രയും ഞാൻ പറഞ്ഞതിന്റെ അർത്ഥം അതു് സ്ഥിരാവകാശം നൽകിയതു് തെററായിപ്പോയില്ലെയോ എന്ന അർത്ഥത്തിൽ അല്ല. ആ സ്ഥിരാവകാശം ഈ വകുപ്പു് എടുത്തുകളയുന്നുണ്ടോ എന്നുള്ളതാണ് പ്രശ്നം. അതിനു് വ്യാഖ്യാനം നോക്കണം. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഇന്നു പാട്ടം ഈടാക്കാൻ കുടിയാന്മാരായ ചെറുകിടക്കാരെ ഒരിക്കലും ഭൂവുടമസ്ഥന്മാർ ഒഴിപ്പിക്കയില്ലെന്നുള്ളതു് ഈ ബില്ലിൽ വ്യക്തമാകുന്നുണ്ടു്. അതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെന്നു തോന്നുന്നില്ല. അപ്പോൾ കിട്ടിയ അവകാശം എടുത്തുകളഞ്ഞു എന്നു പറയുന്ന വ്യാഖ്യാനം തികച്ചും തെററാണ്. അർദ്ധസത്യംപോലുമല്ല, മുഴുവൻ അസത്യമാണ്. പിന്നെ എന്താണു വരുന്നതു്? കുടിയാന്മാർക്കു് ഉടമാവകാശം വാങ്ങാനുള്ള ഒരു പുതിയ അധികാരം നാം കൊടുക്കുകയാണ്. അങ്ങനെയുള്ള ഒരു പുതിയ അധികാരത്തിനു് അർഹരായിത്തീരണമെങ്കിൽ കുറച്ചു വിട്ടുവീഴ്ച തയ്യാറാകണമെന്നുള്ളതിനെ മുൻനിറുത്തിക്കൊണ്ടു് കുടിയാനുള്ള അവകാശം എടുത്തുകളയുന്നു എന്നു് എങ്ങനെ വ്യാഖ്യാനിക്കാൻ കഴിയും. അതാണു് എനിക്കു മനസിലാക്കാൻ സാധിക്കാത്തതു്?

ശ്രീ. എൻ. ഈ. ബലറാം : രണ്ടു മൂന്നു തവണയായി പറയുന്നതു കേട്ടു കുറച്ചു വിട്ടുവീഴ്ച ചെയ്യണമെന്നു്. എന്താണു് അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർ യഥാർത്ഥമായി ഉദ്ദേശിക്കുന്നതു്?

ശ്രീ. എം. നാരായണക്കുറുപ്പു് : പകുതി ഒഴിഞ്ഞുകൊടുക്കുക, പകുതിക്കു് ഉടമാവകാശം വരുത്തുക എന്നു ഈ വകുപ്പിൽ പറയുന്നുണ്ടു്. അതിൽ നിങ്ങൾക്കു് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ പറയാം. ഈ വകുപ്പിൽ അങ്ങനെ വന്നാൽ പകുതി ഒഴിപ്പിച്ചുകൊടുക്കുക, പകുതിക്കു് ഉടമാവകാശം കൊടുക്കുക അതാണു് ഞാൻ പറഞ്ഞതിന്റെ അർത്ഥം.

ശ്രീ. ഈ. പി. ഗോപാലൻ : 1954—ലെ കുടിയായ്മ നിയമപ്രകാരമുള്ള സ്ഥിരാവകാശമല്ല, 1960—ൽ പാസാക്കിയിട്ടുള്ള നിയമത്തിൽ സ്ഥിരാവകാശമുണ്ടായിരുന്നു. പർച്ചേസു് റൈററു് ഉണ്ടായിരുന്നു. അതു് കിട്ടിയ അവകാശമല്ലേ? ആ കിട്ടിയ അവകാശം ഇതുകൊണ്ടു് എടുത്തുകളയുന്നില്ലേ? ഇപ്പോൾ ഹൈക്കോടതിയോ സുപ്രീംകോടതിയോ അസാധുവാണെന്നു പറഞ്ഞു് അങ്ങനെ ഭാഗികമായ വല്ല നിയമതടസ്സവുമുണ്ടെങ്കിൽ ആ നിയമതടസ്സം ഭരണഘടനാഭേദഗതിബിൽ പാസാക്കുന്നതോടുകൂടി ഒഴിഞ്ഞുകിട്ടുമല്ലോ.

ശ്രീ. എം. നാരായണക്കുറുപ്പു്: ആകാശം ഇടിഞ്ഞുവീണാൽ എന്തു സംഭവിക്കുമെന്നുള്ളതിനെപ്പററി നേരത്തെ ആലോചിക്കേണ്ടതായിട്ടില്ല. അങ്ങനെയാണെങ്കിൽ ഇത്ര പുതിയ നിയമങ്ങൾ നാം കൊണ്ടുവരേണ്ടതായിരുന്നില്ല. അപ്പോൾ ആ വാദത്തിനു് വലിയ പ്രസക്തിയുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: ഇപ്പോൾ പാസാക്കാൻ ഉദ്ദേശിക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നിയമം നിയമപരമായ എല്ലാ വൈഷമ്യങ്ങളും തീർത്തു് പരിശുദ്ധമാക്കി ഒരു കോടതിയും ചോദ്യം ചെയ്യപ്പെടുകയില്ലെന്നു് ഇപ്പോൾ പറഞ്ഞതു് ഒന്നു ഉറപ്പിച്ചു പറഞ്ഞുകൂടേ?

ശ്രീ. എം. നാരായണക്കുറുപ്പു്: നിയമസഭകളും നിയമനിർമ്മാണങ്ങളും കോടതികളും ഉള്ളിടത്തോളം കാലം നിയമങ്ങൾ ഉണ്ടാകുകയും അതു ചോദ്യം ചെയ്യപ്പെടുകയും ചെയ്യും. തെറ്റുകൾ തിരുത്താനുള്ള ശ്രമമാണു് ചെയ്യേണ്ടതു്. ഇതിൽനിന്നു് വേറൊരു വാദം പുറപ്പെടുവിക്കുന്നുണ്ടു്. അതിനെ നമുക്കു പരിശോധിക്കണം. ഇങ്ങനെ കുടിയാന്മാക്കു് അവകാശം വാങ്ങണമെങ്കിൽ പകുതി ഒഴിഞ്ഞുകൊടുക്കണമെന്നുള്ളതിനെ മുൻനിറുത്തി ഉടമാവകാശം വാങ്ങുവാൻ അധികമാരും മുന്നോട്ടു വരാനിടയില്ല; അങ്ങിനെ കുടിയായ്മ എന്നേക്കും തുടർന്നുപോകും എന്നാണു് ആ വാദം. ഉടമസ്ഥരായിത്തീരുക എന്നുള്ള വാദത്തെക്കാൾ കുടിയായ്മ തുടരാനനുവദിക്കുന്ന കാര്യത്തിൽ കാർഷികബന്ധനിയമത്തിലും ഈ ബില്ലിലുമുള്ള വ്യവസ്ഥകളെ താരതമ്യപ്പെടുത്തിനോക്കുന്നതു നല്ലതാണു്. അഞ്ചേക്കറുകാരിൽ 1,875,530 പേർ തിരുവിതാംകൂറിലാണു്. 473,162 പേർ മലബാറിലാണു്. രണ്ടുലക്ഷത്തിലധികംപേർ കൊച്ചിയിലാണു്. കാർഷികബന്ധനിയമമനുസരിച്ചുതന്നെ 18 ലക്ഷത്തിലധികം വരുന്ന തിരുവിതാംകൂറിലെ കുടിയാന്മാരെ സംബന്ധിച്ചു് അവർ കുടിയാന്മാരായി തുടരണമോ, അവക്കു് അവകാശം കിട്ടണമോ, അവർ ഒഴിഞ്ഞുകൊടുക്കണമോ എന്നു നിശ്ചയിക്കാനുള്ള അധികാരം ചെറുകിട ഭൂവുടമകൾക്കാണു്.

ശ്രീമതി കെ. ആർ. ഗൗരി: അതിൽ പറഞ്ഞിരിക്കുന്നതു് ആർഡിനറി ഏക്കറെന്നാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: അപ്പോൾ ഈ 18 ലക്ഷത്തിലധികം വരുന്ന ആളുകൾക്കു് ആ നിയമപ്രകാരം ഉടമസ്ഥാവകാശം കിട്ടാനുള്ള സാദ്ധ്യതയുണ്ടായിരുന്നില്ല. മലബാറിനെ സംബന്ധിച്ചാണെങ്കിൽ കുടിയായ്മ തുടരണമോ വേണ്ടയോ എന്നുള്ള കാര്യങ്ങളൊന്നും നിർബന്ധപൂർവ്വം നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരുന്നില്ല. അപ്പോൾ കുടിയാനെന്നും കുടിയായ്മയായി തുടരുന്നതായിട്ടാണു് ഇതിലുള്ള വ്യവസ്ഥ. മലബാറിലും കൊച്ചിയിലും ഉടമസ്ഥാവകാശം വാങ്ങാൻ ഹർജി കൊടുക്കുന്നതിനുള്ള സമയപരിധി രണ്ടുമൂന്നു തവണ നീട്ടി കൊടുത്തിട്ടും വളരെ ആളുകൾ ഉണ്ടായിരുന്നില്ലെന്നുള്ളതു് ഇതിനൊരു തെളിവാണു്. കുടിയായ്മ നിലനിർത്താനുള്ള വ്യവസ്ഥകൾ കാർഷികബന്ധബില്ലിൽ എത്രത്തോളം ഉണ്ടായിരുന്നുവോ അതിൽ കൂടുതലായി ഒട്ടുംതന്നെ ഇതിലില്ലെന്നു മാത്രമേ എനിക്കു് പറയുവാനുള്ളൂ. ഒരു സംഗതി എന്റെ ഭേദഗതിയെ മുൻനിറുത്തി ഞാൻ പറയട്ടെ. ഒരു പ്രധാനസംഗതി ബഹുമാനപ്പെട്ട മന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണു്. ഈ നിയമത്തിലാണെങ്കിൽ ചെറുകിടക്കാർക്കു് പാട്ടം കിട്ടും. പകുതി ഭൂമി കിട്ടുമെന്നു ധാരണയൊക്കെയുണ്ടു്. പക്ഷേ അതിനെതിരായി ഈ അവകാശങ്ങൾ ചോർന്നുപോകുന്ന പല വകുപ്പുകളും ഈ നിയമത്തിലുണ്ടെന്നു സഭയുടെ ദൃഷ്ടിയിൽപ്പെടുത്തുകയും അതിനു് ഭേദഗതികൾ നിർദ്ദേശിക്കണമെന്നു് ഗവണ്മെന്റിനോടു് അപേക്ഷിക്കുകയുമാണു ചെയ്യുന്നതു്. ഉദാഹരണമായി ചെറുകിടക്കാരന്റെ കുടിയാന്റെ അവകാശം വാങ്ങിക്കുന്നില്ല. അങ്ങനെ തുടരുമ്പോൾ 71-ാം വകുപ്പു് പ്രാബല്യത്തിൽ വരുന്നു. അങ്ങനെവന്നാൽ നടപ്പുകുടിയാനുപരിയായി ചെറുകിടക്കാരുടെ എല്ലാ അവകാശങ്ങളും കുടിയാനിൽ നിക്ഷിപ്തമാകുകയും 16 കൊല്ലത്തെ പാട്ടംകൊടുത്തു് ഈ അവകാശം വാങ്ങാനുള്ള ഒരു അധികാരം 71-ാം വകുപ്പിൽ കുടിയാനു് നൽകുകയും ചെയ്യുന്നു. അപ്പോൾ കാർഷികബന്ധനിയമപ്രകാരം രൊക്കം പണം കിട്ടുന്ന ആനുകൂല്യം കൂടി ചെറുകിടക്കാരനു് നഷ്ടപ്പെടുകയും അവരുടെ നില ശോചനീയമായിത്തീരുകയും ചെയ്യുന്ന ഒരു പരിതഃസ്ഥിതിയാണു് ഇതിലെ ന്യൂനത.

LIBRARY ARCHIVES Kerala Legislative Assembly

മററൊന്നു് ഇവിടെ പറയുകയുണ്ടായി, കേരളത്തിൽ മൂന്നിലൊന്നോളം ദേവസ്വം ഭൂമികളാണെന്നു്. ആ ദേവസ്വം ഭൂമികളെ സംബന്ധിച്ചു് തീർച്ചയായും അതു് കുടിയാൻ വാങ്ങുന്നതിനെ അനുകൂലിക്കാതെ ഗവണ്മെൻറു് നൽകുന്ന ആനുകൂല്യത്തിനായിരിക്കും ദേവസ്വങ്ങൾ നിലകൊള്ളുന്നതു്. അങ്ങിനെ ദേവസ്വങ്ങളുടെ ആനുവിററി നിജപ്പെടുത്തി 64, 65 വകുപ്പുപ്രകാരം ഗവണ്മെൻറു് വിളംബരം പുറപ്പെടുവിച്ചാൽ നടപ്പുകുടിയാന്മാർക്കുപരിയായി എല്ലാ അവകാശങ്ങളും ചെറുകിടക്കാരുടേതുൾപ്പെടെ ഗവണ്മെൻറിൽ നിക്ഷിപ്തമാകുന്നു. ഈ അവകാശം വാങ്ങാൻ ചെറുകിടക്കാരന്റെ കുടിയാന്മാർക്ക് അധികാരം സിദ്ധിക്കുന്നു. അതാണു് വേറൊരു അപാകടം.

മൂന്നാമതു് പരിധിയുടെ 84-ാംവകുപ്പിനെപ്പററിയാണു് പറയുവാനുള്ളതു്. അതു അനുസരിച്ചു ഭൂവുടമകൾ ഉടമാവകാശം ഗവണ്മെൻറിനു വിട്ടുകൊടുത്താൽ അതിനെ തുടർന്നുകൊണ്ടു് ഈ ചെറുകിടക്കാരുടെ ഉൾപ്പെടെ മദ്ധ്യവർത്തികളുടെ എല്ലാ അവകാശങ്ങളും നഷ്ടപ്പെടുകയും കുടിയാൻ അതു് വാങ്ങിക്കേണ്ടതായി പോകുകയും ചെയ്യുന്ന ഒരു പരിതഃസ്ഥിതിയാണു് ഉണ്ടാകുന്നതു്. ഇങ്ങനെ ചെറുകിടക്കാർക്കു് നൽകുന്നവെന്നു വിശ്വസിക്കപ്പെടുന്ന അവകാശങ്ങൾ പിന്നീടുള്ള വകുപ്പുകൾ എങ്ങിനെ നഷ്ടപ്പെടുത്തുന്നുവെന്നു സൂചിപ്പിക്കാൻ ഞാൻ ഇത്രയും പറഞ്ഞതാണു്. ഈവക കാര്യങ്ങളെക്കുറിച്ചു ഈ ചെറുകിടക്കാർക്കു് കുറച്ചൊരു ആശ്വാസം നൽകാൻ ഗവണ്മെൻറു കാര്യമായി ശ്രമിച്ചു ഈ ന്യൂനതകൾ കൂടി പരിഹരിക്കാനുള്ള വകുപ്പുകൾക്കു് ഭേദഗതികൾ കൊണ്ടുവരണമെന്ന അഭിപ്രായം സഭയുടെ മുൻപിൽ വച്ചുകൊണ്ടു് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: സർ, 17-ാം വകുപ്പിൽ ഇപ്പോഴത്തെ പ്രൊവൈസോ മാററിയിട്ടു് 'Provided that, by such resumption the total extent of land in the possession of the small holder shall not be raised above four standard acres' എന്നാക്കണമെന്നാണു് എന്റെ ഭേദഗതി. ഇതേ ഭേദഗതിതന്നെ മറെറാരു രൂപത്തിൽ 1430-ാം നമ്പർ ഭേദഗതിയായി ഈ ബില്ലിന്റെ ചാർജ്ജുവഹിക്കുന്ന മന്ത്രി അവർകൾ അവതരിപ്പിച്ചിട്ടുണ്ടു്. അൽപ്പം ചില വ്യത്യാസമേയുള്ളു, ഞങ്ങളുടെ ഭേദഗതികൾ തമ്മിൽ. 'Provided that, by such resumption, the total extent of land in the possession of the small-holder shall not be raised above four standard acres or four acres in extent, whichever is greater' എന്നാണു് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതി. ഈ ഭേദഗതികളെ സംബന്ധിച്ചു് ഞാൻ അധികം സംസാരിക്കണമെന്നാഗ്രഹിക്കുന്നില്ല. ഈ ബിൽ ഈ നിയമസഭയിൽ ചർച്ചയ്ക്കു് മുമ്പു കൊണ്ടുവന്ന അവസരങ്ങളിലൊക്കെ ഈ ചെറുകിട ഭൂവുടമകളെ സംബന്ധിച്ചിടത്തോളം അവർക്കു് എത്രമാത്രം ഭൂമി ഒഴിപ്പിച്ചെടുക്കാമെന്നുള്ളതിനെ സംബന്ധിച്ചു് പല ഘട്ടങ്ങളിലായി പല വ്യതിയാനങ്ങളും വരുത്തിയിട്ടുണ്ടു്. ആദ്യം കമ്മ്യൂണിസ്ററു പാർട്ടി അവതരിപ്പിച്ച ഒറിജിനൽ ബില്ലിൽ ക്ലാസ്സ് 6 അനുസരിച്ചു് "landlord having below five acres of double crop nilam or its equivalent in his possession as owner or as permanent tenant" ഇങ്ങനെയുള്ള ഒരു ലാൻറു് ലോർഡിനു് പകുതി ഒഴിപ്പിച്ചെടുക്കാം. അങ്ങനെ ഒഴിപ്പിച്ചെടുക്കുന്ന അവസരത്തിൽ ടെനൻറിനു് കൈവശമുള്ള ഭൂമി ഒരേക്കറിൽ ചുരുങ്ങാൻ പാടില്ലെന്നാണു് ആദ്യത്തെ ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നതു്. അതിൽ സെലക്ററു കമ്മിററി റിപ്പോർട്ടായപ്പോഴേക്കും ക്ലാസ്സ് 6 എന്നുള്ളതു് 7 ആയി മാറി. 7 (4) ബി-യായി മാറുകയാണു ചെയ്തതു് അതിൽ 'a land owner owning not more than 10 acres of double crop nilam or its equivalent and Possessing less than 5 acres of double crop nilam or its equvalent" ഇങ്ങനെയുള്ള ലാൻറിനു് അയാൾക്കു് വാരംദാരിൽനിന്നു് പകുതി വസ്തു ഒഴിപ്പിച്ചെടുക്കാമെന്നായിരുന്നു വ്യവസ്ഥ. പഴയ ബില്ലിലെ 18-ാം വകുപ്പനുസരിച്ചു് ചെറുകിട ജന്മിമാർക്കു് കേരളത്തിലെ വിവിധ ഭാഗങ്ങളിലായി ഒഴിപ്പിച്ചെടുക്കാവുന്ന ഭൂമിയുടെ വിസ്തൃതിയെ സംബന്ധിച്ചു വളരെ ദീർഘമായ

2/716/V

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

വ്യവസ്ഥകൾ ഉണ്ടായിരുന്നതിലേക്കു ഞാൻ ഇപ്പോൾ കടക്കുന്നില്ല. സർ, ഇപ്പോഴത്തെ ഈ ഭേദഗതി ഈ രാജ്യത്തെ കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവർക്കു ന്യായമായ ആനുകൂല്യങ്ങൾ ചെയ്തുകൊണ്ടുള്ളതാണ്. ഗവണ്മെന്റു ഭാഗത്തുനിന്നും ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി അനുസരിച്ച് തിരുവിതാംകൂർ വിഭാഗത്ത് 4 സ്റ്റാൻഡേഡ് ഏക്കർ എന്നുപറയുന്നത് ഏററവും കുറഞ്ഞത് 4 ഏക്കർ ഡബിൾ ക്രോപ്പ് നിലം 8 ഏക്കർ സിംഗിൾക്രോപ്പുനിലം. കൂടിയത് 8 ഏക്കർ ഡബിൾക്രോപ്പുനിലം അല്ലെങ്കിൽ 12 ഏക്കർ സിംഗിൾ ക്രോപ്പുനിലം. പുരയിടങ്ങൾ ഏററവും കുറഞ്ഞാൽ കോട്ടയം ഡിസ്ട്രിക്ററിൽ തേയിലതോട്ടങ്ങളാണെങ്കിൽ 2 ഏക്കർ ബാക്കിയുള്ള ഡിസ്ട്രിക്ററുകളിലൊക്കെ 3 ഏക്കർ വീതം. എന്റെ ഭേദഗതി അനുസരിച്ചാണെങ്കിൽ 4 acres garden land in Quilon and Alleppey District; 6 acres garden land in Trivandrum District; 5 acres garden land in Kottayam District. (Minimum). Maximum 12 acres in dry land in Kottayam and Quilon Districts ഇങ്ങനെയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതിയിൽ അൽപ്പമായിട്ട വ്യത്യാസമുള്ളത്. ഈ രണ്ട് ഏക്കർ കോട്ടയം ഡിസ്ട്രിക്ററിലെ ററീപ്ലാന്റേഷന് 4 ഓർഡിനറി ഏക്കർ ററീപ്ലാന്റേഷനായി അംഗീകരിക്കാമെന്നുള്ളതു മാത്രമാണ്. പക്ഷേ മൊത്തത്തിൽ നോക്കുകയാണെങ്കിൽ കമ്മ്യൂണിസ്ററു ഗവണ്മെന്റ് ഇവിടെ അവതരിപ്പിച്ചിരുന്ന ബില്ലിനെക്കാൾ വളരെയധികം പുരോഗതി ഉൾക്കൊള്ളുന്നതാണ് ഇപ്പോഴത്തെ വ്യവസ്ഥ. 5 ഏക്കർ 4 ഏക്കറായി മാററിയിരിക്കുകയാണ്. 4 സ്റ്റാന്റേർഡ് ഏക്കർവരെയുള്ള ആളുകളെ പകുതി ഒഴിപ്പിച്ചെടുക്കാമെന്നു വയ്ക്കുന്നത് തികച്ചും ന്യായമാണ്. അതുകൊണ്ട് അതിനെയധികം പുരോഗമനാത്മകമായ ഈ വകുപ്പ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതി ഉൾക്കൊള്ളുന്ന 1430-ാം നമ്പർ ഭേദഗതിയിലെ തത്വങ്ങൾ ഈ നിയമസഭ അംഗീകരിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു.

<u>ശ്രീ. പി. നാരായണൻ തമ്പി</u> : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിൻതാങ്ങുകയാണ്. ചെറുകിട ഭൂവുടമകളേയും ചെറുകിട കർഷകരേയും പിടിച്ച് എല്ലാ രാഷ്ട്രീയകക്ഷികളും ആണയിടുന്നുണ്ടെങ്കിലും വലിയ ആത്മാർത്ഥതയില്ലെന്ന് ഇതുവരെയുള്ള വകുപ്പുകൾ നോക്കിയാൽ മനസ്സിലാക്കാൻ സാധിക്കും. ഈ വകുപ്പ് പരിശോധിച്ചു നോക്കുകയാണെങ്കിൽ 4 സ്റ്റാൻഡേർഡ് ഏക്കർ കൈവശമുള്ളവരാണ് ഭൂവുടമകളെന്നു കാണാം. ഈ നാലേക്കറും കുടിയാന്റെ കൈവശമിരിക്കുകയാണെങ്കിൽ പകുതി ജന്മിക്ക് ഒഴിപ്പിക്കാം. 50 സെന്റെങ്കിലും കൈവശമില്ലാത്ത ജന്മിക്ക് ഒഴിപ്പിക്കാൻ പാടില്ലെന്നു പറയുന്നത് ശരിയല്ല. അതുകൊണ്ട് ഇത് എടുത്തുകളഞ്ഞത് വളരെ നന്നായി. ഇവിടെ ഇതുവരെ ഒരു സ്ഥിരമായ നിയമം ആരും കൊണ്ടുവന്നിട്ടില്ല. ഒരു സ്ഥിരമായ നിയമം നടപ്പാക്കുന്ന അവസരത്തിൽ ഏതെങ്കിലും വിധത്തിൽ ഒരു സ്ഥിരത വരുത്തേണ്ടതു് ആവശ്യമാണ്. ഒരു ഇടക്കാലനിയമം പാസ്സാക്കുകയാണെങ്കിൽ ശ്രീ. ഭാർഗ്ഗവനും മററു സുഹൃത്തുക്കളും പറഞ്ഞ വാദങ്ങൾ സമ്മതിച്ചുകൊടുക്കാം. പക്ഷേ സ്ഥിരമായ ഒരു നിയമം ഉണ്ടാക്കുന്ന അവസരത്തിൽ ഇങ്ങനെയൊക്കെയുള്ള തർക്കങ്ങൾ ഒന്നവസാനിപ്പിച്ചാലല്ലാതെ കാർഷികരംഗം നന്നാകാൻ പോകുന്നില്ല. മലബാർ ടെനൻസി ആക്ററുതന്നെയും ഒരു സ്ഥിരമായ നിയമമല്ലായിരുന്നു. ആ വകുപ്പ് മാററിഎഴുതുന്ന അവസരത്തിൽ സ്ഥിരാവകാശമുണ്ടായിരുന്ന ഒരു കുടിയാനെയും ഒഴിപ്പിക്കുകയില്ല എന്നു വ്യക്തമാക്കിയിരുന്നു. സെക്ഷൻ 51 (3)-ൽ ഉള്ളതുപോലെ ജന്മിയിൽനിന്നും ഭൂമി വാങ്ങാനുള്ള അവകാശം കുടിയാനു കിട്ടുന്നതുകൊണ്ട് കുടിയാൻ ഒഴിഞ്ഞുകൊടുക്കേണ്ടതായി വരും. ആ വകുപ്പ് ചർച്ച ചെയ്യുന്ന അവസരത്തിൽ ഇങ്ങനെ യാതൊന്നും കൊടുക്കാത്ത വിധത്തിലാകുന്നതെന്നാണ് എനിക്കു പറയുവാനുള്ളത്. കുടിയാൻ കോടതിയിൽപോയി കൾട്ടിവേററിംഗ് ടെനൻറാണെന്നു വാദിക്കുകയും ജന്മി അല്ലെന്നു വാദിക്കുകയും ചെയ്യുന്ന സംപ്രദായം മാററിക്കൊണ്ട് കച്ചേരിയിലും കോടതിയിലും ഇറങ്ങി

LIBRARY ARCHIVES Kerala Legislative Assembly

ക്കേറാതെ കൃഷിചെയ്യാൻ അവസരം ഉണ്ടാക്കിക്കൊടുക്കുന്ന സ്ഥിരമായ ഒരു നിയമനിർമ്മാണമാണ് ആവശ്യം. അങ്ങനെ എന്തെങ്കിലും സ്ഥിരതയുണ്ടാക്കുന്ന വകുപ്പ് ഇതിൽഉണ്ടായതുകൊണ്ടാണ് ഞാൻ മന്ത്രിയുടെ ഭേദഗതിയെ അനുകൂലിക്കുന്നതു്. 1430-ാം നമ്പർ ഭേദഗതി മന്ത്രി അവതരിപ്പിച്ചതിനെ ഞാൻ അനുകൂലിക്കാൻ കാരണം ഇതാണ്. ഇക്കാര്യത്തിൽ ഒരു സ്ഥിരതയുണ്ടായി എന്നുള്ള കാര്യത്തിൽ ഈ ഭേദഗതികൊണ്ടുവന്ന മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്.

<u>ശ്രീ. കെ. ആർ. വിജയൻ</u>: ചെറുകിട ജന്മിമാർ സ്വന്തമായിട്ട് വസ്തുക്കൾ ഒഴിപ്പിച്ചെടുത്തു് കൃഷി ചെയ്യുന്നതിനുവേണ്ടി 4 സ്റ്റാൻഡേർഡ് ഏക്കർവരെ കൈവശം വയ്ക്കാമെന്നു് ഒരു വ്യവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളതു്. 4 സ്റ്റാൻഡേർഡ് ഏക്കർവരെ കൈവശപ്പെടുത്തുന്ന അവസരത്തിൽ ചെറുകിടക്കാരായിട്ടുള്ള അല്ലെങ്കിൽ താരതമ്യേന വളരെ കുറഞ്ഞതോതിൽ കൈവശമുള്ള കുടിയാനവന്മാരെ അതെങ്ങനെ ബാധിക്കുമെന്നുള്ളതിനെപ്പറ്റിയാണ് എനിക്കു് സംസാരിക്കുവാനുള്ളതു്. 4 സ്റ്റാൻഡേർഡ് ഏക്കർ തികയുന്നതിനുവേണ്ടി 20 സെൻറ് മാത്രം പാട്ടത്തിനുനടക്കുന്ന ഒരു കുടിയാനിൽ നിന്നും 10 സെൻറുകൂടി ഒഴിപ്പിച്ചെടുക്കുകയാണെങ്കിൽ അതിൽ എത്രകണ്ടു നീതിയുണ്ടെന്നു് ആലോചിക്കേണ്ടതുണ്ട്. എൻെറ ഭേദഗതി അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ച സംഗതി 17-ാം വകുപ്പിൽ ഒന്നാം പ്രൊവൈസോയിൽ കുറഞ്ഞതു് കുടിയാനു് 50 സെൻറു കിട്ടുമെന്നു് ഉറപ്പുണ്ടായിരുന്നു. ആ ഉറപ്പ് പ്രതിപക്ഷത്തിൻേറയും കൂടി നിർബന്ധപൂർവ്വമായ ആവശ്യത്തെ അതരിച്ചുകൊണ്ട് എടുത്തുകളഞ്ഞിരിക്കുകയാണ്. സർ, സാമ്പത്തിക നീതിക്കും സാമൂഹ്യനീതിക്കും വേണ്ടി ഒരു നിയമം നിർമ്മിക്കുന്ന അവസരത്തിൽ താരതമ്യേന ഇരു കക്ഷികളുടേയും കഴിവിനെ ആശ്രയിച്ചു വേണം നിയമനിർമ്മാണം ചെയ്യാനെന്നു് എനിക്കഭിപ്രായമുണ്ട്. 4 സ്റ്റാൻഡേർഡ് ഏക്കറായി തികയുന്നതിനുവേണ്ടി 20 സെൻറു് നടക്കുന്നതായ കുടിയാനിൽ നിന്നും 10 സെൻറുകൂടി ഒഴിപ്പിച്ചെടുക്കുന്ന രീതിയിലുള്ള ഒരു നിയമനിർമ്മാണം ശരിയായിരിക്കുമെന്നു തോന്നുന്നില്ല. ഇവിടെ ചെറുകിട ജന്മിമാർക്കുവേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽ ആരും എതിർത്തു പറയുന്നില്ല. എൻെറ ഭേദഗതി വളരെ ലളിതമാണ്. താരതമ്യേന കുടിയാൻെറ കൈവശമുള്ള വസ്തു ജന്മിയുടെ കൈവശമുള്ള വസ്തുവിനേക്കാൾ കുറവോ, അല്ലെങ്കിൽ അതിനോടു തുല്യമോ ആയിരിക്കുകയാണെങ്കിൽ ഒട്ടും തന്നെ കുടിയാനിൽനിന്നു് ഒഴിപ്പിക്കരുതെന്നാണ് എൻെറ ഭേദഗതികൊണ്ട് ആവശ്യപ്പെടുന്നതു്. ഇതു വാസ്തവത്തിൽ കൂടുതൽ നീതി ഇരു കക്ഷികൾക്കും ചെയ്യുന്നതിനു് ഉപകരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ഈ ചെറുകിട ജന്മിമാർക്കുവേണ്ടി വാദിച്ചിരുന്നവരെല്ലാം തന്നെ ഈ സ്റ്റേററിൽ ചെറുകിട ജന്മികളെക്കാൾ കൂടുതൽ സാമ്പത്തിക കഴിവുള്ള അല്ലെങ്കിൽ വസ്തുക്കൾ ധാരാളമായി കൈവശമുള്ള കുടിയാന്മാരാണ്. അതുകൊണ്ട് കുറേക്കൂടി ഒഴിപ്പിച്ചെടുക്കാവുന്ന രീതിയിലുള്ള അടിസ്ഥാനത്തിലാണ് സംസാരിച്ചതു്. ഇവിടെതന്നെ 16-ാം വകുപ്പിൽ കുടിയാനവൻെറ കൈവശം കൂടുതൽ ഭൂമി ഉണ്ടെങ്കിൽ പരിധിവരെ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള ഒരു വകുപ്പ് നാം എഴുതിച്ചേർത്തിട്ടുണ്ട്. അതേ മാനദണ്ഡം തന്നെ കുടിയാനവൻെറ കയ്യിൽ താരതമ്യേന ഭൂമി കുറവാണെങ്കിൽ ചെറുകിട ജന്മിക്കു് ഒഴിപ്പിച്ചെടുക്കാൻ അവസരം ഉണ്ടാകരുതെന്നുള്ള രീതിയിൽ ഭേദഗതികൾ ചെയ്യാൻവേണ്ടി എൻെറ ഭേദഗതി സ്വീകരിക്കണമെന്നു് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു് അപേക്ഷിക്കുകയാണ്.

<u>ശ്രീമതി കെ. ആർ. സരസ്വതി അമ്മ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. എൻെറ ഭേദഗതിയിൽ ഞാൻഉന്നയിച്ചിട്ടുള്ള ആശയം അദ്ദേഹം അംഗീകരിച്ചുകഴിഞ്ഞതുകൊണ്ട് ഞാൻ ഒന്നു രണ്ടു വാക്കുകൾ മാത്രമെ പറയാൻ ആഗ്രഹിക്കുന്നുള്ളു. അപ്പുറത്തു നിന്നും വളരെയധികം വാദഗതികൾ ഇക്കാര്യത്തിലും സ്ത്രീധനം ഹോംസ്റ്റെഡിൻെറ കാര്യത്തിലും ഉന്നയിച്ചുകേട്ടതുകൊണ്ടാണ് ഒന്നു പ്രസംഗിക്കണ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. സരസ്വതി അമ്മ]

മെന്നു് തോന്നിയതു്. എന്റെ സുഹൃത്തു് ശ്രീമാൻ ഗോപാലൻ അപ്പുറത്തിരുന്നുകൊണ്ടു് മിച്ചഭൂമിയുടെ കാര്യവും മററും പറഞ്ഞപ്പോൾ സംസാരിക്കുന്ന ചില കണക്കുകൾ സഭയുടെ മുമ്പിൽ വയ്ക്കണമെന്നു ഞാൻ ആഗ്രഹിച്ചതാണു്. 1960-ലെ ചില കണക്കുകൾ ഞാൻ ഇവിടെ ഉദ്ധരിക്കുന്നു. 1960—ൽ ഇവിടെയുള്ള ജനസംഖ്യ 1,57,48,252 ആണെന്നും കേരളത്തിലെ ആകെ വിസ്തീർണ്ണം 95,34,611 ഏക്കേഴ്സാണെന്നും കാണുന്നുണ്ടു് ഇവിടെ ഉണ്ടായിരുന്ന നമ്പർ ആഫ് ഹോൾഡിംഗ്സ് 2,859,934 ആണെന്നു കാണുന്നു. ഇങ്ങനെ ഇത്രയും ഹോൾഡിംഗ്സ് ഉണ്ടെങ്കിൽ ബാക്കി ഏതാണ്ടു് ഒരു കോടി ഇരുപത്തിയെട്ടു് ലക്ഷത്തിൽപ്പരമാളുകൾ ഭൂമിയില്ലാത്തവരോ joint interest ഉള്ള ആളുകളോ ആണെന്നു് കാണാൻ കഴിയും. മററു ചില കണക്കുകൾ കൂടി ഉദ്ധരിക്കാം. 1960—ൽ തിരുവിതാംകൂറിൽ നൂറു ഏക്കറിൽ കൂടുതലുള്ളവർ 2671—ം, മലബാറിൽ 2645—ം ആണെന്നു കാണുന്നു. അതേസമയത്തു് 15 ഏക്കർ പരിധിയായിട്ടു് നാം അംഗീകരിച്ചിരിക്കുന്നതിൽ കൂടുതലുള്ള ആളുകൾ കേരളത്തിൽ തിരുവിതാംകൂർ കൊച്ചി ഭാഗത്തു് 19,030—ം. മലബാറിൽ 66,272—ം ആണെന്നു കാണുന്നു. ഞാൻ കണക്കുകളൊക്കെ ഉദ്ധരിച്ചതു ഇങ്ങനെ ആകെ ഭൂവുടമാവകാശമുള്ള ആളുകൾ ഏതാണ്ടു് 28 ലക്ഷമേയുള്ള എന്നു കാണിക്കാൻ വേണ്ടിയാണു്. അപ്പോൾ ഒരു കോടി ഇരുപത്തിയെട്ടു് ലക്ഷം ആളുകൾ പ്രത്യേക ഭൂമിയില്ലാത്തവരാണു്. ആകെ ഭൂമിയിൽ ഒരു വലിയ ഭാഗം, ലാൻഡ് റിഫോംസ് ബില്ല് പേജ് 62 മുതൽ 64 വരെ വായിച്ചു നോക്കിയാൽ കാണാം. ഭൂപരിധിയിൽനിന്നു് ഒഴിവാക്കിയിരിക്കുകയാണെന്നു്. ഇതു പൊതുതാൽപ്പര്യത്തിന്റെ പേരിലായിരിക്കാം. കമ്മ്യൂണിസ്റ്റ് പാർട്ടി കൊണ്ടുവന്ന ബില്ലിലും വളരെയധികം ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നുള്ളതാണു് പരമാർത്ഥം.

സർ,

" എല്ലും തോലും ചിറകും കൊക്കുമ—
തെല്ലാം നീക്കി നുറുക്കിക്കൊണ്ടാൽ
തെല്ലുഭുജിപ്പാനുണ്ടെന്നുംവരു—
മില്ലെന്നുംവരുമെന്നുടെ മാംസം.

നള മഹാരാജാവിനോടുള്ള അരയന്നത്തിന്റെ മേലുദ്ധരിച്ച വാക്കുകളാണു് എന്റെ ഓർമ്മയിൽ വരുന്നതു്. ഞാൻ ഇതു് പറഞ്ഞതു് പ്രധാനമായ ഒരു ഉദ്ദേശത്തോടുകൂടിതന്നെയാണു്. സർ, ഈ ഭൂപരിഷ്കരണ ബില്ലുകൊണ്ടു് ഇവിടെയുള്ള എല്ലാ ആളുകൾക്കും ഭൂമി നല്കാൻ സാദ്ധ്യമല്ല.

എന്റെ വാദം ഈ ഭൂനയബിൽകൊണ്ടു ഇവിടത്തെ എല്ലാ സാമ്പത്തിക പ്രശ്നങ്ങളും സാമൂഹ്യപ്രശ്നങ്ങളും പരിഹരിക്കാമെന്നു് ആരും വ്യാമോഹിക്കേണ്ടെന്നാണു്. എന്നാൽ ഭൂമിയുമായി ബന്ധപ്പെട്ടു കഴിയുന്ന ആളുകളും ഭൂമിയിൽ അദ്ധ്വാനിക്കുന്ന ആളുകളും തമ്മിൽ ചില അഡ്ജസ്റ്റ്മെൻറുകളൊക്കെ അങ്ങോട്ടുമിങ്ങോട്ടും ചെയ്യാൻ കഴിയുമെന്നുള്ളതു ഒരു വസ്തുതയാണു്. ഒരു കോടി ഇരുപത്തിയെട്ടു ലക്ഷത്തിൽപ്പരം ആളുകൾക്കു് സ്വന്തം ഭൂമി ഉണ്ടാക്കിക്കൊടുക്കുവാൻ നമുക്കു് കഴിവില്ല. ശ്രീ. ഇ. പി. ഗോപാലൻ പറയുകയുണ്ടായി ലക്ഷക്കണക്കിനാളുകളെപ്പററിക്കാനാണു് ഈ ഭാഗത്തുനിന്നും ഇതു് പാസ്സാക്കാൻ തിടുക്കം കൂട്ടുന്നതെന്നു്. ആ ആരോപണം ഞാൻ അപ്പുറത്തേക്കു് വയ്ക്കുകയാണു്. ഈ ബില്ലിനെ തോൽപ്പിക്കുകയാണു വേണ്ടതെന്നു് പറയുന്നവരോടു് ഞാൻ ഒന്നു മാത്രം പറയുന്നു. നിങ്ങൾ ലക്ഷക്കണക്കിനാളുകളെ പററിക്കാനാണിതു് പറയുന്നതു്. ഇവിടത്തെ ഒരു കോടി ഇരുപത്തിയെട്ടുലക്ഷത്തിൽപ്പരം ആളുകളെ പററിക്കുന്നതിനുവേണ്ടിയാണു് നിങ്ങൾ ഇങ്ങനെ പ്രചാരവേല നടത്തുന്നതു്. അല്ലെങ്കിൽ എന്റെ സുഹൃത്തു് ശ്രീമാൻ ഭാർഗ്ഗവൻ തന്നെ പറയുമോ ഈ കാർഷികപരിഷ്ക്കരണബിൽ. 17—ാം വകുപ്പിൽ മന്ത്രി കൊണ്ടുവന്ന ഭേദഗതി സ്മാൾ ഹോൾഡേഴ്സിന്റെ താല്പര്യ

ങ്ങൾക്ക് എതിരാണ് എന്ന്. അവർ ഇങ്ങനെയുള്ള പ്രചാരവേല നടത്തുന്നതിന്റെ ഉദ്ദേശം പഞ്ചായത്ത് തിരഞ്ഞെടുപ്പു നടക്കുന്നുവെന്നുള്ളതാണ്. പഞ്ചായത്ത് തിരഞ്ഞെടുപ്പ് വളരെ ആസന്നമായിരിക്കുന്നു എന്നു നമുക്കറിയാം. ഏതാനും ദിവസങ്ങൾക്കുമുമ്പ് കഴിഞ്ഞ ശനിയാഴ്ച കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു യോഗത്തിൽ പ്രസംഗിക്കുന്നതുകേട്ടു, ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഈ ഭൂനയബിൽ ചെറുകിടക്കാരെ ദ്രോഹിക്കുന്നതിനുള്ളതാണെന്ന്. ഈ നിയമം പാസ്സാക്കിയാൽ ഈ രാജ്യത്തെ ചെറുകിടക്കാർക്ക് ദോഷമാണ് എന്ന്. ഈ 17–ാംവകുപ്പിനെപ്പററി ഇവർ പറഞ്ഞിരുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടി കൊണ്ടുവന്നിരുന്ന ബില്ലിൽ കൊടുത്തിരുന്ന ആനുകൂല്യങ്ങൾ ഇവിടത്തെ ഗവണ്മെന്റ് നിഷേധിക്കുകയാണ് എന്നാണ്. ഇന്നു ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പ് ഭേദഗതി ചെയ്തുകഴിഞ്ഞപ്പോൾ അവരുടെ ആ വാദം തകർന്നു തരിപ്പണമായിപ്പോയി എന്ന് അവർക്ക് പരിപൂർണ്ണമായി ബോദ്ധ്യപ്പെട്ടു. ഈ വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്ന മന്ത്രിയേയും ഈ വ്യവസ്ഥയേയും ഈ രാജ്യത്തെ 25 ലക്ഷത്തിൽപ്പരം ചെറുകിടക്കാരായിട്ടുള്ളവർ അനുമോദിക്കുകയാണ്; ബഹുമാനപ്പെട്ട മന്ത്രിയോടു് കൃതജ്ഞതാപൂർവ്വം അവർ അവരുടെ അഭിവാദനങ്ങൾ പ്രകടിപ്പിക്കുകയാണ്. ഈ അവസരത്തിൽ ഞാൻ സ്മരിക്കുന്നത്,

''നളിന സരസിന്നരികേ

നല്ലൊരു പുളിനംതന്നിൽ'' ചെന്നു് നളിനം തന്നിൽ മരുവുന്ന കളഹംസത്തോട് സംസാരിക്കുന്ന നളമഹാരാജാവിനെയാണ്. ഈ രാജ്യത്തെ 25 ലക്ഷത്തോളം വരുന്ന ചെറുകിടഭൂവുടമകൾ അവരുടെ അവശതകൾ പരിഹരിച്ചുകിട്ടുന്നതിനുവേണ്ടി വളരെക്കാലമായി മെമ്മോറാണ്ടങ്ങളുമായി എല്ലാ ജനപ്രതിനിധികളേയും ഗവണ്മെന്റിനേയും സമീപിച്ച് നിവേദനങ്ങൾ നടത്തുകയാണ്. കമ്മ്യൂണിസ്റ്റ്കാരെല്ലാം അവരോടു പറയാറുള്ളത് ഞങ്ങൾ എന്തു ചെയ്യും. കാൺഗ്രസ്സുകാർ ഒന്നും സമ്മതിക്കയില്ല എന്നായിരുന്നു. ഇപ്രകാരം ആ സാധുക്കളെ പറഞ്ഞു വിശ്വസിപ്പിച്ച് മുതലെടുത്തുകൊണ്ടിരുന്നവർ ഇന്നു നിരാശരായിത്തീർന്നു. ഈ ക്ലാസ്സിനെ സംബന്ധിച്ചിടത്തോളം അതിന്റെ ന്യായാന്യായങ്ങൾ മനസ്സിലാക്കി ഗവണ്മെന്റ് ഒരു ഭേദഗതി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അനുമോദിക്കുകയാണ്. അരുതരുതെന്നെകൊല്ലരുതെന്ന് രോദനമുയർത്തിയ ചെറുകിട കർഷകർ ഈ ഗവണ്മെന്റിന്റെ നേരെ ഭീഷണി കൂടി ഉന്നയിച്ചതായി തോന്നി.

അപരാധത്തെ ചൊല്ലാത്തവനെ
കൃപകൂടാതെ വധിച്ചെന്നാകിൽ
നൃപതേ നിന്നുടെ നാടും ധനവും
സപദി നശിക്കും. എന്നായിരുന്നു അതു്.

ഈ 17–ാംവകുപ്പ് ഈ ബില്ലിലെ ഏററവും പ്രധാനപ്പെട്ട ഒരു ക്ലാസ്സാണ്. സർ, ഇതു് ഈ നിയമത്തിലെ ഒരു സുവർണ്ണരേഖയാണെന്നും ഞാൻ പറയുകയാണ്. സാമ്പത്തിക സൗഭദ്രതയുടേയും സൗഹാർദ്ദത്തിന്റെയും ആയ ഒരു സന്ദേശം കൂടിയാണ് ഇതെന്ന് ഞാനീ സഭയെ അറിയിക്കുകയാണ്. നളിനസരസ്സിൽ കണ്ട കളഹംസമാണ് ഈ രാജ്യത്തെ ചെറുകിടകർഷകൻ. ചെറുകിട കർഷകനായ കളഹംസത്തിൽക്കൂടി മന്ത്രിയായ നള മഹാരാജാവ് ഈ രാജ്യത്തെ ബഹുജനങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്ന ദിവ്യസന്ദേശമാണ് ഭേദഗതി ചെയ്യപ്പെട്ട ഈ 17–ാംവകുപ്പ്. ഇതിന്റെ ഫലമായി രണ്ടു കക്ഷിയും ഗവണ്മെന്റും ചെറുകിടക്കാരെ ദ്രോഹിക്കുന്നതിനുള്ള ഒരു ബില്ലാണ്, കൊണ്ടുവന്നതെന്നും കമ്മ്യൂണിസ്റ്റ്കാർ പോലും അനുവദിച്ചുകൊടുത്തിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ് ചെയ്യുന്നതെന്നുമുള്ള ആരോപണങ്ങളും ദുഷ്പ്രചരണങ്ങളും തകർന്നുതരിപ്പണമായിപ്പോയി.

''പേഴ്സണൽ കൃഷിക്കു വേണ്ടി ഒഴിപ്പിക്കാം'' എന്നു പറഞ്ഞിട്ടുള്ളതും മാററിക്കഴിഞ്ഞിരിക്കയാണ്. എന്റെ സുഹൃത്ത് ശ്രീ. ഭാർഗ്ഗവനും കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇതിനെ എതിർക്കുന്നത് ആത്മാർത്ഥതയോടെയാണോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. സരസ്വതിഅമ്മ]

എന്നു ഞാൻ സംശയിക്കുന്നു. ഈ ടൗൺ ഏരിയായിൽ പേഴ്സണൽ കുടികിടപ്പിനുവേണ്ടി മാത്രം ഒഴിപ്പിക്കാമെന്നു പറഞ്ഞാൽ പാവപ്പെട്ട ചെറുകിടക്കാരനു് ഒഴിപ്പിക്കാൻ നിവൃത്തിയില്ല. മട്ടാഞ്ചേരി മുതലായ ടൗൺ ഏരിയായിൽപ്പെട്ട പ്രധാന സ്ഥലങ്ങളിൽ അല്പം സ്ഥലമുണ്ടെങ്കിൽ അതിൽ ഒരു വീടുവച്ചു് വാടകയ്ക്കു് കൊടുക്കുകയോ മറ്റു് വിധത്തിൽ വ്യവസായത്തിനോ മറ്റോ ഉപയോഗിക്കുകയോ ചെയ്യുന്നതു് കൂടുതൽ ആദായകരമായിരിക്കും. മാത്രമല്ല, കുടികിടപ്പിനുവേണ്ടി ഒഴിപ്പിക്കാം എന്നു പറഞ്ഞു. അതിനെക്കാൾ കൂടുതൽ ആദായകരമായ രീതിയിൽ ഒഴിപ്പിച്ചെടുത്തു് ഉപയോഗപ്പെടുത്തുകയാണെങ്കിൽ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികഭദ്രതയ്ക്കുതന്നെ അതു ആവശ്യമാണു്.

ആസന്നമായിരിക്കുന്ന പഞ്ചായത്തു് തിരഞ്ഞെടുപ്പു് പ്രചരണാർത്ഥം ഇങ്ങനെ കമ്മ്യൂണിസ്റ്റു് പാർട്ടിയും അവരുടെ അനുയായികളും എതിർക്കുന്നു എങ്കിലും ഇതു് ചെറുകിട ഭൂ ഉടമകൾക്കു് വളരെ ആനുകൂല്യം നൽകുന്ന ഒരു വ്യവസ്ഥയാണു് എന്നുള്ളതുകൊണ്ടു് ഈ രാജ്യത്തെ 25 ലക്ഷത്തിൽപ്പരം വരുന്ന ചെറുകിടക്കാരായിട്ടുള്ളവരുടെ പേരിൽ ഞാൻ മന്ത്രിയെ അഭിവാദനം ചെയ്യുകയാണു്. 17-ാംവകുപ്പിലെ ആദ്യത്തെ Proviso നീക്കിയതും വളരെ ആശ്വാസകരമായിട്ടുണ്ടു്. ശ്രീമാൻ സി. അച്യുതമേനോൻ രണ്ടു ദിവസം മുമ്പു ചെയ്ത ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി, ഈ ചെറുകിടക്കാരുടെ അവകാശങ്ങൾ പരിപൂർണ്ണമായി സംരക്ഷിക്കേണ്ടതുണ്ടു് എന്നു്. അദ്ദേഹം അതു വളരെ ആത്മാർത്ഥതയോടുകൂടി ചെയ്ത പ്രസ്താവനയാണെന്നു് ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. ഒരേക്കറിൽ താഴെമാത്രം ഭൂമിയുള്ള കൃഷിക്കാർ നമ്മുടെ രാജ്യത്തു് 18 ലക്ഷത്തിൽപ്പരമുണ്ടെന്നാണു എനിക്കറിയാൻ കഴിഞ്ഞിട്ടുള്ളതു്. അപ്പോൾ ഈ ഒരേക്കറിൽ താഴെമാത്രം ഭൂമിയുള്ളവർക്കു് ദോഷം വരാതിരിക്കത്തക്കവണ്ണം കൃഷിക്കായി ഈ അൻപതു് സെന്റു് സ്ഥലം ഒഴിപ്പിച്ചെടുക്കാൻ പാടില്ല എന്നു പറയുന്നതു് മാറേണ്ടതു് അത്യാവശ്യമായിരുന്നു. അതു് ചെയ്തതിലും മന്ത്രി അനുമോദനാർഹനാണു്. ഇനിയും ഞാൻ കൂടുതൽ ഇതേ സംബന്ധിച്ചു പ്രസംഗിക്കണമെന്നും കരുതുന്നില്ല. എനിക്കു പറയാനുള്ള മറ്റു് കാര്യങ്ങളെല്ലാം ഞാൻ മറ്റൊരു അവസരത്തിലേക്കു് മാററിവയ്ക്കുകയാണു്.

അതോടുകൂടിതന്നെ സ്മാൾ ഹോൾഡേഴ്സിനെ കുറിച്ചു് ഒരു വാക്കു കൂടി. 1957 ഡിസംബർ 18-ാം തീയതിക്കുശേഷം പാർട്ടീഷൻ മൂലം സ്മാൾ ഹോൾഡേഴ്സ് ആയിത്തീർന്നവരെ ഈ നിയമം അംഗീകരിക്കുന്നില്ല. 16-ാം വകുപ്പനുസരിച്ചു് ടെനന്റിനു് ഈ നിയമം ബാധിക്കുന്നുമല്ല. അതു ശരിയാണെങ്കിൽ ഈ ടെനന്റിനെ സംബന്ധിച്ചിടത്തോളം പാർട്ടീഷൻ ബാധകമാകുകയില്ല എന്നു പറയുമ്പോൾ സ്മാൾ ഹോൾഡർക്കു് അതു ബാധകമാകുന്നതു് ശരിയല്ല. ഈ നിയമത്തിൽ ഏതാനും വൈകല്യങ്ങൾ കാണും. ആ വക ദോഷങ്ങൾ മാററുന്നതിനു് മന്ത്രി ധൈര്യപൂർവ്വം മുന്നോട്ടുവരുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു. ഈ രാജ്യത്തെ എല്ലാ പ്രശ്നങ്ങളും കേവലം രാഷ്ട്രീയാടിസ്ഥാനത്തിൽ മാത്രം ചിന്തിക്കാതെ എല്ലാ വിഭാഗങ്ങളുടേയും ന്യായമായ അവകാശങ്ങളെ സംരക്ഷിക്കത്തക്ക വിധത്തിൽ ഈ ബില്ലിനെ നിയമമാക്കുന്നതിനു് പ്രതിപക്ഷത്തിന്റെ മുഴുവൻ സഹകരണവും ഉണ്ടാകണമെന്നു ഞാൻ ആഗ്രഹിക്കയാണു്. സർ, ഈ നിയമം 9-ാം ഷെഡ്യൂളിൽ പെടുത്തുവാൻ തയ്യാറായിരിക്കുന്ന ഈ അവസരത്തിൽ യാതൊരു വിധത്തിലും ചെറുകിട കർഷകന്റെ അവകാശങ്ങൾക്കു് ദോഷമായ വകുപ്പുകൾ ഇതിൽ ചേർക്കാൻ പാടുള്ളതല്ല. അതു മന്ത്രി എന്റെ ഭേദഗതി അംഗീകരിച്ചു കഴിഞ്ഞതുകൊണ്ടു് ഞാൻ അതേപ്പററി കൂടുതലായി സംസാരിക്കുന്നില്ല. ബാക്കി കാര്യങ്ങൾ ഈ ബില്ലിന്റെ മൂന്നാം വായനയിൽ പറയാം എന്നുള്ള പ്രതീക്ഷയിൽ ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ഈ. പി. ഗോപാലൻ</u> : മന്ത്രി ഓറലായി അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയുടെ ഫലമായി പ്രൊവൈസോയിൽനിന്നു ഒരു ഭാഗവും പോയി. ഹെഡിംഗിൽനിന്നു് ഒരു ഭാഗവും പോയി നിൽക്കുകയാണു് ഈ ക്ലാസ്സ്. എന്റെ പേരിൽ നിന്നിരുന്ന 1179–ാംനമ്പർ ഭേദഗതി ശ്രീമാൻ ബലറാമിന്റെ ഭേദഗതി അവതരിപ്പിച്ചതുകൊണ്ടു് അവതരിപ്പിക്കുകയുണ്ടായില്ല. ചെറുകിടക്കാരായാലും ഭൂമി ഒഴിപ്പിച്ചു വാങ്ങുന്നതു് ഉത്തമവിശ്വാസത്തോടെ വേണം എന്നുണ്ടായിരുന്നു. ഒഴിപ്പിച്ചെടുക്കുന്നിടത്തു് റിക്വയർ എന്നുള്ളതല്ല നീഡ്സ് എന്നാക്കണമെന്നുള്ളതാണു് ഭേദഗതി. ഇപ്പോൾ മന്ത്രി കൊണ്ടുവന്ന ഭേദഗതിയിൽ അതു് ഒലിച്ചുപോയിരിക്കുന്നു. അതു് മാത്രമല്ല മററു പലതും പോയിരിക്കുന്നു. ചുരുക്കത്തിൽ who requires the holding bona fide for cultivation by himself, or any member of his family എന്നുള്ളതും പോയിരിക്കുകയാണു്.

<u>ശ്രീ. ടി. ഒ. ബാവ</u> : ഇതു പാട്ടാണോ?

<u>ശ്രീ. ഈ പി. ഗോപാലൻ</u> : ഇതു സംഗീതമാണു്. അതൊക്കെ തോന്നും. അതാണല്ലോ ഇപ്പോഴത്തെ സ്ഥിതി. അതിലധികം പോകാഞ്ഞാൽ മതി. ഏതായാലും ഇപ്പോൾ ഒരു പാട്ടിലായി.

അതുകൊണ്ടു് സർ, ഈ 17–ാം വകുപ്പു് ഇപ്പോൾ മന്ത്രി അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയോടുകൂടി നിൽക്കുന്നതു്, കൃഷിക്കാർക്കു കിട്ടിക്കഴിഞ്ഞിട്ടുള്ള അവകാശങ്ങളുടെ ഒരു ധ്വംസനം എന്ന മട്ടിലാണു്. ഒഴിപ്പിക്കൽ സ്വന്തമായി കൃഷി നടക്കാനാകണമെന്നില്ല. ഉത്തമവിശ്വാസവും വേണ്ട ഒഴിപ്പിക്കാനുള്ള അവകാശം കൊടുത്തിരിക്കുകയാണു്. റിക്വയറായാലും നീഡ്സായാലും വ്യത്യാസമൊന്നുമില്ല. യാതൊരുപാധിയും വെയ്ക്കാതെ ഒഴിപ്പിക്കുവാനുള്ള അവകാശമാണു നൽകുന്നതു്. ചെറുകിടക്കാരുടെ കണ്ണീർ തുടയ്ക്കാൻ അവരുടെ കുടിയാൻമാരുടെ കണ്ണിൽനിന്നു് ചോര വീഴ്ത്തുകയാണു്. കുടിയാന്റെ ഭാഗത്തുനിന്നു ഒന്നു നോക്കിയാലത്തെ സ്ഥിതിയെന്താണു്? പകുതി ഭൂമി അയാളുടെ കയ്യിൽനിന്നു് ഒഴിപ്പിച്ചെടുക്കാൻ അധികാരം നൽകുന്നു. ഒരു നിബന്ധനയും വയ്ക്കാതെ ഇതെന്തൊരു കാർഷികപരിഷ്കാരമാണു്.

സർ, ഈ 17–ാം വകുപ്പിനെ സംബന്ധിച്ചിടത്തോളം വാചകങ്ങളുടെ ഒരു കസർത്തു് കാണിച്ചിരിക്കുകയാണു്. മലബാർ ഭാഗത്തു് 1961 ജനുവരി 21–ാം തീയതിവരെ നിയമപ്രകാരം സ്ഥിരാവകാശം കിട്ടിയിരുന്ന ആളുകളെ ഒഴിപ്പിക്കുന്നതിനു് നിയന്ത്രണം വയ്ക്കുന്നുണ്ടെന്നു് പറയുന്നു. പക്ഷെ ആ നിയന്ത്രണം വരുന്നതു് 51–ാംവകുപ്പനുസരിച്ചാണു്. ഇവിടെക്കണ്ടാൽ അപാകടമില്ലെന്നു് തോന്നും. എന്നാൽ അതിനുള്ള ഏർപ്പാടു് പുറകെ വരുന്നു. 51-ാംവകുപ്പുപ്രകാരം കുടിയാനു് ഭൂമി പർച്ചേസ് ചെയ്യണമെങ്കിൽ പകുതി ഭൂമി ജന്മിക്കു് ഒഴിഞ്ഞുകൊടുക്കണം. പകുതി ഒഴിഞ്ഞുകൊടുത്താൽ മാത്രമെ മറേറ പകുതി വിലയ്ക്കു് വാങ്ങാൻ കഴിയുകയുള്ളു. ഫലം പകുതി ഭൂമി ഒഴിപ്പിക്കൽ തന്നെ. ഇതു് കുടിയാന്റെ അവകാശങ്ങൾ നിഷേധിക്കൽ അല്ലെങ്കിൽ മറെറന്താണു്? ശ്രീ. എം. നാരായണക്കുറുപ്പു് പറയുന്നതു് കൃഷിക്കാർക്കു അങ്ങനെ ഒരു അവകാശം കിട്ടിയിട്ടില്ല എന്നാണു്. നിലവിലുള്ള കാർഷികബന്ധനിയമത്തിലെ പ്രസക്തമായ വകുപ്പുകൾ അദ്ദേഹത്തിനു് അറിയാഞ്ഞിട്ടല്ല പക്ഷെ അതു് അദ്ദേഹം കണക്കിലെടുക്കുന്നില്ല. മലബാർ കുടിയായ്മ നിയമപ്രകാരം മലബാറിലെ കൃഷിക്കാർക്കു് കിട്ടിയ അധികാരം സ്ഥിരാവകാശം മാത്രമായിരുന്നു. കാർഷികബന്ധ നിയമപ്രകാരം മലബാറിലേയും കൊച്ചിയിലേയും ചെറുകിടക്കാരുടെ കുടിയാന്മാരെ ഒഴിപ്പിക്കാൻ പററുകയില്ല. അവരുടെ കൈവശമുള്ള മുഴുവൻ ഭൂമിയും അവർക്കു് വിലക്കു വാങ്ങാം. ആ അവകാശമാണിപ്പോൾ ഇവിടെ നിഷേധിക്കുന്നതു്. ശ്രീ. കുറുപ്പിനു കാർഷികബന്ധനിയമപ്രകാരം കുടിയാനു് കിട്ടിയ അവകാശം ഒട്ടും പ്രധാനമല്ല, കാർഷികബന്ധനിയമത്തിലെ ചില വകുപ്പുകൾ സുപ്രീംകോടതിയും ഹൈക്കോടതിയും ഭരണഘടനാവിരോധമെന്നു് വിധിച്ചതുകൊണ്ടു്. ഈ ബിൽ അങ്ങനെ നോക്കുമ്പോൾ ഭരണഘടനാവിധേയമാണോ? റയട്ടുവാരി ഭൂമികൾക്കു് നിയമ

[ശ്രീ. ഈ. പി. ഗോപാലൻ]

നിർമ്മാണം ചെയ്യാനധികാരമില്ല എന്ന കോടതിവിധി നിലവിലുള്ളപ്പോൾ തന്നെയാണു ഈ ബില്ലും കൊണ്ടുവന്നിട്ടുള്ളത്. ഈ വസ്തുതയൊക്കെ ശ്രീ. കുറുപ്പിനറിയാം. എന്നാൽ കുടിയാന് കിട്ടിക്കഴിഞ്ഞ ഒരവകാശം എടുത്തുകളയുന്നതിന് തീർച്ചപ്പെടുത്തിക്കഴിഞ്ഞാൽ ഇതുമാതിരി മുടന്തൻ ന്യായം മാത്രമെ പറയാൻ കഴിയൂ. സ്ഥിരാവകാശം കിട്ടിയ കുടിയാന്മാർ, കുടിയാന്മാരായി തുടർന്നുകൊള്ളണം എന്നാണു വന്നിട്ടുള്ളത്. ഭൂമി വാങ്ങാൻ തയ്യാറായാൽ പകുതി ഭൂമി ഒഴിയേണ്ടിവരും. അപ്പോൾ അവർക്ക് നല്ലത് കുടിയാനായി തുടരുകയാണ്.

മലബാറിലും കൊച്ചിയിലും കുടിയാന് കിട്ടിക്കഴിഞ്ഞിട്ടുള്ള ഒരു ആനുകൂല്യം തട്ടിക്കളയാൻ സമ്മതിക്കുകയില്ല. പകുതി പർച്ചേയ്സ് ചെയ്യാതെ മുഴുവൻ ഭൂമിയും കൈവശംവച്ച് ഒരുകാലത്ത് മുഴുവനും വാങ്ങാൻ സാധിക്കുമെങ്കിൽ അനുമതിയെന്നു വിചാരിച്ചിട്ടവർ ഇരിക്കുകതന്നെ ചെയ്യും. ശ്രീ. കുറുപ്പ് പറഞ്ഞതുപോലെ ചിലപ്പോൾ നിയമത്തിൽ മാററം വരുത്തിക്കൂടേ? വരുത്തേണ്ടിവരുകയില്ലേ? മലബാറിലായാലും കൊച്ചിയിലായാലും സ്ഥിരാവകാശം കിട്ടിക്കഴിഞ്ഞവരുടെ കയ്യിൽനിന്നും പകുതി ഭൂമി ഒഴിപ്പിച്ചെടുക്കാമെന്ന് നേരേചൊവ്വേ പറയാൻ എന്തിനു മടിക്കുന്നു. ലക്ഷക്കണക്കിന് ചെറുകിടക്കാർക്ക് ഭൂമി ഒഴിപ്പിച്ചുകൊടുക്കുന്നതുവഴി പൂർണ്ണമായ സംരക്ഷണം നൽകാനാണ് ഭാവമെന്ന് തുറന്നുപറഞ്ഞുകൂടേ? അവരുടെ കുടിയാന്മാർക്ക് എന്തു സംഭവിക്കുന്നു എന്നു നോക്കാൻ ഭാവമില്ല. അതങ്ങനെ പറയാൻ എന്തോ ഉളുക്കുണ്ടെന്നു തീർച്ചയാണ്. മലബാറിലും കൊച്ചിയിലും സ്ഥിരാവകാശം കിട്ടിയിട്ടുള്ള കുടിയാന്മാരെ സംബന്ധിച്ചിടത്തോളം പകുതി പർച്ചേസ് ചെയ്യാനുള്ള സൗകര്യം നഷ്ടപ്പെട്ടിരിക്കുകയാണ്. പകുതി വിട്ടുകൊടുക്കാൻ സമ്മതിക്കുന്നകാര്യം സംശയവുമാണ്. 1960-ലെ നിയമം നടപ്പിലാക്കാൻ വൈഷമ്യമുണ്ടെന്ന് ഇന്ന് അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ എത്രമാത്രം ഊന്നിപ്പറയുന്നുണ്ടോ, അതിലുമെത്രയോ അധികം പ്രയാസം കാണും ഇത്തരമൊരു നിയമം നടപ്പിൽകൊണ്ടുവരാൻ എന്ന് ധരിച്ചുവെയ്ക്കുന്നതാവശ്യമാണ്. ഇത് മദ്ധ്യവർത്തികളെ ഇല്ലായ്മ ചെയ്യുന്ന ഒരു നിയമമല്ല. മദ്ധ്യവർത്തികളെ പുതുതായി ഉണ്ടാക്കുകയും നിവൃത്തിയുണ്ടെങ്കിൽ ഒരുപാടുകാലം അവരെ നിലനിറുത്താൻ സഹായിക്കുകയും ചെയ്യുന്ന നിയമമാണിത്. നെയ്യ്‌വിളമ്പി ഊണുമുട്ടിക്കുക എന്നതുപോലെ പർച്ചേസ് ചെയ്യാനുള്ള സൗകര്യം തടയപ്പെടുന്നു. പർച്ചേസ് ചെയ്യാൻ തയാറായിട്ടുള്ളവരും പർച്ചേസ് ചെയ്യാതെ കുടിയാന്മാരായി തുടരാൻ നിർബ്ബന്ധിതരാകുന്നു. മലബാറിലെ കുടിയാന്മാർ ചെറുകിടക്കാരുടെ കീഴിൽ സ്ഥിരാവകാശം കിട്ടിയിട്ടുള്ളവരാണ്. നിലവിലുള്ള നിയമപ്രകാരം പകുതി ഒഴിപ്പിക്കപ്പെടാതെ, മുഴുവനും പ്രതിഫലം രൊക്കംകൊടുത്തു വാങ്ങാൻ സൗകര്യമുണ്ട്. പകുതി ഒഴിഞ്ഞു കൊടുത്താൽ, ബാക്കിപകുതി സ്വന്തമായികിട്ടും. ഈ ബിൽപ്രകാരം പകുതി ഒഴിഞ്ഞുകൊടുക്കണം. ബാക്കി പകുതിക്ക് വിലയും കൊടുക്കണം. കുറെനാൾ പാർത്തിരുന്നാൽ പകുതി പോകാതിരിക്കുകയില്ലേ. അതുകൊണ്ട് പർച്ചേസ് ചെയ്യാതെയിരിക്കുകയല്ലേ നല്ലതെന്നു സ്വാഭാവികമായി കുടിയാന്മാർ കരുതും. ചെറുകിടക്കാരന്റെ കുടിയാനാകുന്ന ഒരാൾ, കുടിയാനായി തുടരാൻ നിർബ്ബന്ധിക്കപ്പെടുന്നു. എന്താണിതിന്റെ അർത്ഥം? ജന്മികുടിയാൻ ബന്ധം തുടർന്നുപോവുക എന്നതുതന്നെ. അതിന് നിയമസംരക്ഷണം നൽകുകയാണ്. ഇത്തരമൊരു നിയമം മാററാതെ അങ്ങനെ വരാൻ നിവ്വാഹമില്ല എന്ന് വന്നുകൂടുന്നു. അപ്പോൾ, ഇത്തരം നിയമനിർമ്മാണം സ്ഥിരമായ ഒരേർപ്പാടായിത്തീരും. പതിനേഴാമത്തെ ക്ലാസിൽ ആദ്യത്തെ പ്രൊവൈസോവിൽ ചെറുകിടക്കാരെ ഒരേ ക്യാററഗറിയിലുൾപ്പെടുത്തിയിരിക്കുന്നത്. അവരിൽ കുറച്ചാളുകൾക്ക് ന്യായമായി വിഷമമുണ്ട്. വിഷമമുള്ള ആളുകൾക്ക് ഉത്തമവിശ്വാസത്തിന്മേൽ, ഒഴിപ്പിച്ചെടുക്കാനുള്ള സൗകര്യം ഉണ്ടാക്കി. അവരുടെ കഷ്ടത പരിഗണിച്ച് ഒരു കൺസഷൻ കൊടുക്കണമെന്നുകരുതി ആരംഭിച്ചത് പതുക്കെപ്പതുക്കെ ഒരു റൈററ് എസ്റ്റാബ്ലിഷ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുക എന്നുള്ള നിലയിൽ ഈ വകുപ്പ് ഇപ്പോൾ ഉയർന്നിരിക്കുന്നു. ആ നിലയിൽ സ്വന്തമായി കൃഷി നടക്കുകയോ ഒന്നും വേണ്ടാത്ത ആൾക്കു ചെറുകിടക്കാരനെന്ന നിലയിൽ ഒരു അവകാശം, ഒഴിപ്പിക്കാനുള്ള അവകാശം കൊടുത്തിരിക്കയാണ്. ഈ രീതിയിലാണ് പതിനേഴാം വകുപ്പിന്റെ പോക്ക്. ചെറുകിടക്കാരുടെ കഷ്ടതയും, കണ്ണീരുംകൊണ്ട് ആരംഭിച്ച്, ദയയ്ക്കുവേണ്ടി അഭ്യർത്ഥിച്ച് ഒടുവിൽ കുടിയാനെ ഒഴിപ്പിക്കാനുള്ള അവകാശവും കൊണ്ട് ജയിച്ച പാടിയിരിക്കുന്നു. കാർഷിക പരിഷ്ക്കാരം നടപ്പിലാക്കുന്ന അവസരത്തിൽ ഒരുവിഭാഗത്തിന് ഒരു കൺസെഷൻ നൽകുന്ന മട്ടിലല്ല ഇപ്പോൾ ഈ വകുപ്പ് നിൽക്കുന്നത്. ചെറുകിടക്കാരന് മൗലികമായ അവകാശം നൽകിയിരിക്കുകയാണ്. ആവശ്യം ഉണ്ടെങ്കിലും ഇല്ലെങ്കിലും കൃഷിനടത്തണമെങ്കിലും വേണ്ടെങ്കിലും, വീട് വ യ്ക്ക ണ മെ ങ്കി ലും വയ്ക്കേണ്ടായെങ്കിലും കുടിയാന്റെ പക്കൽനിന്ന് പകുതി ഒഴിപ്പിച്ചെടുക്കാനുള്ള അവകാശമാണു കൊടുക്കുന്നത്. അതുകൊണ്ടാണ് ഇത്രയും എതിർപ്പ്. മലബാറിനെയും കൊച്ചിയേയും സംബന്ധിച്ചിടത്തോളം വളരെ ശക്തിയായ പ്രതിഷേധം വരുമെന്ന് നേ ര ത്തെ പറഞ്ഞുവയ്ക്കുകയാണ്. ഇനി ശ്രീ. നാരായണക്കുറുപ്പിന്റെ ഭേദഗതി കൂടിയായാൽ വലിയ വൈഷമ്യമൊന്നും വരികയില്ല. ഇപ്പോൾതന്നെ ആരും പർച്ചേസ് ചെയ്യുമെന്നു ഭയപ്പെടേണ്ട. പകുതി ഒഴിഞ്ഞുകൊടുത്തു പകുതി വാങ്ങാൻ ആരും തയ്യാറാകുമെന്നു തോന്നുന്നില്ല. ഒന്നു പാർത്ത് നിൽക്കാനാണ് ആളുകളെ ഇതുപദേശിക്കുന്നതെന്നു ഞാൻ കരുതുന്നു. പർച്ചേസ് ചെയ്യാൻ പരമാവധി ഒരു തീയതി നിശ്ചയിക്കണമെന്നാണ് ശ്രീ. കുറുപ്പിന്റെ ഭേദഗതി. പർച്ചെയ്സ് ചെയ്യാൻതന്നെ അവകാശമില്ല എന്നു പറയുന്നതല്ലെ കൂടുതൽ ഭംഗി? ചെറുകിടക്കാരന്റെ കീഴിലുള്ള കുടിയാന്മാരെ സംബന്ധിച്ചിടത്തോളം യാതൊരു പരിഗണനയും നൽകാൻ തയാറില്ല എന്ന് തെളിഞ്ഞിരിക്കുന്നു. ചെറുകിടക്കാരനെ പരിഗണിക്കാൻ വേണ്ടിടത്തോളം സ്വാധീനശക്തിയും മററും അവർ സംഭരിച്ചുകഴിഞ്ഞിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ഈ നി ല പാ ടി നോ ട് ഒരിക്കലും യോജിക്കാൻ സാദ്ധ്യമല്ല. വിശേഷിച്ചും സ്ഥിരാവകാശം കിട്ടിക്കഴിഞ്ഞ കുടിയാന്മാരെ സംബന്ധിച്ചിടത്തോളം 61 ജനുവരി 21 -എന്നുള്ള തീയതി പറയുന്നുണ്ടെങ്കിലും ഫലത്തിൽ പകുതി ഒഴിഞ്ഞുകൊടുക്കേണ്ട സ്ഥി തി യി ലാ ണ് നിൽക്കുന്നതെന്നുള്ളതുകൊണ്ട് ഞാൻ അതിനെ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. ആർ. രാഘവമേനോൻ : ഇവിടെ ഇപ്പോൾ നടക്കുന്ന ഭൂനയബില്ലിനെപ്പററിയുള്ള ചർച്ച വല്ലവരും കേൾക്കുകയാണെങ്കിൽ ഒരു മഹായുദ്ധം നടക്കുകയാണെന്നു അവർക്കു തോന്നും. ആയുധങ്ങൾ ഇല്ലാത്തതുകൊണ്ട് അതുപയോഗിക്കുന്നില്ലെന്നു മാത്രമേയുള്ളു. ഭൂമി വല്ലവർക്കും കൃഷിചെയ്യാൻ ഉടമസ്ഥൻ കൊടുത്തിട്ടുണ്ടെങ്കിൽ പിന്നെ എന്തിനു തിരിച്ചുകൊടുക്കണമെന്നാണു ചോദ്യം. ഭൂമി കൊടുത്തുപോയിട്ടുണ്ടെങ്കിൽ പിന്നെ അയാൾക്ക് ഭൂമിയിൽ ഒരവകാശവും ഇല്ലെന്നുള്ള രീതിയിലാണ് വാദഗതികൾ പോകുന്നത്. കൃഷിചെയ്യുന്ന ആളിനാണ് അവകാശമെന്നു വാദിക്കുമ്പോൾ അതിനു ഏൽപ്പിച്ചു കൊടുത്ത ഭൂമിയുടമസ്ഥന്റെ കാര്യം ചിന്തിക്കുന്നില്ല. ഇതു് സമുദായത്തിനു പററുന്ന ചിന്താഗതിയല്ല. നമ്മുടെ രാജ്യത്തു് കമ്മ്യൂണിസ്ററുപാർട്ടി മാത്രമല്ലാ ഉള്ളതു്. വേറെയും പാർട്ടികളുണ്ട്. കൂടാതെ ഒരു പാർട്ടിയിലും പെടാത്ത ജനങ്ങളും ധാരാളമുണ്ട്. ഒരു നിയമം പാസ്സാക്കുന്നതു് നാട്ടിലുള്ള എല്ലാവർക്കും വേണ്ടിയാണ്. കമ്മ്യൂണിസ്ററുകാരുടെ ആശയങ്ങൾക്ക് അനുകൂലമായി ഒരു നിയമം പാസ്സാക്കുക എന്നു പറയുന്നതു് ഒട്ടും ശരിയായ കാര്യമല്ല. ആ ആനുകൂല്യം വാങ്ങിച്ചുതരാം, ഈ ആനുകൂല്യം വാങ്ങിച്ചുതരാം എന്നെല്ലാം കമ്മ്യൂണിസ്ററുകാർ പറഞ്ഞതിന്റെ ഫലമായി നിർഭാഗ്യവശാൽ ഇവിടെയുമുള്ള കൃഷിക്കാർ അവരുടെ കൂടെയാണ് മമത കാണിക്കുന്നതു്. ഒരു ഭൂപരിഷ്ക്കരണനിയമം പാസ്സാക്കുമ്പോൾ തീർച്ചയായും ഭൂവുടമസ്ഥന്മാർക്കും ഭൂമിയിൽ അവകാശം കൊടുക്കേണ്ടതാണ്. അതില്ലാതാക്കി കുടിയാനോ മററു വല്ലവർക്കുമോ അവകാശം കൊടുക്കുന്നതു ന്യായമായ നിയമമാകുകയില്ല. ആരെയും നശിപ്പിക്കാൻ പാടില്ലെന്നുള്ള തത്വമാണ് സ്വീകരിക്കേണ്ടതു്.

2/716/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. രാഘവമേനോൻ]

പണമുള്ള ആളുകൾ വിലകൊടുത്തു വാങ്ങിച്ചതോ, കാരണവന്മാർ സമ്പാദിച്ചു വച്ചതോ ആയ ഭൂമി അതിന്റെ ഉടമസ്ഥന്മാർക്ക് എല്ലാ കാലവും അനുഭവിക്കാനുള്ള അവകാശമുണ്ടു്. ഒരു കുട്ടി ജനിച്ചാൽ ആ കുടുംബത്തിന്റെ അവകാശം ആ കുട്ടിക്കു കിട്ടുന്നു. രാജ്യത്തിന്റെ മുഴുവൻ സ്വത്തവകാശം കിട്ടുകയില്ല. അതുകൊണ്ടു് ഭൂവുടമസ്ഥന്മാരെല്ലാം അതു വിട്ടിട്ടു പോകണമെന്നു പറഞ്ഞാൽ നടപ്പില്ലാത്ത കാര്യമാണു്. കമ്മ്യൂണിസ്റ്റുകാർ പറയുന്നതു് ഭൂമി കൈവശം വച്ചിട്ടുള്ളവർക്കു മാത്രമാണു് അവകാശമുള്ളതെന്നാണു്. അവർക്കു് ഈ ഭൂമി എങ്ങനെ കിട്ടി. ഭൂമി ഉടമസ്ഥൻ അവർക്കു് കൃഷിചെയ്യുന്നതിനുവേണ്ടിയും മററും കൊടുത്തതല്ലേ? ഈ കാര്യം ആദ്യമായി മനസ്സിലാക്കണം. ഓർമ്മിക്കണം. ഉടമസ്ഥനോടു് ആവശ്യപ്പെട്ടു ഭൂമി കൃഷിക്കു വാങ്ങിയാണു് കുടിയാനായിട്ടുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഭൂമിയുടെ ഉടമാവകാശം എങ്ങനെ വന്നുചേർന്നുവെന്നുകൂടി ആലോചിക്കണമല്ലോ?

ശ്രീ. ആർ. രാഘവമേനോൻ: നിങ്ങൾ പറഞ്ഞതു് എനിക്കൊന്നും മനസ്സിലായില്ല. ഏതായാലും നിങ്ങൾക്കു് വളരെ രുചിക്കുന്ന കാര്യങ്ങൾ ഞാൻ പറയാൻ പോകുന്നില്ല. ഭൂമിയുടമസ്ഥൻ കുടിയാനു ഭൂമി പാട്ടത്തിനു കൊടുത്തതുകൊണ്ടാണു് ഇന്നു കുടിയാനെന്നുള്ള അവകാശം പുറപ്പെടുവിക്കുന്നതു്. അതിൽ വിരോധമില്ല. അവർക്കു് കൃഷിനടത്താൻ അവകാശമുണ്ടെന്നു വിചാരിക്കുന്നതിൽ തെററില്ല. എന്നാൽ ആ അവകാശത്തെ അന്യായമായ നിലയിൽ ദുരുപയോഗപ്പെടുത്തരുതു്. അങ്ങനെയായാൽ അതു് ന്യായവും മര്യാദയും ആയിരിക്കും. ഭൂമിയുടെ അവകാശം ഭൂവുടമസ്ഥനുതന്നെയാണു്. എന്നാൽ ന്യായമായ വിധത്തിൽ പാട്ടം കൊടുത്തുകൊണ്ടിരിക്കുന്ന കാലത്തോളം ഭൂമി ഒഴിപ്പിക്കേണ്ട ആവശ്യമില്ല. അങ്ങനെ ഒഴിപ്പിക്കാൻ ആരും ശ്രമിക്കുകയുമില്ല. ഭൂമി ഒഴിപ്പിച്ചെടുത്താൽ ഭൂവുടമസ്ഥന്മാർക്കു് പലപ്പോഴും നേരിട്ടു കൃഷിചെയ്യാൻ സാധിച്ചുവെന്നുവരികയില്ല. ആ നിലയിൽ ന്യായമായി പെരുമാറേണ്ടതു കുടിയാന്മാരാണു്. ഇങ്ങനെയായാൽ ഒരു കുഴപ്പവുമില്ല. നന്ദികേടു് ഒരിക്കലും കാണിക്കരുതു്. സൂക്ഷിക്കാൻ കൊടുത്ത മുതൽ മടക്കിക്കൊടുക്കുകയില്ലെന്നു പറയുന്ന സമ്പ്രദായമുണ്ടു്. ആ സമ്പ്രദായം സ്വീകരിക്കരുതു്. ഭൂമി ഉടമസ്ഥന്മാരും കുടിയാന്മാരും വളരെ ഐകമത്യത്തോടുകൂടി കഴിഞ്ഞിരുന്നവരും അങ്ങനെ കഴിയാവുന്നവരുമാണു്. ഇപ്പോൾ ഈ തർക്കങ്ങളെല്ലാം പാർട്ടികൾ ഉണ്ടാക്കിയിട്ടുള്ളതാണു്. അതു് പാർട്ടികളുടെ ദുർബോധനമൂലമാണെന്നു ഞാൻ പറയേണ്ടതില്ല. എന്നാലും കുഴപ്പം ഉണ്ടാക്കിയിട്ടുണ്ടു്. ഭൂമിഉടമസ്ഥൻ മര്യാദയായിട്ടുള്ള പാട്ടം നിശ്ചയിച്ചാണു് ഭൂമി കൊടുത്തിട്ടുള്ളതു്. ഇന്നുള്ള പാട്ടങ്ങൾ ഒട്ടും അധികമല്ല. അതു് മര്യാദയായി കുടിയാന്മാർ കൊടുത്താൽമതി.

മര്യാദയായി പാട്ടം കൊടുത്തു, ശരിയായി കൃഷി ചെയ്തു സുഖമായി ജീവിക്കാൻ കുടിയാന്മാർ ശ്രമിച്ചിരുന്നു. പക്ഷേ, അവർ പാട്ടം കൊടുക്കേണ്ട, ഭൂമിയെല്ലാം സ്വന്തമായിക്കൊള്ളും എന്നുപറഞ്ഞു് ഭൂഉടമകളുമായി മത്സരത്തിൽ ഏർപ്പെടാൻ ചില രാഷ്ട്രീയപാർട്ടിക്കാർ ശ്രമിക്കുന്നതുകൊണ്ടാണു് ഇന്നു് ഈ രംഗത്തു് പല കുഴപ്പങ്ങളും ഉണ്ടാകുന്നതു്. എന്റെ അഭിപ്രായത്തിൽ, ഈ നിയമത്തിൽ, ഭൂഉടമയും കുടിയാനും പകുതി പകുതി ഭൂമി എടുത്തു രമ്യമായി കഴിയുന്നതിനുള്ള വ്യവസ്ഥ ചെയ്തിരിക്കുന്നതു് നല്ലതാണു്, ന്യായമാണു്. ഭൂഉടമസ്ഥു് അവരുടെ പകുതി ഭൂമിയിൽനിന്നു് കിട്ടുന്ന ആദായം എടുക്കാം. കുടിയാനു് കിട്ടുന്ന ഭൂമിയിൽ കൃഷി ചെയ്തു അയാൾക്കും ജീവിക്കാം. ഇതു നല്ല ഒരു തീരുമാനമാണെന്നാണു് എന്റെ അഭിപ്രായം. കുടിയാൻ പാട്ടം കൊടുക്കുകയില്ലെന്നു പറഞ്ഞാൽ അതു ശരിയല്ല. പാട്ടം ഭൂഉടമസ്ഥു അവകാശപ്പെട്ടതാണു്. ഭൂമി തങ്ങളുടെ കൈവശമായതുകൊണ്ടു് അതിനു ഉടമസ്ഥു് അവകാശമില്ല, തങ്ങളുടേതാണു് ഭൂമി എന്നുള്ള കുടിയാന്റെ അവകാശവാദം വെറും പിടിവാദമാണു്; ന്യായമല്ല ഒരു പണസഞ്ചി സൂക്ഷിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഏല്പിച്ചതു് തിരിയെ ചോദിക്കുമ്പോൾ, 'പോടാ പോ', ഞാൻ തരികയില്ല, എന്നു പറയുന്നതുപോലെയാണു് കുടിയാന്മാരുടെ ഈകാര്യത്തിലുള്ള അവകാശത്തർക്കം. ഞാൻ പറയുന്നതു് ഈ നിയമത്തിൽ വളരെയൊന്നും പിശകു പററിയിട്ടില്ല. കുടിയാനും, ഭൂഉടമസ്ഥും മിതമായ അവകാശങ്ങൾ അനുവദിച്ചു കൊടുത്തിട്ടുണ്ടു്. കുടിയാൻ പകുതി ഭൂമി എടുക്കട്ടെ, പകുതി ഭൂ ഉടമയും എടുക്കട്ടെ. അങ്ങനെ അവർ തമ്മിലുള്ള തർക്കം പരിഹരിക്കപ്പെടുകയാണു്. പാർട്ടികൾ ഇടപെട്ടു് അവരുടെ ഇടയിൽ കുഴപ്പം സൃഷ്ടിക്കാതിരുന്നാൽ മതി. നമ്മുടെ നാട്ടിൽ ജനങ്ങൾക്കു് ആഹാരക്ഷാമമുണ്ടു്; നമുക്കു ആഹാരക്ഷാമം പരിഹരിക്കണമെങ്കിൽ, കർഷകർ നല്ലപോലെ കൃഷിചെയ്യണം. കൃഷി അഭിവൃദ്ധിപ്പെടണമെങ്കിൽ, ഭൂ ഉടമയും, കർഷകരും തമ്മിൽ യോജിച്ചുപോകുകൂടി കഴിയണം. അതിനു വിഘാതം വരുത്തുന്നവർ യഥാർത്ഥത്തിൽ രാജ്യദ്രോഹമാണു് ചെയ്യുന്നതു്. പാർട്ടികൾക്കു സ്വന്തം പാർട്ടി വളർത്തണമെന്നേയുള്ളു. ജനങ്ങളുടെ ക്ഷേമത്തിലോ, രാജ്യം അഭിവൃദ്ധിപ്പെടണമെന്നതിലോ നോട്ടമില്ല. കുടിയാനും, ഭൂ ഉടമയും തമ്മിൽ സഹോദരസ്നേഹത്തോടുകൂടി, രമ്യമായി കഴിയുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചാൽമാത്രമേ നമ്മുടെ കൃഷി അഭിവൃദ്ധിപ്പെടുകയുള്ളു. അവകാശങ്ങൾ സ്ഥാപിച്ചു കിട്ടാൻ ലഹളയുടെയൊന്നും ആവശ്യമില്ല. കൃത്യമായി പാട്ടം കൊടുത്തു, നല്ലപോലെ കൃഷിചെയ്തു ജീവിച്ചാൽ മതി.

ശ്രീ. കെ. ഭാർഗ്ഗവൻ: പാട്ടം ശരിയായിട്ടു കിട്ടിയാൽ പോരേ; ഭൂമി എന്തിനാണു് ?

ശ്രീ. ആർ. രാഘവമേനോൻ: ഭൂമിയിൽ നല്ലപോലെ കൃഷിചെയ്യണം, പാട്ടവും ശരിയായിട്ടു കൊടുക്കണം. കൃഷിയെപ്പററി ഒരു ബഹുമാനം വേണം. ശരിയായി കൃഷി ചെയ്യാതിരുന്നാൽ ഭൂമി ഒഴിപ്പിച്ചെടുക്കണം. അതു ഞാൻ സമ്മതിക്കുന്നു. പക്ഷേ, അതിനൊരു ലഹളയുടെ ആവശ്യമില്ല. ഭൂ ഉടമയും കുടിയാനും തമ്മിൽ വളരെക്കാലമായിട്ടു രമ്യമായിട്ടും, സൗഹാർദ്ദത്തോടും കഴിയുകയാണു്. ആ ബന്ധം തുടർന്നുപോയാൽമാത്രമേ നമ്മുടെ കൃഷി അഭിവൃദ്ധിപ്പെടുകയുള്ളു. ഇടയ്ക്കു് മററുള്ളവർ അവരെത്തമ്മിൽ പിണക്കി, കുഴപ്പം സൃഷ്ടിക്കാൻ ഇടപെടുന്നതുകൊണ്ടാണു് കൂടുതൽ വിഷമം നേരിടുന്നതു്. പരസ്പരവിദ്വേഷമോ, മൽസരമോ കൂടാതെ, സൗഹാർദ്ദത്തോടും, സഹകരണമനോഭാവത്തോടും കുടിയാനും, ഭൂ ഉടമയും തമ്മിൽ കഴിഞ്ഞുപോകുവാൻ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു് അഭിനന്ദനീയമാണു്. ഈ നിയമത്തെപ്പററി പലരും ഇവിടെ പറഞ്ഞുകഴിഞ്ഞു. കൂടുതലായിട്ടു് എനിക്കു് ഒന്നും പറയാനില്ല. കൃഷി ചെയ്യുന്ന ഭൂ ഉടമസ്ഥു് ഇതിൽ ന്യായമായ അവകാശം നൽകുന്നുണ്ടു്. കുടിയാനും വേണ്ട ആനുകൂല്യം നൽകിയിട്ടുണ്ടു്. ഇനി അവർ സമാധാനപരമായി ശണ്ഠ ഒന്നുംകൂടാതെ, മര്യാദയായിട്ടു, സന്തോഷത്തോടുകൂടി കഴിഞ്ഞുകൂടിയാൽ മതി. ദയവായി എല്ലാ പാർട്ടികളും, കുടിയാന്മാരും, ഭൂ ഉടമകളും രമ്യമായും, സൗഹാർദ്ദത്തോടും കഴിയാൻ അനുവദിക്കണമെന്നും, അവരുടെ ഇടയിൽ കൂടുതൽ കുഴപ്പങ്ങൾ സൃഷ്ടിക്കാൻ അവസരം ഉണ്ടാക്കരുതെന്നും പ്രത്യേകം അഭ്യർത്ഥിക്കുന്നു. സർ, എൻെറ പ്രസംഗം അവസാനിപ്പിക്കുകയാണു്.

ശ്രീ. സി. അച്യുതമേനോൻ: സർ, ഈ വകുപ്പിനെ സംബന്ധിച്ച ചർച്ചയിൽ, ചില കാര്യങ്ങൾ വീണ്ടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കാർഷികബന്ധനിയമത്തിൽ ഏററവും അധികം വിവാദവിഷയമായിട്ടുള്ള ഒരു വകുപ്പാണിതു്. ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ നിലപാടെന്താണു്, ഞങ്ങളുടെ സമീപനം എന്താണു് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മന്ത്രി ആദ്യം ഇവിടെ അവതരിപ്പിച്ച രൂപത്തിലല്ല, അവസാനമായി ഇതു വന്നിരിക്കുന്നതു്. അദ്ദേഹംതന്നെ ഇതിനു ഭേദഗതി കൊണ്ടുവന്നിരിക്കുകയാണു്. ഇതിൻെറ ആവശ്യമെന്താണെന്നു് ഇപ്പോൾ പ്രസ്താവിക്കേണ്ട ആവശ്യമുണ്ടു്. അതു പറയുന്നതിനുമുമ്പായി, ശ്രീ. എം. നാരായണക്കുറുപ്പു പറഞ്ഞതിനെ ആസ്പദമാക്കി ഒരു സംഗതി പറയണമെന്നു ഞാൻ ആഗ്രഹിക്കുകയാണു്. അതായതു് ചെറുകിട ഭൂവുടമകളെയും, അവരുടെ കീഴിലുള്ള കുടിയാന്മാരെയുംപററി പറയുമ്പോൾ, അവർതമ്മിലുള്ള ബന്ധത്തെപ്പററി പറയുമ്പോൾ, ഇതു ശാശ്വതമായിട്ടുള്ള ഒരു നിയമനിർമ്മാണമാണു്, ഇതിനു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

മുൻപുണ്ടായിരുന്ന, മലബാർ കുടിയായ്മ നിയമത്തിൽ കുടിയാന്മാർക്കു അനുവദിച്ചിരുന്ന അവകാശങ്ങൾ എന്നെന്നേക്കും നിലനിർത്താൻ സാദ്ധ്യതയുണ്ടാകയുക്കയില്ലെന്നു ശ്രീ. നാരായണക്കുറുപ്പ് പറഞ്ഞു. ഈ നിയമത്തിൽ മലബാർ കുടിയായ്മനിയമപ്രകാരം കുടിയാന് അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾ പലതും നഷ്ടപ്പെടുന്നതായിട്ടാണ് കാണുന്നതു്. ശ്രീ. നാരായണക്കുറുപ്പ് മദിരാശി നിയമസഭയിൽ ശ്രീ. രാജഗോപാലാചാരി പ്രസ്താവിച്ച ഒരു കാര്യം ഉദ്ധരിക്കുകയുണ്ടായി. അങ്ങനെയൊരു പ്രസ്താവന ശ്രീ. രാജഗോപാലാചാരി ചെയ്തിട്ടുണ്ടോ എന്നറിവില്ല; മി കുറുപ്പ് അവിടെ ഒരു മെമ്പറായിരുന്നതുകൊണ്ടു അതു അറിയാൻ കൂടുതൽ സൗകര്യമുണ്ട്; അതുകൊണ്ടു ശ്രീ. കുറുപ്പു പറഞ്ഞതു ഞാൻ സ്വീകരിക്കുന്നു. പക്ഷേ, ശ്രീ. രാജാജിയുടെ ആ പ്രസ്താവനയെക്കുറിച്ച് എനിക്കു പറയാനുള്ളതു്, രാജാജി പറഞ്ഞതുകൊണ്ടുമാത്രം അതു ശരിയായിരിക്കണമെന്നില്ല. രാജാജി പറഞ്ഞ പലതും, ഭൂരിപക്ഷംസംഗതികളും ഇന്നു സാധൂകരിക്കാൻ സാധിക്കാത്ത നിലയിലായിട്ടുണ്ട്. അതുകൊണ്ടു അതിനു യാതൊരു സാധുത്വവും കിട്ടുകയില്ല.

മലബാറിനെ സംബന്ധിച്ചിടത്തോളം, മലബാർ കുടിയായ്മനിയമം നടപ്പായതിനുശേഷം, വളരെക്കാലമായി തുടർച്ചയായി കൃഷിക്കാർ നടത്തിയ പ്രക്ഷോഭണത്തിന്റെ ഫലമായി കിട്ടിയിരുന്ന അവകാശങ്ങൾ കൂടുതൽ ഉറപ്പിക്കാനുള്ള ശ്രമമാണ് ഇങ്ങനെയൊരു പുതിയ ഭൂ പരിഷ്കരണനിയമം കൊണ്ടു വരുമ്പോൾ ചെയ്യേണ്ടതു്. പക്ഷേ, ഇതിലാകട്ടെ, കുടിയാന്മാർ നേടിയെടുത്ത ആ അവകാശങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള ശ്രമമാണു നടന്നുകാണുന്നതു്; അതുകൊണ്ട് വളരെ ശക്തിയായിട്ടുള്ള എതിർപ്പുണ്ടാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ചെറുകിട ഭൂ ഉടമകൾക്കു് ഗവണ്മെന്റ് എന്തെങ്കിലും സൗജന്യം ചെയ്തുകൊടുക്കുന്നതിൽ ഞങ്ങൾ എതിരല്ല; പക്ഷേ, അതുമൂലം കുടിയാനെ പ്രതികൂലമായി ബാധിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകാൻ പാടില്ലെന്നേയുള്ളു. ആ കാര്യം വളരെ ഊന്നിപ്പറയുകയാണ്. ഇതു പറയുമ്പോൾ, ചെറുകിട ഭൂ ഉടമകളെ സംരക്ഷിക്കണം, അവർക്കു സൗജന്യങ്ങൾ അനുവദിക്കണം എന്ന കാര്യത്തിൽ ഞങ്ങൾക്കു അഭിപ്രായവ്യത്യാസമില്ല.

ശ്രീ. പി ടി. ചാക്കോ : കുടിയാനു ദോഷം വരാത്ത വിധത്തിൽ, ചെറുകിട ഭൂ ഉടമസ്ഥർ എന്തെങ്കിലും സൗജന്യം ചെയ്യാൻ നിർമ്മാണാത്മകമായ എന്തെങ്കിലും നിർദ്ദേശം നൽകാമോ ?

ശ്രീ. സി. അച്യുതമേനോൻ : അതുതന്നെ ഞാൻ പറയാൻ വന്നതു്. ചെറുകിട ഭൂ ഉടമകളെ സംബന്ധിച്ചിടത്തോളം കാർഷികബന്ധനിയമത്തിൽ കൊടുത്തിട്ടുള്ള സൗജന്യങ്ങൾ മതിയാകുന്നതല്ല, അതിൽ കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കേണ്ടതാണ്, എന്നു പറയുകയാണെങ്കിൽ തത്വത്തിൽ അതു അംഗീകരിക്കാൻ എനിക്കു വിരോധമില്ല. പക്ഷേ, പ്രായോഗികമായി അതംഗീകരിക്കാൻ സാധിക്കുമോ ? തീർച്ചയായി വളരെ ബുദ്ധിമുട്ടുണ്ടാകും. അതു് അംഗീകരിച്ചാൽ എന്തെല്ലാം ബുദ്ധിമുട്ടുണ്ടാകും, ആരാണ് അതിനു പരിഹാരം ഉണ്ടാക്കേണ്ടതു് ? അതിനു ഒററ മാർഗ്ഗംമാത്രമേയുള്ളു. ചെറുകിട ഭൂ ഉടമസ്ഥർ കിട്ടേണ്ട പ്രതിഫലസംഖ്യ കൂടുതൽ കൊടുക്കാൻ സാധിക്കുമോ? കൂടുതൽ കൊടുക്കുന്നതിനു ഈ ഭാഗത്താരും എതിരല്ല; ആ ഭാഗത്തും എതിരല്ല. ആരു കൊടുക്കും? എങ്ങനെ കൊടുക്കും അതാണു പ്രശ്നം. തീർച്ചയായി കുടിയാന് അതു കൊടുക്കാൻ സാദ്ധ്യമല്ല. കുടിയാൻ കൊടുക്കണമെന്നു പറയുകയാണെങ്കിൽ, ഒരു കൈകൊണ്ട് കൊടുത്തതു്, മറുകൈകൊണ്ടു തിരിച്ചെടുക്കുന്നതു പോലെയാണ്. അങ്ങനെ വരുമ്പോൾ, കൂടുതൽ തുക ഗവണ്മെന്റു കൊടുക്കാൻ വ്യവസ്ഥ ചെയ്യണം. നമ്മുടെ സംസ്ഥാനത്തിന് അതിനുള്ള സാമ്പത്തിക ശേഷി ഉണ്ടോ? ആ സാമ്പത്തികഭാരം താങ്ങാൻ സംസ്ഥാനത്തിനു സാദ്ധ്യമല്ല എന്ന നിഗമനത്തിൽ അവസാനം എത്തിച്ചേരും. ചെറുകിട ഭൂഉടമകളെ രക്ഷിക്കേണ്ട ബാദ്ധ്യത ഗവണ്മെന്റിനുണ്ടെങ്കിലും, ചെറുകിട ഭൂവുടമകളുടെ കീഴിലുള്ള കുടിയാന്മാർ, വളരെക്കാലമായി അനുഭവിച്ചുവരുന്ന വിലപ്പെട്ടആനുകൂല്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ നഷ്ടപ്പെടുത്തുന്ന രീതിയിൽ, അവരുടെ സ്ഥിരാവകാശം നഷ്ടപ്പെടുത്തുന്ന രീതിയിൽ ഇതിൽ വകുപ്പ് ഉൾക്കൊള്ളിക്കുന്നതു സ്വീകരിക്കാൻ നിവൃത്തിയില്ലെന്നാണ് ഞാൻ പറയുന്നതു്. ഇതു ഇവിടെ നടന്ന ചർച്ചയിൽ വളരെ വ്യക്തമാക്കിയിട്ടുള്ളതാണ്. ശ്രീ നാരായണക്കുറുപ്പ് ഭൂ പരിഷ്കരണനിയമം കൊണ്ടുവരുമ്പോൾ ഭൂ ഉടമയുടെ കീഴിൽ കുടിയാന്മാർക്കുള്ള ബന്ധം തുടർന്നുകൊണ്ടു പോകുന്നതു് നന്നായിരിക്കുമെന്നുള്ള രീതിയിൽ സംസാരിക്കുകയുണ്ടായി. സർ, നാം നിയമനിർമ്മാണം ചെയ്യുന്ന അവസരത്തിൽ വളരെ പ്രധാനമായിട്ടു്, പ്രധാനപ്പെട്ട ഉദ്ദേശം, സാമൂഹികമായ ഉദ്ദേശം വിസ്മരിച്ചുകളയരുതെന്നാണ് എനിക്കു് പ്രത്യേകം ഓർമ്മിപ്പിക്കാനുള്ളതു്.

പ്രത്യേകിച്ച് ഭരണകക്ഷിയെ ഈ അവസരത്തിൽ ഒരു കാര്യം അനുസ്മരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതു് ചർച്ച നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽത്തന്നെയാണ് അഖിലേൻഡ്യാ കാൺഗ്രസ്സ് കമ്മിററിയുടെ യോഗം കൂടിയതു്. കാർഷികപരിഷ്കരണത്തെപ്പററിയാണ് അവിടെ പ്രധാനമായും ചർച്ച ചെയ്തതു്. അതിനെ സംബന്ധിച്ച് അവിടെ എന്താണ് പൊന്തിവന്ന വസ്തുതയെന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കേണ്ട ആവശ്യമില്ല. ഇൻഡ്യയിൽ ഒട്ടാകെതന്നെ സ്വാതന്ത്ര്യം കിട്ടിയതിനുശേഷം കാർഷികഭൂപരിഷ്കരണനിയമനിർമ്മാണങ്ങൾ പാസ്സാക്കുന്നതിൽ അക്ഷന്തവ്യമായ കൃത്യവിലോപം വന്നിട്ടുണ്ടെന്നും കാലതാമസം വന്നിട്ടുണ്ടെന്നും അനുസ്മരിപ്പിക്കുകയുണ്ടായി. എന്നുമാത്രമല്ല അതു് വളരെ അടിയന്തിരമായിട്ടു് തിരുത്തണമെന്നും ന്യായമായ രീതിയിൽ നടപ്പിൽ വരുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ബാക്കിയുള്ള രണ്ടു കൊല്ലംകൂടി അവസാനിക്കുന്നതിനു മുമ്പ് എല്ലാ സംസ്ഥാനങ്ങളിലും പരിപൂർണ്ണമായ ഒരു നിയമം പാസ്സാക്കണമെന്നു കാണിച്ച് ഒരു പ്രമേയം കൊണ്ടുവന്നു പാസ്സാക്കുകയും ചെയ്തു. ഇതു് പറഞ്ഞതു് മററാരുമല്ല. ഇവിടത്തെ ഭരണകക്ഷിയുടെ പാർട്ടിയായ കാൺഗ്രസ്സ് തന്നെയാണ്. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ ഇവിടെ പാസ്സാക്കാൻ പോകുന്ന കാർഷികഭൂപരിഷ്കരണത്തിന്റെ ലക്ഷ്യം എന്താണ്? കുടിയായ്മ എന്നുള്ള ഒരു സമ്പ്രദായംതന്നെ അവസാനിപ്പിക്കണമെന്നാണ് എല്ലാവരും ആവശ്യപ്പെട്ടിട്ടുള്ളതു്. എന്നു പറഞ്ഞാൽ ഈ രാജ്യത്തു് ഭൂമി സ്വന്തമായിട്ടു് ഉടമസ്ഥതയിൽ വച്ചുകൊണ്ടു് കൃഷിചെയ്യുന്ന ഒരു വിഭാഗം കൃഷിക്കാരാണ് ഉണ്ടായിരിക്കേണ്ടതു്. അങ്ങനെ വന്നാൽ മാത്രമേ ഈ രാജ്യത്തു് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും രാജ്യത്തു് ഒട്ടാകെ ഐശ്വര്യവും സമ്പത്തും വർദ്ധിപ്പിക്കുന്നതിനും സാധിക്കുകയുള്ളുവെന്നാണ് എല്ലാവരും വിഭാവനം ചെയ്യുന്നതു്. അതിനു വേണ്ടിയാണ് നിയമം കൊണ്ടുവരുന്നതെങ്കിൽ തീർച്ചയായിട്ടും സ്ഥിരാവകാശം കുടിയാന്മാർക്കു് കൊടുക്കേണ്ടതാണ്. മര്യാദപ്പാട്ടം ക്രമീകരിക്കേണ്ടതും കുടിയാനു് ഉടമാവകാശം വിലക്കു വാങ്ങാനുള്ള സൗകര്യമായിട്ടുള്ള വ്യവസ്ഥകൾ ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ അതൊന്നും ഇതിൽ ഇല്ല. ചെറുകിട ഭൂവുടമസ്ഥന്മാർക്കാണെങ്കിൽ അവരുടെ കീഴിലുള്ള കുടിയാന്മാർക്കു് നൂററാണ്ടുകളായി കുടിയായ്മ വ്യവസ്ഥ തുടർന്നുകൊള്ളണമെന്നുള്ള സമീപനമാണുള്ളതു്. അതു് ശരിയല്ല. കുടിയാന്മാർക്കു് ഭൂ ഉടമാവകാശം എളുപ്പമുള്ള രീതിയിൽ ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള നിയമനിർമ്മാണം ആണ് നാം ഉണ്ടാക്കേണ്ടതു്. ഈ നിയമത്തിൽ ചെറുകിട ഭൂവുടമസ്ഥന്മാരുടെ കീഴിലുള്ള കുടിയാനെ സംബന്ധിച്ചിടത്തോളം സ്ഥിരാവകാശം ലഭിച്ചിട്ടുള്ള കുടിയാനു് ഉടമാവകാശം സിദ്ധിക്കുന്നതിനുവേണ്ടി നിർദ്ദേശിച്ചിട്ടുള്ള വകുപ്പുകൾ സ്വീകാര്യമല്ല. പകുതി ഭൂമി ഒഴിഞ്ഞു കൊടുക്കണം എന്ന വ്യവസ്ഥയ്ക്കു് വിധേയമായിട്ടു മാത്രമേ സ്ഥിരാവകാശം കിട്ടുകയുള്ളു. ഇതിലെ 51—ലുള്ള രണ്ടും മൂന്നും ഉപവകുപ്പുകളിൽ പറയുന്ന വ്യവസ്ഥകൾ ഇല്ലാതെതന്നെ ആ അവകാശം ഉണ്ടായിരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അങ്ങനെയല്ലെങ്കിൽ തീർച്ചയായിട്ടും പ്രായോഗികമായി ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള സാദ്ധ്യതയാണ് വന്നുചേരുന്നതു്. അതുകൊണ്ടു് ആ വ്യവസ്ഥ തെററാണ്, അനീതിയാണ്, അതു മാററണമെന്നു് ശക്തിയായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കാര്യങ്ങളെപ്പററിയെല്ലാം ശ്രീ. ഈ. പി. ഗോപാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

ലൻ പറഞ്ഞു കഴിഞ്ഞതുകൊണ്ട് ആ ഭാഗത്തേക്കൊന്നും ഞാൻ കടക്കുന്നില്ല. വെറും പാട്ടക്കുടിയാന് ഇന്നുവരെ സ്ഥിരാവകാശം കിട്ടാതിരിക്കുന്ന പ്രദേശങ്ങളിൽ വ്യത്യസ്തമായ ഒരു സമീപനരീതി സ്വീകരിക്കുന്നതിനു വിരോധമില്ല. ആ ഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് ഭൂമി പകുതിയെങ്കിലും ഒഴിപ്പിച്ചുകിട്ടാനുള്ള സൗകര്യം കൊടുക്കേണ്ടതാണ്. ഇവിടെയുണ്ടായിരുന്ന വകുപ്പുകളിൽനിന്ന് 50 സെൻറു വരെയുള്ള ഭൂമി ഏതുവിധവും കുടിയാന്റെ കയ്യിൽ നിറുത്താനുള്ള വ്യവസ്ഥ നീക്കംചെയ്യാൻവേണ്ടി മന്ത്രി കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചെറുകിട ഭൂവുടമസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ഉള്ള നിർവ്വചനത്തിന്റെ ചർച്ച വന്ന അവസരത്തിൽ ചെറുകിട ചെറുകിട എന്നു പറയുന്നതിനെ സംബന്ധിച്ച് വളരെ വ്യക്തമായി ഞാൻ പറഞ്ഞിട്ടുള്ളതാണ്. ചെറുകിട ഭൂ ഉടമസ്ഥന്മാരെ സംബന്ധിച്ചിടത്തോളമുള്ള ആ നിർവ്വചനം ശരിയായി പരിശോധിച്ച് അതിനൊരു ക്രമീകരണം വരുത്തിയില്ലെങ്കിൽ വളരെയധികം അപകടം വന്നുപോകും. വാസ്തവത്തിൽ ഇവിടെ ചെറുകിട ഭൂവുടമസ്ഥന്മാർക്ക് നിശ്ചയിച്ചിട്ടുള്ള ആനുകൂല്യം വലിയ വലിയ ജന്മിമാരായ ആളുകൾക്ക് ചെറുകിടക്കാരായി ഉപയോഗിക്കാനുള്ള ഇടവരുന്നതാണ്. അങ്ങനെ വരാൻ പാടില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. അന്ന് ചെറുകിടക്കാരുടെ നിർവ്വചനത്തെ സംബന്ധിച്ചുള്ള ചർച്ച വന്നപ്പോൾ ഞങ്ങൾ പറഞ്ഞതു മുഴുവനും സ്വീകരിച്ചില്ലെങ്കിലും ഒരു ഭേദഗതി വരുത്തുകയുണ്ടായി. അത്രയെങ്കിലും വരുത്തിയത് നല്ലതാണ്. അതുപോലെ ഒഴിപ്പിക്കലിന്റെ കാര്യത്തിൽ അഞ്ച് സ്റ്റാൻഡേർഡ് ഏക്കർ എന്നു വച്ചിരിക്കുന്നത് മൂന്നായി ചുരുക്കണമെന്നാണ് ഞങ്ങളുടെ ഭാഗത്തുനിന്നും കൊണ്ടുവന്നിട്ടുള്ള ഭേദഗതി. അഞ്ച് സ്റ്റാൻഡേർഡ് ഏക്കർ എന്നു പറയുന്നത് ഇരുപത്തിനാല് സാധാരണ ഏക്കറോളം വരും. അതിൽ സ്വല്പം കുറവു ചെയ്യാൻ മന്ത്രി ഇവിടെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത് നല്ലതാണ്.

എനിക്ക് മറ്റൊരു കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. അത് മന്ത്രി ഇവിടെ കൊണ്ടുവന്നിട്ടുള്ള വാക്കാൽ ഭേദഗതിയെ സംബന്ധിച്ചാണ്. കാർഷികബന്ധനിയമത്തിൽ ഭൂമി ഒഴിപ്പിച്ചെടുക്കുന്ന അവസരത്തിൽ കൃഷിക്കു മാത്രമായിട്ട് ഒഴിപ്പിച്ചെടുക്കണമെന്നു പറഞ്ഞിരുന്നില്ല. മറ്റ് എന്തെങ്കിലും ആവശ്യത്തിനുവേണ്ടിയും ഒഴിപ്പിച്ചെടുക്കാനുള്ള സൗകര്യം ചെറുകിട ഭൂവുടമസ്ഥന്മാർക്ക് ഉണ്ടായിരുന്നു. അതുകൊണ്ട് അതുമാത്രമേ ഇപ്പോൾ ഈ ബില്ലിലും കൊണ്ടുവന്നിട്ടുള്ള എന്നാണ് മന്ത്രി ന്യായം പറഞ്ഞത്. ഒരർത്ഥത്തിൽ ഈ പറഞ്ഞത് ശരിയാണ്. എന്നാൽ മറ്റൊരു അർത്ഥത്തിൽ തെറ്റുമാണ്. ഒന്നുകൂടി എടുത്തു പരിശോധിച്ചു നോക്കുകയാണെങ്കിൽ അതിൽ ഉണ്ടായിരുന്ന പല പരിമിതികളും അതിലെ ക്രമീകരണങ്ങളും ഇതിൽ എടുത്തുകളഞ്ഞിരിക്കുന്നതായിട്ട് കാണാം. ഉദാഹരണം പറയുകയാണെങ്കിൽ സ്ഥിരാവകാശം കിട്ടിയിട്ടുള്ള പ്രദേശത്ത് ഭൂവുടമസ്ഥന്മാർ പകുതി ഭൂമി ഗവണ്മെൻറിലേക്ക് ഒഴിഞ്ഞുകൊടുക്കണം എന്നത്. അങ്ങനെ പകുതി ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള സൗകര്യമുണ്ട്. ഇത് മറ്റേ ബില്ലിൽ ഇല്ലായിരുന്നു. അപ്പോൾ ഫലപ്രദമായിട്ട് ഒഴിപ്പിച്ചെടുക്കാനുള്ള സൗകര്യം ഈ ബില്ലിൽ വച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ട് കൃഷിക്കു മാത്രമല്ല മറ്റു കാര്യങ്ങൾക്കും ഒഴിപ്പിച്ചെടുക്കാനുള്ള സൗകര്യം ഇതിലുണ്ട്. ഇങ്ങനെ വച്ചാൽ തീർച്ചയായിട്ടും അപകടം ഉണ്ടാകും. ഇന്ന് ഇവിടെ വച്ചിരിക്കുന്ന വ്യവസ്ഥ അനുസരിച്ചാണെങ്കിൽ ഭൂമി ഒഴിപ്പിച്ചെടുക്കുന്നത് കൃഷിക്കു മാത്രമല്ല മറ്റു കാര്യങ്ങൾക്കും ഉപയോഗിക്കാമെന്നുള്ള തരത്തിലാണ്. അത് ശരിയല്ല. അതുകൊണ്ടാണ് ഞാൻ മന്ത്രി കൊണ്ടുവന്നിട്ടുള്ള വാക്കാൽ ഭേദഗതിയെ എതിർക്കുന്നത്. ഇത്രയും കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. Speaker : Order, order, we will adjourn for ten minutes for tea. The members of the press are also invited.

LIBRARY ARCHIVES Kerala Legislative Assembly

[The House adjourned for tea at 5-40 p. m. and reassembled at 5-50 p. m.]

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ): ഈ വകുപ്പ് ലാൻഡ് റിഫാംസ് ബില്ലിലെ ഒരു പ്രധാന വകുപ്പുതന്നെയാണ്. കാർഷികബന്ധനിയമത്തിലെ 18—ാം വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്ന കാര്യങ്ങളാണ് ഈ വകുപ്പിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളതു്. അഗ്രേറിയൻ റിലേഷൻസ് ആക്ററിലെ 18-ാമത്തെ വകുപ്പ് അഞ്ചര പേജ് ദീർഘമുള്ളതാണ്. അതു് പ്രയോഗത്തിൽ ആക്കാം കാര്യമായ പ്രയോജനം ചെയ്യാത്തതുമാണ്. അതു് കുറച്ചു ഭേദപ്പെട്ട ഒരു വകുപ്പാക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. ഈ സഭയിലുള്ള എല്ലാ പാർട്ടികളിൽപ്പെട്ട അംഗങ്ങളും ഏക സ്വരത്തിൽ പറയുന്ന ഒരു കാര്യമുണ്ട്. അതു ഈ ചെറുകിട ജന്മികൾക്കു നാശം വരുത്തുന്ന പുതിയ ഒരു വ്യവസ്ഥയും ഈ നിയമത്തിൽ ഉണ്ടാകരുതു് എന്നുള്ളതാണ്. ചെറുകിട ജന്മികൾക്കു സംരക്ഷണം നൽകണമെന്നുള്ളതാണ്. ജന്മികളെന്നും കുടിയാനെന്നും പറയുന്നതുകൊണ്ട് അവരുടെ സാമ്പത്തികമായ നില എന്താണെന്നു വ്യക്തമല്ല. നമ്മുടെ കേരളത്തിന്റെ പ്രത്യേക പരിതഃസ്ഥിതിയിൽ ജന്മിയെന്നു പേരുള്ള അനേകം ആളുകളും, അനേകം കുടുംബങ്ങളും അൽപ്പം ചെറിയ വരുമാനമുള്ളവരായിട്ടുണ്ട്. കുടിയാനെന്നു പേരുള്ള അനേകം ആളുകളും, അനേകംകുടുംബങ്ങളും നൂറും അങ്ങോട്ടുപോയാൽ ആയിരവും ഏക്കർ പാട്ടത്തിനു വാങ്ങി കൃഷിചെയ്തു സമൃദ്ധിയായി ജീവിക്കുന്നവരാണ്. ഇവരുടെ താരതമ്യേനയുള്ള സാമ്പത്തികനിലകൂടി പരിഗണിക്കണമെന്നാണ് ചെറുകിട ജന്മികൾക്കു സംരക്ഷണം കൊടുക്കണമെന്നു പറയുമ്പോൾ ഈ സഭയിലെ എല്ലാ ഭാഗത്തുമുള്ള അംഗങ്ങൾ ഉദ്ദേശിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെ ധരിച്ചുകൊണ്ടാണ് ഞാൻ പറഞ്ഞിട്ടുള്ളതുപോലെ അഞ്ചര പേജ് നീളമുള്ള പതിനെട്ടാമത്തെ വകുപ്പ് കുറച്ചു വെട്ടിച്ചുരുക്കി കാര്യമാത്രപ്രസക്തമാക്കുവാൻ ശ്രമിച്ചിട്ടുള്ളതു്. ഇതിൽ രണ്ടു തരത്തിലുള്ള ചെറുകിട ജന്മിമാരുണ്ടെന്നുള്ള വൈഷമ്യം അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്. മലബാറിലും കൊച്ചിയിലും ചെറുകിട ജന്മിമാർക്കും, കുടിയാന്മാർക്കും സ്ഥിരാവകാശം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ആ നിലയ്ക്കു് ആ കുടിയാന്മാർക്ക് ലഭിച്ചുകഴിഞ്ഞ അവകാശം ഇന്നൊരു നിയമം മൂലം നിഷേധിക്കുന്നതു് ശരിയായിരിക്കുകയില്ല. തിരുവിതാംകൂർ ഭാഗത്തു് അങ്ങനെ സ്ഥിരാവകാശം ഒരിക്കലും ലഭിച്ചിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട അച്യുതമേനോൻ സമ്മതിച്ചിട്ടുള്ളതുപോലെ സ്ഥിരാവകാശം ലഭിച്ചിട്ടുള്ള കുടിയാന്മാരെ സംബന്ധിച്ചിടത്തോളം മററു കുടിയാന്മാരിൽനിന്നു് വ്യത്യസ്തമായി ചെറുകിട ജന്മിമാരെ രക്ഷിക്കുന്നതിനുവേണ്ടി വ്യവസ്ഥ ഉണ്ടാക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു. അതു പരിഗണിച്ചിട്ടാണ് അഗ്രേറിയൻ റിലേഷൻസ് ആക്ററിലും വ്യവസ്ഥ ഉണ്ടാക്കാൻ ശ്രമിച്ചതു്. അങ്ങനെ വ്യവസ്ഥ ഉണ്ടാക്കിയിട്ട് അഗ്രേറിയൻ റിലേഷൻസ് ബിൽ സെലക്ററു് കമ്മിററിയിൽനിന്നു് വന്നപ്പോൾ 18-ാമത്തെ വകുപ്പിൽ തിരുവിതാംകൂർ ഭാഗത്തുള്ള ചെറുകിട ജന്മിമാർക്ക് കൊടുത്തിരുന്ന അവകാശം താഴെ പറയുന്നതാണ്. അതു് 15-ാം വകുപ്പ് (5)—ാം ഉപവകുപ്പാണ്. നാലാം ഉപവകുപ്പിൽ മലബാറിലും കൊച്ചിയിലുമുള്ള ചെറുകിട ജന്മിമാരെപ്പററി പറയുന്നുണ്ട്. അഞ്ചാമത്തെ ഉപവകുപ്പ് ഇതാണ്.

(5) Where the land comprised in the holding is situate in any other part of the Sta e, the small holder may, at his option-

(a) require the tenant holding under him to surrender one-half in extent of the land comprised in the holding and allow him to continue as tenant in respect of the other half of the land; or

(b) permit the tenant holding under him to continue as tenant in respect of the entire land comprised in the holding:

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ പി. ടി. ചാക്കോ]

അതിന്റെ അർത്ഥം സ്ഥിരാവകാശം ലഭിച്ചിട്ടില്ലാത്ത പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള ഭൂമികളെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക വ്യവസ്ഥ ചെയ്യാമെന്ന് സമ്മതിച്ചുകൊണ്ട് തിരുവിതാംകൂർ ഭാഗത്തുള്ള ചെറുകിട ജന്മിമാർക്ക് കുടിയാന്മാരുടെ കയ്യിലിരിക്കുന്നതിൽ പകുതി വിട്ടുതരണമെന്ന് ആവശ്യപ്പെടാമെന്നാണ്. 17-ാമത്തെ ഈ വകുപ്പിലും അതിനേക്കാൾ കൂടുതലായി യാതൊന്നുമില്ല. ഈ 17-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളത് സ്ഥിരാവകാശം ലഭിച്ചിട്ടില്ലാത്തവരെ സംബന്ധിച്ചിടത്തോളം, അങ്ങനെയുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം,

'a small holder .... may resume from his tenant a portion of the holding not exceeding one-half.'

ആ വകയൊന്നും സറണ്ടർചെയ്യാതെ ജന്മികൾ ആവശ്യപ്പെടാമെന്നു പറഞ്ഞു. ഇതിൽ ജന്മികൾ റസ്യൂംചെയ്യാമെന്നു പറഞ്ഞു. ആ വകയിലുള്ള വ്യത്യാസമൊഴിച്ചാൽ കുടിയാന്റെ കയ്യിലിരിക്കുന്ന ഭൂമിയിൽ പകുതി ജന്മിക്കു കൊടുക്കാമെന്ന വ്യവസ്ഥ രണ്ടിലും ഒരുപോലെയാണ്. അപ്പോൾ തിരുവിതാംകൂർ ഭാഗത്തുള്ള ചെറുകിട ജന്മിമാരെ സംബന്ധിച്ചിടത്തോളം കൂടുതലായി എന്തെങ്കിലും ആനുകൂല്യം കൊടുത്തു എന്നുള്ള വാദം പ്രസക്തമാവുകയില്ല. അവകാശം കൊടുത്തു എന്നു വേണമെങ്കിൽ പറയാവുന്നത് സ്റ്റാൻഡേർഡ് ഏക്കറിലും അൽപ്പം കൂടുതൽ ആളുകൾ ഇതിൽ വരുന്നേക്കുമെന്നാണ്. ആ വാദത്തിനു കഴമ്പുണ്ടെന്നു വിചാരിച്ചുകൊണ്ടാണ് ഗവണ്മെന്റ് ഭാഗത്തുനിന്ന് നാല് സ്റ്റാൻഡേർഡ് ഏക്കറാക്കിയത്. അഗ്രേറിയൻ റിലേഷൻസ് ആക്ററിൽ അഞ്ചേക്കറോ, അഞ്ചേക്കർ ഡബിൾക്രോപ്പ് നിലത്തിനു സമമായ ഭൂമിയോ എന്നായിരുന്നു. ആ വ്യവസ്ഥ അന്നിരിക്കേ നാലു സ്റ്റാൻഡേർഡ് ഏക്കറും അതിൽ കുറവുമാക്കിയപ്പോൾ അഗ്രേറിയൻ റിലേഷൻസ് ആക്ററിൽ സ്മാൾഹോൾഡറാകുമായിരുന്ന ചിലരെങ്കിലും ഇതിൽ സ്മാൾ ഹോൾഡറാകുകയില്ല. അഞ്ചേക്കർ ഭൂമി കൈവശമുള്ള ആളുകൾ അഗ്രേറിയൻ റിലേഷൻസ് ആക്ററിൽ സ്മാൾ ഹോൾഡറാകുമായിരുന്നു. ഒരുപ്പൂനിലമോ, ഗാർഡനോ, പറമ്പോ ആണെങ്കിൽ. ഇതിൽ ആകെക്കൂടി നോക്കുമ്പോൾ കോഴിക്കോട്ട് ജില്ലയിലെ തെങ്ങിൻതോട്ടമെടുത്തു നോക്കിയാലോ തെങ്ങിൻതോപ്പെടുത്തു നോക്കിയാലോ അഗ്രേറിയൻ റിലേഷൻസ് ആക്ററിലെ വ്യവസ്ഥയനുസരിച്ച് അഞ്ചേക്കറിൽ കൂടുതൽ കൈവശമുള്ള ആളുകൾ സ്മാൾ ഹോൾഡറാകുമായിരുന്നു. ഇതിലെ വ്യവസ്ഥയനുസരിച്ച് നാലേക്കർ തെങ്ങിൻതോപ്പുള്ളവർ സ്മാൾ ഹോൾഡറാണ്. അതിനു മുകളിലായിപ്പോയാൽ സ്മാൾ ഹോൾഡറല്ല. താഴെ അററത്ത് ചില ആളുകൾ കാർഷികബന്ധനിയമമനുസരിച്ച് സ്മാൾ ഹോൾഡറാകുമ്പോൾ ചില ആളുകൾ അതനുസരിച്ച് സ്മാൾ ഹോൾഡറാകാത്തവർ സ്മാൾ ഹോൾഡറാകും. ഇത് റാഷണലൈസ് ചെയ്തുകൊണ്ട് നീതിപൂർവ്വം കൊടുക്കുന്നത് ലഭിക്കുന്നു എന്നുള്ളതല്ലാതെ വേറെ യാതൊന്നുമില്ല. അപ്പോൾ കാര്യമായി തിരുവിതാംകൂർ ഭാഗത്തെ ചെറുകിട ജന്മിമാരെ സംബന്ധിച്ചിടത്തോളം മുൻപ് അഗ്രേറിയൻ റിലേഷൻസ് ആക്ററിൽ അവർക്ക് കൊടുത്തിരുന്ന സംരക്ഷണം മതിയെന്നു കണ്ടുകൊണ്ട് ആ സംരക്ഷണംതന്നെ കൊടുത്തിരിക്കുകയാണ്. മലബാറും കൊച്ചിയും ഭാഗത്തെ സംബന്ധിച്ചാണ് തർക്കം വന്നിട്ടുള്ളത്. മലബാറും കൊച്ചിയും ഭാഗത്തെ സംബന്ധിച്ചിടത്തോളം കൊടുത്തിരിക്കുന്ന അവകാശങ്ങൾ ഇതാണ്. ഉപവകുപ്പ് (3)-ൽ പറയുന്നത് ഇങ്ങനെയാണ്.

(3) Where the land comprised in the holding is situate in Malabar or Cochin the tenant holding under a small holder may, at his option,—

(a) surrender to the small holder one-half in extent of the land comprised in the holding and retain the other half; or

LIBRARY ARCHIVES Kerala Legislative Assembly

(b) elect to continue as tenant in respect of the entire holding; or

(c) elect to purchase the entire land comprised in holding.

പർച്ചേസ് പ്രൈസ് എത്രയാണെന്ന് ക്ലാസ് ബിയിൽ പറയുന്നുണ്ട്. പർച്ചേസ് പ്രൈസ് കാൺട്രാക്റ്റ് റെൻറിൻെറ 75 ശതമാനത്തിൻെറ 12 ഇരട്ടി എന്നു പറഞ്ഞാൽ 9 കൊല്ലത്തെ കാൺട്രാക്റ്റ് റെൻറ്. അല്ലെങ്കിൽ ഫെയർ റെൻറ് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിൻെറ 85 ശതമാനം. അങ്ങനെയാണ് പർച്ചേസ് പ്രൈസ് നിശ്ചയിക്കുന്നത്. ഇതനുസരിച്ചും ടെനൻറിന് പകുതി സറണ്ടർ ചെയ്യാം. ഇത് ഒഴിവാക്കണമെന്നെഴുതിയ കൈയുടെ ഉടമസ്ഥന് എന്തെങ്കിലും ആത്മാർത്ഥത ഉണ്ടെങ്കിൽ ടെനൻറിനെയും സറണ്ടർ ചെയ്യാമെന്നു വിചാരിച്ചുകാണണം. അതുപോലെതന്നെ ടെനൻറിന് തുടർന്ന് ടെനൻറായിട്ടുതന്നെ ഇരിക്കാം. പർച്ചേസ് ചെയ്യണമെന്നില്ല. ഇന്നത്തെ ബില്ലനുസരിച്ച് ടെനൻറിന് ടെനൻറായി കൺടിന്യൂ ചെയ്യാം. അഗ്രേറിയൻ റിലേഷൻസ് ആക്റ്റനുസരിച്ചാണെങ്കിൽ വരുകയില്ലേ എന്ന വാദം അർത്ഥമില്ലാത്തതാണ്. ടെനൻറ് ടെനൻറായിട്ടുതന്നെ കൺടിന്യൂ ചെയ്യൂ; അത് ഒരുവശത്ത്. അപ്പോൾ ലാൻഡ് റിഫോംസ് ബില്ലിലെ വ്യവസ്ഥ അനുസരിച്ച് ടെനൻറായി കൺടിന്യൂചെയ്യുന്ന ഭൂപരിഷ്ക്കാരത്തിൻെറ ലക്ഷ്യത്തിൽ എത്തിച്ചേരുന്നില്ല എന്നു പറയുന്നത് അർത്ഥമില്ലാത്തതാണ്. ഈ അഗ്രേറിയൻ ബില്ല് തയ്യാറാക്കുമ്പോൾതന്നെ ചെറുകിട ജന്മിമാർക്ക് ഒരു സംരക്ഷണം നൽകുന്നതിനുവേണ്ടി അങ്ങനെ ടെനൻസി കൺടിന്യൂ ചെയ്യട്ടെ എന്ന് അന്നത്തെ ഗവണ്മെൻറു തീരുമാനിച്ചു. തീരുമാനിച്ചുകൊണ്ടാണ് ഈ വ്യവസ്ഥ കൊണ്ടുവന്നത്. അതുപോലെതന്നെ ഇന്നത്തെ വ്യവസ്ഥ അതിൽനിന്ന് അൽപ്പം ഭിന്നമാണ്. 51-ാം വകുപ്പിൽ "fixity of tenure" എന്താണെന്നു പറഞ്ഞിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ളത് ടെനൻറിനു പർച്ചേസ് റൈററ് വേണമെങ്കിൽ വാങ്ങാം. അങ്ങനെ വാങ്ങുകയാണെങ്കിൽ ടെനൻറ് സമ്മതിക്കണം; ഒരു പകുതിവരെ ജന്മിക്കു കൊടുക്കാൻ. അങ്ങനെ ടെനൻറ് സമ്മതിക്കുന്നില്ലെങ്കിൽ ടെനൻറായി കൺടിന്യൂചെയ്യാം. ഈ രണ്ടു വ്യവസ്ഥകളും തമ്മിൽ വലിയ വിപ്ലവകരമായ വ്യത്യാസം ഫലത്തിൽ ഉണ്ടാവുമെങ്കിലും ഈ വ്യവസ്ഥകൾ എഴുതിവച്ചാൽ വ്യത്യാസം വരാൻപാടില്ല. കാരണം അഗ്രേറിയൻ റിലേഷൻസ് ആക്റ്റിലെ വ്യവസ്ഥ അനുസരിച്ച് ടെനൻറിന് കൺടിന്യൂ ചെയ്യാം. ഇതിലെ വ്യവസ്ഥ അനുസരിച്ചും പർച്ചേസ് ചെയ്യുന്നതിന് ആഗ്രഹമില്ലാത്തവർക്ക് ടെനൻറായി കൺടിന്യൂ ചെയ്യാമെന്നുള്ളതാണ്. പിന്നെ എന്താണ് വ്യത്യാസം. വ്യത്യാസം അഗ്രേറിയൻ റിലേഷൻസ് ആക്റ്റനുസരിച്ച് കൊടുത്തിട്ടുള്ള മൂന്നാമത്തെ ചോയിസ് മുഴുവൻ ഭൂമികളും പർച്ചേസ് ചെയ്യാമെന്നാണ്. അപ്പോൾ സ്മാൾ ഹോൾഡറിന് ഫിക്സിററി ആഫ് ടെന്യൂവർ കൊടുത്ത് അഗ്രേറിയൻ റിലേഷൻസ് ആക്റ്റിലെ വ്യവസ്ഥ അനുസരിച്ച് നിയമസംരക്ഷണം കൊടുക്കുകയാണ്. യഥാർത്ഥത്തിൽ ടെനൻറ് 9 കൊല്ലത്തെ പാട്ടം കൊടുത്താൽമതി. അപ്പോൾ സ്മാൾ ഹോൾഡർ എന്നു പറയുന്ന ചെറുകിടക്കാരന് 9 കൊല്ലത്തെ പാട്ടം കിട്ടും.

ശ്രീമതി കെ. ആർ. ഗൗരി : അതു ശരിയല്ല. ഡി-യും കൂടി വായിക്കണം.

ശ്രീ. പി. ടി. ചാക്കോ : എല്ലാം വായിക്കാം.

> "Where a tenant to purchase the entire land comprised in the holding under Clause (c) of sub-section 3, he shall pay to the small holder a sum equal to 12 times the rent. He would have been liable to pay under Clause (b) i. e., 75% of the contract rent."

ക്ലാസ് സി എന്നു പറഞ്ഞാൽ 9 കൊല്ലത്തെ പാട്ടം. അല്ലെന്നു വരികിൽ ഫെയർ റെൻറിൻെറ 85 ശതമാനം.

2/716 V

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

"if he had elected to continue as tenant"

ഈ വ്യവസ്ഥകൾ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഒരു വ്യതിയാനമേ വരുത്തിയിട്ടുള്ളു. അതായതു് മലബാറിലെയും കൊച്ചിയിലെയും ചെറുകിട ഭൂവുടമകളെ സംബന്ധിച്ചിടത്തോളം ഒന്നുകിൽ ഇന്നുമുതൽ മേലോട്ടു് ഈ ആക്ററിൽ വ്യവസ്ഥ ചെയ്യുന്ന പാട്ടം കൊടുത്തുകൊണ്ടിരിക്കുക. അതല്ലെങ്കിൽ ആ ആളുകൾക്കു് പകുതി ഭൂമികിട്ടും. പകുതി ഭൂമി കൊടുത്തുകൊള്ളണമെന്നു് ഒരു കൃഷിക്കാരനെയും നിർബന്ധിക്കുന്നില്ല. പകുതി ഭൂമി കൊടുക്കാൻ ഒരു ചോയിസ്സ് അഗ്രേറിയൻ റിലേഷൻസ്സ് ആക്ററിലും ഉണ്ടായിരുന്നു. ഇവിടെയും അങ്ങനെ ചോയിസ്സ് വച്ചിട്ടുണ്ടു്. പക്ഷേ ഈ ചോയിസിൽ പകുതി ഭൂമി സറണ്ടർ ചെയ്യണമെന്നു പറഞ്ഞതും, ഇല്ലെന്നുവരുകിൽ ഇത്ര പാട്ടം കൊടുത്തുകൊള്ളാമെന്നു പറഞ്ഞതും ദുർബലപ്പെടുത്തുന്ന മറെറാരു ചോയിസ്സ് വച്ചു. അതു് അഗ്രേറിയൻ റിലേഷൻസ്സ് ആക്ററിൽ ചെയ്തതാണു്. ആ മൂന്നാമത്തെ ചോയിസ്സ് മാററി. അഗ്രേറിയൻ റിലേഷൻസ്സ് ആക്ററിൽ കൊടുത്തിട്ടുള്ള രണ്ടു ചോയിസ്സുകളും കൊടുത്തിട്ടുണ്ടു്. ഈ അവകാശം ചെറുകിട ജന്മിക്കു കൊടുത്തതുകൊണ്ടു് ഇതിനുമുമ്പു് സ്ഥിരാവകാശം കിട്ടിയ സ്ഥലത്തിന്റെ സ്ഥിരാവകാശം പോകുമെന്നു ശ്രീമതി ഗൗരി വാദിച്ചാൽ, അങ്ങനെയാണെങ്കിൽ അഗ്രേറിയൻ റിലേഷൻസ്സ് ആക്ററിലും അതു പോകണമായിരുന്നു. ആ അവകാശം ഉപയോഗിച്ചില്ല എന്നതു് വേറൊരു കാര്യം. അതുകൊണ്ടു് ഇക്കാര്യത്തിൽ തിരുവിതാംകൂറിലെ ചെറുകിടജന്മികൾ, കൊച്ചിയിലെ ചെറുകിടജന്മികൾ, മലബാറിലെ ചെറുകിടജന്മികൾ കുറെക്കൂടി സൗകര്യമായതും കൃഷിക്കാരനു് യഥാർത്ഥത്തിൽ അപകടമൊന്നുമില്ലാത്തതും ആയ ഒരു വ്യവസ്ഥ ഇതിൽവച്ചു.

ശ്രീ. ഈ. പി. ഗോപാലൻ: താരതമ്യപ്പെടുത്തിയ പ്രസംഗം കേട്ടപ്പോൾ തോന്നിയതാണു്. പകുതി പർച്ചേസ്സ് ചെയ്യണമെങ്കിൽ പകുതി ഒഴിഞ്ഞുകൊടുക്കണമെന്നു പറയുന്നതും പകുതി വിട്ടുകൊടുത്താൽ പകുതി സ്വന്തമായിത്തീരുമെന്നു പറയുന്നതും ഒരുപോലെയാകുമോ?

ശ്രീ. പി. ടി. ചാക്കോ: ഇതു രണ്ടും കൈവശത്തിലുള്ളതാണു്. അങ്ങനെ ചെറുകിട ഭൂവുടമസ്ഥന്മാർക്കു് എന്താണു് മഹാകാര്യം ചെയ്തു എന്നു് വകുപ്പിൽ എഴുതിവക്കുകയും വാസ്തവത്തിൽ യാതൊന്നും ചെയ്യാതിരിക്കുകയും വേണമെന്ന നിർബന്ധത്തിലാണു് അന്നു് എഴുതിവച്ചിരിക്കുന്നതു്. ഇതിൽ വ്യത്യാസമുണ്ടു്. 3 ചോയിസ് കൊടുത്തിട്ടു് 9 കൊല്ലത്തെ പാട്ടം കൊടുത്താൽ പർച്ചേസ്സ് ചെയ്യാമെന്നു പറഞ്ഞപ്പോൾ മറെറാരു വിഭാഗമായ ചെറുകിടക്കാർക്കും ആനുകൂല്യം കിട്ടണം എന്നു വിചാരിച്ചു. ആ രണ്ടു ചോയിസ്സുകളും കൊടുത്തിട്ടുണ്ടു് ചെറുകിട ഭൂവുടമസ്ഥനു് ഒന്നുകിൽ പാട്ടം കൊടുത്തിരിക്കണം അല്ലെങ്കിൽ ഫെയർ റെൻറു് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ഫെയർ റെൻറു് കൊടുക്കണം. മലബാർ ടെനൻസി ആക്ററനുസരിച്ചു് ഫെയർ റെൻറു് ഉണ്ടെങ്കിൽ അതുകൊടുക്കണം ഇന്നത്തെ വ്യവസ്ഥ അനുസരിച്ചു്. ഇല്ലെങ്കിൽ കാൺട്രാക്ടു റെൻറു് ആണെങ്കിൽ അതു കൊടുക്കണം. അതു കിട്ടിക്കൊണ്ടിരിക്കും ചെറുകിട ഭൂവുടമസ്ഥനു്. അതു കിട്ടാത്ത ഒരു സ്ഥിതിവന്നാൽ പകുതിഭൂമി കിട്ടും. ഈ രണ്ടു വ്യവസ്ഥയുമില്ലാതെ ചെറുകിട ഭൂവുടമകൾക്കു് എങ്ങനെ സംരക്ഷണം നൽകാൻ കഴിയും എന്നു് ശ്രീമാൻ അച്യുതമേനോനോടു് ചോദിച്ചതാണു്. ചെറുകിട ഭൂവുടമസ്ഥന്മാർക്കു സംരക്ഷണം കൊടുക്കണമെന്നു പറയുകയും, എന്തു തരത്തിൽ വേണമെന്നു പറയാതിരിക്കുകയും, അവർക്കു കൊടുത്ത അൽപ്പ സംരക്ഷം കൂടുതലാണെന്നു പറയുകയും ചെയ്താൽ എന്താണു ചെയ്യുന്നതു്. അങ്ങനെ വരരുതെന്നു് ശ്രദ്ധിച്ചിട്ടുണ്ടു്. ഭൂമിയുടെ സ്ഥിരാവകാശത്തെസംബന്ധിച്ചിടത്തോളം നിയമപ്രകാരം 18-ാമത്തെ വകുപ്പിൽനിന്നു വ്യത്യാസം വരുന്നില്ല. ഇവിടെ അനേകം ആളുകൾ ജീവിക്കാൻ യാതൊരു മാർഗ്ഗവും ഇല്ലാത്തവരാണു്. അവരുടെ അവകാശം സംരക്ഷിക്കാൻ അവർക്കു് എന്തു കൊടുക്കണമെന്നു ചോദിച്ചപ്പോൾ ശ്രീ. അച്യുതമേനോൻ പറഞ്ഞതു് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പണം കൊടുക്കണമെന്നാണ്. ശ്രീ. ഇ. പി. ഗോപാലൻ ഭേദഗതി കൊണ്ടു വന്നതാണ്. ശ്രീമാൻ അച്യുതമേനോൻ പറയുന്നത് സങ്കടമനുഭവിക്കുന്ന ആളുകൾക്കൊക്കെ സർക്കാർ പണം കൊടുക്കണമെന്നാണ്. അങ്ങനെ സർക്കാരിന് പണം കായ്ക്കുന്ന വല്ല വൃക്ഷവും കിട്ടുകയാണെങ്കിൽ യാതൊരു സംശയവുമില്ല അങ്ങനെതന്നെ ചെയ്യാം. ഞാൻ പറയുന്നത് പർച്ചേസ് റൈറ്റ് മുഴുവൻ ഭൂമിക്കും കിട്ടുന്നില്ല എന്ന വാദമുണ്ട്. 73-ാം വകുപ്പിൽ പറയുന്നത് അതു നടപ്പിലാക്കികഴിഞ്ഞാൽ പിന്നീട് എല്ലാ കുടിയാന്മാർക്കും വസ്തുവിന്റെ ഉടമസ്ഥാവകാശം കൊടുക്കാമെന്നാണ് ആ കാലം വരുന്നത് എന്റെ ഭാവനയിൽ കാണാൻ സാധിക്കുന്നില്ല. എന്റെ മറുവശത്തിരിക്കുന്ന സ്നേഹിതന്മാർ ചെറുകിട ജന്മിമാരെ കാര്യമായി സഹായിക്കാൻ കഴിയുന്ന മറ്റൊരു വ്യവസ്ഥ പറഞ്ഞുതരുമെങ്കിൽ അത് ആലോചിക്കാൻ ഞാൻ തയ്യാറാണ്. അതു ഞാൻ പ്രത്യേകം പ്രത്യേകം ചോദിച്ചു. ആർക്കും ഒന്നും പറയാനില്ല. സർ, ഞാൻ ബൈബിളിൽനിന്ന് ഒരു കഥ പറയാൻ ആഗ്രഹിക്കുകയാണ്. ക്രിസ്തുശതാബ്ദം ഉണ്ടായതിനുശേഷം ക്രിസ്തുവിന്റെ വചനങ്ങൾ മററുസ്ഥലങ്ങളിലെല്ലാം പോയി പ്രചരിപ്പിക്കാൻ മുന്നിട്ടുനിന്നു പ്രവർത്തിച്ചത് സെൻറു പോളും, ബാർനബാസും ആയിരുന്നു. ആ സെൻറു പോളും ബാർനബാസുംകൂടി ലിസ്ട്രാ എന്നു പറയുന്ന ചെറിയ പട്ടണത്തിൽ എത്തി. അവർ സെൻറ് ലൂക്ക് ദേവാലയത്തിൽചെന്നു. സാധാരണ അവർ ക്രിസ്തുവിന്റെ പഠനങ്ങൾ ഉപദേശിക്കുകയാണു പതിവ്. ആ പട്ടണത്തിൽ സിനഗോഗ് ഇല്ല. അവിടെയുള്ളത് ജൂപ്പിററർ ദേവന്റെ ദേവാലയമാണ്. അതുകൊണ്ടു ദേവാലയത്തിൽ പോകാതെ ആ പട്ടണത്തിന്റെ ഗേററിൽ പോയിനിന്നു. ആ ഗേററിൽ ഒരു തളർവാതക്കാരൻ ഉണ്ടായിരുന്നു. അയാൾ വളരെ ആത്മാർത്ഥതയോടുകൂടി അവരോടു പ്രാർത്ഥിച്ചു എന്തെങ്കിലും സഹായം ചെയ്യണമെന്ന്. അയാളെ കാലത്തെ ആളുകൾ എടുത്തുകൊണ്ടുവന്ന് ഗേററിൽ ഇരുത്തും. തോലുകൊണ്ടുള്ള സഞ്ചിയും വച്ചുകൊണ്ട് അവിടെയിരിക്കും. ഭിക്ഷതെണ്ടുകയാണ് പതിവ്. വൈകിട്ട് ആളുകൾ എടുത്തുകൊണ്ടുപോകും വീട്ടിലേക്ക്. സെൻറു പോളിന്റെ കൈയിൽനിന്ന് നല്ല ഒരു തുക കിട്ടുമെന്നു വിചാരിച്ചോ എന്തോ വളരെ ആത്മാർത്ഥതയോടുകൂടി അവരോടപേക്ഷിച്ചു സഹായിക്കണമെന്ന്. പണമൊന്നും കൊടുക്കാൻ സെൻറു പോളിനില്ല. സെൻറ് ലൂക്ക് പറയുന്നത് ആ അപേക്ഷകന്റെ കണ്ണിൽ വിശ്വാസത്തിന്റെ രശ്മികൾ പ്രകാശിച്ചു എന്നാണ്. സെൻറുപോൾ ഈശ്വരനെ പ്രാർത്ഥിച്ചുകൊണ്ടു എഴുന്നേററു നിൽക്കു എന്നു പറഞ്ഞു. അയാൾ എഴുന്നേററുനിന്നു; രോഗം ഭേദമായി. ഇതു കണ്ടുടനെ പട്ടണത്തിലുള്ള ആളുകളെല്ലാം വന്നു, പുരോഹിതൻ ആദ്യംവന്നു. ചുവന്ന റോസാ പുഷ്പങ്ങൾകൊണ്ടും, വെളുത്ത റോസാപുഷ്പങ്ങൾകൊണ്ടും ഉള്ള മാലയോടുകൂടിയ കാളകളെ ഘോഷയാത്രയായി കൊണ്ടുവന്നു. പുരോഹിതൻ സെൻറു പോളിനോടു പറഞ്ഞു, നിങ്ങൾ ജൂപ്പിററർ ദേവനാണ്. അങ്ങനെ ഞങ്ങളുടെ ദേവൻ ഉടലോടെ അവതരിച്ചിരിക്കുകയാണ്. ഞങ്ങൾക്ക് കാളകളെ കുരുതികഴിച്ച് രക്തം കാലിൽ ഒഴിക്കണം. നിങ്ങൾ രണ്ടുപേരും ക്ഷേത്രത്തിൽ വരണം. ഞങ്ങൾ വേണ്ട സംരക്ഷണമെല്ലാം തരുന്നതാണ്. സെൻറ്പോൾ പറഞ്ഞു ഞാൻ മനുഷ്യനാണ് എന്ന്. അത് അവർ സമ്മതിക്കാൻ തയ്യാറായില്ല. പുരോഹിതൻ വളരെയൊക്കെ നിർബന്ധിച്ചു നിവ്വാഹമില്ലാതെ വന്നപ്പോൾ സെൻറ്പോൾ ജനക്കൂട്ടത്തിന്റെ ഇടയിലേക്കു ചാടി ഞാൻ മനുഷ്യനാണ്, മനുഷ്യനാണ് എന്നു പറഞ്ഞു. അപ്പോൾ പുരോഹിതന്റെ ഭാവം മാറി. പുരോഹിതൻ ജനക്കൂട്ടത്തോടു പറഞ്ഞു, ഇവർ ചെയ്യുന്നത് പാപമാണ്. ജൂപ്പിററർ ദേവനെ അപമാനിക്കുകയാണ്. അതുകൊണ്ട് അവരെ കുററക്കാരാക്കി ശിക്ഷിക്കണമെന്ന് പുരോഹിതൻ തീരുമാനിച്ചു. അപ്പോൾ പുരോഹിതന്റെ ഭയം എന്താണെന്നു വ്യക്തമാണ്. അവർ ദേവന്മാരായിരിക്കുന്നതിൽ ജൂപ്പിററർ പുരോഹിതന്മാർക്ക് യാതൊരുവിരോധവുമില്ല. അല്ല അവർ മനുഷ്യരാണെങ്കിൽ അവിടെ താമസിക്കാൻ പാടില്ല. അവർ അവിടെ താമസിച്ചാൽ പുരോഹിതന്റെ സ്ഥാനം ഇല്ലാതെപോകും. പുരോഹിതന്റെ സ്ഥാനസംരക്ഷണത്തിന് അവരെ ദേവന്മാരാക്കുന്നതിൽ വിരോധമില്ല. അങ്ങനെ അവർ സമ്മതിക്കാത്തതുകൊണ്ട് രണ്ടുപേരെയും പിടിച്ച് അന്നത്തെ

[ശ്രീ. പി. ടി. ചാക്കോ]

പതിവനുസരിച്ച് ഒരു ചെറിയ മലയുടെ മുകളിൽകൊണ്ടുപോയി ജനങ്ങൾ ചുററുംനിന്ന് കല്ലെറിഞ്ഞു. മരിച്ചു എന്നുവിചാരിച്ച് ഇട്ടിട്ടുപോരുകയാണു ചെയ്തതു്. കമ്മ്യൂണിസ്ററുപാർട്ടിയുടെ നിലപാട് പുരോഹിതന്റെ നിലപാടിനോടു താരതമ്യപ്പെടുത്താം എന്നാണ് തോന്നുന്നതു്.

അവർ ഇന്നു ചെറുകിടക്കാർക്കുവേണ്ടി വാദിക്കുന്നു. അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം എന്നു വാദിക്കുന്നു. പക്ഷേ, അവർ ഏജന്റായിരിക്കണം അവരിൽക്കൂടിയിരിക്കണം ഇവക്കു അവകാശങ്ങൾ സാധിച്ചു കിട്ടിയതു എന്നു വരുത്തണം. അവർ അവരെ ദേവന്മാരാക്കിവയ്ക്കും. ഈ ചെറുകിടക്കാരായിട്ടുള്ളവരുടെ ബുദ്ധിമുട്ടുകൾ ഗവണ്മെന്റു മനസിലാക്കാം. അവർക്കു കഞ്ഞികുടിക്കാനുള്ള വക കൊടുക്കാം എന്നു തീരുമാനിച്ചാൽ അതു പോരാ, കഞ്ഞികുടിക്കാനുള്ള വക തന്നാൽ അതു പോരാ, ഞങ്ങൾ കല്ലെറിഞ്ഞുകൊല്ലും എന്നാണു പറയുന്നതു്. ഈ ചെറുകിടക്കാരായ ആളുകളുടെ പേരിൽ അവർ ആളുകളുടെ ഇടയിൽ പ്രചരണം നടത്തുന്നുണ്ടു്. അങ്ങനെയെങ്കിലും ദൈവത്തിന്റെ വാചകങ്ങൾ അങ്ങു് കേൾക്കട്ടെ എന്നുവച്ചു ഈ കഥ പറഞ്ഞതാണു്.

സർ, മന്ത്രവാദികൾ പിശാചുക്കളെ ഇറക്കാൻ പോകാറുണ്ടു്. ഒരു മാതിരി മന്ത്രവാദികളൊക്കെ ചെന്നാൽ അവിടെ ചെന്നിട്ടു മന്ത്രവും തന്ത്രവുമൊക്കെ ചെയ്താലും പിശാചു ഇറങ്ങുകയില്ല. പക്ഷേ, നല്ല മന്ത്രവാദി പുരയിടത്തിൽ കയറിയാൽ അതിനുള്ള ലക്ഷണം അപ്പോൾതന്നെ പിശാചു ബാധിച്ച ആളിൽകണ്ടു തുടങ്ങും. അപ്പോൾ നല്ല മന്ത്രവാദി പറയും, എന്റെ മന്ത്രം കൊണ്ടു പിശാചു ഇറങ്ങി എന്നു്. അല്ലെങ്കിൽ ഈ വാദത്തിനു അർത്ഥമില്ല. അതു ഇതിനിടയ്ക്കു പറഞ്ഞു എന്നേയുള്ളു. അങ്ങനെ ചെറുകിടക്കാർക്കു ജീവൻ കൊടുത്തതുകൊണ്ടു കുറേക്കാലത്തേക്കു ഗവണ്മെന്റു് അവരുടെ റീഹാബലിറേറഷനുവേണ്ടി പണമുണ്ടാക്കി അവർക്കു സംരക്ഷണം കൊടുക്കണമെന്നാണ് പറയുന്നതു്. അതു അങ്ങനെ ഗവണ്മെന്റിനു കൊടുക്കാൻ കഴിയുന്ന കാലം വരുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണു്. അങ്ങനെ ഒരു കാലം വന്നാൽ 71-ാം വകുപ്പനുസരിച്ചു കുടിയാനു പൂർണ്ണമായ അവകാശം വാങ്ങിച്ചുകൊടുക്കാൻ കഴിയും. അഗ്രേറിയൻ റിലേഷൻസ് ആക്ററിൽ അങ്ങനെ ഒരു വ്യവസ്ഥ പോലും ഉണ്ടായിരുന്നില്ല.

അതുപോലെ കുടിയാന്റെ കയ്യിൽ 50 സെൻറുഭൂമി നിറുത്തുന്നതു നല്ലതായിരിക്കും എന്നു ഗവണ്മെന്റു വിചാരിച്ചു. അതനുസരിച്ചു ബില്ലിൽ ആദ്യമെ വ്യവസ്ഥ ചെയ്യുകയും ചെയ്തു. എന്നാൽ ശ്രീമതി ഗൗരിയുടെ വാദം കേട്ടപ്പോൾ അങ്ങനെ അൻപതു സെൻറുപോലും കുടിയാന്റെ കൈവശം നിറുത്തുന്നതു ശരിയല്ല എന്നുള്ള തീക്ഷ്ണമായ വാദം കേട്ടപ്പോൾ അതു ശരിയാണെന്നു തോന്നി. അതേപ്പററി ആലോചിച്ചപ്പോൾ ഇവർ ചെറുകിടക്കാരെ ദൈവമാക്കാൻ ശ്രമിക്കുകയാണ് അപ്പോൾ ഈ അൻപതു സെൻറുസ്ഥലം കുടിയാന്റെ കൈവശം നിറുത്തുന്നതുകൊണ്ടു് ജന്മിക്കു് ഒന്നുമില്ല അതുകൊണ്ടു് അൻപതു സെൻറിൽ പകുതിയായാലും മതി എന്നു മറെറാരു ഭേദഗതി അവതരിപ്പിച്ചു. അങ്ങനെ ചെയ്തതിനു എനിക്കു നന്ദിയുണ്ടു്.

മറെറാന്നു്, ഈ ചെറുകിട ഭൂമി ഒഴിപ്പിക്കുന്നതു ഇനി കൃഷിക്കാർക്കുമാത്രമാകണം എന്ന വ്യവസ്ഥ എന്റെ ഈ ഭേദഗതിവന്നപ്പോൾ ഇല്ലാതായി. അതു വളരെ ആലോചിച്ചതിനുശേഷം ചെയ്തതാണു്. ആലോചിക്കുക മാത്രമല്ല, അഗ്രേറിയൻ റിലേഷൻസ് ആക്ററിൽ സെലക്ററു കമ്മററി റിപ്പോർട്ടിനുശേഷം പാസ്സാക്കിയ ആ ബിൽ നാമൊക്കെ വായിച്ചുനോക്കി. ഞാനും വായിച്ചുനോക്കി. അതിൽ ഈ ചെറുകിട ജന്മിക്കു ഒഴിപ്പിക്കുന്നതിനു തിരുവിതാംകൂർ ഭാഗത്തു അവകാശം കൊടുത്തിരുന്നു. അതു കൃഷിക്കുവേണ്ടി ഒഴിപ്പിക്കുന്നതിനല്ല. എന്നാൽ അതിൽ മലബാർഭാഗത്തുകാരുടെ കാര്യം പറഞ്ഞിട്ടില്ല. അതിനേക്കാൾ വളരെ വിചിത്രമായ ഒരു വകുപ്പാണു് ഈ

LIBRARY ARCHIVES Kerala Legislative Assembly

അഗ്രേറിയൻ റിലേഷൻസ് ആക്ററു അനുസരിച്ച ചെറിയ വാരക്കാരുടെ കയ്യിൽനിന്ന കൃഷിക്കുവേണ്ടി ഒരേക്കർ മുതൽ പത്തു ഏക്കർവരെ ഒഴിപ്പിക്കാം എന്ന വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ ഇവിടെ ഇപ്പോൾ പറഞ്ഞിരിക്കുന്നതു ഒരു കാര്യത്തിനുവേണ്ടി ഭൂമി ഒഴിപ്പിച്ചെടുത്താൽ ആക്കാര്യത്തിന്ന ഉപയോഗിച്ചില്ലെങ്കിൽ അതിന്റെ റെസ്റ്ററേഷന വ്യവസ്ഥയുണ്ട് എന്നാണ്. അതു 18–ാമത്തെ വകുപ്പിൽ പറഞ്ഞിട്ടുണ്ട്. ഈ 20 സെൻറുഭൂമി കെട്ടിടംവയ്ക്കാൻ വേണ്ടി ഒരാൾ ഒഴിപ്പിച്ചെടുത്താൽ അവിടെ കെട്ടിടം വച്ചില്ലെങ്കിൽ അതു റെസ്റ്റോർ ചെയ്യാം. അതുപോലെ ദേവാലയമോ, അതുപോലെ മറേറതെങ്കിലും ആയിരുന്നാലും പത്തേക്കർ ഭൂമിയുള്ള ഒരാൾ കൃഷിക്കുവേണ്ടി ഭൂമി ഒഴിപ്പിച്ചെടുത്തിട്ടു കൃഷിചെയ്യില്ലെങ്കിൽ അതു റെസ്റ്റോർ ചെയ്യുന്നതിന്ന അഗ്രേറിയൻ റിലേഷൻസ് ,ബില്ലിൽ വ്യവസ്ഥ ഇല്ല. അതുപോലും അന്ന അവർ ചെയ്തിട്ടില്ല. അതുകൊണ്ട് വ്യക്തമാണ് കൃഷിക്കുവേണ്ടി സ്മാൾ ഹോൾഡറിന്ന ഒഴിപ്പിക്കാം എന്നല്ല വ്യവസ്ഥ. സ്മാൾ ഹോൾഡർക്ക പോലും ഒഴിപ്പിച്ചെടുത്തഭൂമി കാർഷികബന്ധനിയമത്തിലെ വ്യവസ്ഥ അനുസരിച്ച കൃഷിക്കാർക്ക വിട്ടുകൊടുക്കേണ്ട, ആ വ്യവസ്ഥകളൊക്കെ പരിശോധിച്ച എഴുതി ഉണ്ടാക്കിയതാണ് ഈ ബിൽ. ഈ മൂന്നു കൊല്ലത്തിനിടയിൽ കൃഷിക്ക മാത്രമേ അങ്ങനെ ഭൂമി ഒഴിപ്പിച്ചെടുക്കാൻ പാടുള്ളൂ. എന്ന് പറയാൻതക്കവണ്ണം എന്തു സംഭവവികാസങ്ങൾ ഇവിടെയുണ്ടായി. തിരുവിതാംകൂർ ഭാഗത്തു സ്മാൾ ഹോൾഡർക്ക പകുതി ഒഴിപ്പിക്കാം എന്നാണ വ്യവസ്ഥ. എന്നാൽ മലബാർ ഭാഗത്തു അങ്ങനെ ഒഴിപ്പിക്കുന്ന ഭൂമി മൂന്ന കൊല്ലത്തിനകം കൃഷി നടത്തിയില്ലെങ്കിൽ അതു തിരിച്ച കൃഷിക്കാർക്ക കൊടുക്കണം എന്ന വ്യവസ്ഥ ചെയ്തില്ല. അതു അങ്ങനെ മറന്നുപോയതായിരിക്കുകയില്ല. കെട്ടിടത്തിനുവേണ്ടി ഒഴിപ്പിച്ചാൽ കെട്ടിടം വച്ചില്ലെങ്കിൽ അതു തിരിച്ചേടുക്കണമെന്ന വ്യവസ്ഥയുണ്ട്. ഇങ്ങനെ ഒഴിച്ചെടുക്കുന്ന പല ഭൂമികളും ആളുകളുടെ ആവശ്യത്തിന്ന ഉപയോഗിക്കണം എന്നുള്ളതല്ലാതെ അതു കൃഷിതന്നെ ചെയ്യണം എന്ന നിർബ്ബന്ധം ഈ അഗ്രേറിയൻ റിലേഷൻസ് ബിൽ എഴുതിയപ്പോൾ ശ്രീമതി ഗൗരിക്കുപോലും ഉണ്ടായിരുന്നില്ല. അതിനു ശേഷം ഇപ്പോൾ എന്തു വിപ്ലവപരമായ സ്ഥിതിവിശേഷം ഇവിടെയുണ്ടായി. അതു കൃഷിക്കുവേണ്ടി മാത്രമേ ഉപയോഗിക്കാവൂ എന്നു പറയത്തക്കവണ്ണം ഈ രണ്ടുമൂന്നു കൊല്ലത്തിനിടയിൽ ഈ കേരളത്തിൽ എന്തു സാഹചര്യമുണ്ടായി.

ശ്രീമതി കെ. ആർ. ഗൗരി: പിശാചു വന്നു അങ്ങു എന്തൊക്കെയോ ആകുമെന്നു വിചാരിച്ചു. അത്രേയുള്ളൂ.

ശ്രീ. പി. ടി. ചാക്കോ: പിശാചു ഇപ്പോൾ ഇറങ്ങി തുടങ്ങിയിട്ടുണ്ട്.

ശ്രീ. സി. അച്യുതമേനോൻ: അഗ്രേറിയൻ റിലേഷൻസ് ആക്ററിലെ 11–ാം വകുപ്പു ബഹുമാനപ്പെട്ട മന്ത്രി ഒന്നു ശ്രദ്ധിച്ചുനോക്കുകയാണെങ്കിൽ കാണാം. അതു് റെസ്റ്ററേഷൻ വ്യവസ്ഥയാണ്. അതിൽ പറയുന്നതു്

In any case in which any land has been resumed on the ground specified in sub-section (2) or sub-section (3) of section 10, if within three years of such resumption the person resuming the land fails to extend the place of public religious worship or to construct the building for the extension or construction of which the land was resumed or transfers any of the lands resumed, to any person on Kanam, Kanam-Kuzhikanam or verumpattam or lease of any other kind.

കൃഷിചെയ്യാൻവേണ്ടി ഭൂമി ഒഴിപ്പിച്ചാൽ അവിടെ കൃഷിചെയ്യാതെകണ്ടു അതു കാണമായോ, കുഴിക്കാണമായോ കൊടുത്തു കൃഷിചെയ്യാതെ ഇരിക്കുകയാണെങ്കിൽ റസ്യൂം ചെയ്യാമെന്നാണ പറഞ്ഞിട്ടുള്ളതു്.

ശ്രീ. പി. ടി. ചാക്കോ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയല്ല. ആ വ്യവസ്ഥ ഉൾപ്പെടുത്തീട്ടില്ല. അതിനുശേഷമുള്ള കാര്യമാണ് ഞാൻ പറഞ്ഞതു്. റെസ്യൂം ചെയ്തതിനുശേഷം കാണമായി കൊടുക്കുകയോ കുഴിക്കാണമായി കൊടുക്കുകയോ അങ്ങനെ എന്തെങ്കിലും ട്രാൻസ്ഫർ ചെയ്താൽ അതു റെസ്റ്റോർ ചെയ്യാമെന്നാണ് പറഞ്ഞിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ടമന്ത്രി അതു ശ്രദ്ധിച്ചിരിക്കുകയില്ലാ എന്നു വിചാരിച്ചു് അങ്ങനെ പറഞ്ഞതാണു്.

ശ്രീ. പി. ടി. ചാക്കോ: അതു ശ്രദ്ധിച്ചുകൊണ്ടുതന്നെ ചെയ്തിട്ടുള്ളതാണു്. 18-ാം വകുപ്പിൽ പറയുന്ന ആ ഭാഗം അഗ്രേറിയൻ റിലേഷൻസ് ബില്ലിന്റെ ആ വകുപ്പിൽനിന്നും മാററണം എന്നു് ആലോചിച്ചില്ലാ. ഏതായാലും അതിൽ റെസ്റ്റോർ ചെയ്യാൻ വ്യവസ്ഥയില്ലാ. അതുകൊണ്ടു അതേപ്പററി ഒരു വാദ പ്രതിവാദത്തിലേക്കു വരണമെന്നുവിചാരിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: രണ്ടാംവകുപ്പു നാലാം ഉപവകുപ്പിലാണു ആക്കാര്യം പറഞ്ഞിട്ടുള്ളതു്. എന്നാൽ മറേറതു പറഞ്ഞിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ: അഗ്രേറിയൻ റിലേഷൻസ് ആക്ററിലെ ചില വ്യവസ്ഥകൾ അങ്ങനെ പരിശുദ്ധമായിട്ട എന്നുമെന്നും സൂക്ഷിക്കേണ്ട വകുപ്പുകളായിട്ടുണ്ടെന്നുള്ളതു എല്ലാവരും ഓർക്കേണ്ടതാണു്. അതുകൊണ്ടാണു് ഇന്നും ആബില്ലിലെ ചില വ്യവസ്ഥകൾ ഇതിൽ കൊണ്ടുവന്നിട്ടുള്ളതു്.

ശ്രീ. പി. ടി. ചാക്കോ: ഏതായിരുന്നാലും അതിൽ അതു പറയുന്നില്ല. അന്നും മിസ്റ്റർ സി. അച്യുതമേനോൻ പറഞ്ഞതുപോലെ 18-ാമത്തെ വകുപ്പു അനുസരിച്ചു തിരുവിതാംകൂർഭാഗത്തു കൺട്രിവേഷനുവേണ്ടി ഒഴിപ്പിച്ചഭൂമി കൺട്രിവേററു ചെയ്തില്ലെങ്കിൽ റെസ്റ്റോർ ചെയ്യാം എന്നു പറഞ്ഞിട്ടില്ല. ലാൻഡു ഹോൾഡക്കു് ഒഴിപ്പിക്കാം എന്നല്ലാതെ കൺട്രിവേഷനു എന്നോ ഒന്നും പർപ്പസ് പറഞ്ഞിട്ടില്ല. എന്തിനു വേണമെങ്കിലും ഒഴിപ്പിക്കാം. അങ്ങനെ തന്നെയാണു് കാർഷികബന്ധബില്ലിലെ വ്യവസ്ഥ. അതിന്റെ കാരണം തന്നെ പല പട്ടണങ്ങളിലും ഇതുപോലെയുള്ള ചെറുകിടജന്മിമാരുണ്ടു്. തിരുവനന്തപുരം പട്ടണം തന്നെ എടുക്കാം. അവിടെ 50 സെൻറുസ്ഥലമുള്ള ഒരാൾ കാണും. അതിൽനിന്നും ഒരു സെൻറുപോലും കൃഷിക്കുപയോഗിക്കാൻ സാധിക്കുകയില്ല. അപ്പോൾ ഈ അൻപതു സെൻറും ഒന്നുകിൽ പാട്ടം കൊടുത്തിരിക്കും. അങ്ങനെ കൊടുത്തിട്ടുള്ള സ്ഥലങ്ങളുണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങൾ കൃഷിക്കല്ലാതെയുള്ള കാര്യങ്ങൾക്കു ഒഴിപ്പിക്കാൻ പാടില്ലാ എന്നു പറഞ്ഞാൽ, അതു ഈ ചെറുകിടജന്മിമാർക്കു സഹിക്കുകയില്ല. ഇതനുസരിച്ചു പകുതി ഒഴിപ്പിക്കാമെന്നാണു് വ്യവസ്ഥ. തിരുവനന്തപുരം പട്ടണത്തിലായാലും അതു കിട്ടും. അതുകൊണ്ടു സെൽഫ് കൺട്രിവേഷൻ എന്നു വേണമെന്നു ഞാൻ വിചാരിക്കുന്നില്ല. കാർഷികബന്ധനിയമം വന്നു കഴിഞ്ഞപ്പോൾ അന്നുണ്ടായിരുന്ന അവസ്ഥക്കു വലുതായ മാററങ്ങൾ ഒന്നും ഉണ്ടായതായും അന്നത്തേക്കാൾ വ്യത്യസ്തങ്ങളായ സംഭവങ്ങൾ ഒന്നും ഉണ്ടായിട്ടുള്ളതായും ഞാൻ കണ്ടില്ല. അതുകൊണ്ടു് 17-ാം വകുപ്പിൽ ആ വ്യവസ്ഥ ചേർത്തിട്ടുള്ളതാണു്.

സർ, ഈ ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം ആദ്യം മുതൽ ഇന്നുവരെ അവർ ഇതിനെമാത്രം എതിർത്തിട്ടുള്ളവരാണു്. ഈ ചെറുകിടക്കാർ എന്നു പറഞ്ഞാൽ ഇരുപതിനായിരപ്പറ നെല്ലു കിട്ടുന്നവരല്ലാ. നാലേക്കറുക്കാരനു ഇരുപതിനായിരപ്പറ നെല്ലു് ഒന്നും കിട്ടുകയില്ല. ഈ നാലേക്കർ മാത്രമുള്ള ആളിനു അയാൾ കുടിയാനുകൊടുത്തിട്ടുള്ളഭൂമി ഇല്ലാതാകുകയില്ല; പകുതിവെച്ചൊഴിപ്പിക്കാം എന്നു മാത്രമേയുള്ളു. ഈ ഫിക്സിറ്റിയില്ലാത്ത സ്ഥലങ്ങളിൽ അത്രയും ഒരു സൗകര്യമല്ലാതെ മറേറതെങ്കിലും തരത്തിൽ ഈ ചെറുകിടക്കാർക്കു സൗകര്യമായ ഒരു സൃഷ്ടിപരമായ നിർദ്ദേശം പോലും പ്രതിപക്ഷത്തുനിന്നും വച്ചിട്ടില്ല. അങ്ങനെ ഒരു നിർദ്ദേശം വച്ചിട്ടുള്ളതു് സർക്കാർ പണം കൊടുക്കണമെന്നാണു്. സർക്കാരിനു പണമുണ്ടാകുമ്പോൾ സർക്കാർ കൊടുക്കും എന്നും ഈ ടെനൻസിനു പർച്ചേസ് റൈററ്സ് മുഴുവൻ കൊടുക്കണമെന്നും ഉദ്ദേശമുള്ളതുകൊണ്ടാണു് 71-ാം വകുപ്പു ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്: 84-ാം വകുപ്പും 71-ാം വകുപ്പും അനുസരിച്ച് ദേവസ്വങ്ങളുടെ ഭൂമി സർക്കാരിൽ വെസ്റ്റ് ചെയ്യാവുന്നതുകൊണ്ട് വരാവുന്ന ഫലത്തെപ്പററി പറഞ്ഞു. അതൊക്കെ പരിശോധിക്കാൻ ഞാൻ തയാറാണ്.

അവിടെയുള്ള ചെറുകിട ജന്മിമാർ തീർത്തു നശിച്ചുപോകരുതെന്നു നിർബന്ധമുണ്ട്. കുടിയാന്മാരുടെ അവകാശങ്ങളിൽ വലിയ കയ്യേററം നടത്താതെ അവരെ രക്ഷിക്കാൻ മാർഗ്ഗമുണ്ടെങ്കിൽ അത് അങ്ങേയററം സ്വീകരിക്കുന്നതാണ്. ഞാൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികൾ ഒഴിച്ച് മറെറാരു ഭേദഗതിയും സ്വീകരിക്കാൻ നിവ്വാഹമില്ലാതെ വന്നതിൽ ഖേദിക്കുന്നു. ഈ വകുപ്പു വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണ്. ഇതു വളരെ വ്യക്തമായും കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നതിനേക്കാളും മെച്ചപ്പെട്ട വകുപ്പാണ്. അതിനെക്കാൾ കൂടുതൽ ആക്കും ആപത്തുവരുത്തുന്ന വ്യവസ്ഥയുമല്ലാ. അതുകൊണ്ട് എന്റെ ഭേദഗതികൾ സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

Mr. Speaker : Smt. K. R. Gouri, are you pressing your amendments ?

Smt. K. R. Gouri : I am pressing.

Amendments Nos. 443 and 450 moved by Smt. K. R. Gouri were put and lost.

Mr. Speaker : Do you press your amendment, Mr. Koran?

Shri O. Koran : I am not pressing.

Amendment No. 446 moved by Shri O. Koran was by leave, withdrawn.

Mr. Speaker : Are you pressing your amendment Mr. Balaram?

Shri N. E. Balaram : Yes, Sir.

Amendment No. 449 moved by Shri N. E. Balaram was put and lost.

Mr. Speaker : Do you press your amendments ?

Shri K. Krishnan : Yes, Sir.

Amendment Nos. 451 and 462 moved by Shri K. Krishnan were put and lost.

Mr. Speaker : Shri Bhargavan, do you press your amendments?

Shri K. Bhargavan: I am not pressing.

Amendment Nos. 460, 463 and 464 moved by Shri K. Bhargavan were by leave withdrawn.

Mr. Speaker : Do you press your amendment Mr. Narayana-Kurup ?

Shri M. Narayana Kurup: No, I am not pressing.

Amendment No. 1063 moved by Shri M. Narayana Kurup was by leave withdrawn.

Mr. Speaker: Mr. Gopinatha Pillai, do you press your amendment ?

Shri Malethu Gopinatha Pillai : I am not pressing.

Amendment No. 1180 moved by Shri Maleth Gopinatha Pillai was by leave withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Smt. Gouri, do you press your amendments ?

Smt. K. R. Gouri : I am not pressing amendments 1186 and 1187.

Amendment Nos. 1186 and 1187 moved by Smt. K. R. Gouri were put and lost.

Amendment No. 1184 moved by Smt. K. R. Gouri was by leave withdrawn.

Mr. Speaker : Do you press your amendment, Mr. Vijayan ?

Shri K. R. Vijayan : No, I am not pressing.

Amendment No. 465 moved by Shri K. R. Vijayan was by leave withdrawn.

Amendment No. 1430 moved by Shri P. T. Chacko, viz., substitute the following proviso was put and carried.

"Provided that by such resumption, the total extent of land in the possession of the small holder shall not be raised above four standard acres or four acres in extent, whichever is greater".

The oral amendment moved by Shri P. T. Chacko, namely, in clause 17, the words "who requires the holding bona fide for cultivation by himself or any member of his family" shall be omitted was put and carried.

The question that Clause 17, as amended, stand part of the Bill was put and carried.

Clause 17, as amended was added to the Bill.

Clause 18

Mr. Speaker : The following amendments may be moved :

Amendment Nos. 1473 and 1474 by the hon. Minister.

Amendment Nos. 470 and 1189 by Smt. K. R. Gouri.

Amendment No. 471 by Shri K. Hassan Gani.

Amendment No. 1190 of Smt. K. R. Gouri is not complete and it does not fit in. But she can talk on that.

Amendment No. 474 by Shri T. C. Narayanan Nambiar.

Amendment Nos. 467, 468 and 469 are for deletion and hence not in order.

Amendment Nos. 472, 475, 476, 477, 478, 479 and 1065 are covered by amendment No. 474 of Shri T. C. Narayanan Nambiar. As Shri T. C. Narayanan Nambiar is not here Shri N. E. Balaram may move his amendment.

Smt. K. R. Gouri : Sir, I move :

1. 470. In clause 18, add a new sub-clause (1) as follows and renumber :

'(1) No land from a kanam tenant can be resumed for any of the purposes mentioned above.'

LIBRARY ARCHIVES Kerala Legislative Assembly

2. 1189. In clause 18 after sub-clause (3) add a new sub-clause (4) as follows :

"(4) No land from a kanamdar can be resumed unless he is a person having lands more than the ceiling area."

Shri K. Hassan Gani : Sir, I move :

471. In clause 18 (1) (b), add at the end 'or by his next friend' after 'unsound mind'.

Shri N. E. Balaram : Sir, I move :

479. In clause 18, add the following as sub-clause (4) :

"(4) No land in the possession of a tenant who is a member of the Armed Forces or a seaman shall be resumed.",

My amendment No. 470 reads like this "No land fi om a Kanam tenant can be resumed for any of the purposes mentioned above"

സർ, ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് കാണക്കുടിയാന്മാരിൽനിന്ന് വസ്തുക്കൾ ഒഴിപ്പിക്കരുതെന്നാണ്. നമ്മുടെ നാട്ടിലെ ഏററവും പഴയ കുടിയായ്മ കാണമാണ്. തിരുവിതാംകൂറിൽ ദേവസ്വങ്ങളും ബ്രഹ്മസ്വങ്ങളും കൊടുത്തിരിക്കുന്ന കാണം ജന്മികുടിയാൻ റഗുലേഷൻ 1078-ൽ ഉൾപ്പെടുത്തി ഒന്നും ഒഴിയാൻ പാടില്ലാതാക്കി. കൊച്ചിയിലെ മുഴവൻ കാണങ്ങളും 1955—ലെ കാണക്കുടിയാൻ നിയമത്തിലുൾപ്പെടുത്തി അവരെ ഒഴിപ്പിക്കാൻ പാടില്ലാത്ത വ്യവസ്ഥവന്നു. ഇന്നത്തെ നിയമത്തിൽ തിരുവിതാംകൂറിൽ വിട്ടുപോയിട്ടുള്ള കാണങ്ങളും, മലബാറിലെ കാണങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കാണക്കുടിയാന്മാരെ സംബന്ധിച്ച് Renewal ഉള്ളവരെ ഒഴിപ്പിക്കാൻ പാടില്ല എന്ന് കാർഷികബന്ധനിയമത്തിലുണ്ടായിരുന്നു. ഈ നിയമത്തിൽ കാണുന്നില്ല, ദീർഘമായ കൈവശം, പഴയകുടിയായ്മ പ്രത്യേക അവകാശങ്ങൾ ഇവ പരിഗണിച്ച് ഇവരെ ഒഴിപ്പിക്കരുതെന്നാണ് ഈ ഭേദഗതിയുടെ ഉദ്ദേശം. അതു അംഗീകരിക്കണമെന്ന് വിശ്വസിക്കുന്നു.

എന്റെ 1190—ാം നമ്പർ ഭേദഗതി ഇങ്ങനെയാണ്. In clause 18 add a new subclause (4) as follows :

"(4) from a tenant who is a member of an armed force or a seamen"

സർ, പട്ടാളത്തിൽ സേവനംനടത്തുന്ന വസ്തു ഉടമസ്ഥന്മാർക്ക് വസ്തുക്കൾ ഒഴിപ്പിച്ചെടുക്കാൻ അവകാശം കൊടുത്തിട്ടുണ്ട്. പട്ടാളക്കാരും, നാവികരുമാണെന്നുള്ള പ്രത്യേകതയാണ് കാരണം. അവരുടെ മനസ്സമാധാനം വീട്ടുകാരണങ്ങളാൽ ഇല്ലാതാകരുത്. നമ്മുടെ രാജ്യത്തിന്റെ ഭദ്രതയേയും അതുന്നതിയേയും കാക്കുന്നവരാണ്. അവർക്ക് എല്ലാ ആനുകൂല്യങ്ങളും കൊടുക്കണം. ആ ആനുകൂല്യങ്ങൾ ജന്മിപട്ടാളക്കാർക്ക് മാത്രമല്ല കുടിയാൻ പട്ടാളക്കാർക്കും വേണം. അതാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. കുടിയാൻ പട്ടാളക്കാരുടെ ഭൂമി ഒഴിപ്പിക്കാൻ പാടില്ല എന്നുള്ള എന്റെ ഭേദഗതി അംഗീകരിക്കാൻ നിവൃത്തിയില്ലെങ്കിൽ ബലറാമിന്റെ ഭേദഗതി അംഗീകരിച്ചാലുംമതി. കുടിയാൻപട്ടാളക്കാരൻ പട്ടാളത്തിൽ തുടരുന്നത്രയും കാലം അവരുടെ ഭൂമി ഒഴിപ്പിക്കരുത്. നീതി രണ്ടുഭാഗത്തേക്കും വേണം. കുടിയാൻ പട്ടാളക്കാരന്റേയും, ജന്മി പട്ടാളക്കാരന്റേയും മനസ്സമാധാനം ആവശ്യമാണ്. ഭേദഗതി അംഗീകരിക്കണമെന്നു വിശ്വസിക്കുന്നു.

<u>ശ്രീ. കെ. ഹസ്സൻഗനി:</u> അൺസൗണ്ട് മൈൻറുള്ളവർക്ക് ഒരു കൊല്ലത്തിനുശേഷം ഒഴിപ്പിക്കാനുള്ള അവകാശമാണ് നൽകുന്നത്. അക്ഷേപ്പണലായി അൺസൗണ്ട് മൈൻറുള്ളവർ കാണും. അങ്ങനെയുള്ള ‌വരെ സംബന്ധിച്ചിടത്തോളം നെക്സ്ററ് ഫ്രെണ്ടിന് ഒഴിപ്പിക്കാനുള്ള അവകാശം കൊടുക്കണമെന്നാണ് ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ: എന്റെ 475-ാമത്തെ ഭേദഗതി ശ്രീ. ബലറാം 479-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതുകൊണ്ട് അവതരിപ്പിക്കുന്നില്ല. 476-ാം നമ്പർ ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. അതിങ്ങനെയാണ്.

'In clause 18, after sub-clause (3) add the following as sub-clause (4):

(4) No land in the possession of a tenant who is a member of the armed forces or is a seaman shall be resumed while he was serving as such member or seaman.

ഞാൻ ഇപ്പോൾ സംസാരിച്ചു തുടങ്ങുന്നത് 475-ാം നമ്പർ ഭേദഗതിയെപ്പററിയാണ്. ഈ ക്ലാസിൽ സൈനികസേവനം നടത്തുന്നവർക്ക് ചില പ്രത്യേക ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. അതിൽ തെററായ ഒരു പ്രിസംഷൻ ഉണ്ട്. ഭൂമിയുടമസ്ഥന്മാർ പട്ടാളത്തിൽ പോയിട്ടുണ്ട്. അവരുടെ ഭൂമി തിരിച്ചുകിട്ടാനുള്ള സൗകര്യമുണ്ടാകണം. അവർക്ക് ഒരു സഹായമെന്ന നിലയിൽ, അവർ ആവശ്യപ്പെടുന്ന സമയത്ത് അവരുടെ കീഴിലുള്ള കുടിയാന്മാരിൽനിന്നും ഭൂമി തിരിച്ചുകിട്ടണമെന്നുമാത്രമാണ് ഉദ്ദേശം. അങ്ങനെയുള്ള കേസുകളിൽ അതാകാം. അതിനേക്കാൾ ഉദ്ദേശിച്ച ഫലം ചെയ്യുന്നതിന്, യഥാർത്ഥത്തിൽ സൈനികസേവനം നടത്തുന്നവർക്ക് സഹായം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളതെങ്കിൽ 475-ാമത്തെ ഭേദഗതി സ്വീകരിക്കണമെന്നാണ് ഞാൻ പറയുന്നത്. ശരിക്ക് കൃഷി നടത്തിയിരുന്ന കുടിയാന്മാർ ഇന്നു സൈനികസേവനം നടത്തുന്നുണ്ട്. വിശേഷിച്ചും വളരെ താണ റാങ്കിൽ പ്രവൃത്തിച്ചുകൊണ്ട് രാജ്യരക്ഷാപ്രവർത്തനത്തിൽ പങ്കെടുക്കുന്നുണ്ട്. അവരെ സഹായിക്കുന്നതിനുള്ള ഒരു ശ്രമമല്ലാ ഇവിടെ കാണിച്ചിട്ടുള്ളത്. അപ്പുറത്തുനിന്നു മന്ത്രിസംസാരിച്ച അതേ രൂപത്തിൽ സംസാരിക്കുകയാണെങ്കിൽ രാജ്യരക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന ഒരൊററ വിഭാഗക്കാർക്ക് മാത്രമേ സഹായം ചെയ്യുകയുള്ളുവെന്ന് നിർബന്ധമാണ്; ഭൂമി ഉടമസ്ഥന്മാരായവർക്കുമാത്രം. അങ്ങിനെയൊരു ചരടുപിടിച്ചാണല്ലോ ഈ ബില്ലിന്റെ വരവുതന്നെ. ഒരു ക്രിമിനൽ വക്കീലിന്റെ വൈദഗ്ദ്ധ്യത്തോടുകൂടി, ഒന്നുകിൽ നിലവിലുള്ള ആക്റ്റ്, അല്ലെങ്കിൽ അതിന്റെ സെലക്റ്റുകമ്മിററി റിപ്പോർട്ട്, അതുമല്ലെങ്കിൽ ആ ബിൽ പബ്ലിഷ് ചെയ്തപ്പോഴുള്ള സ്വരൂപം എന്നിവകളെ സമയംപോലെ ഉദ്ധരിച്ചുകൊണ്ടാണ് വാദം നടത്തുന്നത്. ഒരു പ്രത്യേക വിഭാഗത്തിനു ആനുകൂല്യംചെയ്തുകൊടുക്കാനുള്ള വെമ്പൽ ഈ ബില്ലിൽ ഉടനീളം കാണാം. സൈനികസേവനം നടത്തുന്നവരിലും ഒരു വിഭാഗത്തിനെ രക്ഷചെയ്യുകയുള്ളു. ഭൂമി ഉടമസ്ഥന്മാരായവർക്കുമാത്രം. അവരുടെ കീഴിലുള്ള കുടിയാന്മാർക്ക് സ്ഥിരാവകാശമില്ല. ഒരു നിശ്ചിത കാലത്തിനുള്ളിൽ സൈനികസേവനം ചെയ്യുന്ന ഭൂവുടമസ്ഥ്, ഭൂമി ഒഴിപ്പിച്ചെടുക്കാം. എന്റെയും ശ്രീ. ബലറാമിന്റെയും ഭേദഗതികളോടടുക്കുന്ന നിലപാടിനെ ആശ്രയിച്ചാണ് ഇക്കാര്യത്തിൽ പക്ഷഭേദം കാണിക്കുന്നുണ്ടോ ഇല്ലയോ എന്നു തെളിയുക.

പട്ടാളസേവനം നടത്തുന്ന കൃഷിക്കാരായിട്ടുള്ള ആളുകളെ കുടിയാന്മാരായിട്ടുള്ള ആളുകളെ യാതൊരു കാരണവശാലും ഒഴിപ്പിക്കരുതെന്നാണ് ഭേദഗതികൾ. ഇതിനെ എതിർക്കാൻ ആരെങ്കിലും ധൈര്യപ്പെടുമെന്നു തോന്നുന്നില്ല. ഈ ഭാഗത്തുനിന്നുകൊണ്ടുവന്നുവെന്നതുകൊണ്ട് എതിർക്കാൻ പററുമോ? "ഇഷ്ടമില്ലാത്ത കുട്ടി തൊട്ടതെല്ലാം കുററം" എന്ന നില ഇക്കാര്യത്തിലും എടുക്കുന്നത് സൂക്ഷിച്ചുവേണം, പട്ടാളസേവനത്തെപ്പററി ഏററവും വലിയ മതിപ്പുളവാക്കേണ്ടതുണ്ട്. സൈനിക വിഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരിൽ നല്ലൊരുവിഭാഗം കർഷകയുവാക്കളാണ്. അവരെ സഹായിക്കാൻ ഏററവും പററിയ ഒരവസരമാണിത്. ആരുടെ ഭൂമി കൈവശംവച്ചു കൃഷി ചെയ്താലുംശരി, പട്ടാളസേവനം അനുഷ്ഠിക്കുന്നവരെ സംബന്ധിച്ചിടത്തോളം, അവരുടെ ജന്മി ആരാണെന്നു നോക്കാതെ, ചെറുകിടക്കാരനായാലും, വൻകിടക്കാരനായാലും അവരെ ഒഴിപ്പിക്കാൻ പാടില്ലെന്നാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

പട്ടാളസേവനവും, നാവികസേവനവും നടത്തുന്ന ജവാന്മാരുടെ കൈവശമിരിക്കുന്ന ഭൂമി ഒഴിപ്പിക്കരുത്, അവർക്ക് സ്ഥിരാവകാശം കൊടുക്കണം. അത്രയും പോകാൻ ഒരുക്കമില്ലെങ്കിൽ, അവർ സൈനികസേവനം നടത്തുന്ന കാലത്തേക്കെങ്കിലും സ്ഥിരാവകാശം കൊടുത്ത് ഒഴിപ്പിക്കാതിരിക്കണമെന്ന് എനിക്കു നിർബന്ധമുണ്ട്. ആ രീതിയിലാണു രണ്ടാമത്തെ ഭേദഗതി കൊടുത്തിട്ടുള്ളത്. ഈ ബില്ലിൽ കൊടുത്തിട്ടുള്ള വ്യവസ്ഥകൾ പരിശോധിച്ചാൽ, ഇക്കാര്യത്തിൽ വളരെയൊന്നും ഗുണംപിടിക്കുന്ന മട്ടില്ല. ഭൂ ഉടമകൾക്കു സംരക്ഷണം നൽകാൻ മാത്രമുള്ള വ്യവസ്ഥകൾ ഇതിൽ സ്വീകരിച്ചിട്ടുണ്ട്. അവർ ഏറിയകൂറും ആഫീസർകേഡറിലുള്ളവരായിരിക്കും. അതുമാത്രംപോരാ. ഇങ്ങനെയൊരുഭേദഗതി അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചത്, യഥാർത്ഥത്തിൽ, നമ്മുടെ രാജ്യരക്ഷയ്ക്കുവേണ്ടി സേവനം അനുഷ്ഠിക്കുന്ന കർഷക ജവാന്മാരെ സഹായിക്കാനും, അവരുടെ മനോവീര്യം വർദ്ധിപ്പിക്കാനും ഈ ഭേദഗതികൾ ഉപകരിക്കും എന്നുള്ളതുകൊണ്ടാണ്.

അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചത്: In clause 18, add the following as sub-clause (4) :

(4) No land in the possession of a tenant who is a member of the Armed Forces or is a Seamen shall be resumed.

Explanation: For the purpose of this sub-clause the tenant includes the legal representative of the member of the Armed Forces or Seaman.

ഇത് അംഗീകരിക്കണമെന്നാണ് എന്റെ അപേക്ഷ. ഇതിനെ സംബന്ധിച്ച് കൂടുതൽ വിശദീകരണം നടത്തണമെന്നു തോന്നുന്നില്ല. ഈ ബില്ലിൽ പറഞ്ഞിട്ടുള്ള പ്രത്യേക സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നത് അർഹതപ്പെട്ടവർക്കാകണം എന്നാണിതിന്റെ അർത്ഥം. അത് ഭൂവുടമകളിൽമാത്രം ചുരുങ്ങിനിൽക്കാൻപാടില്ല. യഥാർത്ഥത്തിൽ കൃഷിക്കാരായ ജവാന്മാർക്ക് കൊടുക്കേണ്ട ഒരാനുകൂല്യമാണിത്. ഭൂമി ഉടമസ്ഥന്മാരായവരെപ്പോലെ തന്നെ, കർഷക ജവാന്മാർക്കും ഈയൊരാനുകൂല്യം നൽകാതിരിക്കുന്നത് തെററാണ്. എന്റെ ഭേദഗതി സ്വീകരിക്കപ്പെടും എന്നു വിശ്വസിക്കുന്നു.

<u>ശ്രീ എൻ. ഈ. ബലറാം</u> : സർ, ഇതുവരെ ചർച്ചചെയ്ത 14, 15, 16, 17 എന്നീ വകുപ്പുകൾ അനുസരിച്ച് കുടിയാനെ ഒഴിപ്പിക്കാൻ ജന്മിമാർക്ക് വളരെയേറെ അവകാശം നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഇങ്ങനെയുള്ള അവകാശം കൂടുതൽ നൽകാതിരിക്കാൻവേണ്ടിയാണ്, ആ വകുപ്പുകൾ ഇതിൽ ഉൾപ്പെടുത്താതിരിക്കാൻ ഞാൻ ശ്രമിച്ചത്. അതെല്ലാം ഇപ്പോൾ ഉൾപ്പെടുത്തിക്കഴിഞ്ഞിരിക്കുകയാണ്. 14, 15, 16, 17 ഈ വകുപ്പുകൾ അനുസരിച്ച് വളരെയേറെ അധികാരങ്ങൾ ഒഴിപ്പിക്കാൻ വേണ്ടിജന്മിമാർക്ക് നൽകിയിട്ടുള്ളതുകൂടാതെ, വീടുവയ്ക്കുന്നതിനും, കൃഷിനടത്തുന്നതിനും, പള്ളികൾക്കും, ക്ഷേത്രങ്ങൾക്കും പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടിയും ഒഴിപ്പിക്കാനുള്ള അവകാശം നൽകിക്കഴിഞ്ഞിരിക്കുകയാണ്. അതിനുശേഷമാണ് നാം 18–ാമത്തെ ക്ലാസ് ചർച്ചചെയ്യാൻപോകുന്നത്. ഒഴിപ്പിക്കാനുള്ള അവകാശങ്ങളെ പരിമിതപ്പെടുത്തുന്നതും, നിയന്ത്രിക്കുന്നതുമായ ക്ലാസ്സാണിത്. ഇതിൽ ഒരു നിയന്ത്രണംകൂടി വേണമെന്നുപറയാൻ പ്രധാനകാരണമുണ്ട്. നമ്മുടെ രാജ്യത്ത് സൈന്യസേവനം നടത്തുന്നവരിൽ, കുടിയാന്മാരായിട്ടുള്ളവർ ഉണ്ടെങ്കിൽ, അവരെ ഒരു കാരണവശാലും ഒഴിപ്പിക്കരുതെന്നാണ് എന്റെ ഭേദഗതി. ഇതിൽ തന്നെ, ചില ഭൂമിയെ സംബന്ധിച്ച് ഒരു കാരണവശാലും ഒഴിപ്പിക്കാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഉദാഹരണത്തിനു 18 (3) പ്രകാരം കുടിയിരുപ്പ് ഒരു കാരണവശാലും ഒഴിപ്പിക്കരുതെന്നുള്ള തത്വം നാം അംഗീകരിച്ചിട്ടുണ്ട്. ആ നിലയ്ക്ക് ഈ വിഭാഗത്തിൽപ്പെട്ട കുടിയാന്മാർക്കും അവർക്കു നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. 14, 15, 16, 17 ഈ വകുപ്പുകളിൽ പറയുന്ന കുടിയാന്മാർക്കു നൽകുന്ന ആനുകൂല്യങ്ങൾ സൈന്യവേസനത്തിനു പോയിട്ടുള്ള കുടിയാന്മാർക്കു നൽകാത്ത പക്ഷം അതു കഷ്ടമാണ്. ഇതു പറയുമ്പോൾ, ഇങ്ങനെയൊരു വകുപ്പ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഇ. ബലറാം]

കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നോ എന്നു ചോദിച്ചേക്കും, അന്നത്തേക്കാൾ വളരെക്കൂടുതൽ ആളുകൾ ഇപ്പോൾ യുദ്ധസേവനത്തിനു പോയിട്ടുണ്ടെന്നു എല്ലാവരും സമ്മതിക്കും. അന്ന് അങ്ങനെയൊരു വ്യവസ്ഥയുടെ ആവശ്യം ഇത്രത്തോളം ഉണ്ടായിരുന്നില്ല. സർ, ഈ കാര്യം പറയുമ്പോൾ ഒന്നു പ്രത്യേകം ശ്രദ്ധിക്കാനുണ്ട്. സാധാരണ പട്ടാളസേവനത്തിനു പോകുന്നവരിൽ അധികവും ഇടത്തരക്കാരും പാവങ്ങളുമായിരിക്കും. അവർ താണ ഉദ്യോഗമാണുവഹിക്കുന്നതു്. ജന്മി കുടുംബങ്ങളിൽനിന്നും മററും പോയിട്ടുള്ളവർ ഉയർന്ന കേഡറുകളിൽ ജോലി നോക്കുന്നവരായിരിക്കും. ഈ നിയമപ്രകാരം സംരക്ഷണം നൽകുമ്പോൾ, കുടിയാന്മാരായി, നല്ല കൃഷിക്കാരായി കഴിഞ്ഞിട്ടുള്ള താണജീവനക്കാർക്കു കൂടുതൽ സംരക്ഷണം നൽകുന്നകാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അവരും സൈന്യസേവനം നടത്തുന്നവരാണ്. സാധാരണ കരസേനയിലും, നാവികസേനയിലും പതിനായിരക്കണക്കിനു പാവപ്പെട്ട ആളുകൾ പോയിട്ടുണ്ട്. ചെറുപ്പക്കാരായ ആ കുടിയാന്മാർക്കു സംരക്ഷണം നൽകാനാണു ഈ നിയമത്തിൽ പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതു്. അവർക്കു സ്ഥിരാവകാശവും, അവരെ ഒഴിപ്പിക്കാതിരിക്കാനുള്ള വ്യവസ്ഥയും ഉണ്ടായാൽ, കൂടുതൽ മനോവീര്യവും ധൈര്യവും അവർക്ക് ഉണ്ടാകും. അതിനുവേണ്ടി മന്ത്രി ശ്രമിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. ഈ കാര്യത്തിൽ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കഥയിലെ പുരോഹിതന്റെ മനോഭാവം ഉണ്ടാകരുതെന്നും അഭ്യർത്ഥനയുണ്ട്. സെന്റുപാളിന്റെ അനുഗ്രഹം സിദ്ധിച്ച രോഗിയുടെ അനുഭവം മനസ്സിൽവച്ചുകൊണ്ടു പുരോഹിതൻ നടത്തിയ ശ്രമംപോലെ ഒരു ശ്രമം മന്ത്രി നടത്തരുതു്. പട്ടാളക്കാർക്കു നൽകുന്ന ഈ ആനുകൂല്യം അതു ആഫീസർ കേഡറിലുള്ള ജന്മി കുടുംബങ്ങളിലെ ആളുകൾക്കുമാത്രം അനുഭവിക്കാൻ ഇടയാകുന്ന സാഹചര്യം ഉണ്ടാകരുതു്. എല്ലാവർക്കും ആ ആനുകൂല്യം ലഭിക്കണം. അതാണു പുരോഹിതന്റെ മനോഭാവം പ്രകടിപ്പിക്കരുതെന്നു പറഞ്ഞതു്. ഈ ഭേദഗതി മന്ത്രി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. കൃഷ്ണൻ: സർ, ശ്രീ. എൻ. ഇ. ബലറാം അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. ഞാൻ ഇതുപോലെ ഒരു ഭേദഗതി കൊടുത്തിരുന്നുവെങ്കിലും അതു അവതരിപ്പിക്കാൻ സാധിച്ചിട്ടില്ല. നിഷ്പക്ഷമായിട്ടു ചിന്തിച്ചാൽ, ഈ ഭേദഗതി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്കു യാതൊരു മനഃപ്രയാസവും കാണാൻ ഇടയില്ല. നമ്മുടെ രാജ്യരക്ഷയ്ക്കുവേണ്ടി പട്ടാളസേവനം അനുഷ്ഠിക്കുന്ന ആളുകൾക്ക്, അവരുടെ ഭൂമിയിൽ സ്ഥിരാവകാശം കിട്ടാൻ ഇടയില്ലെന്നുള്ള ഒരു ധാരണ വരാൻ പാടില്ല. അതുകൊണ്ടാണു അങ്ങനെ യുദ്ധസേവനത്തിനു പോയിട്ടുള്ളവരുടെഭൂമി യാതൊരു കാരണവശാലും ഒഴിപ്പിക്കാൻ പാടില്ലെന്നുള്ള ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. ഇതു കേവലം ന്യായമാണ്. നിഷ്പക്ഷമായിട്ടു ചിന്തിച്ചാൽ ഈ ഭേദഗതി സ്വീകാര്യവുമാണ്.

എന്നാൽ, ശ്രീ. ബലറാം പറഞ്ഞതുപോലെ, പട്ടാളസേവനത്തിനു പോയിട്ടുള്ളവരിൽ, ഇന്ന് ആഫീസറന്മാരുടെ കേഡറുകളിൽ ഇരിക്കുന്നവർ മിക്കവാറും വലിയ ജന്മികുടുംബങ്ങളിലെ ആളുകൾ ആയിരിക്കും. പട്ടാളസേവനം അനുഷ്ഠിക്കുന്നവർ ഇത്തരത്തിലുള്ളവരാണെന്നുധരിച്ച് ഇതിന്റെ ആനുകൂല്യങ്ങൾ അവർക്കു നൽകുന്ന രീതിയിൽമാത്രം ഇതിൽ വ്യവസ്ഥ ചെയ്യാതെ, യഥാർത്ഥ പട്ടാളസേവനം അനുഷ്ഠിക്കുന്ന സാധാരണക്കാരായ കുടിയാന്മാർക്ക് ഈ ആനുകൂല്യം നൽകാൻ ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. നാരായണൻ തമ്പി: ശ്രീ. ഇ. പി. ഗോപാലന്റെ 476-ാം നമ്പർ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീ. എൻ. ഇ. ബലറാം അവതരിപ്പിച്ച ഭേദഗതിയുടെ തത്വത്തോടും ഞാൻ യോജിക്കുന്നു. സർ, ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. പട്ടാള

LIBRARY ARCHIVES Kerala Legislative Assembly

ത്തിലും, നാവികസേനയിലും സേവനം അനുഷ്ഠിക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകണമെന്നുള്ളത് ഇന്നു വളരെ ആവശ്യമായിത്തീർന്നിട്ടുണ്ട്. നമ്മുടെ രാജ്യത്തിനുവേണ്ടി, മഞ്ഞണിഞ്ഞ മാമലകളിൽ സേവനം അനുഷ്ഠിക്കുന്ന ജവാന്മാർക്ക് ഇങ്ങനെ പ്രത്യേക പരിഗണന നൽകുന്നതിൽ യാതൊരു തെറ്റുമില്ല. അവരുടെ സർവ്വീസുകാലത്തിനിടയിൽ, യാതൊരുവിധത്തിലുള്ള മനോവ്യഥയും അവർക്കുണ്ടാകാൻ അവസരം നൽകരുത്. അതുകൊണ്ട് ഈ പ്രത്യേക പരിഗണനയ്ക്ക് അവർ തികച്ചും അർഹരാണ്. ഈ ഭേദഗതിയിൽ വല്ല കുഴപ്പവും വന്നുപോയിട്ടുണ്ടെങ്കിൽ, ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ ഭേദഗതി വരുത്തിയാൽമതി. ഇപ്പോൾ കാണുന്ന 'no land in the possession, എന്ന ഭാഗം, 'no land where the cultivating tenant is a member' ഇങ്ങനെ മാററിയാൽ ആ വൈഷമ്യം ഉണ്ടാകുകയില്ലെന്നാണ് തോന്നുന്നത്.

Shri T. A. Thomman: 'No land in the possession of a member of the armed forces or seaman shall resume while he was serving as a member' എന്നാണ്.

ശ്രീ. ഈ. പി. ഗോപാലൻ: അതു ഒരു അച്ചടിപ്പിഴയായി കണക്കാക്കിയാൽമതി; ഇതിൽ എത്രയോ പിശകുകൾ വന്നതു നാം മാററിയിരിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: അഡ്വക്കേററ് ജനറലിൻെറ സ്ഥാനം അവിടെയല്ല; സീററു മാറി ഇരിക്കണം.

ശ്രീ. പി. നാരായണൻ തമ്പി: ഈ ഏഴു മണി സമയത്തെങ്കിലും ശ്രീ. ടി. എ. തൊമ്മൻ ഈ തെററു കണ്ടുപിടിച്ചല്ലോ. ഏതായാലും പട്ടാള സേവനത്തിനു പോയിട്ടുള്ളവരിൽ, ടെനൻറിൻെറ റൈററ് ഇപ്പോഴുള്ളവരിൽ അവർ തിരിച്ചുവരുമ്പോൾ മാത്രമേ ഒഴിപ്പിക്കാൻ പാടുള്ളൂ എന്ന ഭേദഗതി മന്ത്രി ഇതിൽ ഉൾപ്പെടുത്തിയാൽകൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി: ഓററൽ ഭേദഗതിയായാലും ഞങ്ങൾ സ്വീകരിക്കാം.

Shri P. T. Chacko: Sir, I may be permitted to move my amendments No. 1473 and No. 1474:

1473. In clause 18 in the proviso to sub-clause (1) for the opening paragraph, the following shall be substituted, namely:

> 'Provied that where the landlord is (i) a minor, (ii) a person of unsound mind (iii) a member of the Armed Forces or a Seaman and the tenant was entitled to fixity of tenure immediately before the 21st January, 1961, under any law then in force, or (iv)a legal representative of such member or seaman, the application for resumption may be made,—

1474. In clause 18, in the proviso to sub-clause (1) after (c), the following clause shall be inserted namely:—

> "(d) by the legal representative, within one year after the member of the Armed Forces or Seaman ceases to be such member or seaman, or within one year from the date on which intimation of his death is received, whichever period expires later.'

These are my amendments. I have nothing more to say regarding the Clause.

Mr. Speaker: Mr. Krishna Iyer wants to speak.

Shri V. R. Krishina Iyer: Mr. Speaker, Sir, I have nothing new to say in support of the amendments already tabled and moved by Shri N. E. Balaram and Shri E. P. Gopalan but I would like to say a

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

word or two on that. The prominent idea of these amendments, as well as the proviso already in the Bill, is that a soldier Jawan who is serving in defence of the country should have an undisturbed and contented home so that he may serve efficiently and with some peace of mind. He has to defend the country. Naturally the people of India will be grateful to him and any concession that such a defender of our soil deserves must generously be extended.

The basic principles are two. First, we as citizens of India should extend some concessions to those sons of the soil who defend the country, and for that purpose land legislation or any other legislation must show an extra consideration for such heroes and valiant fighters of the Motherland. The other principle is that those Jawans fighting far from their homes can discharge their duties efficiently, can fight the enemy valiently only if they had some feeling that at home nothing is going wrong. If they are disturbed by the thought that even as they are fighting or sacrificing their lives far away from their lands their families are in peril of being evicted from their lands, they will not be able to perform their functions properly. Therefore it is that this provision has been made, probably on behalf of the landlords.

There is yet another idea. There is the man who is far away and may not be able to file a suit for eviction although he would be entitled to file a suit for eviction if he were here. The fact that he is far away from his home in the service of the mother country should not be a handicap for him when he comes back. That is why after he return from the fields, he is given a right to bring a suit for eviction. These are the ideas behind the present provision as brought up and processed by the Select Committee. Now the other side of the point is this. The soldier-Jawan, an officer or any person who fights for the country, might be either a landlord or a tenant. It is as important that the tenant-Jawan should be given some measure of peace of mind as the Landlord-Jawan or an officer is given. An officer who is far away should not feel that what land he would have recovered if he were here is lost because he was away in the Himalayan borders. Likewise a tenant-Jawan who is fighting in the Himalayan borders should have also the same feeling and comfort that at home nothing is wrong. He should be under the feeling that his wife and children are comfortable and nothing disastrous would take place even while he is defending the country there.

Secondly, the landlord-soldier or seaman when he comes back should not forfeit his right to recover his possession. The tenant soldier might have a defence against the landlord. If he is away in the Himalayan frontiers, he may not be able to defend the litigation here. Therefore, if there is any litigation for bundling him out of his holding, he must be allowed to come back and then fight. He may not be able to come back immediately if he is stuck up there in the defence of the country. Naturally, the concessions we give to our soldiers who are landlords may be extended to the soldiers who are tenants, the primary idea being those who defend the country should not be handicapped by worries at home on account of litigations either for recovery of

LIBRARY ARCHIVES Kerala Legislative Assembly

possession or eviction from possession. What is sauce for goose is sauce for gander. I would, therefore, submit to the House and appeal to the hon. Minister that equity must be shown to all. There must be no feeling that legislation is primarily for the benefit of the landlord. The hon. Minister said that it is not so. If that be so, when we are making special provisions for the fighters of the country one of the tests should be that we should not make a discrimination between the landlord fighters and tenant fighters. We should provide protection for both so far as they are in the service of the motherland. I would, therefore, suggest that the amendments may be accepted.

ശ്രീ. പി. ടി. ചാക്കോ : സർ, ഒരു ഭേദഗതിയും സ്വീകരിക്കാൻ നിവൃത്തിയില്ല. ഇവിടെ resumption-നെപ്പററിയുള്ള ക്ലാസാണു ചർച്ചചെയ്യുന്നതു്. Eviction-നെപ്പററിയാണു ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു്. ഈ ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല 13 (2) വായിച്ചുനോക്കിയാൽ അറിയാം. ഇവിടെ പറഞ്ഞിട്ടുള്ള നല്ല ആദർശത്തെ മുൻനിറുത്തിയല്ല ഇതൊന്നും കൊണ്ടു വന്നിരിക്കുന്നതെന്നു്. സൈന്യസേവനത്തിനു പോകുന്നവർ മൂന്നുമാസത്തിനകം കൊടുത്തിട്ടുള്ള പാട്ടത്തെമാത്രമേ ഇതു ബാധിക്കുകയുള്ളു. മററുള്ളതൊന്നും സ്വീകരിക്കാൻ നിവൃത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഈ പറഞ്ഞതൊന്നും ശരിയല്ല. ഞങ്ങൾക്കും ഇതൊക്കെ മനസ്സിലാകുന്നുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : ഈ പറയുന്നതെല്ലാം ശരിയാണെന്നു വിചാരിച്ചല്ല ഇവിടെ മിണ്ടാതിരിക്കുന്നതു്. നിവൃത്തികേടുകൊണ്ടു് ഇവിടെ ഇരിക്കുന്നുവെന്നേയുള്ളു.

ശ്രീമതി കെ. ആർ. ഗൗരി : സർ, എനിക്കു് ഒരു നിർദ്ദേശം നൽകാനുണ്ടു്. ആദ്യം ശ്രീ. എൻ. ഈ. ബലറാമിൻെറ ഭേദഗതി വോട്ടിനിടണം. അതു കഴിഞ്ഞിട്ടുമതി മററുള്ള ഭേദഗതികൾ......

Mr. Speaker : Smt. Gouri, do you press your amendment ?

Smt. K. R. Gouri : Yes.

The amendment No. 470 moved by Smt. K. R. Gouri was put and lost.

Smt. K. R. Gouri : I don't press my amendment No. 1189.

Amendment No. 1189 moved by Smt. K. R. Gouri was, by leave, withdrawn.

Shri K. Hassan Gani : I don't press my amendment.

Amendment No. 471 of Shri K. Hassan Gani was, by leave, withdrawn.

Shri N. E. Balaram : Sir, I press my amendment.

Amendment No. 479 moved by Shri N. E. Balaram was put and lost.

Shri E. P. Gopalan : Sir, I demand a poll.

A poll was taken when the House divided as follows

LIBRARY ARCHIVES Kerala Legislative Assembly

Ayes—30

1 Shri C. Achutha Menon
2 Smt. K. O. Aisha Bai
3 Shri K. Anirudhan
4 „ P. Balachandra Menon
5 „ C. K. Balakrishnan
6 „ N. E. Balaram
7 „ K. Bhargavan
8 „ E. P. Gopalan
9 Smt. K. R. Gouri
10 Shri K. V. John
11 „ Joseph Chazhikattu
12 „ O. Koran
13 „ K. Krishnan
14 „ M. Krishnan
15 „ R. Krishnan
16 „ V. R. Krishna Iyer
17 Shri K. Krishna Pillai
18 „ S. Kumaran
19 „ P. K. Kunjachan
20 „ P. V. Kunhunni Nayar
21 „ P. K. Narayanan Nambiar
22 „ T. C. Narayanan Nambiar
23 „ P. Narayanan Thampi
24 „ K. V. Narayanan
25 „ P. C. Raghavan Nair
26 „ T. K. Ramakrishnan
27 „ P. S. Srinivasan
28 „ R. Sugathan
29 „ M. M. Sundaram
30 „ P. Viswambharan

Noes—49

1 Shri K. C. Abraham
2 „ M. C. Abraham
3 „ K. T. Achuthan
4 „ M. A. Antony
5 „ P. C. Balakrishnan Nambiar
6 „ N. Bhaskaran Nair
7 „ P. Chacko
8 „ P T. Chacko
9 „ K. A. Damodara Menon
10 „ T. A. Dharmaraja Iyer
11 „ P. R. Francis
12 „ K. M. George
13 „ P. Gopalan
14 „ M. Gopalankutty Nair
15 „ Malethu Gopinatha Pillai
16 „ M. P. Govindan Nair
17 „ Vayala Idiculla
18 „ A. L. Jacob
19 „ Thomas John
20 „ George Joseph Podippara
21 „ K. G. Karunakara Menon
22 „ N. S. Krishna Pillai
23 „ P. Kumaran
24 „ K. Kunhambu
25 Shri M. Kunjukrishnan Nadar
26 „ C. Kunhikrishnan Nair
27 „ M. Kunhikannan Nambiar
28 „ N. Kunjuraman
29 Smt. Leela Damodara Menon
30 Shri P. Madhavan
31 „ V. Madura
32 „ M. M. Mathai
33 „ C. A. Mathew
34 „ T. Murugesan
35 Smt. A. Nafeesath Beevi
36 Shri K. Narayana Kurup
37 „ M. Narayana Kurup
38 „ Kuroor Neelakantan Namboodiripad
39 „ E. P. Poulose
40 „ R. Raghava Menon
41 Smt. O. T. Sarada Krishnan
42 „ K. R. Saraswathi Amma
43 Shri Shamsuddin
44 „ C. M. Stephen
45 „ K. T. Thomas
46 „ T. A. Thomman
47 „ P. P. Ummer Koya
48 „ K. R. Vijayan
49 „ K. K. Viswanathan

Neutrals—2

1 Shri K. Hassan Gani
2 Shri C. M. Kutty

Mr. Speaker : For the amendment 30, against the amendment 49 and Neutrals 2. The amendment is lost.

Shri E. P. Gopalan: I press my amendment No. 476.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 476 moved by Shri E. P. Gopalan was put and lost.

Smt. K. R. Gouri : Sir, I demand a poll.

A poll was taken when the House divided as follows :

Ayes—30

1 Shri C. Achutha Menon
2 Smt. K. O. Aisha Bai
3 Shri K. Anirudhan
4 ,, P. Balachandra Menon
5 ,, C. K. Balakrishnan
6 ,, N. E. Balaram
7 ,, K. Bhargavan
8 ,, E. P. Gopalan
9 Smt. K. R. Gouri
10 Shri K. V. John
11 ,, Joseph Chazhikattu
12 ,, O. Koran
13 ,, K. Krishnan
14 ,, M. Krishnan
15 ,, R. Krishnan
16 ,, V. R. Krishna Iyer
17 Shri K. Krishna Pillai
18 ,, S. Kumaran
19 ,, P. K. Kunjachan
20 ,, P. V. Kunhunni Nayar
21 ,, P. K. Narayanan Nambiar
22 ,, T. C. Narayanan Nambiar
23 ,, P. Narayanan Thampi
24 ,, K. V. Narayanan
25 ,, P. C. Raghavan Nair
26 ,, T. K. Ramakrishnan
27 ,, P. S. Srinivasan
28 ,, R. Sugathan
29 ,, M. M Sundaram
30 ,, P. Viswambharan

Noes—49

1 Shri K. C. Abraham
2 ,, M. C. Abraham
3 ,, K. T. Achuthan
4 ,, M. A. Antony
5 ,, P. C. Balakrishnan Nambiar
6 ,, N. Bhaskaran Nair
7 ,, P. Chacko
8 ,, P. T. Chacko
9 ,, K. A. Damodara Menon
10 ,, T. A. Dharmaraja Iyer
11 ,, P. R. Francis
12 ,, K. M. George
13 ,, P. Gopalan
14 ,, M. Gopalankutty Nair
15 ,, Malethu Gopinatha Pillai
16 ,, M. P. Govindan Nair
17 ,, Vayala Idicula
18 ,, A. L. Jacob
19 ,, Thomas John
20 ,, George Joseph Podipara
21 ,, K. G. Karunakara Menon
22 ,, N. S. Krishna Pillai
23 ,, P. Kumaran
24 ,, K. Kunhambu
25 Shri M. Kunjukrishnan Nadar
26 ,, C. Kunhikrishnan Nair
27 ,, M. Kunhikannan Nambiar
28 ,, N. Kunjuraman
29 Smt. Leela Damodara Menon
30 Shri P. Madhavan
31 ,, V. Madura
32 ,, M. M. Mathai
33 ,, C. A. Mathew
34 ,, T. Murugesan
35 Smt. A. Nafeesath Beevi
36 Shri K. Narayana Kurup
37 ,, M. Narayana Kurup
38 ,, Kuroor Neelakantan Namboodiripad
39 ,, E. P. Poulose
40 ,, R. Raghava Menon
41 Smt. O. T. Sarada Krishnan
42 ,, K. R Saraswathi Amma
43 Shri Shamsuddin
44 ,, C. M. Stephen
45 ,, K. T. Thomas
46 ,, T. A. Thomman
47 ,, P. P. Ummer Koya
48 ,, K. R. Vijayan
49 ,, K. K. Viswanathan

Neutrals—2

1 Shri K. Hassan Gani
2 Shri C. M. Kutty

LIBRARY ARCHIVES Kerala Legislative Assembly

Mr Speaker : For the amendment 20, against the amendment 49 and neutrals 2. The amendment is lost.

Amendment No. 1473 moved by Shri P. T. Chacko, was put and carried, namely:-

In clause 18 in the proviso to sub-clause (1) for the opening paragraph, the following shall be substituted, namely :-

"Provided that where the landlord is (i) a minor, (ii) a person of unsound mind (iii) a member of the Armed Forces or a seaman and the tenant was entitled to fixity of tenure immediately before the 21st January, 1961, under any law then in force, or (iv) a legal representative of such member or seaman the application for resumption may be made."

Amendment No. 1474 moved by Shri P. T. Chacko was put and carried, namely:-

In clause 18 in the proviso to sub-clause (1) after (c), the following clause shall be inserted, namely, :-

"(d) by the legal representative, within one year after the member of the Armed Forces or seaman ceases to be such member or seaman, or within one year from the date on which intimation of his death is received, whichever period expires later"

The question that clause 18, as amended, stand part of the Bill was put and carried.

Clause 18, as amended, was added to the Bill.

Mr. Speaker : Order, Order, the House now stands adjourned to meet again at 8 a. m. on Wednesday, the 13th November, 1963.

The House adjourned at 7.15 p. m. to meet again at 8 a. m. on Wednesday, the 13th November 1963.

LIBRARY ARCHIVES Kerala Legislative Assembly